## IV. ധനകാര്യം:

### 2014-15 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്ക് സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ച ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ബഡ്ജറ്റ് എസ്റ്റിമേറ്റ് 2014-2015

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | 3-2-2014-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
|---|---|---|---|---|---|---|
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) | (6) | (7) |
| II | സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 172,80,80,000 | - | 345,61,59,000 | - | 345,61,59,000 |
| III | നീതിന്യായ നിർവ്വഹണം | 161,54,39,000 | - | 323,08,79,000 | - | 323,08,79,000 |

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെയും

പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2014–15 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന വിഷയനിർണ്ണയ സമിതിയുടെ റിപ്പോർട്ടിലെ ശുപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ധനാഭ്യർത്ഥന നമ്പർ II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

1) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 345,61,59,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്. (സെക്രട്ടേറിയറ്റിൽ ധാരാളം ഫയലുകൾ തീർപ്പാക്കാതെ

കെട്ടിക്കിടക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2) <u>ശ്രീമതി കെ. കെ. ലതിക</u>: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 345,61,59,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (തൊഴിൽരഹിതരുടെ പ്രശ്നങ്ങൾ കണക്കിലെടുക്കാതെ സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തിയത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

3) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 345,61,59,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് സേവനാവകാശ നിയമം കാര്യക്ഷമമായി നടപ്പാക്കാത്തതുമൂലം ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

4) <u>ശ്രീ. പുരുഷൻ കടലുണ്ടി</u>: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 345,61,59,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ സേവനങ്ങൾ സ്വകാര്യവൽക്കരിക്കാൻ പോകുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

5) <u>ശ്രീ. വി. ശശി</u>: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 345,61,59,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ സേവനങ്ങൾ സ്വകാര്യവൽക്കരിക്കുന്നതായി പറയപ്പെടുന്നതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

6) <u>ശ്രീ. എ. പ്രദീപ് കുമാർ</u>: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 345,61,59,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ സർവ്വീസിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കുന്നതായും തൻമൂലം കേരളത്തിലെ തൊഴിൽരഹിതർ ബുദ്ധിമുട്ടിലാകുന്നതായും പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

7) <u>ശ്രീ. ആർ. രാജേഷ്</u>: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 345,61,59,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (സംസ്ഥാനത്തെ സറ്റാറ്റ്യൂട്ടറി പെൻഷൻ സമ്പ്രദായം നിർത്തലാക്കി പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയതുമൂലം ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

8) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 345,61,59,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (മുല്ലപ്പെരിയാർ വിഷയത്തിൽ സംസ്ഥാന താൽപ്പര്യം സംരക്ഷിക്കുന്നതിൽ ഭരണസംവിധാനം പരാജയപ്പെട്ടതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

9) <u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 345,61,59,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് ( വിവിധ കമ്മീഷൻ റിപ്പോർട്ടുകളിലെ ശിപാർശകൾ യഥാസമയം പരിശോധിച്ച് നടപ്പാക്കാതിരിക്കുന്നതായി പറയപ്പെടുന്നതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

10) <u>ശ്രീമതി ഗീതാ ഗോപി</u>: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 345,61,59,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ നിയോഗിച്ചിട്ടുള്ള വിവിധ കമ്മീഷനുകളുടെ കാലാവധി മാനദണ്ഡങ്ങൾ ലംഘിച്ച് ദീർഘിപ്പിക്കുന്നതായി പറയപ്പെടുന്നതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

11) <u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 345,61,59,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്നതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

12) <u>ശ്രീ. സി. കൃഷ്ണൻ</u>: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 345,61,59,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (ജനസമ്പർക്ക പരിപാടിക്ക് ഐക്യരാഷ്ട്ര സംഘടന നൽകിയ അവാർഡ് വ്യക്തിഗത അവാർഡാക്കാൻ മുഖ്യമന്ത്രി ശ്രമിച്ചതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

13) <u>ശ്രീ. ജി. സുധാകരൻ</u>: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 345,61,59,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (ജനസമ്പർക്ക പരിപാടിയുടെ പേരിൽ സംസ്ഥാന ഖജനാവിൽ നിന്ന് അധിക ചെലവ് ഉണ്ടായതായും പരാതിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയാതിരുന്നതായും പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

14) <u>ശ്രീ. സി. ദിവാകരൻ</u>: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 345,61,59,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ട താണ് (ജനസമ്പർക്ക പരിപാടികളിലൂടെ ലഭിച്ച അപേക്ഷകളിൽ യഥാസമയം തീർപ്പുകൽപ്പിക്കാതിരുന്നതായും, വിവിധ വകുപ്പുകളിൽ ഫയലുകളുടെ എണ്ണം വർദ്ധിച്ചതായും, ഫയലുകൾ കെട്ടിക്കിടക്കുന്നതായും പറയപ്പെടുന്ന തുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

15) <u>ശ്രീ. കെ. കെ. നാരായണൻ</u>: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയു ടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 345,61,59,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (പദ്ധതികൾ പ്രഖ്യാപനങ്ങളിൽ മാത്രമായി ഒതുങ്ങുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപ ക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

16) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയു ടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 345,61,59,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (വിഴിഞ്ഞം തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ യഥാസമയം സ്വീകരിക്കാൻ കഴിയാതിരിക്കുന്നതായി പറയപ്പെടു ന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പി ക്കുന്നു.

17) ശ്രീ. കെ. രാജു: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 345,61,59,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ പോലും സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

18) ശ്രീമതി കെ. എസ്. സലീഖ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 345,61,59,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (മന്ത്രിമാരുടെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും ഔദ്യോഗികാവശ്യങ്ങളുടെ പേരിൽ നടക്കുന്നതായി പറയപ്പെടുന്ന അധിക ചെലവിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

19) ശ്രീ. ബി. സത്യൻ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 345,61,59,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തിന് യാതൊരു പ്രയോജനവും ലഭിക്കാത്തതായി പറയപ്പെടുന്ന സംസ്ഥാന മന്ത്രിമാരുടെ വിദേശയാത്രകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

20) ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയു

ടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 345,61,59,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (വർഷങ്ങളായി ജോലിചെയ്തിരുന്ന ജീവനക്കാരെ പിരിച്ചു വിട്ടതായും ഇഷ്ടക്കാരേയും സ്വന്തക്കാരേയും നിയമവിരുദ്ധമായി നിയമിച്ച തായും പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

21) ശ്രീമതി പി. അയിഷാ പോറ്റി: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയു ടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 345,61,59,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (വസ്തുതാപരമല്ലാത്ത കാര്യങ്ങൾ ഉൾപ്പെടുത്തി സർക്കാർ പരസ്യങ്ങൾ നൽകുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

22) ശ്രീ. രാജു എബ്രഹാം: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രി മാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 345,61,59,000 ക. ഒരു ഉറുപ്പികയായി കുറവുചെ യ്യേണ്ടതാണ് (ഗാഡ്ഗിൽ, കസ്തൂരിരംഗൻ വിഷയങ്ങളിൽ മലയോര ജനത യുടെ ആശങ്കകൾ പരിഹരിക്കാതിരിക്കുകയും എന്നാൽ അവരുടെ ആശങ്ക കൾ വർദ്ധിപ്പിക്കുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതായി പറയപ്പെ ടുന്ന ഭരണസംവിധാനത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോ പക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

23) ഡോ. ടി. എം. തോമസ് ഐസക്: സർ, സംസ്ഥാന ഭരണത്തലവ ന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥ

നയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 345,61,59,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് ( സംസ്ഥാനത്തെ വർഗ്ഗീയ ചേരിതിരിവ് ഉണ്ടാക്കുന്ന തായി പറയപ്പെടുന്ന നിലപാടുകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 345,61,59,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറ യുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

24. ശ്രീ. ബി. ഡി. ദേവസ്സി
25. ശ്രീ. എളമരം കരീം
26. ശ്രീ. പി. കെ. ഗുരുദാസൻ
27. ഡോ. കെ. ടി. ജലീൽ
28. ശ്രീ ഇ. പി. ജയരാജൻ
29. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
30. എ. എം. ആരിഫ്
31. ശ്രീ. ബാബു.എം. പാലിശ്ശേരി
32. ശ്രീ. എ. കെ. ബാലൻ
33. ശ്രീ. എം. ചന്ദ്രൻ
34. ശ്രീ. വി. ചെന്താമരാക്ഷൻ

35. ശ്രീ. കെ. ദാസൻ

ധനാഭ്യർത്ഥന നമ്പർ III - നീതിന്യായ നിർവ്വഹണം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

1) ശ്രീ. എ. കെ. ബാലൻ: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 323,08,79,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (ഹൈക്കോടതിയിൽ സർക്കാർ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിൽ അഡ്വക്കേറ്റ് ജനറലും ഗവൺമെന്റ് പ്ലീഡർമാരും വീഴ്ച വരുത്തുന്നതായി പറയപ്പെടുന്നതുമൂലം സംസ്ഥാനത്തിനുണ്ടായതായി പറയപ്പെടുന്ന നഷ്ടങ്ങൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2) ശ്രീ. എം. ചന്ദ്രൻ: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 323,08,79,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (സംസ്ഥാനത്തെ കോടതികളിൽ വർഷങ്ങളായി കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പുകല്പിക്കുന്നതിന് വേണ്ട നപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

3) ശ്രീ. ഇ. പി. ജയരാജൻ: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 323,08,79,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (സ്ത്രീപീഡന കേസ്സുകളുടെ

വിചാരണയ്ക്ക് അതിവേഗ കോടതികൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

4) ശ്രീമതി അയിഷാ പോറ്റി: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 323,08,79,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (ഗ്രാമീണകോടതികൾ രൂപീകരിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

5) ഡോ. കെ. ടി. ജലീൽ: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 323,08,79,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (സംസ്ഥാനത്തെ കോടതികളിൽ ആവശ്യത്തിന് ജഡ്ജിമാരെ നിയമിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

6) ശ്രീ. കെ. ദാസൻ: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 323,08,79,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (സംസ്ഥാനവുമായി ബന്ധപ്പെട്ട കേസ്സുകളിൽ അഡ്വക്കേറ്റ് ജനറലും മറ്റും സ്വീകരിക്കുന്ന നിലപാടുകൾ സംസ്ഥാന താൽപ്പര്യത്തിന് എതിരാകുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

7) ശ്രീ. പി. കെ. ഗുരുദാസൻ: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 323,08,79,000

ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (കടൽക്കൊല കേസ്സിൽ സംസ്ഥാനത്തിന്റെ വികാരം സുപ്രീംകോടതിയിൽ വേണ്ടരീതിയിൽ അവതരിപ്പിക്കുന്നതിൽ സംസ്ഥാനത്തിന്റെ അഭിഭാഷകർക്ക് വീഴ്ച സംഭവിച്ചതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

8) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 323,08,79,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (സംസ്ഥാനത്ത് പുതിയ ബാർ ലൈസൻസുകൾ അനുവദിക്കുന്നത് സംബന്ധിച്ച കേസ്സുകളിൽ സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് പ്ലീഡർമാർ കോടതികളിൽ പരാജയപ്പെടുന്നതായി പറയപ്പെടുന്ന കാര്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

9) ശ്രീ. എളമരം കരീം: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 323,08,79,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (സംസ്ഥാനത്ത് നിരന്തരം കുറ്റകൃത്യങ്ങൾ നടത്തുന്നവർക്ക് അർഹമായ ശിക്ഷ ലഭ്യമാക്കുന്നതിനും ശിക്ഷണ നടപടികളിൽ നിന്ന് രക്ഷപ്പെടുന്നത് ഇല്ലാതാക്കുന്നതിനും ആവശ്യമായ നിയമനിർമ്മാണം നടത്തേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

10) ശ്രീ. ബാബു എം. പാലിശ്ശേരി: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 323,08,79,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (കേന്ദ്രം പാസ്സാ

ക്കിയ ലോക്പാൽ നിയമത്തിനനുസരിച്ച് സംസ്ഥാന ലോകായുക്ത ശക്തമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ലാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

11) ശ്രീ. എ. എം. ആരിഫ്: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 323,08,79,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (നിരപരാധികളെ അപരാധികളാക്കുന്നതിന് അധികാരം ദുർവിനിയോഗിക്കുന്നതായി പറയപ്പെടുന്നത് തടയാൻ നിയമത്തിൽ ആവശ്യമായ മാറ്റംവരുത്തേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

12) ശ്രീ. വി. ചെന്താമരാക്ഷൻ: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 323,08,79,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (സാമ്പത്തികശേഷി ഇല്ലാത്തതിന്റെ പേരിൽ നിയമത്തിന്റെ ആനുകൂല്യം നിഷേധിക്കപ്പെടുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

13) ശ്രീ. ബി. ഡി. ദേവസ്സി: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 323,08,79,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (വർഷങ്ങൾക്ക് മുമ്പുള്ള കേന്ദ്ര നിയമത്തിൽ മാറ്റം വരാത്തതുകാരണം വാഹനാപകടങ്ങൾ മൂലം ജീവൻ അപായപ്പെടുന്ന കേസ്സുകളിൽ ശിക്ഷ ലഭ്യമാകാത്ത സാഹചര്യം ഉണ്ടകുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടികുറയ്ക്കൽ**

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 323,08,79,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

14) ശ്രീ. സി. കൃഷ്ണൻ

15) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

16) ശ്രീമതി കെ. കെ. ലതിക

17) ശ്രീ. കെ. കെ. നാരായണൻ

18) ശ്രീ. എ. പ്രദീപ് കുമാർ

19) ശ്രീ. പുരുഷൻ കടലുണ്ടി

20) ശ്രീ. കെ. രാധാകൃഷ്ണൻ

21) ശ്രീ. ആർ. രാജേഷ്

22) ശ്രീ. രാജു എബ്രഹാം

23) ശ്രീ. ബി. സത്യൻ

24) ശ്രീ. എസ്. ശർമ്മ

25) ശ്രീ. പി. ശ്രീരാമകൃഷ്ണൻ

26) ശ്രീ. ജി. സുധാകരൻ

27) ശ്രീമതി കെ. എസ്. സലീഖ

28) ഡോ. ടി. എം. തോമസ് ഐസക്

29) ശ്രീ. സി. കെ. സദാശിവൻ

30) ശ്രീ. സി. ദിവാകരൻ

31) ശ്രീ. ഇ. ചന്ദ്രശേഖരൻ

32) ശ്രീ. പി. തിലോത്തമൻ

33) ശ്രീ. വി. ശശി

34) ശ്രീ. ജി. എസ്. ജയലാൽ

35) ശ്രീമതി ഗീതാ ഗോപി

36) ശ്രീമതി ഇ. എസ്. ബിജിമോൾ

37) ശ്രീ. മുല്ലക്കര രത്നാകരൻ

38) ശ്രീ. കെ. രാജു

39) ശ്രീ. ഇ. കെ. വിജയൻ

ശ്രീ. ഇ.പി. ജയരാജൻ: സർ, 2014-2015 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ, നീതിന്യായ നിർവ്വഹണം എന്നിവ സംബന്ധിച്ചുള്ള ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുകയാണ്. ഈ സമ്മേളനം ചേരുന്നതുതന്നെ ഒരു പുതിയ രാഷ്ട്രീയ അന്തരീക്ഷത്തിലാണ്. ലോകസഭാ തെരഞ്ഞെടുപ്പിൽ പുതിയ രാഷ്ട്രീയ സംഭവങ്ങളാണ് ഇന്ത്യയിലുണ്ടായിട്ടുള്ളത്. അതിനെത്തുടർന്ന് കേരളത്തിൽ വിവാദങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഒരു ഘട്ടംകൂടിയാണിത്. ആര് ജയിച്ചു, ആര് തോറ്റു എന്നെല്ലാമുള്ള ഒട്ടനവധി സംവാദങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രത്തിൽ വളരെ ദുഃഖകരമായിട്ടുള്ള ഒരു സാഹചര്യമാണിന്ന് ഇന്ത്യയിലുണ്ടായിട്ടുള്ളത്. ആർ.എസ്.എസ്. നയിക്കുന്ന രാഷ്ട്രീയ കക്ഷി ഇന്ത്യയുടെ രാഷ്ട്രീയാധികാരം കയ്യടക്കിയിരിക്കുകയാണ്. ആ ഗവൺമെന്റ് അധികാര

ത്തിൽ വന്നിട്ട് ഏതാണ്ട് മൂന്നാഴ്ച കഴിഞ്ഞു. ആ ഗവൺമെന്റ് തുടർന്നുകൊണ്ടിരിക്കുന്ന രാഷ്ട്രീയ-സാമ്പത്തിക നയങ്ങൾ വിനാശകരമായിട്ടുള്ളതാണ്. യു.പി.എ. സർക്കാരിന്റെ വിനാശകരമായിട്ടുള്ള സാമ്പത്തിക നയം തന്നെയാണ് ബി.ജെ.പി. ഗവൺമെന്റും തുടർന്നുകൊണ്ടിരിക്കുന്നത്. രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗത്തിൽ സ്വകാര്യ നിക്ഷേപത്തെ കൂടുതൽ ആകർഷിക്കത്തക്ക നിലയിലുള്ള പരിപാടികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. നാം ദേശസാത്ക്കരിച്ചിട്ടുള്ള കൽക്കരി മേഖലയിൽ സ്വകാര്യ പങ്കാളിത്തം കൂടുതൽ ഉറപ്പുവരുത്തുന്ന നിലയിലുള്ള പ്രഖ്യാപനവും വന്നുകഴിഞ്ഞിരിക്കുകയാണ്. ഇത് നമ്മുടെ പൊതുമേഖലയെത്തന്നെ, സ്വകാര്യ മേഖലയ്ക്ക് തുറന്ന് കൊടുക്കത്തക്ക നിലയിലുള്ള ഒരു സാമ്പത്തിക നിലപാടാണ് ആ ഗവൺമെന്റ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കിയിരിക്കുകയാണ്. ഇപ്പോൾത്തന്നെ മൂന്നാഴ്ചയ്ക്കുള്ളിൽ ഡീസലിന്റെ വില യു.പി.എ. ഗവൺമെന്റ് വർദ്ധിപ്പിക്കുന്ന രീതിയിൽത്തന്നെ ബി.ജെ.പി. ഗവൺമെന്റും വർദ്ധിപ്പിച്ചിരിക്കുകയാണ്. അതിനെക്കാൾ അപകടകരമായിട്ടുള്ള ഒരവസ്ഥ, കഴിഞ്ഞ മൂന്നാഴ്ചയ്ക്കുള്ളിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലായി നിരവധി വർഗ്ഗീയ കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടു. ഇന്ന് ഏതാണ്ട് കണക്കാക്കിയതും കണക്കാക്കാത്തതുമായ ഒട്ടനവധി സംഭവങ്ങളുണ്ട്. ഇന്ത്യയിൽത്തന്നെ ഇപ്പോൾ ഏതാണ്ട് 36 വർഗ്ഗീയ കലാപങ്ങൾ പ്രധാനമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഗുജറാത്ത്, ഉത്തർപ്രദേശ്, കർണ്ണാടകം, മഹാരാഷ്ട്ര, ഹരിയാന, ആസ്സാം തുടങ്ങിയ സ്ഥലങ്ങളിലൊക്കെ വർഗ്ഗീയ കലാപങ്ങളും ശിഥിലീകരണങ്ങളുമാണ് ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നത്. പൂനയിലുണ്ടായ ഒരു സംഭവം മതനിരപേക്ഷത ഞെട്ടിപ്പിക്കുന്നതാണ്. പൂനയിൽ

ഒരു മുസ്ലീം ഐ.ടി. ജീവനക്കാരനായ മുഹസീൻ ഷെയ്ക്ക് ശിവസേനയെക്കുറിച്ചും ശിവസേനയുടെ നേതാവായ ബാൽ താക്കറെക്കുറിച്ചുമുള്ള പോസ്റ്റർ ഫേയ്സ് ബുക്കിലിട്ടതിന് ആ ഐ.ടി. ജീവനക്കാരനെ കൊന്നു. അതിനെത്തുടർന്നുണ്ടായ സംഭവത്തിൽ, ഇപ്പോൾ പുറത്തുവന്നിട്ടുള്ള കണക്കനുസരിച്ച് 200–ലധികം ബസ്സുകൾ തകർത്തു. ഹരിയാനയിൽ മേവ ജില്ലയിലെ താവൂറിൽ ഒരു സാധാരണ റോഡപകടമുണ്ടായപ്പോൾ അതിനെ വർഗ്ഗീയ വൽക്കരിച്ചതിന്റെ പേരിൽ കലാപമുണ്ടായി ഒരാൾ മരിച്ചു. നിരവധി ഭീകര സംഭവങ്ങളും അക്രമങ്ങളുമുണ്ടായി. നമ്മുടെ അടുത്ത സംസ്ഥാനമായ കർണ്ണാടകത്തിൽ, നിസ്ക്കാര സമയം ഓർമ്മിപ്പിക്കുന്നതിനുവേണ്ടിയുള്ള പള്ളികളിലെ ബാങ്കുവിളിക്കെതിരായി പ്രക്ഷോഭം നടന്നുകൊണ്ടിരിക്കുകയാണ്. അവിടെയുള്ള ക്ഷേത്രങ്ങളിൽ ജാതിയടിസ്ഥാനത്തിൽ മാത്രമെ ഭക്ഷണം വിളമ്പുകയുള്ളൂയെന്ന നിലയിൽ തൊട്ടുകൂടായ്മയൊക്കെ നിലനിൽക്കുന്ന ഒരു പ്രദേശം കൂടിയാണ്. ഇതെല്ലാം കാണിക്കുന്നത് വളരെ നിസ്സാരമായ സംഭവങ്ങൾ പോലും വർഗ്ഗീയവൽക്കരിക്കുകയും അതിന്റെയടിസ്ഥാനത്തിൽ വളരെ പെട്ടെന്ന് വർഗ്ഗീയ കലാപങ്ങൾ പൊട്ടിപ്പുറപ്പെടുകയും ചെയ്യുന്ന ഒരു സ്ഥിതി രാജ്യത്ത് ഇപ്പോൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അത് കൂടുതൽ സങ്കീർണ്ണമായിക്കൊണ്ടിരിക്കുന്നുയെന്നുള്ളതാണ് ഈ നിസ്സാര സംഭവങ്ങളെക്കുറിച്ചുള്ള കലാപങ്ങൾ സൂചിപ്പിക്കുന്നത്. ഇത്തരമൊരു സാഹചര്യം ഇന്ത്യയിൽ സൃഷ്ടിക്കുന്നതിന് ശ്രീ. നരേന്ദ്ര മോദിയുടെ വിജയം കാരണമായിട്ടുണ്ട്. സാമ്പത്തിക രംഗത്തെ ഉദാരവൽക്കരണം ശ്രീ. നരേന്ദ്ര മോദി ഗവൺമെന്റ് ശക്തിപ്പെടുത്തുകയും സാമ്രാജ്യത്വ ശക്തികളുമായി കൂടുതൽ അടുത്ത ബന്ധം സ്ഥാപിക്കുകയുമാണ്. ഇത്തര

മൊരു സാഹചര്യത്തിൽ ഇന്ത്യയുടെ മതനിരപേക്ഷതയ്ക്ക് അങ്ങേയറ്റം പരിക്കേൽപിക്കാൻതക്ക നിലയിലുള്ള സാഹചര്യം വളർന്നുവരികയും പുതിയ ഉദാരവൽക്കരണ നയം നടപ്പിലാക്കുകയും ഇന്ത്യയിലെ സാമ്പത്തിക മേധാവിത്വം കോർപ്പറേറ്റുകളുടെ കൈവശമകപ്പെടുകയും സാമ്രാജ്യത്വ പിടിമുറുക്കം ശക്തിപ്പെടുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ ഇടതുപക്ഷ മതനിരപേക്ഷ ശക്തികളുടെ പ്രാധാന്യമാണ് ഉയർത്തിക്കാണിക്കുന്നത്. അത്തരമൊരു സാഹചര്യത്തിൽ കേരളം എവിടെ നിൽക്കുന്നു എന്നുള്ളത് പ്രാധാന്യമേറിയ വിഷയമാണ്. ഒട്ടനവധി കാര്യങ്ങളിൽ പ്രത്യേകതയുള്ള സംസ്ഥാനമാണ് കേരളം. പ്രത്യേകിച്ച് ഇടതുപക്ഷ ചിന്ത നിറഞ്ഞു നിൽക്കുന്ന സംസ്ഥാനമാണ് കേരളം. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നൊക്കെ വ്യത്യസ്ഥമായി കമ്മ്യൂണിസ്റ്റ് ധാരണ ജനങ്ങളിൽ സ്വാധീനം ചെലുത്തിയിട്ടുള്ള ഒരു സംസ്ഥാനംകൂടിയാണ് കേരളം. ഇന്ത്യയിൽത്തന്നെ നിയമനിർമ്മാണ രംഗത്തും കാർഷിക രംഗത്തും മറ്റും ഫലപ്രദമായിട്ടുള്ള നിയമനിർമ്മാണത്തിന് രൂപം കൊടുത്ത സംസ്ഥാനവും കേരളമാണ്. അങ്ങനെയുള്ള ഈ സംസ്ഥാനം ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഉണർന്ന് ് പ്രവർത്തിക്കത്തക്ക നിലയിലേയ്ക്ക് വരേണ്ടതായിട്ടുണ്ട്. അതിന് യു.ഡി.എഫ്. സർക്കാർ തയ്യാറുണ്ടോ എന്നുള്ളതാണ് പ്രശ്നം. യു.ഡി.എഫിന്റെ നിലയെടുത്താൽ യജമാനൻമാരെക്കാളും വലിയ യജമാന ഭക്തി പ്രകടിപ്പിക്കപ്പെടുന്ന സമീപനമാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. അതിന് ഒന്നുരണ്ട് ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഡോ. ശശിതരൂർ കോൺഗ്രസ്സിന്റെ പ്രധാനപ്പെട്ട നേതാവും എം.പി.യുമാണ്. അദ്ദേഹം ശ്രീ. നരേന്ദ്രമോദിയെക്കുറിച്ച് നടത്തിയിട്ടുള്ള സ്തുതി കേട്ടിട്ട് കോൺഗ്രസ്സ് നേതാവ് ശ്രീ. മണിശങ്കർ അയ്യർ തന്നെ പ്രതികരിച്ചത് ഡോ.

ശശി തരൂരിന് ബി.ജെ.പി.യായി മത്സരിച്ചാൽ പോരായിരുന്നോ എന്നാണ്. അതാണ് നിങ്ങളുടെ ഒരു സാമ്പിൾ. കോൺഗ്രസ്സ് പഠിക്കേണ്ടതും പഠിക്കാതിരിക്കുന്നതുമായ കുറെ കാര്യങ്ങളുണ്ട്. ആ നിലപാടാണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ഗുരുവായൂർ ശ്രീകൃഷ്ണകോളേജിൽ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഒരു മാഗസീൻ പുറത്തിറക്കി. ആ മാഗസിനിൽ നരേന്ദ്രമോഡിയെ വിമർശിച്ച് ഒരു ലേഖനം പ്രസിദ്ധീകരിച്ചു. നരേന്ദ്രമോഡി പ്രധാനമന്ത്രിയാകുന്നതിന് മുൻപാണ് വിമർശനം വന്നത്. അതിന്റെ പേരിൽ നിങ്ങളുടെ പോലീസ് മാഗസിൻ എഡിറ്റർ ഉൾപ്പെടെയുള്ള 12 വിദ്യാർത്ഥികളെ അറസ്റ്റ് ചെയ്ത് കേസെടുത്തു. നരേന്ദ്രമോഡിയെ വിമർശിച്ചതിന്റെ പേരിൽ കുന്നംകുളം പോളിടെക്നിക്കിലെ വിദ്യാർത്ഥികൾക്കെതിരെയും കേസെടുത്തു. ഈ നിലപാടാണ് തുടർന്നുകൊണ്ടിരിക്കുന്നത്. ഇൻഡ്യയിൽ കോൺഗ്രസ്സ് പാർട്ടി തുടരുന്ന സാമ്പത്തിക നയത്തിന്റെ ഫലമായി കനത്ത തിരിച്ചടിയാണ് കോൺഗ്രസ്സ് അനുഭവിക്കേണ്ടി വരുന്നത്. കോൺഗ്രസ്സിന്റെ തകർച്ചയിൽ ബി.ജെ.പി. ശക്തിപ്പെടുന്നതിൽ സന്തോഷിക്കുന്നവരല്ല ഞങ്ങൾ. ബി.ജെ.പി. ഒരു ഫാസിസ്റ്റ് ശക്തിയെന്ന നിലയിൽ അതിന്റെ ആക്രമണത്തിനും ആപത്തിനും ഏറ്റവും കൂടുതൽ വിധേയരായിട്ടുള്ളവരാണ് ഞങ്ങൾ. അതിന്റെ ആക്രമണങ്ങൾ പലതരത്തിലും അനുഭവിച്ചു കഴിഞ്ഞിട്ടുള്ളവരാണ് ഞങ്ങൾ. കോൺഗ്രസ്സ് പാർട്ടിയെടുക്കുന്ന ഇത്തരത്തിലുള്ള നിലപാടുകൾ രാജ്യത്തിന് ഗുണം ചെയ്യുന്നതല്ല. ലോക്സഭാ തെരഞ്ഞെടുപ്പിൽ 20 പാർലമെന്റ് സീറ്റാണ് കേരളത്തിലുള്ളത്. അതിൽ യു.ഡി.എഫിന് 12-ഉം

എൽ.ഡി.എഫിന് 8-ഉം സീറ്റുകൾ നേടി. എൽ.ഡി.എഫിന് 4 സീറ്റായിരുന്നു അത് 8 സീറ്റായി വർദ്ധിച്ചു. നിങ്ങൾ ചെയ്തത് നിങ്ങളുടെ ജന്മംതന്നെ അതിലാണ്. നിങ്ങൾക്ക് രാഷ്ട്രീയമായി പ്രശ്നങ്ങളോട് സമീപിക്കാൻ കഴിയാത്തതുകൊണ്ടും രാഷ്ട്രീയമായിട്ടുള്ള നിരീക്ഷണം നടത്താൻ കഴിയാത്തതുകൊണ്ടും നിങ്ങൾ എല്ലാ കാലത്തും എടുക്കുന്ന ഒരു നിലപാടാണ് ഇത്. ഞാൻ പറയുന്നത് ആ നയം തിരുത്തണം എന്നാണ്. നിങ്ങൾ ആ പഴയ വിമോചന സമരത്തിന്റെ ദുർഭഗാസന്തതികളായി നടക്കരുത്. ആ കാലഘട്ടമൊക്കെ പോയിക്കഴിഞ്ഞു. ഇന്നത്തെ കാലഘട്ടത്തിനനുയോജ്യമായിട്ട് രാജ്യത്തിന്റെ സ്ഥിതിഗതികൾ മനസ്സിലാക്കി ശരിയായ നിലയിൽ പ്രതികരിക്കാനും ശരിയായ സമീപനം സ്വീകരിക്കാനും നിങ്ങൾക്ക് കഴിയണം. നന്നാവില്ലെന്നാണെങ്കിൽ നിങ്ങൾ നശിച്ചോ, അത്രയേ ഞങ്ങൾക്ക് പറയാനുള്ളൂ. ലോക്സഭയിൽ ഞങ്ങൾ വലിയ കക്ഷിയാണെന്ന് ഞങ്ങൾ പറഞ്ഞിട്ടില്ല. കേരളത്തിൽ ഇതിന്റെ പരാജയം ഏറ്റെടുക്കേണ്ടത് മുഖ്യമന്ത്രി തന്നെയാണ്. ലോക്സഭയിൽ നേരത്തെ 13-ൽ നിന്ന് 12 സീറ്റ് ആയി കുറഞ്ഞുവന്നതിന്റെ ഉത്തരവാദിത്വം മുഖ്യമന്ത്രി തന്നെയാണ് ഏറ്റെടുക്കേണ്ടത്. 15-ാം ലോക്സഭയിൽ കോൺഗ്രസ്സിന് 206 സീറ്റുണ്ട്. 10% പോലും ആ സീറ്റിലേക്ക് എത്തിച്ചേരാൻ സാധിച്ചില്ല. ഇപ്പോൾ ലോക്സഭയിൽ 44 സീറ്റുകളുണ്ട്. 9 സംസ്ഥാനത്ത് പൂർണ്ണമായി കോൺഗ്രസ്സ് പാർലമെന്റിൽനിന്ന് തുടച്ചുനീക്കപ്പെട്ടു. ഇടതുപക്ഷത്തെയും മാർക്സിസ്റ്റുകാരെയും കമ്മ്യൂണിസ്റ്റുകാരെയും തകർക്കാൻ നിങ്ങൾ പരിശ്രമിച്ചതിന്റെ ഫലമാണ് നിങ്ങൾ അനുഭവിക്കുന്നത്. നിങ്ങൾ കാണിച്ചുകൊണ്ടിരിക്കുന്ന മാർക്സിസ്റ്റ് വിരുദ്ധ അപസ്മാരം അതാണ് നിങ്ങളെ ഈ പതനത്തിലേക്ക് എത്തിച്ചിരിക്കുന്നത്.

ഇൻഡ്യയിലെ രാഷ്ട്രീയാനുഭവങ്ങൾ നിങ്ങൾ മനസ്സിലാക്കാനും പഠിക്കാനും തയ്യാറാകുന്നില്ല. ഇൻഡ്യാരാജ്യത്ത് വിഘടനവാദത്തിനെതിരായും ഇൻഡ്യയുടെ ഏകീകരണത്തിനും ഐക്യത്തിനും സാഹോദര്യത്തിനും വേണ്ടി പ്രവർത്തിക്കുന്നതിനുംപകരം രാഷ്ട്രീയാധികാരം പിടിച്ചെടുക്കാൻ നിങ്ങൾ നടത്തിയിട്ടുള്ള ശ്രമങ്ങൾ കാശ്മീരിനെയും പഞ്ചാബിനെയും ആന്ധ്രാപ്രദേശിനെയും തകർത്തു. ആന്ധ്രയെ നിങ്ങൾ വിഭജിച്ചു. ഭാഷാ ടിസ്ഥാനത്തിൽ സംസ്ഥാനം രൂപീകരിക്കുകയെന്ന ഇൻഡ്യയുടെ ദേശീയനേതാക്കളുടെ കാഴ്ചപ്പാടിനെ ഇന്നത്തെ നേതൃത്വം ദുർബലപ്പെടുത്തി. സീമാന്ധ്രാ–തെലുങ്കാനാ രണ്ടായി വിഭജിച്ചു. സിമാന്ധ്രയിൽ 25 സീറ്റാണ്. നേരത്തെ സംയുക്ത ആന്ധ്രയിൽ കോൺഗ്രസ്സിന് 33 സീറ്റുണ്ടായിരുന്നു. ഇപ്പോൾ സീമാന്ധ്രയിൽ 25 സീറ്റുള്ളതിൽ കോൺഗ്രസ്സിന് ഒന്നാണ്. തെലുങ്കാനയിൽ 17 സീറ്റിൽ ഒരു സീറ്റാണുള്ളത്. ആ സംസ്ഥാനത്തിന് നിങ്ങളെന്താണ് നൽകിയത്? ഒന്നിച്ചുനിന്ന ജനതയെ രണ്ട് സംസ്ഥാന ക്കാരായി വിഭജിച്ച് അങ്ങേയറ്റം പരസ്പരം ശത്രുക്കളാക്കി സംഘർഷങ്ങളും വെടിവെയ്പും കുഴപ്പങ്ങളും ആ സംസ്ഥാനത്തിന് സംഭാവന ചെയ്തു. ഇതിന്റെ ഫലം കോൺഗ്രസ്സ് കൈക്കൊള്ളുന്ന ഓരോ നയവും രാജ്യത്തെ എവിടെക്കൊണ്ട് ചെന്നെത്തിച്ചുവെന്നാണ് നിങ്ങൾ ആലോചിക്കേണ്ടത്. കഴിഞ്ഞ കേന്ദ്ര സർക്കാരിന്റെ കാലത്തെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. പി. ചിദംബരം നവഉദാരവത്ക്കരണനയങ്ങൾ നടപ്പിലാക്കാൻ പ്രത്യേക താല്പര്യ മെടുത്തു. അദ്ദേഹം തെരഞ്ഞെടുപ്പ് രംഗത്ത് നിന്ന് ഔട്ടായില്ലേ? അദ്ദേഹ ത്തിന്റെ മണ്ഡലമായ ശിവഗംഗയിൽ അദ്ദേഹം മത്സരിക്കാതെ പകരം മകനെ നിർത്തി. 4–ാം സ്ഥാനത്തേയ്ക്ക് പോയി. കെട്ടിവെച്ച കാശ് പോലും

കിട്ടിയില്ല. ഇതാണ് ഇന്ത്യൻ പാർലമെന്റിൽ മഹാഭൂരിപക്ഷം സീറ്റു നേടി ഭരിച്ച കോൺഗ്രസ്സ് പാർട്ടിക്ക് വന്നത്. നിങ്ങൾ ഭരിച്ച സംസ്ഥാനങ്ങളിലൊക്കെ സംഭവിച്ചിട്ടുള്ളത് ഇതാണ്. അതുകൊണ്ട് കോൺഗ്രസ്സ് തന്നെ മോഡി സർക്കാരിനെ പ്രതിരോധിക്കാൻ ഫലപ്രദമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നില്ല. മോഡി സർക്കാരിന്റെ വിപത്തുകൾ നേരിടാൻ കോൺഗ്രസ്സില്ലായെന്നതിന്റെ തെളിവാണ് ലോക്സഭയിലെ ലീഡർ സ്ഥാനത്തിന്റെ നേതൃത്വം ഏറ്റെടുക്കാൻ കോൺഗ്രസ്സിന്റെ ഒന്നാംകിട നേതാക്കൻമാർ ആരുമില്ല എന്നത്. അത് രണ്ടാംകിടക്കാരെ ഏല്പിച്ചിരിക്കുകയാണ്. പ്രതിരോധരംഗത്ത് നിങ്ങൾ എടുത്ത നിലപാട് മറ്റൊരു ആപത്ത് വരുത്തി വയ്ക്കുകയാണ്. ഭരണരംഗത്ത് തെരഞ്ഞെടുപ്പിൽതന്നെ നിങ്ങൾക്ക് നല്ലൊരു നേതൃത്വത്തെ ചൂണ്ടിക്കാണിക്കാനുണ്ടായില്ലേ. ഇൻഡ്യ അംഗീകരിക്കുന്ന നമ്മുടെ പ്രണബ് മുഖർജിയെപ്പോലുള്ള നേതാക്കൾ നമ്മുടെ ബഹുമാന്യനായ ജി. കാർത്തികേയനെ നിങ്ങൾ സ്പീക്കറാക്കിയതുപോലെ ഭരണരംഗത്ത് പ്രാഗത്ഭ്യം കാണിക്കാൻ കഴിയുന്ന പ്രമുഖ വ്യക്തിത്വങ്ങളെ നിങ്ങൾ കൊണ്ടുപോയി മൂലയിലിരുത്തി. അതുതന്നെയാണ് നിങ്ങൾ ഇൻഡ്യൻ ഭരണരംഗത്തും നിർവ്വഹിച്ചത്. ഇപ്പോഴും നിങ്ങൾ ആ നില തുടരുകയാണ്. ഇവിടെ നരേന്ദ്രമോഡി വിജയിച്ചുവന്നത് ഇൻഡ്യൻ ജനങ്ങൾ ആ നയത്തെ അംഗീകരിച്ചതുകൊണ്ടല്ല; 33% വോട്ട് മാത്രമേ ഇപ്പോഴും അവർക്ക് ലഭിച്ചിട്ടുള്ളൂ. മൂന്നിൽ രണ്ടു ഭാഗം നരേന്ദ്രമോഡിക്കെതിരായിട്ടുള്ള ജനങ്ങളാണ് ഇൻഡ്യയിലുള്ളത്. ആ ധാരണയോടുകൂടി കാര്യങ്ങൾ ഇനിയും മുന്നോട്ടു പോകണം. ഇൻഡ്യയെപ്പോലൊരു മതനിരപേക്ഷയുടെ വലിയ രാജ്യം ലോകത്തിനുതന്നെ ശ്രദ്ധേയമായ രാഷ്ട്രം ഇവരുടെ കൈവശം എറിഞ്ഞു

കൊടുക്കരുത്. ആർജ്ജവത്തോടുകൂടി കോൺഗ്രസ്സിന്റെ പാർലമെന്ററി നേതൃത്വം നിങ്ങളുടെ പ്രശസ്തരായവർ ഏറ്റെടുത്തുകൊണ്ട് മുന്നോട്ടുപോകുവാൻ എന്തുകൊണ്ട് ഉണ്ടാകുന്നില്ല. അതിന് ശക്തമായിട്ടുള്ള നിലപാട് സ്വീകരിക്കണം. മോഡി ഇവിടെ 5527 യോഗത്തിൽ പ്രസംഗിച്ചതുകൊണ്ടോ 3 ലക്ഷം കിലോമീറ്റർ സഞ്ചരിച്ചുവന്നതുകൊണ്ടോ അല്ല അദ്ദേഹം ജയിച്ചുവന്നത്. കോർപ്പറേറ്റുകൾക്ക് ആർ.എസ്.എസ്.-ന്റെ ശക്തമായ നിയന്ത്രണമുള്ള നരേന്ദ്രമോഡി വരുന്നതാണ് ഏറ്റവും നല്ലത്. അവർ അതിനുവേണ്ടി മുൻകാലങ്ങളിൽ നിങ്ങളെ പിന്തുണച്ചതുപോലെ മോഡിയെ പിന്തുണച്ചു.

മി. സ്പീക്കർ: ശ്രീ. ഇ. പി. ജയരാജൻ 6 മിനിട്ട് അധികമായി.

ശ്രീ. ഇ. പി. ജയരാജൻ: സർ, പന്തീരായിരത്തിൽപരം കോടി രൂപയാണ് നരേന്ദ്രമോഡി തെരഞ്ഞെടുപ്പുപ്രചരണത്തിനുവേണ്ടി ഉപയോഗിച്ചത്. ഇത്തരത്തിലുള്ള പ്രചരണങ്ങൾ മാധ്യമങ്ങളെ മുഴുവൻ കൈയ്യിലെടുക്കുകയും ഇൻഡ്യൻ ജനങ്ങളെ വഞ്ചിക്കുകയും ചെയ്തു. വർഗ്ഗീയ ഫാസിസത്തിനെതിരായുള്ള ജനാധിപത്യവും മതേതരത്വവും കാത്തുസൂക്ഷിക്കാനുള്ള ഇടതുപക്ഷത്തിന്റെ പരിമിതമായ കഴിവാണെങ്കിലും അത് ഉപയോഗിച്ചുകൊണ്ട് രാജ്യത്തിന്റെ സംരക്ഷണത്തിനുവേണ്ടി പോരാടും. രാഷ്ട്രീയനയ സമീപനത്തിലും സംഘടനാ പ്രവർത്തനശൈലിയിലും വല്ല തിരുത്തലും വരുത്താനുണ്ടെങ്കിൽ ഞങ്ങളും കാര്യങ്ങളെക്കുറിച്ച് സ്വയം വിമർശനപരമായി പരിശോധിച്ചുകൊണ്ട് നിലപാട് സ്വീകരിക്കാൻ അങ്ങേയറ്റം ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ മാധ്യമരംഗത്തെക്കുറിച്ച് പറയുമ്പോൾ നമ്മുടെ മാധ്യമസുഹൃത്തുക്കളുണ്ട്. ഏതു നീചകൃത്യവും ക്രിമിനൽ കുറ്റങ്ങളും ചെയ്യുന്നവർക്ക് പ്രൊജക്ഷൻ കൊടുത്ത് നമ്മുടെ നാടിന്റെ മാധ്യമരംഗത്തെ

മലീമസമാക്കുന്നു. ഈ കാര്യങ്ങളിൽ നമ്മുടെ മാധ്യമങ്ങൾ ഏത് അലവലാതികളും ഏത് ദുർമാർഗ്ഗികളും അവരെ പ്രൊജക്ട് ചെയ്യുന്ന മാധ്യമത്തിന്റെ സമീപനത്തിൽ മാധ്യമങ്ങൾ തിരുത്തൽ വരുത്തും. ഈ ഗവൺമെന്റ് 3 വർഷക്കാലം ഭരണം നടത്തി. നിങ്ങളുടെ ഓഫീസിനെക്കുറിച്ചും നിങ്ങളുടെ ഭരണത്തെസംബന്ധിച്ചും രാജ്യത്തുണ്ടായതുപോലെ ആക്ഷേപം മുമ്പൊരിക്കലും ഉണ്ടായിട്ടില്ല. ഇതുസംബന്ധിച്ച് ഒരു പബ്ലിക് ഒപ്പിനീയൻ തേടുമോ? ഇത് കേന്ദ്രഭരണത്തിന്റെ പ്രശ്നമാണ്. ഡൽഹി ഭരണത്തിന്റെ പ്രശ്നം............(ബഹളം)........ എന്താ നിങ്ങൾ തോറ്റില്ലേ?

മി.സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. ഇ. പി. ജയരാജൻ: സർ, കേരളത്തിൽ വിലക്കയറ്റം ജനജീവിതത്തെ ദു:സ്സഹമാക്കുകയാണ്. അരിയുടെയും പച്ചക്കറിയുടെയും നിത്യോപയോഗസാധനങ്ങളുടെയും വില കയറുകയാണ്. നമ്മുടെ വൈദ്യുതിമേഖലയിൽത്തന്നെ ഇപ്പോൾ പവ്വർകട്ടും ലോഡ്ഷെഡ്ഡിംഗുമാണ് നടന്നുകൊണ്ടിരിക്കുന്നത്.

വൈദ്യുതിമേഖലയിൽ കാസർഗോഡ് പൊയ്നാച്ചിയിലുള്ള പവർ സ്റ്റേഷൻ പൈസ കൊടുക്കാത്തതുകൊണ്ട് അടച്ചുപൂട്ടിയിരിക്കുകയാണ്. പണം കൊടുക്കാത്തതുകൊണ്ടല്ലേ ഇവിടെ കറണ്ടില്ലാത്തത്. ആരോഗ്യമേഖല താറുമാറായിക്കിടക്കുന്നു. പൊതുവിതരണ രംഗത്ത് ഒരു സഹായങ്ങളും ലഭിക്കുന്നില്ല. ജനവിരുദ്ധമായ നയങ്ങളാണ് വിദ്യാഭ്യാസരംഗത്ത് നടപ്പിലാക്കുന്നത്. അത് വിദ്യാർത്ഥിവിരുദ്ധവും വിദ്യാഭ്യാസ നിലവാരത്തെ തകർക്കുന്നതുമാണ്.

<u>മി.സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്......

<u>ശ്രീ. ഇ. പി. ജയരാജൻ</u> : സർ, രാഷ്ട്രീയ താല്പര്യങ്ങൾക്കുവേണ്ടി പോലീസിനെ വഴിവിട്ട് ഉപയോഗിക്കുന്നു. കഴിഞ്ഞദിവസം കാപ്പയുടെ കാര്യം ഞാനിവിടെ സൂചിപ്പിച്ചിരുന്നു. പൊതുമേഖലാ വ്യവസായങ്ങളെല്ലാം തകർച്ച യിലാണ്. നമ്മുടെ സംസ്ഥാനത്തിന്റെ പരമ്പരാഗത വ്യവസായ മേഖലകളായ കശുവണ്ടി, കയർ, കൈത്തറി, ബീഡി തുടങ്ങിയവയെല്ലാം തകർച്ചയെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എൻഡോസൾഫാനെക്കുറിച്ച് ഒരു കാര്യം ഉന്നയിക്കുകയുണ്ടായി. ഫലപ്രദ മായ നടപടികളൊന്നും കേരളത്തിലെ ഗവൺമെന്റ് സ്വീകരിച്ചില്ല എന്ന് ചീഫ് ജസ്റ്റിസ് തന്നെ ഇതുസംബന്ധിച്ച് വിമർശനങ്ങൾ ഉന്നയിച്ചിട്ടുണ്ട്. നാല് ഡാമുകൾ നമുക്ക് നഷ്ടപ്പെടുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ കൊണ്ടു ചെന്നെത്തിച്ചു.

<u>മി.സ്പീക്കർ</u> : യെസ്...... പ്ലീസ് ......10 മിനിട്ടായി.

<u>ശ്രീ. ഇ. പി. ജയരാജൻ:</u> സർ, നമ്മുടെ നാടിന്റെ പൊതുവികസന രംഗ ങ്ങളിലും അഭിവൃദ്ധിയിലുമെല്ലാം നിസ്സഹായാവസ്ഥയും പിന്നോട്ടടിയുമാണ്. ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. നമ്മുടെ സംസ്ഥാനത്ത് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽനിന്ന് വിട്ടുപോകുന്ന അവസര ത്തിൽ 18,530.5 കോടി രൂപയായിരുന്നു നീക്കിയിരുപ്പ്. എൽ.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം 78,673.24 കോടി രൂപയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടമെടുത്തത് ആകെ 38,922 കോടി രൂപയാണ്. ഇപ്പോഴത്തെ ആകെ പൊതുകടം 1,17,595 കോടിരൂപയാണ്. നമ്മുടെ സംസ്ഥാ

നത്തിന്റെ കടബാധ്യത ജനതാല്പര്യങ്ങൾ തകർക്കുകയും വികസന പ്രവർത്തനങ്ങൾ മുരടിപ്പിക്കുകയും ചെയ്യുന്നു. പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾക്കൊന്നും കാശ് കൊടുക്കുന്നില്ല. ഇതിന്റെ ഫലമായാണ് ഒരു മുരടിപ്പിനെ അഭിമുഖീകരിക്കേണ്ടിയിരിക്കുന്നത്. ഈ ഭരണം നമ്മുടെ രാജ്യത്തിന്റെ മുമ്പിൽ ഒരു ബാധ്യതയായി നിൽക്കുകയാണ്. ഒരു ഭരണമാറ്റം ഉണ്ടാകണമെന്നും ശ്രീ. കെ. എം. മാണി മുഖ്യമന്ത്രിയാകണമെന്നുമാണ് ശ്രീ. പി. സി. ജോർജ് പറയുന്നത്. ഭരണമാറ്റത്തെക്കുറിച്ചാണ് നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. രാഷ്ട്രീയ പ്രതിസന്ധിയും പരസ്പര വിശ്വാസമില്ലായ്മയും ജനകീയ പ്രശ്നങ്ങളിലൂടെ തകർച്ചയും മാത്രം നേരിടുന്ന സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗങ്ങളിലുള്ള ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നു.

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ദേശീയ തലത്തിൽ ഒരു തെരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷം കൂടുന്ന ആദ്യത്തെ സഭയാണ്. ഈ തെരഞ്ഞെടുപ്പിന്റെ റിസൾട്ടിനെക്കുറിച്ച് അവലോകനം നടത്തുമ്പോൾ ഈ സഭയിലുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളും ഈ തെഞ്ഞെടുപ്പിൽ പരിക്കുപറ്റിയവരാണ് എന്നുകാണാം. അഖിലേന്ത്യാതലത്തിൽ ഞങ്ങൾക്കും അഖിലേന്ത്യയിലും സംസ്ഥാനങ്ങളിലും ഇടതുപക്ഷത്തിനും സാരമായ പരിക്ക് സംഭവിച്ചിട്ടുണ്ട്. പരിക്ക് പരിക്കുതന്നെയാണ്. അതിനെ ഞങ്ങൾ ന്യായീകരിക്കുന്നില്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം അഖിലേന്ത്യാതലത്തിൽ മുമ്പും തകർച്ചയുണ്ടായിട്ടുണ്ട്. 1977–ൽ 30 വർഷത്തെ കോൺഗ്രസ് ഭരണം അവസാനിച്ചുവെന്നും അതെന്നെന്നേയ്ക്കു

മായി അവസാനിച്ചുവെന്നുംപറഞ്ഞ് അന്ന് വളരെയധികം സന്തോഷിച്ചവരുണ്ടായിരുന്നു. പക്ഷേ ബദൽ സംവിധാനത്തിന് 30 മാസംപോലും ആയുസ്സുണ്ടായില്ലായെന്നത് ചരിത്രത്തിന്റെ ഭാഗംതന്നെയാണ്. 1989–ലും 1996–ലും ഞങ്ങൾക്ക് തകർച്ച സംഭവിച്ചിട്ടുണ്ട്. 1998–ലും 1999–ലും ഞങ്ങൾ പരാജയപ്പെട്ടിട്ടുണ്ട്. ഒരു പരാജയംകൊണ്ടൊന്നും ഏതെങ്കിലും രാഷ്ട്രീയ കക്ഷികളുടെ ഭാവി അവസാനിക്കുമെന്ന് ആരും കരുതുന്നില്ല. കഴിഞ്ഞ 10 വർഷത്തെ യു.പി.എ. ഭരണത്തെക്കുറിച്ച് വിലയിരുത്തുമ്പോൾ, ഭരണത്തിന്റെ പോരായ്മകൾകൊണ്ടല്ല പരാജയമുണ്ടായത്. കോൺഗ്രസ്സിന്റെ സാമ്പത്തിക നയത്തിന്റെ കുഴപ്പംകൊണ്ട് പരാജയപ്പെട്ടുവെന്ന് നമ്മൾ അംഗീകരിക്കുന്നുമില്ല. കാരണം അമേരിക്കപോലുള്ള വൻ രാഷ്ട്രങ്ങൾ സാമ്പത്തികമായി തകർന്നപ്പോഴും പിടിച്ചുനിന്ന രാജ്യം ഇന്ത്യയാണ്. ഈ കാര്യങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിൽ നമുക്ക് വീഴ്ച പറ്റി. അതുകൊണ്ടാണ് ഇലക്ഷനിൽ പരാജയമുണ്ടായത്. ഡീസലിന്റെയും പെട്രോളിന്റെയും വിലവർദ്ധനവും ആധാർ കാർഡ് ഗ്യാസ് കണക്ഷനുമായി ബന്ധപ്പെടുത്തിയതും അവസാന കാലത്തെ ആന്ധ്രാവിഭജനവുമൊക്കെ ഞങ്ങൾക്ക് ക്ഷീണമുണ്ടാക്കിയിട്ടുണ്ട്. ജനങ്ങളെ ബോധ്യപ്പെടുത്തുന്ന കാര്യത്തിൽ വീഴ്ചപറ്റിയെന്നുപറഞ്ഞത് അതുകൊണ്ടാണ്. ഉദാഹരണത്തിന് 2008–ൽ ആണവ കരാറിൽ ഒപ്പുവച്ചതിന്റെ പേരിലാണ് ഇടതുപക്ഷം അന്നത്തെ യു.പി.എ. സർക്കാരിനുള്ള പിന്തുണ പിൻവലിക്കുന്നത്. പിന്തുണ പിൻവലിച്ചപ്പോൾ ഇന്ത്യയിലെ ന്യൂനപക്ഷങ്ങളെയൊക്കെ സർക്കാരിനെതിരായി തിരിക്കാമെന്നും അമേരിക്കയുടെ പേരുപറഞ്ഞ് ന്യൂനപക്ഷങ്ങളെ പ്രീതിപ്പെടുത്തി കോൺഗ്രസ്സിനെ പരാജയപ്പെടുത്താമെന്നുമുള്ള അവരുടെ കാൽക്കുലേഷൻ മുൻകൂട്ടി മനസ്സിലാക്കാൻ

കോൺഗ്രസ്സിന്റെ ദേശീയനേതൃത്വത്തിന് കഴിയുകയും ശക്തമായി അത് പ്രതിരോധിച്ചതിന്റെ ഫലമായി 2004-ൽ ഏകദേശം 150-ഓളം സീറ്റുണ്ടായിരുന്ന കോൺഗ്രസ്സിന് 2009-ൽ 205 സീറ്റോളം വിജയിക്കാനും സാധിച്ചു. ആരുടേയും സഹായമില്ലാതെ, യു.പി.എ. മാത്രമുള്ള ഒരു സംവിധാനം ഈ രാജ്യത്ത് വീണ്ടും അധികാരത്തിൽ വരികയും ചെയ്തു. സാമ്പത്തിക രംഗത്തെ മാറ്റങ്ങളെക്കുറിച്ചും ആഗോളതലത്തിലെ പ്രതിഭാസങ്ങളെക്കുറിച്ചും സാധാരണക്കാരനെ മനസ്സിലാക്കിക്കുന്ന കാര്യത്തിൽ നമുക്ക് പാളിച്ചയുണ്ടായി. ഇവിടെ ശ്രീ. ഇ. പി. ജയരാജൻ സൂചിപ്പിച്ചതുപോലെ ആന്ധ്രാവിഭജനം - സംസ്ഥാനം വിഭജിക്കപ്പെടുന്നത് ആദ്യമായൊന്നുമല്ല. 1999-ൽ അന്നത്തെ എൻ.ഡി.എ. ഗവൺമെന്റാണ് ഉത്തർപ്രദേശിനെ വിഭജിച്ച് ഉത്തരാഖണ്ഡും ബീഹാറിനെ വിഭജിച്ച് ഝാർഖണ്ഡും മദ്ധ്യപ്രദേശിനെ വിഭജിച്ച് ഛത്തീസ്ഗഡും ഉണ്ടാക്കിയത്. ആന്ധ്രയെ സംബന്ധിച്ച് രണ്ട് വികാരമുണ്ടായി. തെലുങ്കാന സെക്ഷനിൽപ്പെട്ടവർക്ക് സ്വന്തമായി ഒരു സംസ്ഥാനം വേണമെന്നും ആന്ധ്രാപ്രദേശിലെ ഒരു വിഭാഗത്തിന് വിഭജനം ആവശ്യമില്ലെന്നും പറഞ്ഞു. തർക്കത്തിനൊടുവിൽ പ്രധാനപ്പെട്ട എല്ലാ രാഷ്ട്രീയ കക്ഷികളുടെയും പിൻബലത്തോടുകൂടി ആന്ധ്ര വിഭജിക്കപ്പെട്ടു. പക്ഷേ സമയം അതിക്രമിച്ചുപോയിരുന്നു. കിട്ടിയവർക്ക് അതിന്റെ നന്ദിയുണ്ടായില്ലെന്നു മാത്രമല്ല നഷ്ടപ്പെട്ടവർക്ക് അതിന്റെ വൈരാഗ്യവുമുണ്ടായി. ഇതുകൊണ്ട് വലിയ വില നമ്മൾ കൊടുക്കേണ്ടിവന്നു. സംയുക്ത ആന്ധ്രാപ്രദേശിൽ 42 സീറ്റിൽ വെറും 2 സീറ്റാണ് കോൺഗ്രസ്സിന് ലഭിച്ചത്. 1977-ൽ 42-ൽ 41 സീറ്റ് ജയിച്ച സ്ഥാനത്ത് ഇപ്പോൾ 42-ൽ 40-ഉം നമുക്ക് നഷ്ടപ്പെട്ടു. കുറച്ചുകൂടി നേരത്തേ വിഭജിച്ചിരുന്നുവെങ്കിൽ ഗുണം കിട്ടിയവർക്ക്

അതിന്റേതായ സന്തോഷമുണ്ടാകുമായിരുന്നു. സീമാന്ധ്രയ്ക്ക് നല്ലൊരു തലസ്ഥാനത്തിന്റെ ഫണ്ടുകൊടുത്ത് നേരത്തേ സെറ്റിൽമെന്റ് ആക്കാമായിരുന്നു. അതിലെല്ലാം നമുക്ക് പാളിച്ചപറ്റി. തെരഞ്ഞെടുപ്പിലെ ചില നിലപാടുകൾകൊണ്ട് നമുക്ക് താല്ക്കാലികമായി തിരിച്ചടിയുണ്ടായിട്ടുണ്ട് എന്നാണ് ഞാൻ സൂചിപ്പിച്ചത്. പക്ഷേ അത് ശാശ്വതമല്ല. ഈ ഗവൺമെന്റ് വന്നിട്ട് ഇപ്പോൾ ഒരു മാസമാകുന്നതേയുള്ളൂ. ഒരു ക്യാബിനറ്റ് മന്ത്രി മരണപ്പെട്ടതുകൊണ്ട് ഞാൻ അദ്ദേഹത്തെക്കുറിച്ചൊന്നും പറയുന്നില്ല. ആദ്യത്തെ ആക്ഷേപം അദ്ദേഹത്തെക്കുറിച്ചായിരുന്നു. 1978–ൽ ആരംഭിച്ച സർവകലാശാലയിൽ അദ്ദേഹം 1976–ൽ ഡിഗ്രിയെടുത്തതായി വാർത്ത വന്നു. ദൗർഭാഗ്യവശാൽ അദ്ദേഹം മരണപ്പെട്ടു. ഇപ്പോൾ രാജസ്ഥാനിൽ ആകെ 25 സീറ്റിൽ 100% വിജയിച്ചിട്ടും ഒരു സഹമന്ത്രിയെ മാത്രമാണ് കൊടുത്തത്. സഹമന്ത്രി കാണിക്കുന്ന വിക്രിയ ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. ശ്രീ.നരേന്ദ്രമോദി ഒരു അത്ഭുത പ്രതിഭാസമാണ് എന്ന് അന്ന് പലരും പ്രസംഗിച്ചപ്പോൾ എന്നോടുള്ള സ്നേഹം വലിയ താമസമില്ലാതെ നഷ്ടപ്പെടാൻ പോവുകയാണെന്നും ശക്തമായ സാമ്പത്തിക അച്ചടക്കം സ്വീകരിക്കേണ്ടിവരുമെന്നും ശ്രീ.നരേന്ദ്രമോദി തന്നെ സൂചിപ്പിക്കുകയുണ്ടായി. ഇലക്ഷൻ കാലത്ത് ശ്രീ.നരേന്ദ്രമോദി പറഞ്ഞത് പാകിസ്ഥാന്റെ പട്ടാളക്കാർ ഇന്ത്യൻ അതിർത്തിയിൽവന്ന് ജവാൻമാരെ വെടിവച്ച് കൊല്ലുമ്പോൾ ഇന്ത്യൻ പ്രധാനമന്ത്രിയായിട്ടുള്ള ഡോ. മൻമോഹൻ സിംഗ് പാകിസ്ഥാൻ പ്രധാനമന്ത്രിയുമായി ചിക്കൻ കഴിച്ചുകൊണ്ടിരിക്കുകയായിരിന്നു എന്നാണ്. ശ്രീ.നരേന്ദ്രമോദി അധികാരത്തിൽ വരാൻ പോകുന്നതിനുമുമ്പ് സത്യപ്രതിജ്ഞയ്ക്ക് ആദ്യം ക്ഷണിച്ചത് നവാസ് ഷെറീഫിനെയാണ്. അതിനു

ശേഷം അദ്ദേഹം പാകിസ്ഥാനോട് കുറച്ചുകൂടി വിശാലമായൊരു കാഴ്ചപ്പാട് പുറമെ പ്രകടിപ്പിച്ചു, ഉള്ളിലെന്താണെന്ന് അറിയില്ല. അതുകഴിഞ്ഞ് ദിവസങ്ങൾ കഴിയുന്നതിനുമുമ്പുതന്നെ ഡീസലിന് വില കൂട്ടാൻ തുടങ്ങി. അപ്പോൾ ഈ ഭരണം അത്ര കാര്യക്ഷമമായി പോകുമെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റാണ്. സാധാരണ അത് എങ്ങനെ പോകുമെന്ന് നമുക്കറിയാം. ആറ് മാസം ഏത് ഗവൺമെന്റാണെങ്കിലും ഒരു ചാൻസ് കൊടുക്കേണ്ടതാണ്. ആദ്യംതന്നെ സമരത്തിനിറങ്ങുന്നത് ശരിയല്ല. പക്ഷേ പോക്ക് എങ്ങോട്ടാണെന്ന് വളരെ വ്യക്തമാണ്. ചില യാഥാർത്ഥ്യങ്ങൾ നമ്മൾ മനസ്സിലാക്കണം. ഇവിടെ കോൺഗ്രസ് പരാജയപ്പെടുമെന്ന് എല്ലാവർക്കുമറിയാമായിരുന്നു. ഒരിക്കലും ബി.ജെ.പി.–ക്ക് 272 എന്ന മാജിക് നമ്പറിലെത്താൻ കഴിയില്ലെന്നാണ് ഇടതുപക്ഷത്തിന് ധാരണയുണ്ടായിരുന്നത്. പരമാവധി 190, ഘടകകക്ഷികളെല്ലാം കൂടിയായാലും 205 എന്നാണ് പ്രതീക്ഷിച്ചിരുന്നത്. അങ്ങനെ വരുമ്പോൾ കോൺഗ്രസ്സിനെ വിമർശിച്ചുകൊണ്ട് 96 മോഡൽ, കോൺഗ്രസ് സഹായം സ്വീകരിച്ചുകൊണ്ട് മറ്റെല്ലാവരും ചേർന്നുകൊണ്ട് ഒരു ഗവൺമെന്റ് ഉണ്ടാക്കാമെന്നുള്ള ധാരണയിൽ കോൺഗ്രസിന്റെ അന്നത്തെ യു.പി.എ. ഗവൺമെന്റിനെ ബി.ജെ.പി.–ക്കാരെക്കാൾ ശക്തമായി വിമർശിക്കാൻ അന്ന് ഇടതുപക്ഷം തയ്യാറായി. അന്നും ഞങ്ങൾ സൂചിപ്പിച്ചത് കോൺഗ്രസ്സിന് ക്ഷീണമുണ്ടായാൽ അതിന്റെ രാഷ്ട്രീയ നേട്ടമുണ്ടാകുന്നത് ബി.ജെ.പി.–ക്കുതന്നെയാണെന്നാണ്.

അഖിലേന്ത്യാ തലത്തിൽ ഒരു ബദൽ പാർട്ടിയെന്ന് പറയുന്നത് കോൺഗ്രസ്സോ ബി.ജെ.പി യോ ആണ്. ചില സ്റ്റേറ്റുകളിലൊക്കെ ഈ രണ്ട് പാർട്ടികൾക്കും വേരോട്ടമൊന്നുമില്ല. ഞാൻ സമ്മതിക്കുന്നു. പുതിയ സംസ്ഥാനങ്ങൾ ഉൾപ്പെടെ ഇന്ത്യയിലെ 29 സംസ്ഥാനങ്ങളിൽ പ്രധാനപ്പെട്ട സംസ്ഥാനങ്ങളിലൊക്കെ വേരോട്ടമുള്ള ഈ രണ്ടു രാഷ്ട്രീയ പാർട്ടികളിൽ ഒന്നിനുമാത്രമെ ഈ രാജ്യത്ത് അധികാരത്തിൽ വരാൻ കഴിയൂ. അല്ലെങ്കിൽ അവർ പിന്തുണയ്ക്കുന്ന ഗവൺമെന്റായിരിക്കണം. 96 ആവർത്തിക്കാം എന്നുള്ള ധാരണ ഇടതുപക്ഷത്തിനുണ്ടായി. അതുകൊണ്ട് നിങ്ങളും ഞങ്ങളെ അന്ന് ശക്തമായി വിമർശിച്ചു. അതിന്റെ ഗുണം മുഴുവൻ ബി.ജെ. പി.ക്ക് കിട്ടി. തിരുവനന്തപുരത്ത് ബി.ജെ.പി. രണ്ടാം സ്ഥാനത്ത് വന്നതു പോലെ. ഏതായാലും ഒരു കാര്യം വ്യക്തമാണ്. കൂട്ടുകക്ഷി ഗവൺമെന്റിന്റെ ദോഷങ്ങൾ ഏകകകക്ഷി ഭരണത്തിലേയ്ക്ക് നമ്മുടെ രാജ്യത്തെ നയിക്കാനുള്ള സാധ്യതയുണ്ടെന്ന് ഇപ്പോൾ വ്യക്തമായല്ലോ? നിങ്ങളും ആദ്യം പറഞ്ഞു ഒരിക്കലും ഈ രാജ്യത്ത് ഏകകക്ഷി ഭരണമുണ്ടാകി ല്ല എന്ന്. ആദ്യമൊക്കെ ചെറുത്തുനിൽക്കാൻ നോക്കിയെങ്കിലും ഞങ്ങൾക്കും മനസ്സിലായി. ഏകകകക്ഷി ഭരണത്തിന്റെ സാധ്യത കുറവാണെന്ന് മനസ്സിലാക്കികൊണ്ടു തന്നെയാണ് ഞങ്ങൾ യു.പി.എ. ഉണ്ടാക്കിയതും ഒരു ഘട്ടത്തിൽ ഇടതുപക്ഷവുമായി ഞങ്ങൾ സഹകരിച്ചതും. ആ സഹകരണം ഞങ്ങൾ അവസാനിപ്പിച്ചതല്ല ഇടതുപക്ഷമാണ് അവസാനിപ്പിച്ചത്. 190 എന്ന് കണക്കാക്കിയ സ്ഥാനത്ത് മാജിക് നമ്പറായ 272 ഉം കടന്ന് 280–ൽപരം സീറ്റു കൾ എങ്ങനെയാണ് ബി.ജെ.പി.ക്ക് കിട്ടിയത്? അതായത് കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് ചില കാര്യങ്ങളിൽ ചില തീരുമാനങ്ങളെ

ടുക്കാൻ ഘടക കക്ഷികളുടെ സഹകരണം ലഭിച്ചില്ല. അതുകൊണ്ടാണല്ലോ ഉപസമിതികൾ ഉണ്ടാക്കേണ്ടി വന്നത്. ആ ഉപസമിതികൾ പിന്നീട് വന്ന ഗവൺമെന്റുകൾ പിരിച്ചുവിട്ടതിന് കാരണം എന്താണ്? മോദിക്ക് ഒരു ഘടക ക്ഷിയോടും ചോദിക്കേണ്ട കാര്യമില്ല. സ്വന്തം പാർട്ടിയിൽ തന്നെ അദ്വാനി യെപ്പോലേയുള്ളവരെയൊക്കെ ഒതുക്കേണ്ട സമയത്ത് അദ്ദേഹം ഒതുക്കി കഴിഞ്ഞു. ക്യാബിനറ്റ് ഉപസമിതിയുടെ ആവശ്യമില്ല. യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് ഉപസമിതികൾ ഉണ്ടാക്കി, പക്ഷെ അന്നത്തെ ഘടകകക്ഷികളായ പലർക്കും പല സ്റ്റേറ്റുകളിലും വ്യത്യസ്ത കാഴ്ചപ്പാടുകളാ യിരുന്നു. അന്ന് അഖിലേന്ത്യാ തലത്തിൽ ബി.ജെ.പി.യോടുള്ള വിരോധം കൊണ്ട് യു.പി.എ. മുന്നണി ഉണ്ടാക്കി. ആ യു.പി.എ.-യ്ക്ക് തർക്കം കാരണം കാര്യങ്ങൾ നടപ്പാക്കാൻ കഴിയില്ലായെന്ന് വന്നപ്പോൾ ഇന്ത്യയിലെ ജനങ്ങൾ എൻ.ഡി.എ.യ്ക്കല്ല ബി.ജെ.പി.ക്കാണ് വോട്ട് ചെയ്തത്. മോദി ക്കാണ് വോട്ട് ചെയ്തത്. കാരണം മോദി എന്നുപറയുന്ന വ്യക്തിക്ക് എന്തോ ഒരു മാജിക്കുണ്ടെന്നുള്ള തെറ്റിദ്ധാരണയിലാണ് അങ്ങനെ ചെയ്തത്. ശതമാ നത്തിന്റെ കണക്ക് പറയാം. പണ്ട് കുറുക്കൻ പറഞ്ഞതുപോലെ രാജ്യം എന്റേതാണ് പക്ഷെ പകലൊന്നും ഇറങ്ങി നടക്കാൻ പാടില്ലായെന്ന് പറഞ്ഞ തുപോലെ, മോദിക്ക് 31 ശതമാനമേയുള്ളൂ, ബാക്കിയൊക്കെ മറുഭാഗത്താണ് എന്ന് അണികളെ ബോധ്യപ്പെടുത്താനും അണികളുടെ വീര്യം നഷ്ടപ്പെടുത്താ നും പറയാം. പക്ഷെ ഈ സഭയിൽ പറയുമ്പോൾ യാഥാർത്ഥ്യങ്ങൾ മറച്ചു വച്ചിട്ട് കാര്യമില്ല. എതായാലും സംഭവിക്കേണ്ട കാര്യങ്ങൾ സംഭവിച്ചു കഴിഞ്ഞു. കേരളത്തെ സംബന്ധിച്ചിടത്തോളം യു.ഡി.എഫിന് 12 സീറ്റും എൽ.ഡി.എഫിന് 8 സീറ്റുമാണുള്ളത്. നിയമസഭയിലെ കണക്ക് പരിശോധി

ച്ചാൽ 80 സീറ്റിൽ യു.ഡി.എഫും 56 സീറ്റിൽ എൽ.ഡി.എഫും 4 സീറ്റിൽ സഭയിൽ ഇതുവരെയും കയറാൻ കഴിയാത്ത ബി.ജെ.പി.ക്കുമാണ് ലീഡ് കിട്ടിയത്. ആറ് സീറ്റുകളിൽ ഇടതുപക്ഷം മൂന്നാം സ്ഥാനത്തും പോയി. രണ്ടെണ്ണം സ്ഥിരം പോകുന്നതാണ് കാസർകോഡും മഞ്ചേശ്വരവും. 4 സ്ഥലത്ത് ബി.ജെ.പി. ലീഡ് ചെയ്തപ്പോൾ ആ നാലിടത്തും ഞങ്ങൾ രണ്ടാം സ്ഥാനത്തും മൂന്നാം സ്ഥാനത്ത് എൽ.ഡി.എഫും. കേരളത്തിൽ നമ്മൾ കാണേണ്ട ചില കാര്യങ്ങളുണ്ട്. ഇന്നലെ വരെ യു.ഡി.എഫിന്റെ മൈനസ് പോയിന്റുകൾ എൽ.ഡി.എഫിന് നേട്ടമായിരുന്നുവെങ്കിൽ എൽ.ഡി.എഫിന്റെ മൈനസ് പോയിന്റുകൾ യു.ഡി.എഫിന് നേട്ടമായിരുന്നുവെങ്കിൽ ഇന്ന് ആ മൈനസ് പോയിന്റകളൊക്കെ പ്ലസ് ആക്കാൻ കഴിവുള്ളവർ നമ്മുടെ സംസ്ഥാനത്ത് വളർന്നുവരുന്നുണ്ടെന്നുള്ള യാഥാർത്ഥ്യം നമ്മൾ മനസ്സിലാക്കണം. എന്റെ അനുഭവത്തിൽ, ഇത്രയേറെ വികസനകാര്യങ്ങൾ ചെയ്തിട്ടു പോലും അവിടെ യു.ഡി.എഫ്. രണ്ടാം സ്ഥാനത്തേയ്ക്ക് പോയി. കഴിഞ്ഞ മൂന്നര വർഷക്കാലമായി വികസന കാര്യത്തിൽ എല്ലാപേരും എന്നോട് സഹകരിച്ചിട്ടുണ്ട്. സഭയിൽ പ്രതിപക്ഷംപോലും എന്നോട് സഹകരിച്ചിട്ടുണ്ട്. ഇപ്പോഴും സഹകരിക്കുന്നുണ്ട്. എന്റെ നിയോജക മണ്ഡലത്തിൽ മൂവായിരത്തിൽ താഴെ വോട്ട് ലീഡ് കിട്ടിയപ്പോൾ ഇന്ന് അവിടെ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ ചില്ലറയാണോ? ഇപ്പോൾ എവിടെയെങ്കിലും കുഴിയുണ്ടോയെന്ന് നോക്കി നടക്കുകയാണ്. ഒരു കുഴി കണ്ടാൽ വാഴ വച്ചു. പാർട്ടിയുടെ ഒരു കൊടി നാട്ടി. എം.എൽ.എ രാജി വയ്ക്കാൻ ബോർഡുവയ്ക്കുകയാണ്. ഒരു സ്ഥലത്ത് ലീഡ് കിട്ടിയതിന്റെ സ്ഥിതി ഇതാണെങ്കിൽ നാളെ ഇവർ ജയിച്ച് സഭയ്ക്കകത്ത് വന്നാൽ നമ്മുടെയൊക്കെ സ്ഥിതി എന്താകും? ഇപ്പോൾ

തിരുവനന്തപുരത്ത് തന്നെ ഉണ്ടായത് എന്താണ്? ശ്രീ. സി.ദിവാകരൻ മുൻകൈയെടുത്ത് ഒരു സ്ഥാനാർത്ഥിയെ തിരുവനന്തപുരത്ത് നിർത്തിയെന്നാണ് പത്രത്തിൽ വായിച്ചത്. ഞങ്ങളുടെ സ്ഥാനാർത്ഥിയെ കുറിച്ച് ധാരാളം അപഖ്യാതികൾ പറഞ്ഞുപരത്തി. അദ്ദേഹത്തിന്റെ സ്ഥാനാർത്ഥിയെക്കുറിച്ച് ഞങ്ങൾക്ക് കിട്ടിയ അറിവനുസരിച്ച് ഞങ്ങളും തിരിച്ചു പറഞ്ഞു. ഇവിടെ നിർത്തിയ ബി.ജെ.പി. സ്ഥാനാർത്ഥി നേർച്ചക്കോഴിയാണെന്ന് രണ്ടുപേരും ചേർന്ന് പറഞ്ഞു. രണ്ട് നെഗറ്റീവ് വോട്ടുകളും അദ്ദേഹത്തിന് പോസിറ്റീവായി കിട്ടി. നേർച്ചക്കോഴി എന്നുപറഞ്ഞപ്പോൾ അതിന്റെ സിമ്പതിയും കിട്ടി. മോദി വരാൻ പോകുകയാണ്, ക്യാമ്പിനറ്റ് മന്ത്രി സ്ഥാനവും കിട്ടുമെന്ന് പറഞ്ഞു. എന്തോ, എല്ലാവരുടേയും നല്ല കാലത്തിന് അക്കൗണ്ട് തുറന്നില്ലായെന്നത് യാഥാർത്ഥ്യമാണ്. ഡൽഹിയിലെ വിപത്ത് കേരളത്തിലേയ്ക്കും ശ്രദ്ധ കേന്ദ്രീകരിക്കും എന്നുള്ള യാഥാർത്ഥ്യം നമ്മൾ മനസ്സിലാക്കണം. കേരളത്തിൽ നാളെ നമ്മൾ ഒന്നിച്ച് പ്രവർത്തിക്കണമെന്നല്ല പറയുന്നത്. ചരിത്രത്തെക്കുറിച്ച് അവലോകനം നടത്തിയിട്ടു കാര്യമില്ല. ചരിത്രം മാറിപ്പോയി. ഇത്തവണ ഇലക്ഷൻ കഴിഞ്ഞപ്പോൾ 18 സീറ്റുവരെ കിട്ടുമെന്നാണ് ഇടതുപക്ഷം പറഞ്ഞത്. പണ്ട് നിങ്ങൾക്ക് ഇത്ര കിട്ടും എന്നു പറഞ്ഞാൽ അത്രയും കിട്ടുമായിരുന്നു. കാരണം അത്രയേറെ കമ്മിറ്റ്മെന്റായ പാർട്ടി പ്രവർത്തകർ നിങ്ങൾക്കുണ്ടായിരുന്നു. ഇന്നെല്ലാത്തിലും മാറ്റം വരികയാണ്. ഇന്നത്തെ ആളുകൾക്ക് രാഷ്ട്രീയ പാർട്ടികളോട് പ്രത്യേകിച്ച് കമ്മിറ്റ്മെന്റ് ഒന്നുമില്ല. ഇപ്പോഴത്തെ തലമുറയ്ക്ക് രാഷ്ട്രീയത്തോട് വലിയ താൽപ്പര്യമില്ല. അവർ കാര്യങ്ങൾ വസ്തുനിഷ്ഠമായി പഠിച്ച് ഏതാണ് ശരിയെന്ന് നോക്കി പ്രവർത്തിക്കുന്നവരാണ്. അങ്ങനെയവർ പ്രവർത്തിക്കു

ബോൾ അതിന്റെ ഗുണം വർഗ്ഗീയ കക്ഷികളുടെ കൈകളിലേയ്ക്ക് പോകാതെ നോക്കേണ്ട ചുമതല നമുക്കുണ്ട്. ഈ സഭയിലേയ്ക്ക് കടന്നുവരാൻ ആഗ്രഹിക്കുന്നവരെ തടഞ്ഞുനിർത്തുന്ന കാര്യത്തിലെങ്കിലും നമുക്കൊരു യോജിപ്പ് ഉണ്ടാകണം. കേന്ദ്രത്തിനെ സംബന്ധിച്ച് പറഞ്ഞാൽ, നിങ്ങളുടെ നയം തിരുത്തുമോയെന്ന് ശ്രീ. ഇ. പി. ജയരാജൻ ചോദിച്ചു. തിരുത്തേണ്ട നയങ്ങൾ തിരുത്തേണ്ടി വരും. ഞങ്ങൾക്ക് 44 സീറ്റ് ലഭിച്ചു. സാരമായിട്ടുള്ള തോൽവി തന്നെയാണ്. അത് അംഗീകരിച്ചു. ഇടതുപക്ഷത്തിന് എത്ര കിട്ടി. സി.പി.ഐ.(എം)-നെ സംബന്ധിച്ച് സിനിമാനടനെ നിർത്തി പി.സി. ചാക്കോയെ തോൽപ്പിച്ചു. ഞാൻ മൂന്നുതവണ പാർലമെന്റ് അംഗമായിരുന്നപ്പോഴും ബഹുമാന്യരായ ശിവകുമാറും, രമേശ് ചെന്നിത്തലയും സുരേഷ് കുറുപ്പും ഉള്ളപ്പോൾ മാർക്സിസ്റ്റ് പാർട്ടിയുടെ പാർലമെന്ററി പാർട്ടി നേതാവായിരുന്നു ബസുദേവഭട്ടാചാര്യ, നല്ല മിടുക്കനായ പാർലമെന്റേറിയനായിരുന്നു. രാഷ്ട്രീയപരമായ അഭിപ്രായ വ്യത്യാസമുണ്ടെങ്കിലും 80 മുതൽ വർഷങ്ങളായി അദ്ദേഹം പാർലമെന്റിനെ നയിക്കുന്നയാളാണ്. സോമനാഥ് ചാറ്റർജി മാർക്സിസ്റ്റ് പാർട്ടിയിൽനിന്നും പുറത്താക്കപ്പെട്ടപ്പോഴും പാർട്ടിക്കു വേണ്ടി ശക്തമായി നിന്നയാളായിരുന്നു. ആ ബസുദേവഭട്ടാചാര്യ ഒരു സിനിമാനടിയോടു തോറ്റു. സത്യം പറഞ്ഞാൽ ഇപ്പോൾ ഇടതുപക്ഷത്തിൽ അരിവാൾ ചുറ്റിക നക്ഷത്രത്തിൽ ജയിച്ചവർ ഒൻപത് പേരെയുള്ളൂ. കേരളത്തിൽ അഞ്ചും ബംഗാളിലും ത്രിപുരയിലും രണ്ടു വീതവും, അങ്ങനെ ആകെ ഒൻപത്. ഇന്നസെന്റും പഴയൊരു കോൺഗ്രസ്സുകാരനും ഉൾപ്പെടെ 11 സീറ്റാണ് സി.പി.ഐ.(എം)നുള്ളത്. ഞങ്ങൾക്ക് കേരളത്തിൽ ചെറിയൊരു പാളിച്ച പറ്റിയില്ലായിരുന്നെങ്കിൽ സി.പി.ഐ.യുടെ കണി പോലും ലോക്സഭ

യിൽ കാണാൻ സാധിക്കില്ലായിരുന്നു. നമുക്കെല്ലാവർക്കും ക്ഷീണം പറ്റി. അതുകൊണ്ട് ഒരു കാര്യം മനസ്സിലാക്കേണ്ടത് കേന്ദ്രത്തിനെതിരായിട്ടുള്ള ജനകീയ സമരങ്ങൾ വരുമ്പോൾ പഴയ ചരിത്രം പറഞ്ഞ് അന്ന് അങ്ങനെ ചെയ്തില്ലേ ഇങ്ങനെ ചെയ്തില്ലേ എന്നുപറയുന്നതിനുപകരം കേന്ദ്രത്തിലെ വർഗ്ഗീയതയ്ക്കെതിരായിട്ടുള്ള പോരാട്ടത്തിൽ ഇടതുപക്ഷം ഉൾപ്പെടെയുള്ള വർ ജനാധിപത്യ മതേതര ശക്തികൾ ഒരുമിച്ച് നിൽക്കണം. കേരളത്തെ സംബന്ധിച്ച് ഒരു കാര്യം പറയാം, കേരളത്തിൽ ഒരു കാര്യത്തിൽ നമുക്ക് അഭിമാനമുണ്ട്. കഴിഞ്ഞ അഞ്ചുവർഷം മുൻപുള്ള രാഷ്ട്രീയ സാഹചര്യമല്ല ഇന്ന് ഉണ്ടായിരിക്കുന്നത്. അഞ്ചുവർഷം മുൻപായിരുന്നുവെങ്കിൽ, അന്ന് കേരളം ഭരിച്ച എൽ.ഡി.എഫിനെതിരായിട്ടുള്ള അതിശക്തമായ ജനവികാരം സംസ്ഥാനത്തുണ്ടായിരുന്നു. അന്നത്തെ മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ പാർട്ടി സെക്രട്ടറിയുമായി കടുത്ത അഭിപ്രായവ്യത്യാസത്തിലായിരുന്നു.

അന്നത്തെ മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ പാർട്ടി സെക്രട്ടറിയുമായി കടുത്ത അഭിപ്രായവ്യത്യാസമുണ്ടായിരുന്നു. അന്ന് 16 സീറ്റ് യു.ഡി.എഫ്.-ന് ലഭിച്ചപ്പോൾ യു.ഡി.എഫ്.-കാർ സന്തോഷിച്ചതിനേക്കാൾ കൂടുതൽ അന്നത്തെ മുഖ്യമന്ത്രി പൊട്ടിച്ചിരിച്ചത് നമ്മൾ ടി.വി.-യിൽ കണ്ടതാണ്. അദ്ദേ ഹത്തിന്റെ മനസ്സിന്റെ സന്തോഷം അറിയാതെ പുറത്തുവന്നു. ആ രാഷ്ട്രീയ കാലാവസ്ഥയിൽ നിന്നും മാർക്സിസ്റ്റ് പാർട്ടിയിൽ പുറമേ രണ്ടുപേരും യോജിച്ചുവെന്ന ഒരു പ്രതീതിയുണ്ടായി. അതനുസരിച്ചുള്ള പ്രവർത്തനം നട ന്നു. അഞ്ച് വർഷംമുമ്പ് നടന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ അന്നത്തെ എൽ.ഡി.എഫ്. ഗവൺമെന്റിനോടുള്ള എതിർപ്പിന്റെ ഫലമായി മിക്കവാറും

സമുദായങ്ങളും യു.ഡി.എഫ്.-ന്റെ കൂടെയായിരുന്നു. കൊല്ലത്തിന്റെയും തിരുവനന്തപുരത്തിന്റെയും ഇടുക്കിയുടെയും റിസൽട്ട് എടുത്തുനോക്കി യാൽ ഇന്ന് അവരൊക്കെ ഓരോ സ്ഥലങ്ങളിൽ വ്യത്യസ്ഥ നിലപാട് സ്വീകരി ച്ചുവെന്ന് കാണാൻ കഴിയും. പരമ്പരാഗതമായി ഞങ്ങൾക്ക് കിട്ടിയ ചില വോട്ടുകൾ തിരുവനന്തപുരത്ത് നഷ്ടപ്പെട്ടു, കൊല്ലത്ത് ലഭിച്ചു, ഇടുക്കിയിൽ നഷ്ടപ്പെട്ടു. സ്വാഭാവികമായും എത്ര നല്ല ഭരണം കാഴ്ചവച്ചാലും കേരള ത്തിനെ സംബന്ധിച്ചിടത്തോളം ചെറിയ ഒരു <u>ആന്റി ഇൻകംമ്പൻസി എയിം</u> ഉണ്ടാകുമല്ലോ? മുഖ്യമന്ത്രിക്കെതിരെ പ്രചരണം നടത്തി ഒരുപാട് നാളുകൾ സമരങ്ങൾ നടത്തി സഭതന്നെ സ്തംഭിച്ചു. അങ്ങനെയുള്ള പ്രത്യാക്രമണങ്ങൾ ഉണ്ടായിട്ടുപോലും അതിനെയൊക്കെ അതിജീവിച്ച് 20-ൽ 12 സീറ്റ് നേടി. ഇത് ചില്ലറ കാര്യമാണോ? ഇടതുപക്ഷം 12 സീറ്റുകൾ ജയിക്കുമെന്ന് പ്രതീ ക്ഷിച്ച സ്ഥാനത്ത് സീറ്റുകൾ 8 ആയി ചുരുങ്ങുകയും 12 സീറ്റുകളിൽ യു. ഡി.എഫ്.-ന് വിജയം നിലനിർത്താൻ സാധിക്കുകയും ചെയ്തു. അതൊരു ചില്ലറക്കാര്യമല്ല. സ്വാഭാവികമായും ഒരു ടേൺ കഴിയുമ്പോൾ ആദ്യത്തെ ആഭിമുഖ്യം രണ്ടാം തവണയും ആ സ്ഥാനാർത്ഥിയോടുണ്ടാകണമെന്നില്ല. ഞങ്ങളുടെ സിറ്റിംഗ് മെമ്പർമാർ മത്സരിച്ചപ്പോൾ എതിരായുള്ള വികാരങ്ങൾ ചില ഭാഗത്തുനിന്നുണ്ടായി. അതിനെയൊക്കെ അതിജീവിച്ച് പന്ത്രണ്ട് സീറ്റ് കിട്ടി. സാധാരണ ഇലക്ഷൻകാലത്ത് പറയും പാർലമെന്റ് ഇലക്ഷനാണ്, ഡെൽഹിയിലേക്കുള്ള ഇലക്ഷനാണ്, അത് കേരളത്തിന് ബാധകമല്ലെന്ന്. പക്ഷേ ഈ ഇലക്ഷന്റെ റിസൽട്ട് എന്റെ ഭരണത്തിന്റെ വിലയിരുത്തലാണെന്ന് ഇലക്ഷന് മുമ്പും ഇലക്ഷന് ശേഷവും മുഖ്യമന്ത്രി ആ കാര്യം ആവർത്തിച്ച് പറഞ്ഞു, അത് പറയാനുള്ള ചങ്കൂറ്റം മുഖ്യമന്ത്രിക്കുണ്ടായി. 12 സീറ്റുകളിൽ

വിജയിച്ചതും 80 സീറ്റുകളിൽ ഭൂരിപക്ഷം കിട്ടിയതും ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന് കേരളത്തിലെ ജനങ്ങൾ നൽകിയ അംഗീകാരം തന്നെയാണെന്നതിൽ യാതൊരു സംശയവുമില്ല. ഭരണരംഗത്ത് അദ്ദേഹം നടപ്പാക്കിയ നേട്ടങ്ങൾ, മുഴുവൻ നടപ്പാക്കിയെന്ന് പറയുന്നില്ല. പക്ഷേ പറഞ്ഞ കുറേ കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞുവെന്ന ചാരുതാർത്ഥ്യത്തോടുകൂടിത്തന്നെ ശ്രീമാൻ ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ ഐക്യജനാധിപത്യമുന്നണി ഈ തെരഞ്ഞെടുപ്പിൽ വിജയിച്ചത്. അതുകൊണ്ട് ഒരു കാര്യം മാത്രമേ ഞാൻ പറയുന്നുള്ളൂ. കേരളത്തിൽ ഈ സർക്കാരിന് രണ്ടുവർഷം കാലാവധി കൂടിയുണ്ട്. ആ കാലവധിക്ക് ശേഷവും, നല്ല ഭൂരിപക്ഷത്തോടുകൂടി, 1970–77 മോഡലിൽ വീണ്ടും തിരിച്ചുവരാൻ കഴിയുമെന്ന പൂർണ്ണവിശ്വാസത്തോടെയാണ് ഞങ്ങൾ മുന്നോട്ടു നീങ്ങുന്നത്. കേന്ദ്രത്തിലും സംസ്ഥാനത്തിലും വർഗ്ഗീയതയ്ക്കെതിരെ പോരാടാൻ ഇടതുപക്ഷ സുഹൃത്തുക്കൾ ഉൾപ്പെടെയുള്ളവരുടെ അകമഴിഞ്ഞ സഹായസഹകരണങ്ങൾ ഉണ്ടാകണമെന്നു പറഞ്ഞുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥകളെ പിൻതാങ്ങുകയാണ്.

ശ്രീ. സി. ദിവാകരൻ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുകയാണ്. രാഷ്ട്രീയ യാഥാർത്ഥ്യം മനസിലാക്കി ഈ സഭയിലെ എല്ലാവരും ഇതിനെ എതിർക്കണമെന്നാണ് എന്റെ അഭ്യർത്ഥന, അതാണ് അനുഭവങ്ങൾ. ഇവിടുത്തെ ഭരണത്തലവൻമാർ ആരാണ്? ചീഫ് സെക്രട്ടറിയോ അതോ മുഖ്യമന്ത്രിയോ? ഭരണത്തലവൻമാരെക്കുറിച്ചുതന്നെ സംശയമാണ്. ഭരണത്തലവനായ ചീഫ് സെക്രട്ടറിക്കെതിരായി ഐ.എ.എസ്.കാർ

വലിയ കലാപം നടത്തുകയാണ്. മുഖ്യമന്ത്രി സ്ഥാനത്തുനിന്നും ശ്രീ. ഉമ്മൻ ചാണ്ടിയെ മാറ്റി ശ്രീ. കെ. എം. മാണിയെ കൊണ്ടുവരണമെന്നാണ് കേരളത്തിലെ ചീഫ് വിപ്പ് പറയുന്നത്. ഇങ്ങനെയുള്ള സാഹചര്യത്തിൽ ഏത് ഭരണത്തലവന്മാർക്കാണ് ധനാഭ്യർത്ഥന പാസ്സാക്കേണ്ടത്. പാസ്സാക്കിയ തുകകൾ നിങ്ങൾ ചിലവാക്കിയിട്ടില്ല. പിന്നെ എന്തിനാണ് വീണ്ടും വീണ്ടും ധനാഭ്യർത്ഥന പാസാക്കുന്നത്? ബഡ്ജറ്റിൽ നിർദ്ദേശിക്കപ്പെട്ട നികുതികൾപോലും നിങ്ങൾ പൂർണ്ണമായി പിരിച്ചെടുത്തിട്ടില്ല. നികുതിപ്പിരിവിൽതന്നെ ഈ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നുവെന്നാണ് സി.&എ.ജി.-യുടെ റിപ്പോർട്ടിൽ പറയുന്നത്. ഗവൺമെന്റിനുവേണ്ടിയല്ലേ ധനാഭ്യർത്ഥന പാസാക്കുന്നത്? ഇവിടെ ഒരു ഗവൺമെന്റുണ്ടോ? ഇവിടെ ഭരിക്കുന്നത് ഗവൺമെന്റാണോ സലീംരാജാണോ എന്നാണ് ഹൈക്കോടതി ചോദിച്ചത്. ഈ ഗവൺമെന്റിനെന്തിനാണ് ധനാഭ്യർത്ഥന? ബഹുമാനപ്പെട്ട ചെയർ, ഞങ്ങൾ എത്രകാലമായി ഈ ആഹ്വാനം കാത്തിരുക്കുന്നതെന്ന് അറിയുമോ? നിങ്ങൾക്ക് ഇപ്പോൾ ഭൂരിപക്ഷമെല്ലാം പോയി, പുറത്തിറങ്ങാൻ നിവൃത്തിയില്ലാതായി. ഉടുതുണിവരെ നഷ്ടപ്പെട്ടപ്പോഴാണ് ഇടതുപക്ഷവുമായി ഒരു കേന്ദ്രവിരുദ്ധസമരം............ ഞങ്ങൾ ആ വാക്കുകൾ പ്രതീക്ഷിച്ചിരിക്കുകയാണ്. വർഗ്ഗീയതയ്ക്കെതിരെ എന്ന് നിങ്ങൾ വെറുതെ പറയുന്നതാണ്. എല്ലാത്തിനുമെതിരെ സമരം ചെയ്യേണ്ടിവരും. ശ്രീ. മുരളീ..... അങ്ങ് കോൺഗ്രസ്സിൽ നല്ല പാരമ്പര്യമുള്ള ആളാണ്. നാഗപ്പൂർ നയിക്കുന്ന ആർ.എസ്.എസ്.-ന്റെ ഭരണത്തിലേക്ക് ഇന്ത്യയെ കൈമാറ്റം നടത്തിയത് ആരാണ്? മഹാത്മാഗാന്ധിയുടെ ചോരപുരണ്ട കൈകളിലേക്ക് ഇന്ത്യയുടെ ഭരണം എങ്ങനെ പോയി? ഞാൻ മുസ്ലീം ലീഗുകാരോട് ചോദിക്കുകയാണ്..... ഭരണഘടനയുടെ 370 സസ്പെന്റ്

ചെയ്യും, ഡിസ്മിസ് ചെയ്യും, സിവിൽ കോഡ് നടപ്പിലാക്കുമെന്ന്. അപ്പോൾ നിങ്ങളുടെ ഗതിയെന്തായിരിക്കും? കാശ്മീരിൽ ആയുധമെടുക്കാൻ അൽ–ഖയ്ദ ആഹ്വാനം ചെയ്തിട്ടുണ്ട്. ഇതിന്റെ രാഷ്ട്രീയ ഉത്തരവാദിത്തം നിങ്ങൾക്കാണ്. നിങ്ങളുടെ കമ്മ്യൂണിസ്റ്റ് വിരോധം തുടങ്ങിയത് ഇന്നും ഇന്ന ലേയും അല്ല. എല്ലാപേർക്കും സ്വാതന്ത്ര്യം കിട്ടിയപ്പോൾ ഇവിടെ കമ്യൂണിസ്റ്റ് പാർട്ടിയെ നിരോധിച്ചു, പാർട്ടി സഖാക്കളെ വേട്ടയാടി, നാടുകടത്തി. എത്ര കൊല്ലം നമ്മുടെ പാർട്ടിനേതാക്കന്മാർ ഈ രാജ്യത്ത് അഭയമില്ലാതെ നടന്നു. ആ പാർട്ടി 1957–ൽ അധികാരത്തിൽ വന്നപ്പോൾ, കോൺഗ്രസ്സുകാർ 356–ാം വകുപ്പുപയോഗിച്ച് ലോകത്ത് ആദ്യമായി ബാലറ്റ്പേപ്പറിലൂടെ അധികാര ത്തിൽ വന്ന കമ്യൂണിസ്റ്റ് ഗവൺമെന്റിനെ ഡിസ്മിസ് ചെയ്തു. അതിന് നിങ്ങൾ അമേരിക്കയുടെ സാമ്പത്തിക സഹായം വാങ്ങി. നിങ്ങളാണ് ഇവിടെ രാജ്യദ്രോഹകുറ്റം ചെയ്തത്. കമ്യൂണിസ്റ്റുകാർ അധികാരത്തിൽ വരാൻ പാടില്ലേ? നിങ്ങൾ ഇപ്പോൾ ഇവിടെ ഇരിക്കുന്നതെങ്ങനെയാണ്? അധികാര ത്തിൽവന്ന ആദ്യദിവസം നിങ്ങളുടെ ഭൂരിപക്ഷം എന്തായിരുന്നു, ഇപ്പോൾ നിങ്ങൾ എണ്ണത്തിൽ കൂടി. എങ്ങനെ കൂടി, ചാക്കിട്ടു പിടിച്ചു. ഇടതുപക്ഷജ നാധിപത്യമുന്നണി പ്രസ്ഥാനത്തിൽ 30 കൊല്ലം സമരം ചെയ്ത, ആ പാവ ങ്ങളെ നിങ്ങൾ വ്യാമോഹിപ്പിച്ച് കൈക്കലാക്കി, അതല്ലെങ്കിൽ നിങ്ങൾക്കെവി ടെയാണ് ഭൂരിപക്ഷം? നിങ്ങൾക്ക് ഒരുപാർട്ടി ഒരുമന്ത്രി.......... ഇനിയിപ്പോൾ അത് നടക്കുമോ? മാറിവന്ന ഇന്നത്തെ രാഷ്ട്രീയ സാഹചര്യത്തിൽ, ബി.ജെ. പി.–യുടെ ഭരണത്തിനെതിരായി സമരം ചെയ്യാൻ ഇടതുപക്ഷജനാധിപത്യ മതേതര ശക്തികളുടെ കൂടെ മുരളിയുടെ പാർട്ടിയും പങ്കെടുക്കണം. ആ ദിവ

സങ്ങളിലേക്കാണ് ഇന്ത്യ നീങ്ങുന്നത്. അത്യന്തം ആപത്കരമായ സാഹചര്യങ്ങളാണ് ഇന്ത്യയിൽ ഉയർന്നുവന്നുകൊണ്ടിരിക്കുന്നത്.

ഇന്ന് കേരളത്തിൽ നിങ്ങൾക്ക് കമ്മ്യൂണിസ്റ്റ് വിരുദ്ധ സ്വഭാവം മാറുന്നില്ല. ഈ നിയമസഭയിൽപ്പോലും ന്യായമായ കാര്യങ്ങൾ ഉന്നയിച്ചാൽ കേൾക്കാൻ നിങ്ങൾക്ക് സഹിഷ്ണുതയില്ല. ഞാൻ ചോദിക്കട്ടെ, നിങ്ങളുടെ മുഖം എത്ര വികൃതമായി; ഞങ്ങൾ വെറുതെ പറയുകയാണോ; സലീംരാജിനേയും ജിക്കുവിനേയും ടോമിയേയും ഒക്കെ ഇവിടെ ആരാണ് കൊണ്ടുവന്നത്; സരിതയെ ഇവിടെ ആരാണ് കൊണ്ടുവന്നത്; എന്തിനാണ് ഈ അപവാദങ്ങളൊക്കെ ഹൈക്കോടതിയിൽ എത്തിയത്; എത്ര കേസായി; എത്ര മന്ത്രിമാർ വിജിലൻസ് കേസിലെ പ്രതിയായി; നാല് പേരാണ്. എനിക്ക് ചോദ്യത്തിന് മറുപടി തന്നിട്ടുണ്ട്. 50-58 പോലീസ് ഉദ്യോഗസ്ഥർ ക്രിമിനലുകളാണ്. ഇവിടെ എന്തിനാണ് ധനാഢ്യർത്ഥന; പത്തനംതിട്ട ജില്ലയിലെ എസ്.പി.യായ ഐ.എ.എസ്.കാരൻ.................അവരല്ലേ നീതി നടത്തേണ്ടത്? ലാ ആന്റ് ഓർഡർ അവരല്ലേ നടത്തേണ്ടത്. എന്താണ് പോലീസിന്റെ സ്ഥിതി; ഓപ്പറേഷൻ കുബേര നല്ല കാര്യമാണ്. പക്ഷേ ഈ നഗരത്തിൽ ഈ സഭ നടക്കുമ്പോൾ അങ്ങയുടെ മണ്ഡലത്തിനടുത്തുതന്നെ കൊലപാതകം നടക്കുന്നു. പ്രസവിച്ചുകിടന്ന വീട്ടിൽ ഗുണ്ടകൾ കയറി പട്ടാപ്പകൽ നഗരത്തിൽ ആക്രമണം നടത്തി. ഡെപ്യൂട്ടി സ്പീക്കറുടെ മണ്ഡലത്തിലെ അമ്പലത്തിൽ മോഷണം നടത്തി ഒരാഴ്ചയായി. യാതൊരു തെളിവുമില്ല. ഈ നഗരം സാമൂഹ്യവിരുദ്ധന്മാരുടെ കയ്യിൽ അമരുകയാണ്. ഇവിടെ ക്രമസമാധാനമില്ല. ഇവിടെ മനുഷ്യന് ജീവിക്കാൻ കഴിയുന്നില്ല. ഇന്ന് രാവിലെ തീരപ്രദേശങ്ങ

ളുടെ നിലവിളികൾ കേട്ടതാണ്. കേരളത്തിന്റെ തീരപ്രദേശങ്ങൾ പട്ടിണിയിലേക്ക് അമരുകയാണ്. കേരളത്തിൽ നിങ്ങൾ അധികാരത്തിൽ വന്നതിനു ശേഷം എന്തൊക്കെ ഭാരങ്ങളാണ്? വൈദ്യുതി ചാർജ് കൂട്ടി, ബസ് ഫെയർ കൂട്ടി, വീണ്ടും കൂട്ടുന്നു, വെള്ളക്കരം കൂട്ടി. ഗുരുതരമായ രീതിയിൽ വിലക്കയറ്റം. ഇന്നും പത്രങ്ങളിൽ വിലക്കയറ്റത്തെക്കുറിച്ച് പറയുന്നു. ഭരണത്തിന് വേണ്ടി ധനാഭ്യർത്ഥന.......... അങ്ങനെ ഒരുപാട് കാര്യങ്ങൾ പറയുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, സെക്രട്ടേറിയറ്റിൽ 1,86,000 ഫയലുകൾ, വകുപ്പദ്ധ്യക്ഷന്മാരരുടെ കയ്യിൽ 2,00,000–ലേറെ ഫയലുകൾ, അങ്ങനെ അങ്ങയുടെ ഗവൺമെന്റിന്റെ കാലത്ത് 3,88,470 ഫയൽ തീർപ്പുകൽപ്പിക്കാതിരിക്കുകയാണ്. എങ്ങനെയാണ് ഭരണം നടക്കുന്നത്? കേരളത്തിലെ മാധ്യമങ്ങൾ എഡിറ്റോറിയൽ എഴുതിയിരിക്കുകയാണ്. കേരളത്തിൽ ഭരണസ്തംഭനമാണ് നടക്കുന്നത്. കേരളത്തിൽ ഇതുപോലെ ഭരണസ്തംഭനം ഉണ്ടായ ഒരു കാലമില്ല. പാർലമെന്റ് തെരഞ്ഞെടുപ്പിനുമുമ്പേ ഭരണസ്തംഭനം. പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ നിങ്ങളുടെ ചീഫ് വിപ്പ് പറഞ്ഞു മുഖ്യമന്ത്രി മാറണമെന്ന്. നിലവിലുള്ള മുഖ്യമന്ത്രി പറയുന്നത്, മന്ത്രിസഭയുടെ പുനഃസംഘടന എന്ന്. ഉദ്യോഗസ്ഥർ നാടുവിട്ടുപോകുന്നു. ഉദ്യോഗസ്ഥൻ ഇറക്കിയ ഉത്തരവിനെ ഞാൻ അറിഞ്ഞില്ല എന്നുപറഞ്ഞ് മന്ത്രി ക്യാൻസൽ ചെയ്യുന്നു. അദ്ദേഹം പോയി. വളരെ പ്രഗത്ഭനായ ഉദ്യോഗസ്ഥനാണെന്ന് സി. എം. പറയുന്നു. പക്ഷേ അദ്ദേഹം ഇവിടെയുണ്ടോ; എത്ര ഐ. എ.എസ്. ഉദ്യോഗസ്ഥർ പോയി. എന്തുകൊണ്ടാണ് അവർ ഇങ്ങനെ പോകുന്നത്? ചീഫ് സെക്രട്ടറിക്ക് ഞങ്ങളുടെ റെക്കോർഡിൽ എഴുതാൻ അവകാശമില്ല എന്ന് ഐ.എ.എസ്. കാർ പറയുന്നത് എന്തുകൊണ്ടാണ്; സെക്രട്ടേറിയറ്റ് ആണല്ലോ ഭരണത്തിന്റെ സിരാകേന്ദ്രം. അവിടെ ഇപ്പോൾ ഒരഗ്നിപർവ്വതമാണ്.

മന്ത്രിമാർ ഇരിക്കുന്ന സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥരുടെ അഗ്നിപർവ്വതമാണ്. അവിടെ പരസ്പരം യോജിപ്പില്ല. പരസ്പരം ഫയലുകൾ താഴ്ത്തുന്നു. മന്ത്രി ഇടുന്ന ഉത്തരവുകൾ വെളിയിൽ കാണുന്നില്ല. കേരളത്തിൽ അതീവഗുരുതര മായ ഭരണസ്തംഭനമാണ് നടക്കുന്നത്. ഈ ധനാഭ്യർത്ഥന പാസ്സാക്കിയാൽ ഇവിടെ ഭരണം നന്നാകുമോ; ഭക്ഷ്യവകുപ്പുമന്ത്രിയോട് വളരെ വിനയപൂർവ്വം പറയുകയാണ് നിങ്ങൾക്ക് ഒരു തുള്ളി പഞ്ചസാര കൂടുതൽ കൊടുക്കാൻ കഴിഞ്ഞോ, മണ്ണെണ്ണ വെട്ടിക്കുറിച്ചില്ലേ; അഞ്ച് ലിറ്റർഎന്നുള്ളത് രണ്ടുലിറ്റർ, രണ്ടുലിറ്റർ എന്നുള്ളത് അരലിറ്റർ ആയില്ലേ; കേന്ദ്രം നൽകണ്ടേ; മൂന്നുരൂപ യുടെ അരിയുണ്ടോ; രണ്ടുരൂപയുടെ ഗോതമ്പുണ്ടോ; ഒരു രൂപയ്ക്ക് ഭക്ഷ്യ ധാന്യമുണ്ടോ; കേന്ദ്രം പാസ്സാക്കിയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കാൻ നരേന്ദ്രമോഡി ഗവൺമെന്റിനെതിരെ സമരം ചെയ്യണ്ടേ; കേരളത്തിന്റെ ഭക്ഷ്യ പ്രതിസന്ധിക്കെതിരെ സമരം ചെയ്യാൻ തയ്യാറാണോ; നിങ്ങൾ അതിന് തയ്യാ റാകണം. വിഴിഞ്ഞം തുറമുഖം കേരള ഗവൺമെന്റിന്റെ കയ്യിൽനിന്ന് പോകു ന്നു. വിഴിഞ്ഞം തുറമുഖം അതിവിപുലമായ ഒരു തുറമുഖമാക്കി മാറ്റി സ്റ്റേറ്റിന്റെ കയ്യിൽനിന്ന് കേന്ദ്രഗവൺമെന്റ് ടേക്ക് ഓവർ ചെയ്യാൻ പോകുക യാണ്. സ്റ്റേറ്റിനെക്കൊണ്ട് അത് ചെയ്യാൻ കഴിയില്ല എന്നാണ് ഇപ്പോൾ അവർ തീരുമാനിച്ചിരിക്കുന്നത്. സ്മാർട്ട് സിറ്റി നിങ്ങളുടെ കയ്യിൽ നിൽക്കുക യില്ല. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് നൽകാമെന്നുപറഞ്ഞ വല്ലതുമു ണ്ടോ; പാലക്കാട് കോച്ച് ഫാക്ടറിയുണ്ടോ; കോച്ച് ഫാക്ടറിക്ക് അന്ന് സ്ഥല മെടുത്ത് തന്നില്ലേ; 10 കൊല്ലം ഭരിച്ചില്ലേ; ആലപ്പുഴ നിങ്ങൾ വാഗൺ ഫാക്ടറി നൽകാമെന്നുപറഞ്ഞിട്ട് നൽകിയോ; ഐ.ഐ.ടി. നൽകാമെന്ന് പറ ഞ്ഞത് നൽകിയോ; ഇപ്പോൾ ബി.ജെ.പി. ഇതെല്ലാം തരാമെന്ന് പറയുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന ഞാൻ വായിച്ചു. ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, (എയിംസ്), ഡൽഹി പോലെ ഒരു ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങാൻ ഇപ്പോൾ സ്ഥലമെടുക്കാൻ പോകുന്നുവെന്ന് പറഞ്ഞു. നല്ലകാര്യം. പത്തുകൊല്ലമായിട്ട് ഒന്നും നിങ്ങൾ ചെയ്തില്ലല്ലോ; നിങ്ങൾക്കത് ഇനി അവകാശപ്പെടാൻ കഴിയുമോ; ഇതിനാണ് ഞങ്ങൾ ഇവിടെ സമരം ചെയ്തത്. ഞങ്ങൾ ഇവിടെ ഇടതുപക്ഷക്കാർ സമരം ചെയ്തപ്പോൾ എല്ലാ സമരത്തെയും നിങ്ങൾ അടിച്ചമർത്തിയില്ലേ; നിങ്ങൾ പട്ടാളത്തെ വിളിച്ചില്ലേ, കാപ്പാനിയമം ഉപയോഗിച്ചില്ലേ; ടിയർ ഗ്യാസും ഷെല്ലും ഉപയോഗിച്ചില്ലേ; ഞങ്ങളെ എം.എൽ.എ.മാരെ തല്ലിയില്ലേ; ഇതെല്ലാം ഇവിടെ അരങ്ങേറി. നാളെ ഈ കേന്ദ്രവിരുദ്ധസമരത്തിന് പോകുമ്പോൾ ചെയറിലിരിക്കുന്ന ബഹുമാനപ്പെട്ട കെ. മുരളീധരൻ, താങ്കൾക്ക് അടി കിട്ടില്ല എന്നാണോ വിചാരിക്കുന്നത്. ഒന്നാന്തരം പരിശീലനം നേടിയ ആളാണ് പ്രധാനമന്ത്രി. അറിയാമോ; അതുകൊണ്ട് നിങ്ങൾ ഞങ്ങളെ അടിച്ച ഓരോ അടിയും നിങ്ങൾക്ക് തിരിച്ചുകിട്ടിയേ പറ്റൂ. ജനങ്ങൾക്കുവേണ്ടി അടികൊള്ളാൻ തയ്യാറാകണം. ഞങ്ങളെ ജലപീരങ്കിവച്ച് കൈകാര്യം ചെയ്തപ്പോൾ നിങ്ങൾ ചിരിച്ചു, ഗ്രനേഡ് എറിഞ്ഞപ്പോൾ ചിരിച്ചു, ജനനേന്ദ്രിയത്തെ തകർത്തപ്പോൾ ചിരിച്ചു. നിങ്ങളുടെ പോലീസ് എന്തൊക്കെയാണ് ഇവിടെ ചെയ്തത്; അതെല്ലാം ഞങ്ങൾക്ക് നേരിടേണ്ടി വന്നു. അപ്പുറത്തും ഇപ്പുറത്തുമാണെങ്കിലും ന്യായമായ കാര്യങ്ങളാണ് ഞങ്ങൾ ഉന്നയിച്ചത്. നിങ്ങൾക്ക് അതിനൊന്നും ഇനി മറുപടിയില്ല. കാരണം കേരളത്തിൽ........... ബഹുമാനപ്പെട്ട മാണി സാർ, മണ്ഡലങ്ങളിൽ എ.എസ്. കൊടുക്കുന്നില്ല. റോഡ് പണി നടക്കുന്നില്ല, കോൺട്രാക്ടർമാർ വർക്ക് എടുക്കുന്നില്ല. കാരണം ഞാൻ അന്വേഷിച്ചു. 2,600 കോടിരൂപ അവർക്ക് കൊടുക്കാനുണ്ട്.

എങ്ങനെ എം.എൽ.എ.മാരുടെ മണ്ഡലങ്ങൾ വികസനം നടക്കും. എന്തു പ്രവർത്തനം ചെയ്യാനാണ്; നിങ്ങൾക്കാർക്കും ബാധകമല്ലേ; അപ്പുറത്തിരിക്കു ന്നതുകൊണ്ടാണ് നിങ്ങൾ മിണ്ടാപ്രാണികളായി ഇരിക്കുന്നത് എന്നറിയാം. നിങ്ങൾക്ക് മിണ്ടാനൊക്കില്ല. സാമ്പത്തിക പ്രതിസന്ധി ഇല്ല എന്ന് മാണി സാർ എത്ര പറഞ്ഞാലും അത് ശരിയല്ല. സാമ്പത്തിക പ്രതിസന്ധി കേന്ദ്രം അംഗീകരിച്ചിട്ടുണ്ട്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം... ഏഴ് മിനിട്ടിൽ കൂടുതലെ ടുത്തു.

ശ്രീ. സി. ദിവാകരൻ: സർ, തീർന്നു. അമേരിക്ക അംഗീകരിച്ചിരിക്കുന്നു. വട്ടിയൂർക്കാവ് സംസാരിച്ചാൽ കൂടുതൽ എടുക്കാം. അവർ ഭരണകക്ഷിയല്ലേ;

മി. ചെയർമാൻ: നേരത്തേ രണ്ടുപ്രാസംഗികരും ഏഴ് മിനിട്ട് കൂടുത ലെടുത്തു. അതുകൊണ്ടാണ് അങ്ങേയ്ക്കും അനുവദിച്ചത്.

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട മാണി സാർ 18 കോടിരൂപ ജില്ലയിൽ കൊടുത്തിരിക്കുന്നു എന്നുപറഞ്ഞു. പത്തുപൈസ കൊടുത്തിട്ടില്ല എന്ന് മാണിസാറിനറിയാം. കാരണം മാണി സാർ അറിയാതെ ഒരു പൈസ ഒരിടത്തും എത്തില്ല. ഇത് മന്ത്രിമാർ പ്രസ്താവിക്കുകയേയുള്ളൂ. മന്ത്രിമാർ പ്രസ്താവിച്ചാൽ പണം കിട്ടില്ല. ഇന്നലെ സി.എം. ഉള്ളപ്പോൾ തന്നെ കൊല്ലം കളക്ടറോട് ചോദിച്ചു, ഫണ്ട് വന്നില്ല. വരുമെന്നാണ് പറയുന്നത്. ഇവിടെ സാർവ്വത്രികമായി..........ആശുപത്രിയെക്കുറിച്ച് പറയാൻ ആരോഗ്യ വകുപ്പുമ ന്ത്രിയില്ല. ആശുപത്രിയിൽ മരുന്നുണ്ടെന്നാണ് വിചാരിക്കുന്നത്. ആശുപത്രിക ളിൽ മരുന്നില്ല. പതിനായിരക്കണക്കിന് പനിപിടിച്ചവരാണ്. എലിപ്പനി, ഡെങ്കി പ്പനി സാർവ്വത്രികമായ പനിയാണ്. ലാബ് വർക്ക് ചെയ്യുന്നില്ല. ബ്ലഡ് ടെസ്റ്റ്

ചെയ്യാൻ കഴിയുന്നില്ല. ശവശരീരം സൂക്ഷിക്കാൻ സ്ഥലമില്ല. സി.ആന്റ് എ.ജി. റിപ്പോർട്ടിലുണ്ട്.

കേരളത്തിലെ ആശുപത്രികളിൽ ശവശരീരം സൂക്ഷിക്കാൻ സ്ഥലമില്ല. 6 ഡെഡ് ബോഡി ഇടേണ്ടിടത്ത് 12 ഡെഡ് ബോഡി ഇട്ടിട്ടുണ്ട്. ഇവിടെ എഴുതി വെച്ചിട്ടുണ്ട്, ഞാൻ പറയുന്നതല്ല. അവയവങ്ങൾ മുറിച്ചുമാറ്റിയത് ചാക്കിൽക്കെട്ടി ആശുപത്രിയിൽ വെച്ചിരിക്കുകയാണ്. ഡിസ്പോസ് ചെയ്യാൻ സ്ഥലമില്ല. ഇതാണ് പൊതുജനാരോഗ്യം. ഇവിടെ കേരളം പനി പിടിച്ച് വിറയ്ക്കുകയാണ്. പട്ടിണിയിലും വിലക്കയറ്റത്തിലാണ് കേരളം, ദു:സ്സഹ മാണ് ജീവിതം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ വ്യക്തി പരമായി അപേക്ഷിക്കുകയാണ് ഉദാരമായ സാമ്പത്തിക സമീപനം നിങ്ങൾ സ്വീകരിക്കണം. ഈ മണ്ഡലങ്ങളെല്ലാം അനാഥമാണ്, ഒരു വർക്കും നടക്കു ന്നില്ല. ഇനിയിപ്പോൾ മഴക്കാലമായി, കോൺട്രാക്ടർമാർ പറയും മഴ കഴി ഞ്ഞ് ബാക്കി ചെയ്യാമെന്ന്. ചീഫ് വിപ്പ് മന്ത്രിസഭയൊക്കെ മാറ്റുന്നതു കൊള്ളാം, മാണി സാറിനെ മുഖ്യമന്ത്രിയാക്കുന്നത് വേണമെങ്കിൽ ഞങ്ങളും സ്വാഗതം ചെയ്യാം. പക്ഷെ, നിങ്ങൾ മണ്ഡലങ്ങളുടെ കാര്യത്തിൽ മാണി സാറിന്റെ ചെവി കടിക്കുമ്പോൾ കാശുകൂടി വിതരണം ചെയ്യാൻ പറയണം. വ്യവസായ വകുപ്പ് മന്ത്രിയെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. കാരണം വ്യവസായ വകുപ്പിൽ ഒരു ശാന്തതയുണ്ട്. അത് ഞങ്ങളുടെ ട്രേഡ് യൂണി യൻകാർ സൃഷ്ടിച്ചതാണ്. കഴിഞ്ഞ മൂന്ന് കൊല്ലമായി തൊഴിലാളികൾ ശാന്തമാണ്. പക്ഷെ അവരെ ഉണർത്തരുത്. പരമ്പരാഗത വ്യവസായ മേഖലയിൽ കുറെക്കൂടി ശക്തമായി ഇടപെടണം. ആറ് മാസമായി തൊഴിലാ

ളികളുടെ ക്ഷേമ പദ്ധതിയിലെ പത്ത് പൈസ കിട്ടുന്നില്ല. എനിക്ക് മറുപടി തന്നിട്ടുണ്ട്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം 10 മിനിട്ടായി.

ശ്രീ. സി. ദിവാകരൻ: സർ, ക്ഷേമ പെൻഷനുകൾ അടിയന്തരമായി വിതരണം ചെയ്ത് പാവപ്പെട്ട തൊഴിലാളികൾക്കായി നിങ്ങൾ ആരംഭിച്ച 8 വ്യവസായങ്ങൾ ഉൾപ്പടെ ആരംഭിക്കണം. വ്യവസായ മേഖലകൂടി ഇന്നത്തെ പരിതസ്ഥിതിയിൽ ഉണർത്തണം. യുദ്ധകാലാടിസ്ഥാനത്തിൽ കേരളത്തെ സഹായിക്കണം. ഈ ധനാഭ്യർത്ഥന ശക്തമായി ഞാൻ എതിർക്കുകയാണ്.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. സി.പി.ഐ.(എം.)-ന്റെ കേന്ദ്ര കമ്മറ്റി അംഗം ശ്രീ. ഇ. പി. ജയരാജൻ പ്രസംഗിച്ചപ്പോൾ ഞാൻ വിചാരിച്ചു ഇത് ഇൻഡ്യൻ പാർലമെന്റിൽ ആണോ സംസ്ഥാന നിയമസഭയിൽ ആണോയെന്ന്. സി.പി.ഐ.(എം.)-ന്റെ സുഹൃത്തുക്കളോട് ഞാനൊന്ന് ചോദിക്കട്ടെ, എന്ത് പറ്റി നിങ്ങളുടെ പാർട്ടിക്ക്; 2009 മുതൽ 2014 വരെ ഏതെങ്കിലും ഒരു തെരഞ്ഞെടുപ്പിൽ നിങ്ങൾ ജിയിച്ചിട്ടുണ്ടോ; നിങ്ങളുടെ പാർട്ടി എന്തെങ്കിലും ഒരു കാര്യം വിലയിരുത്തിയിട്ടുണ്ടോ; നിങ്ങൾ കോൺഗ്രസിനെ പറയുന്നുണ്ടല്ലോ; കോൺഗ്രസ് എല്ലാം വിലയിരുത്തുന്നുണ്ടല്ലോ; നിങ്ങൾ എന്താണ് വിലയിരുത്തിയത്; നിങ്ങൾ എതെങ്കിലും ഒരു തെരഞ്ഞെടുപ്പ്, 2009-ലെ പാർലമെന്റ് തെരഞ്ഞെടുപ്പ്, 2010-ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പ്, 2011-ലെ അസംബ്ലി തെരഞ്ഞെടുപ്പ്, 2014-ലെ പാർലമെന്റ് തെരഞ്ഞെടുപ്പ്, 4 ബൈ-ഇലക്ഷനുകൾ ഇതിൽ എവിടെയാണ് നിങ്ങൾ വിജയിച്ചത്? ബഹുമാന്യനായ ജി. സുധാകരൻ അവർകൾ കഴിഞ്ഞ പ്രാവശ്യം പറഞ്ഞു, രാഷ്ട്രീയ പാർട്ടികൾ മത

സംഘടനകളുടെ നിയന്ത്രണത്തിൽ ആകരുതെന്ന്. ആരാണീ തെരഞ്ഞെടുപ്പിൽ മതസംഘടനകളുടെ നിയന്ത്രണത്തിലേക്ക് പോയത്? ഇടുക്കിയിൽ ഒരു ഹൈറേഞ്ച് സംരക്ഷണ സമിതി വന്നു. മതമേലദ്ധ്യക്ഷന്മാർ ഒരു സ്ഥാനാർത്ഥിയെ നിശ്ചയിച്ചപ്പോൾ നാണവും മാനവും ഉളുപ്പുമില്ലാതെ ആ സ്ഥാനാർത്ഥിയെ പിന്താങ്ങിയതാരാണ്; സി.പി.ഐ.(എം.) അല്ലേ; നിങ്ങൾ പറയൂ, എവിടെപ്പോയി നിങ്ങളുടെ പാർട്ടി; രണ്ട് വോട്ട് കിട്ടാൻ, അല്ലെങ്കിൽ ആരെങ്കിലും ജയിക്കാൻ, എവിടെയെങ്കിലും ഒരു പണക്കാരൻ ഉണ്ടെങ്കിൽ പിന്നാലെ പോകുന്ന അനുഭവമല്ലെ നിങ്ങളുടെ പാർട്ടിക്കുള്ളത്? കഴിഞ്ഞ തവണ ഏറനാട് മണ്ഡലം ഒരു സ്വതന്ത്രന് കൊടുത്ത് സി.പി.ഐ.(എം.)-ന്റെ കെട്ടിവെച്ച പൈസ നഷ്ടമായില്ലേ; സി.പി.ഐ.യ്ക്ക് ഞാൻ വേറെ തരാം. ശ്രീ. സി. ദിവാകരനൊക്കെ അവിടെ നിൽക്കുമോയെന്ന് ശ്രീ. വി. എസ്. സുനിൽ കുമാറാണ് പറയേണ്ടത്. തിലോത്തമൻ കമ്മിറ്റി റിപ്പോർട്ട് വരുമ്പോൾ അറിയാം എന്നാണ് പുറത്താക്കുകയെന്ന്. അപ്പോൾ അറിയാം ശ്രീ. ബെന്നറ്റ് എബ്രഹാമിനെ ആരാണ് സ്ഥാനാർത്ഥിയാക്കിയതെന്നൊക്കെ. ശ്രീ. പിണറായി വിജയൻ പറയും ഈ പാർട്ടിയെപ്പറ്റി നിങ്ങൾ എന്താണ് മനസ്സിലാക്കിയതെന്ന്. എന്താണ് ഈ പാർട്ടി? ഞാൻ ആലോചിക്കുകയാണ്, ഞങ്ങളുടെ പാർട്ടി രണ്ട് മണിക്കൂർ മീറ്റിംഗ് കൂടിയാൽ അതിനെ വിമർശിക്കും. കോൺഗ്രസ് ഒരു വർക്കിംഗ് കമ്മിറ്റി കൂടിയാൽ അതിനെ വിമർശിക്കും. 72 മണിക്കൂറാണ് നിങ്ങളുടെ പാർട്ടി കമ്മിറ്റി കൂടുന്നത്. പോളിറ്റ് ബ്യൂറോ കൂടിയിട്ട്, 12 ആൾക്കാരുടെ സെക്രട്ടേറിയറ്റ് ഒരു ദിവസം ഫുള്ളായി കൂടും, അത് കഴിഞ്ഞ് സംസ്ഥാന സമിതി 3 ദിവസം കൂടി അവസാനം എറണാകുളത്തെ ഒരു ഒളിക്ക്യാമറാ കാര്യം ചർച്ച ചെയ്യും. ഇതല്ലാതെ പാർട്ടി എന്തെങ്കിലും ഒരു നയം പറയണ്ടേ; ഞങ്ങളാരെങ്കിലും ആണോ നിങ്ങളുടെ സമരത്തെ അടി

ച്ചമർത്തിയത്? ജനങ്ങളുടെ കയ്യിൽനിന്നും നിങ്ങൾ അകന്നുപോയി. സർവ്വീസ് സംഘടനകളെ ജാഥയുടെ നീളം കൂട്ടാനായി ഉപയോഗിച്ചു. അവരും നിങ്ങളിൽനിന്നും അകന്നുപോയി. പൊന്നാനി സ്ഥാനാർത്ഥി, നിങ്ങളുടെ പാർട്ടിയിൽ ജനപ്രിയ നേതാക്കന്മാർ ആരുമില്ലേ; പാർലമെന്ററി സീറ്റിലേക്ക് മത്സരിക്കാൻ പറ്റിയ ആരുമില്ലേ? ശ്രീ. ഫിലിപ്പോസ് തോമസിനെ പത്തനംതിട്ടയിൽ, ശ്രീ. അബ്ദുറഹിമാനെ പൊന്നാനിയിൽ, എറണാകുളത്ത് ശ്രീ. ക്രിസ്റ്റി ഫെർണാണ്ടസ്, പിന്നെയൊരു ബെന്നറ്റ് എബ്രഹാം. ഇങ്ങനെ ഓരോന്നിനെക്കൊണ്ടുപോയി നിർത്തി നിങ്ങളുടെ പാർട്ടി എവിടെപ്പോയി? നിങ്ങൾ ചർച്ച ചെയ്യണം. നിങ്ങളുടെ പാർട്ടി തിരിച്ചുവരണം. ബഹുമാനപ്പെട്ട ഞങ്ങളുടെ നേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് അടക്കം വടക്കുള്ള ആളുകൾ 2006–ലെ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടു. ഞങ്ങൾക്ക് ആകെ രണ്ട് പാർലമെന്റ് സീറ്റേയുള്ളു. അതിൽ മലപ്പുറത്ത് ഞങ്ങൾ തോറ്റു. അത് കഴിഞ്ഞുള്ള അസംബ്ലിയിലും ഞങ്ങൾ തോറ്റു. ബഹുമാന്യനായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് പാർട്ടി ജനറൽ സെക്രട്ടറി സ്ഥാനം രാജി വെച്ചു. അതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തു. ശ്രീമതി ഇ. എസ്. ബിജിമോൾ, നിങ്ങൾക്കൊന്നും കഥയില്ല, ഒന്നുമറിയില്ല. പിന്നീട് ഞങ്ങളുടെ പാർട്ടി തെറ്റുകളൊക്കെ തിരുത്തി, ബഹുമാന്യനായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് ജനറൽ സെക്രട്ടറിയായി വന്നു, പാർട്ടി തിരിച്ചുവന്നു, പാർലമെന്റ് ഇലക്ഷൻ കഴിഞ്ഞു, 20 അസംബ്ലി സീറ്റും നേടി. ഇനി അതിന്റെ രാഷ്ട്രീയ തന്ത്രം അറിയണമെങ്കിൽ ഞങ്ങളുടെ കുഞ്ഞാലിക്കുട്ടി സാഹിബിനോട് പോയി ചോദിച്ചുനോക്കു. അല്ലാതെ നിങ്ങൾ ചർച്ച ചെയ്തിട്ട് ഇതൊന്നും വരില്ല. നിങ്ങൾ വരില്ല, നിങ്ങൾക്കൊരു കഥയുമില്ല. നിങ്ങൾ പാർട്ടിക്കാരോട് ആകെ പറയുന്നത് അങ്ങ് ബംഗാളിലേക്ക് നോക്കൂ, എവിടേ

ക്കാണ് നോക്കുന്നത് അങ്ങ് ത്രിപുരയിലെ കാട്ടിലേക്ക് നോക്കിക്കോളൂ. ഒന്ന് ആലോചിച്ചു നോക്കൂ, ബംഗാളിൽ 42 സീറ്റുള്ളതിൽ 16 സീറ്റിൽ നിങ്ങൾ മൂന്നാം സ്ഥാനത്താണ്. എന്താണ് ബി.ജെ.പി.യെ പറയാൻ കാരണം? കോൺഗ്രസ് കഴിഞ്ഞാൽ ഒരു എതിർ പാർട്ടി വേണം. നിങ്ങളെ അതിന് പറ്റില്ല. അതുകൊണ്ട് ബംഗാളികൾ കണക്കാക്കിക്കൊണ്ട് ബി.ജെ.പി.ക്ക് വോട്ടു ചെയ്തു. പണ്ട് നിങ്ങളൊക്കെ പറയും, കോൺഗ്രസ്സിന്റെ വോട്ടേ ചോരൂവെന്ന്. കോൺഗ്രസ്സുകാർ എല്ലാം കറകളഞ്ഞ കോൺഗ്രസ്സുകാരാണ്. അതിന്റകത്ത് ബി.ജെ.പി.യില്ല. നേരെമറിച്ച് ബി.ജി.പി.യിലേക്ക് പോകുന്നത് നിങ്ങളാണ്. നിങ്ങൾക്കൊരു തകരാർ പറ്റിയില്ലെ, ആ ബി.ജെ.പി.യിലെ ആർ. എസ്.എസ്.ൽ നിന്ന് പോന്നവരെ നിങ്ങളങ്ങെടുത്തില്ലെ; എന്നിട്ടിപ്പോൾ എന്തായി? കാൻഡിഡേറ്റ് എന്നുള്ള വാക്കുകളൊക്കെ ഒഴിവാക്കുക. എടു ക്കുവാണേൽ മര്യാദയ്ക്ക് എടുക്കുക. അല്ലാതെ ഇതിങ്ങനെ കൊണ്ടുനട ക്കേണ്ട ഒരാവശ്യവും ഇല്ല. അത് നിങ്ങൾ ആദ്യം മനസ്സിലാക്കണം. കമ്മിറ്റി കൂടുമ്പോൾ ക്രിയാത്മകമായ ചർച്ചകൾ വേണം. ഒരാൾ പറയുന്നത് മാത്രം അനുസരിക്കുന്ന ഒരു കൂട്ടരല്ലെന്ന് പെരിന്തൽമണ്ണയിൽ നിന്നാണ് ബഹുമാന്യ നായ ശ്രീ. തോമസ് ഐസക് പറഞ്ഞത്. പാർട്ടിയുടെ പേര് ഒന്നാലോചിച്ചു നോക്കണം. പോളിറ്റ് ബ്യൂറോ മെമ്പർ ശ്രീ. എം. എ. ബേബി സാറിനെ കൊല്ലത്ത് കൊണ്ടുപോയി സ്ഥാനാർത്ഥിയാക്കി നിർത്തി. നമ്മുടെ സുഹൃ ത്തുക്കളായ ഇ. പി. ജയരാജനും, എളമരം കരീമും, എ. കെ. ബാലനും ഒക്കെ ചേർന്ന് കുളിപ്പിച്ച് കിടത്തിക്കൊടുത്തു. ആരെങ്കിലും തെരഞ്ഞെടുപ്പ് സമ യത്ത് പരമനാറിയെന്ന് ഒരുത്തനെപ്പറ്റി പറയുമോ? കൽപ്പിച്ചുകൂട്ടി പറയുക യാണ്. കാരണം എന്താണെന്നറിയാമോ? ഇവിടെ ടേം കഴിയുകയാണ്. ടേം കഴിഞ്ഞാൽ അടുത്ത സെക്രട്ടറി ശ്രീ. എം. എ. ബേബി ആകണ്ട. അങ്ങോട്ട്

പോയിട്ട് അവിടെയും ആകണ്ട. ശ്രീ. എം. എ. ബേബി സാർ ഇപ്പോൾ എന്താണ് ചെയ്യുന്നത്. ചെറിയ കുട്ടികളെപ്പോലെയാണ്. സ്കൂളിൽ പോകാൻ കുട്ടികൾ മടികാണിക്കും. ഞാൻ വരൂല്ല, ഞാൻ വരൂല്ലാ അസംബ്ലിയിലേ യ്ക്കെന്ന്. ഒന്നെങ്കിൽ രാജിവെയ്ക്കുക. ഞാൻ ചോദിക്കട്ടെ, ബഹുമാന്യ നായ ശ്രീ. ഉമ്മൻ ചാണ്ടിക്ക് ഈ ഐക്യ ജനാധിപത്യ ഗവൺമെന്റിന് 9 സീറ്റും, നിങ്ങൾക്ക് ഒരു 11 സീറ്റും ആണെങ്കിൽ, രാജി വെയ്ക്കൂ, രാജി വെയ്ക്കൂ എന്ന് നിങ്ങൾ കയറി പറയില്ലെ; എന്താണ് രാജിവെയ്ക്കാൻ പറയാത്തത്; എന്താണിപ്പോൾ മിണ്ടാത്തത്; സി.പി.ഐ.(എം.) എപ്പോൾ കൂടി യാലും അങ്ങനെയല്ലെ? നിങ്ങളുടെ സെക്രട്ടേറിയറ്റിനൊന്നും ഒരു വിലയു മില്ല. നിങ്ങൾ ആലോചിച്ചു നോക്കണം. ഞാൻ 2009–ൽ ഒരു പ്രസംഗം ചെയ്തു. അതിന് സെക്രട്ടേറിയറ്റ്കൂടി ആഹ്വാനം ചെയ്തു. അന്നാണ് ഞാൻ വലുതായത്. 2009–ൽ സി.പി.ഐ.(എം.)–ന്റെ സെക്രട്ടേറിയറ്റ് കൂടിയ തിന്റെ മിനിട്ട്സിൽ എന്റെ പേരുണ്ട്; നിങ്ങളുടെ പാർട്ടി ഏതെങ്കിലും കാര്യം ചർച്ച ചെയ്യുന്നുണ്ടോ; നിങ്ങളുടെ അവൈലബിൾ പാർട്ടി കമ്മറ്റി ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇല്ലാത്ത നേരം നോക്കി ബാലനോ ഇ.പി.യോ ഒക്കെ കൂടിയിട്ട് ഒരു തീരുമാനമെടുക്കും. ഇതാണോ നിങ്ങളുടെ പാർട്ടി; നിങ്ങൾ നന്നാവണം, നിങ്ങൾ നന്നാകാൻ വേണ്ടി പറയുകയാണ്. അല്ലെങ്കിൽ ശ്രീ. ജി. സുധാകരന്റെ അഭിപ്രായങ്ങളൊക്കെ നിങ്ങളെടുക്കണം, അദ്ദേഹത്തിന് കുറച്ചുകൂടി വിവരം ഉണ്ടല്ലോ; അദ്ദേഹം യഥാർത്ഥ കമ്മ്യൂണിസ്റ്റാണ്. ശ്രീ. റ്റി. വി. രാജേഷിനോട് എനിക്കൊരു കാര്യം പറയാനുണ്ട്, പണ്ട് നിങ്ങൾ ഡി. വൈ.എഫ്.ഐ.ക്കാർക്ക് ഒരു നിലയും വിലയുമൊക്കെ ഉണ്ടായിരുന്നു. ഇപ്പോൾ നിങ്ങളുടെ സ്ഥിതി എന്താണ്; കാലം മാറിയിരിക്കുന്നു. 700 രൂപയും 800 രൂപയും ആൾക്കാർക്ക് ദിവസക്കൂലി കിട്ടുമെന്നതാണ് ഇപ്പോഴത്തെ ചെറു

പ്പക്കാരുടെ ആശയം. നിങ്ങൾ 24 മണിക്കൂറും സമരം 10 ദിവസം ചെയ്താൽ ആരെക്കിട്ടും. കക്കൂസിൽ പോകാൻ മുട്ടിയപ്പോൾ സമരം പിൻവലിച്ച കൂട്ട രാണ്. നിങ്ങളുടെ സമരത്തിന്റെ വലിപ്പമൊന്നും എന്നെക്കൊണ്ട് പറയി ക്കണ്ട. അത് നിങ്ങൾ ആദ്യം മനസ്സിലാക്കണം. ഞങ്ങൾ സമരം അടിച്ച മർത്തിയെന്ന് ബഹുമാന്യനായ ശ്രീ. സി. ദിവാകരൻ പറഞ്ഞു. ഞങ്ങൾ ക്രമ സമാധാനത്തിനുവേണ്ടി കുറച്ച് സുരക്ഷാ സേനകളെ കൊണ്ടുവന്നു. അതുകണ്ട് നിങ്ങൾ പേടിച്ചുപോയി. ശ്രീ. വി. എസ്. സുനിൽ കുമാറൊക്കെ എ.ഐ.വൈ.എഫ്.ന്റെ നേതാക്കന്മാരായിരിക്കുന്ന കാലത്തല്ലേ സ്വാശ്രയ സമരം ചെയ്തത്. എന്തിനാണ് നിങ്ങൾ ശ്രീ. ബെന്നറ്റ് എബ്രഹാമിനെ സ്ഥാനാർത്ഥിയാക്കിയത്? ശ്രീ. ബെന്നറ്റ് എബ്രഹാമിനെ സ്ഥാനാർത്ഥിയാക്കി യതിലൂടെ നിങ്ങളുടെ എല്ലാ കാര്യവും പോയില്ലേ; അത് നാടാർ വോട്ട് കിട്ടു മെന്ന് വിചാരിച്ചാണ്. ആ നാടാർ ബെഡിലല്ലേ ഞങ്ങൾക്ക് ഭൂരിപക്ഷംകൂടി വന്നത്. സ്ഥാനാർത്ഥി നിർണ്ണയത്തിന്റെ ആൾക്കാർ ആരൊക്കെയാണെന്ന് നിങ്ങൾ ചർച്ച ചെയ്തോ; ജില്ലാ കമ്മറ്റിയോ സംസ്ഥാന കമ്മറ്റിയോ നിർദ്ദേ ശിച്ച സ്ഥാനാർത്ഥിയല്ലല്ലോ നിങ്ങൾക്ക് വന്നത്. ഇപ്പോൾ പറയുന്ന സോളാർ, സരിതയുടെ അടിപ്പാവടയുടെ അളവ് വരെ പറഞ്ഞ് വോട്ട് ചോദിച്ചതിനാണ് ജനങ്ങൾ തിരിച്ചടിച്ചത്. അതെന്താണ് നിങ്ങൾ മനസ്സിലാക്കാത്തത്. അതു കൊണ്ട് ക്രെഡിബിലിറ്റിയിലാക്കണം. ഏതെങ്കിലും പെണ്ണ് ആരെയെ ങ്കിലുംപറ്റി മോശമായി പറയുമ്പോൾ നിങ്ങൾ അതെന്തിനാണ് ഏറ്റെടുക്കുന്ന ത്. സോളാർ സമരമൊക്കെ വന്നു, ഗവൺമെന്റ് ഒരു കമ്മീഷനെ വെച്ചു. തൃശ്ശൂരിൽനിന്ന് എറണാകുളത്തേയ്ക്ക് പോകാൻവന്ന ശ്രീ. വി. എസ്. സുനിൽകുമാറിനോ അല്ലെങ്കിൽ ബഹുമാന്യനായ സി. ദിവാകരനോ ആ കമ്മീഷനുമുമ്പാകെ തെളിവ് കൊടുക്കാഞ്ഞത് എന്തുകൊണ്ടാണ്; ഒരു

ആക്ഷേപം എന്താണ് കൊടുക്കാഞ്ഞത്? നിങ്ങൾ ഇവിടെ വന്ന് മുഖത്തു നോക്കി ബഹളം വെയ്ക്കുമെന്നല്ലാതെ ഇതൊക്കെ ജനം കാണുന്നുണ്ടെന്നു കൂടി മനസ്സിലാക്കണം. നിങ്ങളുടെ പാർട്ടി നന്നാവണം.

തെരഞ്ഞെടുപ്പ് വന്നപ്പോൾ ശ്രീ. പ്രകാശ് കാരാട്ട് തമിഴ്നാട് മുഖ്യമന്ത്രി ശ്രീമതി ജയലളിതയെ കാണാൻ പത്ത് പ്രാവശ്യത്തോളം പോയി. ഒരു സീറ്റുപോലും കിട്ടിയില്ല. ഞങ്ങളെ നിങ്ങൾ പറയണ്ട, ഞങ്ങൾ രണ്ട് സീറ്റിലും ജയിച്ചു, നിങ്ങളോ? സി. പി. ഐ, നിങ്ങളേക്കാൾ മുകളിലാണ്. നിങ്ങൾ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യയാണ്. പക്ഷേ കമ്മ്യൂണിസ്റ്റ് പാർട്ടി 'ഓഫ് ഇൻഡ്യയിൽ' ഓഫായി നിൽക്കുകയാണ്. നിങ്ങളത് ആദ്യം മനസ്സിലാക്കണം. ഞങ്ങൾ രണ്ട് സീറ്റിൽ ജയിച്ചു. ഞങ്ങളുടെ കൂടെയുള്ള ചില ആളുകൾ മാധ്യമങ്ങളെ കാണുമ്പോൾ എന്തെങ്കിലും കമന്റുകൾ പറയും. അവർ ജീവിച്ചിരിക്കുന്നുണ്ട് എന്ന് ജനങ്ങൾ അറിയണമല്ലോ. അതിനായി അവർ എന്തും പറയും. ബഹുമാന്യനായ ഞങ്ങളുടെ നേതാവ് ശ്രീ. ഇ. അഹമ്മദിനെക്കുറിച്ച് അദ്ദേഹത്തിന് പ്രായമായെന്ന് പറയുകയുണ്ടായി. ആ പ്രായംവച്ച് തന്നെയാണ് 1,94,000 വോട്ടിന് മലപ്പുറം ലോകസഭാ മണ്ഡലത്തിൽ അദ്ദേഹം വിജയിച്ചത്. മറ്റൊരാളെക്കുറിച്ച് പറയുമ്പോൾ അവനവന്റെ വലുപ്പത്തെക്കുറിച്ച് ആദ്യംതന്നെ മനസ്സിലാക്കണം. എല്ലാ കാര്യങ്ങളേയും സംബന്ധിച്ച് പറയാം എന്നുള്ളൊരു ധാരണ ഉണ്ടാകരുത്. നിങ്ങളിങ്ങനെ വിഷമിച്ച്, ദു:ഖിച്ച് നിൽക്കുന്ന നേരമായതുകൊണ്ട് ഞാൻ കൂടുതലായൊന്നും പറയുന്നില്ല. ആർ. എസ്.പി-യുടെ നിലയും വിലയും മനസ്സിലാക്കിയത് ഞങ്ങളുടെ കൂടെ വന്നപ്പോഴാണ്. 1999-ൽ പോയി 2005-ൽ

തിരിച്ചു വന്നപ്പോൾ കിട്ടിയില്ലേ. ബേബിജോൺ സാറിന്റെ മകൻ ശ്രീ. ഷിബു ബേബിജോൺ, വിത്തുഗുണം പത്തുഗുണമാണ്. ആർ. എസ്. പി വിട്ടുനിന്ന സമയത്ത് ശ്രീ. ഷിബു ബേബിജോൺ അവർക്ക് പിന്തുണ നൽകി. കൊല്ലത്ത് സാഹചര്യത്തിന് അനുസരിച്ചുയർന്ന കോൺഗ്രസ് പാർട്ടിയുടെ നേതാക്കൻമാരേയും അതിന്റെ പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. നിങ്ങൾ തോൽക്കേണ്ടതാണ്. ഇത് ഞങ്ങൾക്കും ചെയ്യാൻ പറ്റുമായിരുന്നില്ലേ? ഞങ്ങളുടെ കൂട്ടത്തിലുള്ള അസംതൃപ്തനെ, സമ്പത്തുള്ളവനെ നിങ്ങൾ കൊണ്ടുപോയി സ്ഥാനാർത്ഥിയാക്കുമ്പോൾ നിങ്ങളെ ഞങ്ങൾക്കും തോൽപ്പിച്ചുകൂടെ? ശ്രീമതി ഇ. എസ്. ബിജിമോളോട് ഞാൻ ചോദിക്കട്ടെ, പാവപ്പെട്ട കുടുംബത്തിൽനിന്നും വന്ന, തൊഴിലാളി വർഗ്ഗത്തിന്റെ നേതാവ് എന്ന നിലയിലൊക്കെ വന്ന നിങ്ങൾക്ക് എന്താണ് പറ്റിയത്? ഒരു കേസ് വാദിച്ചതിന് ശ്രീ. ജോയി തോമസിന് സ്ഥാനാർത്ഥിയാവാൻ പിന്തുണ കൊടുത്തു. ശ്രീ. എം. എം. മണി ജില്ലാ സെക്രട്ടറിയായി നിൽക്കുന്ന സ്ഥലത്താണിത് സംഭവിച്ചത്. ഇതെല്ലാം നിങ്ങൾ ചർച്ച ചെയ്യേണ്ട കാര്യങ്ങളാണ്. ശ്രീ. ആർ. രാജേഷിനേയും ശ്രീ. റ്റി. വി. രാജേഷിനേയും പോലുള്ളവർ ഇക്കാര്യങ്ങളെക്കുറിച്ചെല്ലാം ചർച്ച ചെയ്യണം. ഇക്കാര്യങ്ങളെക്കുറിച്ചെല്ലാം ചർച്ചചെയ്ത് കമ്മ്യൂണിസ്റ്റ് പാർട്ടി നന്നാവണം. അല്ലെങ്കിൽ കമ്മ്യൂണിസ്റ്റ് പാർട്ടി കുഴപ്പത്തിലാകും. ഞങ്ങളും നിങ്ങളും തമ്മിൽ അധികം യോജിക്കില്ല. കാരണം ശ്രീ. കെ. മുരളീധരൻ കുറെ കാര്യങ്ങളൊക്കെ ഇവിടെ പറഞ്ഞു. കോൺഗ്രസ്സിനെ എന്നാണ് നിങ്ങൾ എതിർക്കാതിരുന്നിട്ടുള്ളത്? ബംഗാളിൽ നിങ്ങളുടെ സ്ഥിതി മനസ്സിലാക്കണം. അവിടെ കോൺഗ്രസ്സിന് ഒറ്റയ്ക്ക് 4 സീറ്റ് കിട്ടി. നിങ്ങൾക്കവിടെ 2 സീറ്റ്

മാത്രം കിട്ടി മൂന്നാം സ്ഥാനത്താണുള്ളത്. ഒരു സീറ്റിൽ 1242, ഒരു സീറ്റിൽ 3188 എന്നിങ്ങനെയാണ് നിങ്ങൾക്കവിടെ കിട്ടിയ ഭൂരിപക്ഷം. വോട്ടിന്റെ എണ്ണം നിങ്ങൾ മനസ്സിലാക്കണം. തമിഴ്നാട്ടിൽ ഞങ്ങളുടെ പാർട്ടിക്ക് കിട്ടിയ അത്രവോട്ട് നിങ്ങളുടെ പാർട്ടിക്ക് കിട്ടിയിട്ടില്ല. നിങ്ങൾ എവിടെയാണ് എത്തിയതെന്ന് മനസ്സിലാക്കണം. ഞാൻ കൂടുതൽ രാഷ്ട്രീയ കാര്യങ്ങളൊന്നും പറയുന്നില്ല. കമ്മ്യൂണിസ്റ്റ് പാർട്ടിയൊന്ന് നന്നാവണം. കമ്മ്യൂണിസ്റ്റ് പാർട്ടിയെ സംബന്ധിച്ച് ഞാൻ കുറച്ചു കാര്യങ്ങൾ വായിച്ചു പഠിച്ചിരുന്നു. പക്ഷേ അതൊന്നുമൊരു കാര്യമല്ല എന്ന് ഇപ്പോൾ മനസ്സിലായി. പൈസയുണ്ടെങ്കിൽ അവിടേക്ക് പോകാമെന്നുള്ളത് നിങ്ങളുടെ ആളുകൾക്കും മനസ്സിലായി. എന്ത് എഥിക്സും, ചിന്തയുമാണ് ഉള്ളത്. നിങ്ങൾ തന്നെയാണ് കാലത്തിനനുസരിച്ച് മാറണമെന്ന് പറയുന്നത്. കോൺഗ്രസ് ഒരു ജനാധിപത്യ പാർട്ടിയാണ്. ശ്രീ. ജോസഫ് വാഴക്കനും, ശ്രീ. റ്റി. എൻ. പ്രതാപനും, ശ്രീ. വി. റ്റി. ബൽറാമും, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും എല്ലാം അങ്ങോട്ടുമിങ്ങോട്ടും പറയുമെങ്കിലും ഒരു കാര്യത്തോടടുക്കുമ്പോൾ അവർ ഒന്നാണ്. നിങ്ങൾ കീരിയും പാമ്പും പോലെ മുഖം വീർപ്പിച്ചു നടക്കും. തമ്മിൽ മിണ്ടുകയും ചിരിക്കുകയും ചെയ്യില്ല. ശ്രീ. എം. എ. ബേബിസാറെന്താണ് ഇങ്ങോട്ട് വരാത്തത് എന്നതിനെ സംബന്ധിച്ച് നിങ്ങൾ ആലോചിക്കണം. കരയുന്ന കുഞ്ഞുങ്ങളെ നിർബന്ധിപ്പിച്ച് സ്കൂളിൽ കൊണ്ടുപോയിരുത്തി, കുറച്ചു കഴിഞ്ഞ് കുട്ടി ഇറങ്ങിപ്പോകുന്നതുപോലെ അദ്ദേഹം വന്നുപോയി. നിങ്ങളുടെ പാർട്ടി നന്നാകണമെങ്കിൽ ആദ്യം നിങ്ങളുടെ മനസ്സ് നന്നാകണം. ശ്രീ. എം. എ. ബേബി രാജി വയ്ക്കണമോ വേണ്ടയോ എന്നുള്ള കാര്യത്തെ സംബന്ധിച്ചാ

യിരിക്കും ഇനി പാർട്ടി ചർച്ച ചെയ്യാൻ പോകുന്നത്. നിങ്ങളുടെ പാർട്ടിക്ക് ധാർമ്മികമായിട്ടുള്ള മര്യാദയുണ്ടോ. അദ്ദേഹം രാജി വച്ചോട്ടെ. എന്നിട്ടവിടെ ആർ. എസ്. പി. വരട്ടെ. നമുക്ക് ഒരെണ്ണം കൂടുതൽ കിട്ടും. 72-ൽ നിന്നും തുടങ്ങി പിന്നീടത് 73, 75, 76 എന്നിങ്ങനെയായി. ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ, അങ്ങ് ധൈര്യമായിട്ട് ഭരിച്ചോളു. മറ്റുള്ളവർ എന്താണ് പറയുന്നതെന്നുള്ളത് അങ്ങ് നോക്കണ്ട. എനിക്ക് ഈ ഗവൺമെന്റിനോട് പറയാനുള്ളത്, മിഷൻ 676-ന്റെ ഭാഗമായി ഒരുപാട് നേട്ടങ്ങൾ ഈ ഗവൺമെന്റിൽ നിന്നും ഉണ്ടാകും. ഞാൻ ചോദിക്കട്ടെ, ജനസമ്പർക്ക പരിപാടി, ഈ ഗവൺമെന്റിന്റെ മുഖങ്ങൾ, നേട്ടങ്ങൾ. വിമർശിക്കുമ്പോൾ ഗവൺമെന്റിനെക്കുറിച്ച് നിങ്ങൾ വിമർശിച്ചിട്ടുണ്ടോ? ശ്രീ. നരേന്ദ്ര മോദി അധികാരത്തിലേറിയിട്ടല്ലേയുള്ളൂ. അവിടെ എന്തൊക്കെ സംഭവിക്കുമെന്ന് കുറച്ചുകഴിഞ്ഞിട്ട് ആലോചിക്കാം. നിങ്ങൾ ഇവിടെയുള്ള കാര്യങ്ങളെക്കുറിച്ച് പറയൂ. പൊതുഭരണം, സംസ്ഥാന ഭരണത്തലവൻമാരുടെ കാര്യങ്ങൾ എന്നിവയെ സംബന്ധിച്ച് കഴിഞ്ഞ 3 വർഷമായിട്ട് ഈ സഭയിൽവച്ച് നിങ്ങൾ വിമർശിച്ചിരുന്നില്ലല്ലോ. ജനങ്ങൾക്ക് ഉപകാരപ്രദമായ കാര്യങ്ങൾ, 9 നവരത്ന പരിപാടികൾ. പ്രിയങ്കരനായ മുഖ്യമന്ത്രിയോട് എനിക്ക് ഒന്നുരണ്ട് കാര്യങ്ങൾ പറയാനുണ്ട്. നമ്മുടെ നാട്ടിൽ ടാങ്കർ ദുരന്തം, 60 നിലയോളം വരുന്ന കെട്ടിടങ്ങളിലൊക്കെ ഉണ്ടാകുന്ന തീ പിടുത്തം എന്നിങ്ങനെയുള്ള ഒട്ടേറെ ദുരന്തങ്ങൾ ഉണ്ടാകാറുണ്ട്. ഇങ്ങനെയുള്ള സന്ദർഭങ്ങളിലുള്ള ദുരന്ത നിവാരണത്തിന്..., കഴിഞ്ഞ ഗവൺമെന്റ് കരുനാഗപ്പള്ളിയിലെ ദുരന്തം കഴിഞ്ഞപ്പോഴും, ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ചാല ദുരന്തം കഴിഞ്ഞപ്പോഴും പറഞ്ഞത് ഇത്തരം സന്ദർഭങ്ങളെ നേരിടുന്നതിന് ആവശ്യമായ

ദുരന്ത നിവാരണ സേനയെ ശക്തിപ്പെടുത്തി അവയ്ക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുമെന്നായിരുന്നു. ഒരു ഗ്യാസ് ദുരന്തമുണ്ടായാൽ അതിനാവശ്യമായ വാഹനങ്ങൾ നമ്മുടെ സംസ്ഥാനത്തില്ല. ഒരു വാഹനത്തിന് 4.50 കോടി രൂപയാണ് ചിലവ്. ആധുനിക രീതിയിലുള്ള രണ്ട് വാഹനമെങ്കിലും നമ്മുടെ സംസ്ഥാനത്ത് വാങ്ങണ്ടേ; തിരുവനന്തപുരത്ത്, എറണാകുളത്ത്, കോഴിക്കോട് - ഈ മൂന്ന് സ്ഥലങ്ങളിലും ഇത് വാങ്ങേണ്ടതാണ്. ഫയർ ആന്റ് റെസ്ക്യൂവിന്റെ കാര്യവും അതുപോലെതന്നെയാണ്. 40-ഉം 60-ഉം നിലകളുള്ള ഫ്ളാറ്റുകളാണ് നമ്മുടെ സംസ്ഥാനത്ത് വന്നുകൊണ്ടിരിക്കുന്നത്. അത്തരം കെട്ടിടങ്ങൾക്ക് തീ പിടിച്ചാൽ അതിനുള്ള ഉപകരണങ്ങൾ വാങ്ങണ്ടേ; അതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് 20 കോടി രൂപ ഓരോ വർഷവും നൽകുന്നുണ്ട്. 6 വർഷമായിട്ട് നമ്മുടെ പണം ലാപ്സാണ്. ഈ 20 കോടി രൂപ ഉപയോഗിച്ചുകൊണ്ട് നമുക്ക് ആധുനിക ഉപകരണങ്ങൾ വാങ്ങിക്കാവുന്നതല്ലേ? ആ കാര്യത്തിൽ ഗവൺമെന്റിന് ഒരു ശ്രദ്ധ ഉണ്ടാകണമെന്നാണ് ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയോട് പറയാനുള്ളത്. അതുപോലെതന്നെ ശ്രീ. സി. ദിവാകരൻ സാർ പറഞ്ഞ ഒരുകാര്യത്തോട് ഞാൻ യോജിക്കുകയാണ്. ഗവൺമെന്റിന്റെ മുഖമുദ്രയെന്ന് പറഞ്ഞാൽ, വികസനവും കരുതലും എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ടാണ് കഴിഞ്ഞ 3 കൊല്ലമായി ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. 9600-ലധികം കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പിൽ നടന്നിട്ടുണ്ട്. അതിന് ഞാൻ ബഹുമാന്യനായ ശ്രീ. കെ. എം. മാണി സാറിനെ അഭിനന്ദിക്കുകയാണ്. അദ്ദേഹത്തോടും ബഹുമാന്യനായ മുഖ്യമന്ത്രിയോടും എനിക്ക് പറയാനുള്ളത്, ഒരു സംസ്ഥാന ഗവൺമെന്റിന്റെ

വികസന രഥത്തിന് നാലു ചക്രങ്ങളുണ്ട്. അതിലെ നാലാമത്തെ ചക്രമാണ് പൊതുമരാമത്ത് വകുപ്പ്. സംസ്ഥാനത്ത് വികസനകാര്യങ്ങൾ നടക്കുമ്പോൾ കരാറുകാർക്ക് അവരുടെ പണം കൊടുക്കണം. 9 മാസമായി രണ്ടായിരത്തോളം കോടി രൂപ കരാറുകാർക്ക് കൊടുക്കാനുണ്ട്. ഇതിൽ കക്ഷി രാഷ്ട്രീയമില്ല. സംസ്ഥാനത്ത് സർക്കാരിന് സാമ്പത്തിക ഞെരുക്കവും ബുദ്ധിമുട്ടുകളും ഉണ്ടാകും. എന്നാലും 9 മാസത്തിൽ 4 മാസത്തെ പണമെങ്കിലും കരാറുകാർക്ക് കൊടുത്ത് നമ്മുടെ നാട്ടിലെ വികസന പ്രവർത്തനങ്ങൾ ഒന്നുകൂടി വേഗത്തിൽ നടത്താനുള്ള നടപടി ഉണ്ടാകണം. കൊടുക്കണ്ട എന്നാവും പ്രതിപക്ഷത്തിന്റെ ആഗ്രഹം. നമുക്ക് അടുത്ത പഞ്ചായത്ത് ഇലക്ഷനെ അഭിമുഖീകരിക്കേണ്ടതാണ്. ഒരുപാട് വികസന പ്രവർത്തനങ്ങൾ നടക്കാൻ ഈ കരാറുകാർക്ക് രണ്ടായിരത്തോളം കോടി രൂപ, അതിൽത്തന്നെ പി.ഡബ്ല്യു.ഡി–ക്ക് 1514 കോടി രൂപ കൊടുക്കാനുണ്ട്. അതിന്റെ പകുതിയെങ്കിലും കൊടുത്തുകൊണ്ടുള്ളൊരു നടപടി ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മനുഷ്യാവകാശ കമ്മീഷൻ പോലെ ഒരുപാട് കമ്മീഷനുകൾ നമുക്കുണ്ട്. എന്റെ പ്രസംഗം കേൾക്കുന്ന സഭയിലെ മെമ്പർമാർ ഇക്കാര്യത്തിൽ ഒന്ന് ആലോചിക്കണം. 2.50 ലക്ഷം രൂപയാണ് മനുഷ്യാവകാശ കമ്മീഷൻ ഓഫീസിന്റെ ഒരു മാസത്തെ വാടക. എങ്ങോട്ടാണ് ഇതിന്റെ പോക്ക്? ഗവൺമെന്റ് ഓഫീസുകൾ കുറെയുണ്ടാകും. 2.50 ലക്ഷം രൂപ മാസവാടകയിൽ 30 ലക്ഷം രൂപ ഒരു വർഷം കൊടുത്ത് 5 കൊല്ലത്തിന് 1.50 കോടി രൂപ കൊടുക്കേണ്ടിടത്ത്, സർക്കാരിന്റെ ഏതെങ്കിലുമൊരു 10 സെന്റ് സ്ഥലത്ത് 50 ലക്ഷം രൂപയ്ക്ക് ഒരു ബിൽഡിംഗ് ഉണ്ടാക്കിയാൽ പോരെ? വളരെയധികം

ചെലവുകളാണ് ഓരോ കമ്മീഷനുംവേണ്ടി വരുന്നത്. 1.25,000, 1,40,000, എന്നിങ്ങനെയൊക്കെയാണ് ഓരോ കമ്മീഷനും കൊടുക്കുന്ന വേതനം. നേരെ മറിച്ച് എം.എൽ.എ. –മാർക്ക് 1000 രൂപ കൂട്ടിയാൽ പത്രക്കാർ എഴുതും, ഇതൊന്നും ആരും കാണില്ല. മനുഷ്യാവകാശ കമ്മീഷനെന്നു പറയന്നത്, മനുഷ്യന്റെ അവകാശങ്ങളും... ഇവിടെ സാധാരണക്കാരന്റെ കയ്യിൽ നിന്ന് നികുതി വാങ്ങിയിട്ട് നമ്മൾ ഇത്രയൊക്കെ ചെലവഴിക്കുമ്പോൾ ഇതിനെക്കുറിച്ചൊക്കെ ആലോചിക്കണ്ടേ? ഒരു ഗവൺമെന്റ് ബിൽഡിംഗ് ഉണ്ടെങ്കിൽ ഏകദേശം 10 ലക്ഷം രൂപയുടെ ഡെക്കറേഷൻ ജോലികൾ ചെയ്താൽ തന്നെ ഇത്ര മാത്രമാണോ വരുന്നത്? ഇക്കാര്യങ്ങളിലൊക്കെയുള്ള ധൂർത്ത്, സാമ്പത്തികമായ അധികച്ചെലവ് ഒഴിവാക്കാൻ കർശനമായിട്ടുള്ള നടപടികൾക്ക് ധനകാര്യ വകുപ്പ് ശ്രമിക്കണം. മറ്റുള്ളവരുടെ പെൻഷനുകളിൽ കൈവച്ചുള്ള നടപടികൾ ഒഴിവാക്കിയിട്ട്, സാധാരണക്കാർക്ക് ഉപകാരപ്രദമാകുന്ന തരത്തിലുള്ള കാര്യങ്ങൾ ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇനി നിങ്ങൾ സോളാർ വിഷയത്തെ സംബന്ധിച്ച് പറയരുത്. അതിന്റെ സോൾ കഴിഞ്ഞിരിക്കുകയാണ്. ഇനി നിങ്ങൾ അതും പറഞ്ഞ് നടക്കരുത്. പാർട്ടിക്കാരും, നാട്ടുകാരും, മറ്റാരും കേട്ടിട്ടില്ലാത്ത കാര്യത്തെ സംബന്ധിച്ച് എന്തിനാണ് പറയുന്നത്. മാധ്യമങ്ങൾക്ക് ബ്രേക്കിംഗ് ന്യൂസും കഴിഞ്ഞു. ഇനി നിങ്ങൾ ആ കാര്യങ്ങളെ സമചിത്തതയോടെ കാണണം. പാർട്ടിക്കമ്മിറ്റികളിൽ വച്ച്, വേണമെങ്കിൽ അങ്ങോട്ടുമിങ്ങോട്ടും നാല് വഴക്ക് പറഞ്ഞോളൂ, ചർച്ച ചെയ്ത് നന്നാവാൻ നോക്കുക. ഈ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് ഒറ്റക്കെട്ടായി വരാൻ പോകുന്ന പഞ്ചായത്ത്

തെരഞ്ഞെടുപ്പിലും, നിയമസഭാ തെരഞ്ഞെടുപ്പിലും, ബഹുമാന്യനായ ശ്രീ. കെ. മുരളീധരൻ ഇവിടെ സൂചിപ്പിച്ചതുപോലെ 1977 കാലഘട്ടത്തിൽ ഞങ്ങൾ ശക്തമായി തിരിച്ചു വന്നു. ആ തിരിച്ചു വരവ് ഇനിയും ഈ ഗവൺമെന്റിന് ഉണ്ടാകും. ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് ഞാനെന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. മാത്യു. ടി. തോമസ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. പാർലമെന്റ് തെരഞ്ഞെടുപ്പിനുശേഷം കൂടുന്ന സമ്മേളന മെന്ന നിലയിൽ പൊതുഭരണ ചർച്ചയിൽ തെരഞ്ഞെടുപ്പിന്റെ വിലയിരു ത്തലും കേന്ദ്രഗവൺമെന്റിന്റെ പുതിയ നയങ്ങളുമൊക്കെ ചർച്ചചെയ്യപ്പെടു ന്നത് സ്വാഭാവികമാണ്. ബഹുമാനപ്പെട്ട കെ. മുരളീധരൻ സംസാരം ആരംഭിച്ചത് പുതിയ ഗവൺമെന്റ് നടപ്പാക്കുന്ന നയങ്ങളെ സംബന്ധിച്ച് ചില വിമർശനങ്ങൾ ഉയർത്തിക്കൊണ്ടാണ്. പത്ത് വർഷം ശ്രീ. മൻമോഹൻസിംഗ് നടപ്പിലാക്കിയ നയങ്ങളിൽ നിന്നും വ്യത്യസ്ഥമായി എന്തെങ്കിലും ഈ ബി.ജെ.പി. ഗവൺമെന്റ് നടപ്പാക്കുന്നുണ്ടോ? ഇവിടെ ആഗോളീകരണം, നവലിബറൽ നയങ്ങൾ നടപ്പിലാക്കുവാനുള്ള അന്തരീക്ഷം ഈ രാജ്യത്ത് ഉണ്ടാക്കിക്കൊടുത്തതിനുള്ള ഉത്തരവാദിത്വം കോൺഗ്രസ്സിനും, ആ കോൺഗ്രസ്സ് ഗവൺമെന്റിന് നേതൃത്വം കൊടുത്ത ശ്രീ. മൻമോഹൻസിംഗിനു മല്ലേ? 2004-നും 2014-നും ഇടയിൽ പാവപ്പെട്ടവരെ മറന്നുകൊണ്ട് സാധാര ണക്കാരുടെ താൽപ്പര്യങ്ങൾക്ക് യാതൊരു വിലയും കൊടുക്കാതെ ജനവിരു ദ്ധമായ നയങ്ങൾ അടിച്ചേൽപ്പിച്ചതുകൊണ്ടാണ് 1984-ലെ 404 സീറ്റിൽ നിന്ന് 44 സീറ്റിലേക്ക് കോൺഗ്രസ്സ് പാർട്ടി മാറി എന്നു ഞാൻ പറയുമ്പോൾ ആ നയങ്ങൾ തന്നെ കൂടുതൽ ശക്തിയായി നടപ്പിലാക്കാനാണ് ഇപ്പോഴത്തെ

പ്രധാനമന്ത്രിയും, ഗവൺമെന്റും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ആ നയങ്ങൾ നടപ്പിലാക്കുവാൻ രാജ്യത്ത് ഒരു അന്തരീക്ഷമുണ്ടാക്കിയത്, വളക്കൂറുള്ള മണ്ണായി ഇൻഡ്യയെ മാറ്റിയെടുത്തത് ശ്രീ. മൻമോഹൻസിംഗിന്റെ ഗവൺമെന്റായിരുന്നു എന്ന വസ്തുത വിസ്മരിക്കരുത്. തെരഞ്ഞെടുപ്പിൽ രാഷ്ട്രീയം വന്നതുകൊണ്ട് ഞാൻ ഒരു കാര്യം ചോദിക്കുകയാണ്, കോൺഗ്രസ്സ് അതിന്റെ നേതൃത്വത്തെ മാറ്റാൻ തയ്യാറുണ്ടോ? 1977–ൽ ഇന്ദിരാഗാന്ധി പരാജയപ്പെട്ടപ്പോൾ അങ്ങയുടെ പിതാവ് ഇന്ദിരാഗാന്ധിയോടൊപ്പം അടിയുറച്ച് നിന്നു, പാറപോലെ ഉറച്ചു നിന്നു. ബഹുഭൂരിപക്ഷം കോൺഗ്രസ്സുകാരും അന്നു പറഞ്ഞു ഇന്ദിരാഗാന്ധി മാറണം. മാറണമെന്നു പറഞ്ഞതുമാത്രമല്ല കേരളത്തെപ്പോലെ ഒരു സംസ്ഥാനത്ത് വ്യത്യസ്തമായ ഒരു രാഷ്ട്രീയ നിലപാട് സ്വീകരിച്ചുകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി എന്ന മുന്നണി രൂപീകരിക്കാൻ അന്ന് ബഹുഭൂരിപക്ഷം കേരളത്തിലെ കോൺഗ്രസ്സുകാർ തയ്യാറായി എന്ന വസ്തുത വിസ്മരിക്കരുത്. തെരഞ്ഞെടുപ്പിൽ തോറ്റപ്പോൾ ഇന്ദിരാഗാന്ധിയെ തള്ളിപ്പറഞ്ഞുവെങ്കിൽ ഇന്ന് 2014–ൽ ഈ പരാജയത്തിന്റെ ഉത്തരവാദിത്വം നയങ്ങൾ നടപ്പിലാക്കിയ ശ്രീ. മൻമോഹൻസിംഗും, ശ്രീമതി സോണിയാഗാന്ധിയും, ശ്രീ. രാഹുൽഗാന്ധിയുമായതുകൊണ്ട് ആ നയങ്ങളോടൊപ്പം നേതൃത്വവും മാറണമെന്ന ആവശ്യം കോൺഗ്രസ്സ് ഉന്നയിക്കുന്നുണ്ടോ എന്ന ചോദ്യത്തിന് വ്യക്തമായ മറുപടി ഞാനാഗ്രഹിക്കുകയാണ്. ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നത് സംസ്ഥാനത്ത് ഭരണം സ്തംഭിച്ചു എന്നതുകൊണ്ടാണ്. പദ്ധതിച്ചിലവ് കഴിഞ്ഞ വർഷം വളരെ പുറകോട്ടായിരുന്നുവെന്ന് കണക്കുകൾ ചൂണ്ടിക്കാണിക്കുകയാണ്. വിശദമായ കണക്കുകളിലേയ്ക്ക് പോകുവാൻ എനിക്ക് കഴിയുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളൊക്കെ

അംഗീകരിച്ചുകൊടുത്തത് വളരെ വൈകി. അതോടൊപ്പംതന്നെ സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കേണ്ടിയിരുന്ന പദ്ധതികളിലൊക്കെ പുറകിലോട്ട് പോയി. നമ്മുടെ നാട്ടിൽ 2010–2011–ൽ നിന്ന് പദ്ധതിച്ചിലവ് 2012–2013– ലേക്ക് വർദ്ധിച്ചിരിക്കുന്നത്, സി.എ.ജി. റിപ്പോർട്ട് പ്രകാരം 4,195 കോടിരൂപയിൽ നിന്ന് 6,849 കോടിരൂപയായിട്ടാണ് 2,753 കോടിരൂപയാണ് വർദ്ധിച്ചത്. പദ്ധതിയിതര ചെലവുകൾ വർദ്ധിച്ചത് 16,000 കോടിരൂപയാണ്. ശതമാനമൊക്കെ ശരിയായിരിക്കും. ഒരു ഭാഗത്ത് പദ്ധതിച്ചിലവിലെ വർദ്ധനവ് 2,753.59 കോടിരൂപയായിരിക്കുമ്പോൾ പദ്ധതിയിതര ചെലവിലെ വർദ്ധനവ് 16,169.34 കോടിരൂപ എന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ വരുന്നു. അതോടൊപ്പം തന്നെ പദ്ധതിക്കുവേണ്ടി അനുവദിക്കുന്ന തുക ചെലവാക്കുന്ന കാര്യത്തിലും നാം വളരെയധികം പിന്നോട്ടുപോയിരിക്കുന്നു. നാട്ടിലെ ജനങ്ങളുടെ സ്ഥിതി എന്താണ്? നിയമസഭ തുടങ്ങിയതിനുശേഷം പല അടിയന്തിരപ്രമേയങ്ങളും ചർച്ച ചെയ്തു. വിലക്കയറ്റം– നാട്ടിൽ വിലക്കയറ്റമുണ്ടെന്ന് ഗവൺമെന്റ് സമ്മതിച്ചു. ജനങ്ങൾ ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്രശ്നം വിലക്കയറ്റമാണെന്ന് സമ്മതിക്കേണ്ടിവന്നു. കൂടുതൽ തുക കൊടുത്തിട്ടുണ്ടാകും, പക്ഷെ കഴിഞ്ഞ നാളുകളിലൊന്നും ഉണ്ടാകാത്ത രീതിയിൽ വിലക്കയറ്റമുണ്ടായിരിക്കുന്നു. കടൽക്ഷോഭത്തിനു സഹായമില്ല, വൈദ്യുതി പ്രതിസന്ധിയുണ്ടായിരിക്കുന്നു, കെ.എസ്. ആർ. ടി. സി. സ്തംഭനാവസ്ഥയിലായിരിക്കുന്നു. സമസ്ത മേഖലയിലും ഭരണം സ്തംഭിച്ചിരിക്കുന്ന ഒരവസ്ഥാവിശേഷം. കൃഷിക്കാരുടെ പണമെങ്കിലും കൊടുത്തുകൂടെ? കൃഷിക്കാർ ഔദാര്യമോ, ആനുകൂല്യമോ ഒന്നുമല്ല ചോദിക്കുന്നത്. കൃഷിക്കാരുൽപ്പാദിപ്പിച്ച് സർക്കാരിനു കൈമാറിയ നെല്ലിന്റെ വില, കൊടുത്ത സാധനത്തിന്റെ വില, കടയിൽ പോയി ഒരു കിലോ പഞ്ചസാര വാങ്ങിച്ചാൽ പൈസ

കൊടുക്കണ്ടെ? നെല്ല് കൊടുത്ത കർഷകന്, നെല്ലിന്റെ സംഭരണവില കൊടുക്കാൻ കഴിയാത്ത ഒരു ഗവൺമെന്റായി മാറിയിരിക്കുകയാണ് ഈ ഗവൺമെന്റ്. കഴിഞ്ഞ വർഷം മൃഗങ്ങൾക്ക് കുളമ്പുരോഗമുണ്ടായപ്പോൾ അതിന് സർക്കാർ പ്രഖ്യാപിച്ച ഒരു സഹായധനമുണ്ട്, ബഹുമാനപ്പെട്ട ക്ഷീര വികസന മന്ത്രി ഇവിടെയുണ്ട്, മൃഗ സംരക്ഷണ വകുപ്പ് 20,000/- രൂപ ചത്ത പശുവിന് ധന സഹായമായും, ക്ഷീര വികസനവകുപ്പ് 10,000/- രൂപയും, മിൽമ 10,000/- രൂപയുമടക്കം 40,000/- രൂപ കൊടുക്കും എന്നു പറഞ്ഞിട്ട് കുളമ്പുരോഗം വന്നു ചത്ത പശുവിന് ഏതെങ്കിലും വകുപ്പിൽ നിന്ന് എത്ര രൂപകൊടുത്തു? പ്രഖ്യാപിക്കുന്ന തുകകൾപോലും കൊടുക്കുവാൻ കഴിയുന്നില്ല. മരാമത്ത് പണികൾക്കുള്ള കുടിശ്ശികയെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി, അതിന്റെ ഫലമെന്തായി. പുതിയ പണികളേറ്റെടുക്കുവാൻ ഇവിടെ കരാറുകാരില്ല. ടെണ്ടർ വിളിച്ചുകഴിഞ്ഞാൽ, ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കാലത്ത് മൈനസ്സിലേക്ക് ടെണ്ടറു പോയെങ്കിൽ ഇന്ന് വളരെ കൂടിയ നിരക്കിൽ 40 ശതമാനവും 60 ശതമാനവും അധികരിച്ച നിരക്കിൽ ടെണ്ടറു വിളിക്കുന്നു, പണികളേൽപ്പിച്ചുകൊടുക്കാൻ കഴിയുന്നില്ല. മരാമത്ത് പണികൾ ആകെ സ്തംഭനാവസ്ഥയിലായിരിക്കുന്നു, 2600 കോടിരൂപ കുടിശ്ശിക വന്നിരിക്കുന്നു, പണികൾ നടക്കുന്നില്ല. വാട്ടർ അതോറിറ്റിയിലെ കരാറുകാർക്ക് പണം കൊടുക്കാനുണ്ട്. ഒരു പൈപ്പ് പൊട്ടിയാൽ അത് മാറ്റിയിടാൻ വേണ്ടി വരുന്ന ചെറിയ കരാറുകാർക്ക് പണം കൊടുക്കാത്തതുകൊണ്ട് ഇപ്പോൾ അവരും പണികൾ ചെയ്യുന്നില്ല. കാർഷികരംഗത്ത് പണം കൊടുക്കാത്തതുകൊണ്ട് കൃഷി ഇറക്കുവാൻ കഴിയുന്നില്ല, മരാമത്ത് പണികൾ നടക്കുന്നില്ല, വാട്ടർ അതോറിറ്റിയിൽ റിപ്പെയർ നടക്കുന്നില്ല, ഇതാണ് ഈ സർക്കാരിന്റെ കഴിഞ്ഞ മുന്ന് വർഷത്തെ ബാക്കിപത്രം. റവന്യൂ പിരിവിൽ

വന്നിരിക്കുന്ന വലിയ ഇടിവ്, ഉണ്ടാകേണ്ടുന്ന തോതിലുള്ള വർദ്ധനവ് റവന്യൂപിരിവിൽ ഉണ്ടാകുന്നില്ല. റവന്യൂ കുടിശ്ശിക കിടക്കുന്നു, ആയിരക്കണക്കിന് കോടി രൂപ പിരിച്ചെടുക്കാൻ ബാക്കി കിടക്കുന്നുവെന്ന് സി.എ.ജി നിരന്തരമായി വിമർശിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട പണം പിരിച്ചെടുക്കാതെ കുടിശ്ശികയായി കിടക്കുന്ന അവസ്ഥാവിശേഷം. സംസ്ഥാനത്ത് ജനസമ്പർക്ക പരിപാടിയാണ് ഒത്തിരി കൊട്ടിഘോഷിച്ച പരിപാടി. ഒത്തിരി ഫയലുകൾ തീർപ്പാക്കിയെന്നാണ് പറയുന്നത്. ഈ സഭ തുടങ്ങിയശേഷം അൺസ്റ്റാർഡ് ക്വസ്റ്റ്യൻ 31, ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്ന മറുപടിയാണ് – 1,68,368 ഫയൽ സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്നു. ഏറ്റവും കൂടുതൽ കെട്ടിക്കിടക്കുന്ന ഫയൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റേതാണ്. രണ്ടു മന്ത്രിമാർ ഉണ്ട്. രണ്ടുപേരും ഇപ്പോൾ ഇവിടെയില്ല, ഫയലുനോക്കാൻ പോയതാണെങ്കിൽ സന്തോഷം – 18,535 ഫയലാണ് കെട്ടിക്കിടക്കുന്നത്. റവന്യൂവകുപ്പിൽ അദ്ദേഹവുമിവിടെ ഇല്ല, ഫയലുനോക്കാൻ പോയിരിക്കുകയാണ് – 15,699 ഫയലാണ് കെട്ടിക്കിടക്കുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പിൽ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെയില്ല – 14,163 ഫയൽ. ആരോഗ്യവകുപ്പിൽ – 9,908 ഫയൽ. ഒരു മന്ത്രിയുമിവിടില്ല. നിയമസഭ കൂടുന്ന സമത്ത് നിയമസഭയിലില്ല, ഫയലുനോക്കട്ടേ! പക്ഷെ ഫയൽ കൂടിക്കിടക്കുന്ന സ്ഥിതിയാണ്. ഭരണം പരിപൂർണ്ണമായി സ്തംഭിച്ചിരിക്കുന്നുവെന്നാണ്. നമ്മുടെ സംസ്ഥാനത്തുള്ള ഉദ്യോഗസ്ഥർ എവിടെപ്പോയി? ഐ.എ.എസ്, ഐ.പി.എസ് ഉദ്യോഗസ്ഥർ നാടുവിട്ടു പോകുകയാണ്. ഞങ്ങളുടെ ഭരണകാലത്തും ആ പ്രവണതയുണ്ട്, ഞങ്ങളുടെ ഭരണകാലത്തും ആ പ്രവണതയുണ്ട്. ഇല്ലെന്നൊന്നും ഞാൻ പറയുന്നില്ല. അത് തടഞ്ഞുനിർത്താൻ നമുക്കാവുന്നില്ല. 153 പേരാണ്

ഐ.എ.എസ്. കേഡറിലുള്ളത്. പക്ഷേ സംസ്ഥാനത്ത് ഇന്ന് ലഭ്യമായിരിക്കുന്നത് 90 പേരെയാണ്. 126 പേരെയെങ്കിലും ആവശ്യമായിരിക്കുന്നിടത്ത് 90 പേരെയുള്ളൂ. 8 പേര് സംസ്ഥാനത്ത് ഡെപ്യൂട്ടേഷനിലും, സംസ്ഥാനം വിട്ടു ഡെപ്യൂട്ടേഷനിൽ പോയിരിക്കുന്നത് 45 പേരുമാണ്. 46–ാം നമ്പർ അൺസ്റ്റാർഡ് ക്വസ്റ്റ്യന് മുഖ്യമന്ത്രി നൽകിയ ഉത്തരമാണ്. ഐ.പി.എസ്. – 124 പേരാണുള്ളത്. അതിൽ 82 പേർ മാത്രമേ ഇവിടെയുള്ളൂ. സംസ്ഥാനം വിട്ടുപോയിരിക്കുന്നത് 31 പേർ. നമ്മുടെ ഓഫീസർമാരെ നമുക്ക് ഇവിടെ കിട്ടാത്ത അവസ്ഥാവിശേഷം. മന്ത്രിമാർ ഭരണകാര്യങ്ങൾ അറിയുന്നില്ല, അതാണ് ഏറ്റവും വലിയ പ്രധാനപ്രശ്നം. നാലു ഡാം പോയി, അത് പരിശോധിക്കുന്നതിന് ഈ സഭ ഒരു സമിതിയെ ചുമതലപ്പെടുത്തിയതുകൊണ്ട് ഞാൻ അതിന്റെ മെരിറ്റിലേയ്ക്ക് കടക്കുന്നില്ല. നാലു ഡാം പോയിട്ട് ഞാൻ ഇപ്പോഴാണ് അറിയുന്നത് എന്ന് സഭയിൽ പറയേണ്ട ഒരു അവസ്ഥാവിശേഷം ഇവിടെയുണ്ടായല്ലേ? അതുമാത്രമല്ല, ഇന്നുരാവിലെ ചോദ്യോത്തരവേളയിലെന്താണുണ്ടായത്; ആധാർ വിവരങ്ങളെല്ലാം വഴിയാധാരമായിരിക്കുന്നു. ഇവിടെ ചൂണ്ടിക്കാണിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി എന്താണു പറഞ്ഞത്, ഞാൻ അറിഞ്ഞില്ല. ഡാം പോയത് ഇവിടുത്തെ മന്ത്രിമാരറിയുന്നില്ല, ആധാർ വഴിയാധാരമാകുന്നത് മന്ത്രി അറിയുന്നില്ല. സീറ്റ് ബെൽറ്റ്, കാറുകളിലെ പുറകിലുള്ള യാത്രക്കാരും ഉപയോഗിക്കണമെന്ന ഉത്തരവ് വന്നതും മന്ത്രി അറിയുന്നില്ല. മന്ത്രി റദ്ദ് ചെയ്തു, സമ്മതിച്ചു. ഇവിടെ നടക്കുന്ന ഒരു കാര്യങ്ങളും മന്ത്രിമാർ അറിയാത്ത സ്ഥിതിവിശേഷം. സഭയിൽ പറഞ്ഞതിനുശേഷം ആ ഉദ്യോഗസ്ഥനു ബെൽറ്റിടണം എന്നുഭരണകക്ഷിയിലെ ഒരു എം.എൽ.എ. പറഞ്ഞപ്പോൾ അത് പിൻവലിച്ചു. ആ ഉദ്യോഗസ്ഥൻ പോയി, അതുവേറെ കാര്യം. രാജ്യം ഭരിക്കേണ്ടത് ഉദ്യോഗസ്ഥൻമാരല്ല, തെരഞ്ഞെടുക്കപ്പെട്ട ജന

പ്രതിനിധികളാണ്. നാട്ടിൽ നടക്കുന്ന കാര്യങ്ങൾ മന്ത്രിമാർ അറിയാത്ത ഒരു ഭരണം, ജനങ്ങളുടെ താൽപ്പര്യങ്ങൾക്കനുസൃതമായി ഒന്നും ഭരിക്കാത്ത ഭരണം. കേന്ദ്രത്തിൽ പുതിയ ഗവൺമെന്റ് വന്നുവല്ലോ. പുതിയസ്ഥാപന ത്തിന് എല്ലാ സൗകര്യങ്ങളും ഈ സംസ്ഥാനത്തുണ്ടാക്കികൊടുക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചു. ഞങ്ങൾ സ്വാഗതം ചെയ്യുന്നു. പുതിയ പ്രധാനമന്ത്രി യെക്കാണാൻ നമ്മുടെ മുഖ്യമന്ത്രി ഡെൽഹിക്കുപോയി മുഖ്യമന്ത്രി എന്താണ് പറഞ്ഞത്, ആദ്യത്തെ കൂടിക്കാഴ്ചയായതുകൊണ്ട് അനുചിതമായി ഞാൻ ഒന്നും പറഞ്ഞില്ല. സംസ്ഥാനത്തിന്റെ ഒരാവശ്യം മുഖ്യമന്ത്രി പ്രധാനമന്ത്രിയോട് പറയുന്നതിനകത്ത് എന്താണ് ഒരു ഔചിത്യക്കുറവ്? എനിക്കു മനസ്സിലാകുന്നില്ല. കേരളത്തിലെ മുഖ്യമന്ത്രി പുറത്തിറങ്ങി പിറ്റേ ദിവസമോ അതിന്റടുത്ത ദിവസമോ തമിഴ്നാട് മുഖ്യമന്ത്രി അവിടെ ചെന്ന് ആ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ഒന്നൊന്നായി എണ്ണിപ്പറഞ്ഞു. മുല്ലപ്പെരിയാർ വിഷയത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി വച്ച ഉന്നതാധി കാരസമിതി പ്രവർത്തിക്കാൻ കേന്ദ്രഗവൺമെന്റിന്റെ പ്രതിനിധിയെ കൊടുക്കണം, ഉടൻ പ്രവർത്തനം ആരംഭിക്കണം, മുല്ലപ്പെരിയാർ സംബന്ധിച്ച സുപ്രീംകോടതി വിധി നടപ്പിലാക്കണം എന്നുംമറ്റുമുള്ള ആവശ്യങ്ങൾ ഇൻഡ്യൻ പ്രധാനമന്ത്രിയോട് തമിഴ്നാട് മുഖ്യമന്ത്രി പറഞ്ഞു. എന്നാൽ നമ്മുടെ മുഖ്യമന്ത്രി അവിടെപ്പോയി എന്താണു പറഞ്ഞത്, അനൗചിത്യ മൊന്നും വേണ്ട അതുകൊണ്ട് ഞാൻ കേരളത്തിന്റെ കാര്യമൊന്നുംപറഞ്ഞില്ല, ഒരു കൂടിക്കാഴ്ച, ചായകുടിച്ചു പോന്നു എന്ന്. പൊതുവേ ഈ സംസ്ഥാനത്തു വന്നിരിക്കുന്ന അവസ്ഥാ വിശേഷമതാണ്. സംസ്ഥാനത്തെ ജനങ്ങളുടെ താൽപ്പര്യങ്ങൾ, സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ, ജനങ്ങളുടെ ആവശ്യങ്ങളിൽ ശ്രദ്ധചെലുത്തുവാൻ, പറയേണ്ടിടത്ത് ചങ്കൂറ്റത്തോടെ

പറയുവാൻ, പ്രവർത്തിക്കുവാൻ, ഇടപെടുവാൻ കഴിയുന്ന ഒരു സംവിധാനം ഇന്ന് ഈ സംസ്ഥാനത്തിന് അന്യമായിരിക്കുന്നുവെന്നതാണ് ഇന്ന് ഈ ഭരണ ത്തകർച്ചയുടെ അടിസ്ഥാനകാരണമായി മാറിയിരിക്കുന്നത്. രാഷ്ട്രീയ കാര്യ ങ്ങളിൽ അങ്ങോട്ടുമിങ്ങോട്ടും പഴിപറഞ്ഞിട്ട് കാര്യമില്ല. പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് 4 ആയിരുന്നത് 8 ആയി എന്നാശ്വസിക്കാനും, ഇൻഡ്യാ രാജ്യത്ത് ആകമാനമുണ്ടായ തകർച്ച കേരളത്തിലുണ്ടായില്ല എന്നാശ്വസിക്കുവാനവർക്കും ഒക്കെ അവസരംകിട്ടുന്ന ഒരു വിഷയമായി പാർലമെന്റ് തെരഞ്ഞെടുപ്പിനെ വിലയിരുത്താം. പ്രശ്നമതല്ല, കേരളത്തിലെ ഭരണമെങ്ങോട്ടാണ്; കേരളത്തിലെ ഭരണകാര്യങ്ങളിൽ ശ്രദ്ധിക്കുവാൻ മന്ത്രിമാർക്ക് ആകുന്നുണ്ടോ; പണം ചെലവഴിക്കുന്നുണ്ടോ; നികുതി പിരിക്കു ന്നുണ്ടോ; മരാമത്ത്പണികൾ നടക്കുന്നുണ്ടോ; വാട്ടർപൈപ്പുകൾ നന്നാക്കു ന്നുണ്ടോ; വിലക്കയറ്റം പിടിച്ചുനിർത്തുന്നുണ്ടോ; മാവേലിസ്റ്റോറിൽ സാധന ങ്ങൾ എത്തുന്നുണ്ടോ; റേഷൻ കടയിൽ സാധനമുണ്ടോ; കേരളത്തിൽ വൈദ്യുതിയുണ്ടോ; പുതിയവ്യവസായ സംരംഭങ്ങൾ ആരംഭിക്കാനുള്ള വൈദ്യുതിയെപ്പറ്റിയല്ല ഞാൻ പറയുന്നത്. ദൈനംദിന, ഗാർഹികാവശ്യ ങ്ങൾക്കുള്ള വൈദ്യുതിയെങ്കിലും ലഭ്യമാക്കിക്കൊടുക്കുവാൻ കഴിയാതെ കേരളത്തെ ഇരുട്ടിലാക്കിയിരിക്കുന്നു. ഭരണത്തകർച്ചയുടെ ബാക്കിപത്രമാണ് ഈ ഗവൺമെന്റ് കാഴ്ചവച്ചിരിക്കുന്നത്. ഇതാണ് ഈ നാട്ടിൽ നടക്കുന്നത്. അതുകൊണ്ട് ഈ പൊതുഭരണ ചർച്ചയിൽ ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഈ ധനാഭ്യർത്ഥന ചർച്ച തുടങ്ങിവച്ച സി.പി.ഐ

(എം) നേതാവ് ശ്രീ. ഇ. പി. ജയരാജൻ പൊതുകടം 39,000 കോടി രൂപയാക്കി എന്നൊരു തെറ്റ് മാത്രമാണ് ഈ ഗവൺമെന്റിനെതിരായി പറഞ്ഞത്. അതിനപ്പുറം ഈ ഗവൺമെന്റിന്റെ ഭരണത്തെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞതുമുഴുവൻ രാഷ്ട്രീയമാണ്. ആ രാഷ്ട്രീയത്തിൽ അദ്ദേഹം ഇടതുപക്ഷ കാഴ്ചപ്പാടിനെയും മഹത്വത്തെയും കുറിച്ചാണ് പറയുന്നത്. ഇവിടെ ഇടതുപക്ഷമെന്ന് പറയുന്നത് ആരാണ്? അതിനൊരു ചർച്ച വേണ്ടേ? ഈ സംസ്ഥാനത്ത് കഴിഞ്ഞ മൂന്നു വർഷമായി ജനോപകാരപ്രദമായ പല നടപടികളും സ്വീകരിച്ചുകൊണ്ട് മുമ്പോട്ടു ഭരണം നടത്തുന്ന ഐക്യജനാധിപത്യ മുന്നണിയുടെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഉൾപ്പെടെയുള്ള നേതാക്കന്മാരുടെ ചിന്താഗതി ഇടതുപക്ഷ ചിന്താഗതിയാണോ? അതോ ശ്രീ. വി. എസ്. അച്ചുതാനന്ദനും ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. ഇ. പി. ജയരാജൻ, ശ്രീ. മാത്യൂ ടി. തോമസ് എന്നിവർ ഉൾപ്പെട്ടതാണോ ഇടതുപക്ഷമെന്ന് പറയുന്നത്. വളരെ ആത്മാർത്ഥമായി പറയുകയാണെങ്കിൽ ഇടതുപക്ഷമെന്ന വാക്കിന്റെ അർത്ഥം ഒരു പൊതു ചർച്ചയ്ക്ക് ഇടയാക്കുന്ന നിലയിലേയ്ക്ക് നീങ്ങേണ്ടതായിട്ടുണ്ട്. സാധാരണക്കാരന് ജീവിക്കാനുള്ള അവസരമൊരുക്കാൻ തയ്യാറാകുന്ന ഭരണസംവിധാനത്തിന് നേതൃത്വം കൊടുക്കുന്നവർ ഇടതുപക്ഷ ചിന്താഗതിക്കാരല്ലെന്ന് പറയാൻ പറ്റുമോ; അത് ഇടതുപക്ഷ ചിന്താഗതിയാണ്. അപ്പോൾ ഇടതുപക്ഷമെന്നത്, മാർക്സിസ്റ്റ് പാർട്ടിയിലോ സി.പി.ഐ.യിലോ മാത്രമേ ഇടതുപക്ഷമുള്ളൂ എന്ന കാഴ്ചപ്പാട് എങ്ങനെ ശരിയാക്കിയെടുക്കാൻ കഴിയുമെന്ന് ആലോചിക്കേണ്ടതാണ്. ഇവിടെ ഭരണത്തെപ്പറ്റി പറയുന്നുണ്ട്. ഭരണസംവിധാനങ്ങളെപ്പറ്റി പറയുമ്പോൾ ഒരു കാര്യം ഉറപ്പിച്ചു പറയാൻ ആഗ്രഹിക്കുകയാണ്. ഈ നിലയിൽ കേന്ദ്ര-സംസ്ഥാന

ഗവൺമെന്റുകളും പോവുകയാണെങ്കിൽ ഇടതുപക്ഷം ആലോചിക്കേണ്ടതുണ്ട്. ഈ പാർലമെന്റ് തെരഞ്ഞെടുപ്പിലാവട്ടെ, കഴിഞ്ഞ കാലങ്ങളിലാവട്ടെ കോൺഗ്രസ് നേതൃത്വം കൊടുക്കുന്ന ഗവൺമെന്റിനെതിരായി ശക്തമായ ആക്രമണമാണ് നിങ്ങൾ നടത്തിയിരുന്നത്. ബി.ജെ.പി. ഉൾപ്പെടെയുള്ള ഒരു ഗവൺമെന്റ് ഇവിടെ അധികാരത്തിൽ വരുമെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്വപ്നത്തിൽ പോലും കരുതിയില്ല. കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ഒരു ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരത്തിൽ വന്നാൽ അവരോടൊപ്പം ചേർന്നു പോകാൻ കഴിയുന്ന ഒരു സാഹചര്യം സൃഷ്ടിക്കണം എന്നാൽ പിന്തുണയ്ക്കാൻ തയ്യാറില്ല. ഈ മാനസിക നിലയോടുകൂടി ഇടതുപക്ഷം ഇന്ത്യാ രാജ്യത്ത് പ്രവർത്തിച്ചതിന്റെ നഷ്ടം ഈ പാർലമെന്റ് തെരഞ്ഞെടുപ്പിലുണ്ടായി എന്ന് കരുതുന്നവനാണ് ഞാൻ. കാരണം, ബംഗാളിലെയും തൃപുരയിലെയും കാര്യങ്ങൾ പരിശോധിച്ചാൽ മനസ്സിലാകും. തൃപുരയിൽ മാർക്സിസ്റ്റ് പാർട്ടിയുടെ എം.പി. ഇന്ത്യയിലെ രണ്ടാമത്തെ ഭൂരിപക്ഷത്തിനുടമയായി. എങ്ങനെയാണ് അത് സംഭവിച്ചത്. ഇവിടെയും ബംഗാളിലും ഈ സ്ഥിതിവിശേഷം മാറി വന്നു. എന്തുകൊണ്ട് ഇത് സംഭവിച്ചുവെന്ന് മാർക്സിസ്റ്റ്-കമ്മ്യൂണിസ്റ്റ് പാർട്ടി ചർച്ച ചെയ്യേണ്ടതല്ലേ? അങ്ങനെയൊരു ചർച്ചയിലൂടെ മാത്രമേ ഇന്ത്യൻ ജനാധിപത്യത്തിൽ ബി.ജെ.പി.ക്കെതിരായ മുഖം മിനുക്കിക്കൊണ്ടുവരാൻ കഴിയൂകയുള്ളൂ. ഞാൻ ഒരു പ്രാദേശിക പാർട്ടിയുടെ നേതാവാണ്. ഐക്യജനാധിപത്യ മുന്നണിയുടെ ഘടക കക്ഷി തന്നെയാണ്. അതിന് യാതൊരു സംശയവുമില്ല. പക്ഷേ, ഒരു വസ്തുത ഞാൻ ഒളിച്ചുവയ്ക്കാതെ പറയാം. എന്തിനുവേണ്ടിയാണ് ഇരുകക്ഷികളും ഇവിടെ പരസ്പരം തർക്കിയ്ക്കുന്നത്? കേരളത്തെ സംബന്ധിച്ചിടത്തോളം 20 സീറ്റിലും ആര് ജയിച്ചാലും അത് ബി.ജെ.പി.ക്കെതിരായ വോട്ടാണെന്ന്

ആർക്കാണ് അറിയാൻ പാടില്ലാത്തത്. കേരളത്തിൽ അങ്ങനെയൊരു സാഹചര്യം നിലനിൽക്കുമ്പോൾ ഞങ്ങൾ ജയിച്ചുവെന്നും നിങ്ങൾ തോറ്റു വെന്നും പറഞ്ഞ് ആരും വലിയ അഭിമാനബോധം കൊണ്ടുനടക്കുന്നതിൽ അർത്ഥമില്ല എന്ന ചിന്തയാണ് എന്നെ നയിക്കുന്നത്. ഞാൻ പറയുന്നതിൽ തെറ്റുണ്ടെങ്കിൽ പറഞ്ഞാൽ മതി തിരുത്താം. എന്റെ ദൃഷ്ടിയിൽ അങ്ങനെ യാണ് തോന്നുന്നത്. പക്ഷെ, വേറൊരു സത്യമുണ്ട്. ഞാനൊരു കാര്യം ചോദിക്കട്ടെ; ജ്യോതി ബസു പ്രധാനമന്ത്രിയാകുന്ന ഒരു സാഹചര്യം ഇന്ത്യ യിലുണ്ടായി. അതിനെതിരെ മാർക്സിസ്റ്റ്-കമ്മ്യൂണിസ്റ്റ് പാർട്ടി എന്താണ് ചെയ്തത്? നിങ്ങൾ പോളിറ്റ് ബ്യൂറോയിൽ വോട്ട് ചെയ്ത് ഒരു വോട്ടിന്റെ ഭൂരിപക്ഷത്തോടുകൂടി അത് പാടില്ലെന്ന് തീരുമാനിക്കുകയും ജ്യോതി ബസു വിനെ ഇല്ലാതാക്കുകയും ചെയ്തു. ജ്യോതിബസു പ്രധാനമന്ത്രിയായൊരു ഗവൺമെന്റ് കേന്ദ്രത്തിൽ ഉണ്ടായിരുന്നുവെങ്കിൽ ഇന്ത്യാ രാജ്യത്തിന്റെ രാഷ്ട്രീയ സാഹചര്യം ഇതാകുമായിരുന്നോ എന്ന കാര്യത്തെപ്പറ്റി ആലോചി ക്കേണ്ടതല്ലേ; വെറുതെ വിപ്ലവം പറഞ്ഞാൽ മാത്രം മതിയോ; അത് പ്രവർത്തി പഥത്തിൽ എത്തിക്കണ്ടേ; അതിന് കഴിയാത്ത കാര്യങ്ങൾ പറഞ്ഞുനടക്കുക യാണ്. ഇവിടെ മൊത്തത്തിലുള്ള കാര്യത്തെപ്പറ്റി ആലോചിക്കുമ്പോൾ ഈ ഗവൺമെന്റിന്റെ കഴിഞ്ഞ മൂന്നു വർഷത്തെ ഭരണത്തെപ്പറ്റി നിഷ്പക്ഷമായി വിലയിരുത്തുന്നവർക്ക് കുറ്റപ്പെടുത്താൻ കഴിയില്ല. ഇവിടത്തെ സാമ്പത്തിക രംഗമെടുത്താലും പൊതുവായ സമീപനമെടുത്താലും വ്യക്തിപരമായി മുഖ്യമന്ത്രിയുടെ പ്രവർത്തനങ്ങളെപ്പറ്റി വിലയിരുത്തിയാലും ആർക്കും കുറ്റപ്പെടുത്താൻ കഴിയില്ലെന്നുള്ളത് ഒരു വസ്തുതയാണ്. നിഷ്പക്ഷമായി അദ്ദേഹത്തെ എങ്ങനെ കുറ്റപ്പെടുത്താൻ കഴിയും. അദ്ദേഹത്തിന്റെ ‘കരു

തലും വികസനവും' എന്ന മുദ്രാവാക്യം കേരളീയ ജനസമൂഹം ഏറ്റെടുത്തി ല്ലെന്ന് ആർക്കെങ്കിലും പറയാൻ സാധിക്കുമോ; ഇവിടെ പ്രസംഗിച്ച സി.പി. ഐ.(എം)-ന്റെ നേതാവ് മാത്യൂ. ടി. തോമസ് ഉൾപ്പെടെയുള്ള മൂന്നുപേർക്കും അതിനെപ്പറ്റി ഒന്നും പറയാൻ കഴിയുന്നില്ലല്ലോ? എന്താണ് കരുതലും വികസ നവുമെന്ന മുദ്രാവാക്യത്തോടെയുള്ള ശ്രീ. ഉമ്മൻ ചാണ്ടിയുടെ പ്രവർത്തനം. ആ കാര്യത്തിൽ അദ്ദേഹത്തെ ഒരു കാരണവശാലും കുറ്റപ്പെടുത്താൻ കഴി യില്ല. ജനക്ഷേമംമാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഭരണകൂടത്തെ സംബ ന്ധിച്ചിടത്തോളം പ്രതിസന്ധികൾ പലതും നേരിടേണ്ടിവരും. പ്രതിസന്ധി ഉണ്ടാവരുതെന്ന് പറയാൻ സാധിക്കുമോ; അങ്ങനെ ഉണ്ടാകുന്ന പ്രതി സന്ധിയെ നയപരമായി, വിജയകരമായി, ജനോപകാരപ്രദമായി എങ്ങനെ പരിഹരിച്ച് എടുക്കുമെന്നതിലാണ് ഒരു ഭരണാധികാരിയുടെ കഴിവും മികവു മിരിക്കുന്നത്. ആ കഴിവും മികവുമൊക്കെ പരിശോധിക്കുമ്പോൾ ബഹുമാന പ്പെട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി മുമ്പിലാണെന്ന കാര്യത്തിൽ യാതൊരു സംശ യവുമില്ല. അക്കാര്യം ഞാൻ ഒളിച്ചുവയ്ക്കുന്നില്ല. അത് അദ്ദേഹത്തിന്റെ ഭരണ ത്തിന്റെ നേട്ടമാണ്. ഈ ഗവൺമെന്റ് ഇപ്പോൾ മിഷൻ-676 പ്രഖ്യാപിച്ചിരിക്കു കയാണ്. അതിനെ എങ്ങനെ കുറ്റപ്പെടുത്താൻ കഴിയും. അതിൽ എന്തൊക്കെ കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നത്. നവരത്ന പ്രോഗ്രാമുകൾ എന്ന പേരിൽ കൊച്ചി മെട്രോ, സ്മാർട്ട് സിറ്റി, വിഴിഞ്ഞം തുറമുഖം, കണ്ണൂർ വിമാനത്താ വളം, ദേശീയ ജലപാത, തിരുവനന്തപുരം-കോഴിക്കോട് മോണോ റെയിൽ, സബർബൻ റെയിൽവേ, എൻ.എച്ച്. ഉൾപ്പെടെയുള്ള ഉപരിതല ഗതാഗത വികസനം, വിദ്യാർത്ഥി സംരംഭക പദ്ധതികൾ തുടങ്ങിയ ഒൻപത് പദ്ധതികൾ പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ ഒൻപത് പദ്ധതികൾ സമയബന്ധിതമായി നട

പ്പാക്കാൻ കഴിഞ്ഞാൽ കേരളത്തിന്റെ സാഹചര്യമെന്താകുമെന്നും ജനജീവിതത്തിൽ വരുന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്നും നിഷ്പക്ഷമായി വിലയിരുത്തേണ്ടതായിട്ടുണ്ട്. ഇതിൽ ചെറിയൊരു കാര്യം പറയാനുള്ളത്, ഈ മിഷൻ –676 –ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേക ശ്രദ്ധചെലുത്തി കാർഷികമേഖലയ്ക്ക് സമഗ്രമായൊരു പദ്ധതി ആവിഷ്കരിച്ച് ഈ ഒൻപതിനോടൊപ്പം ചേർത്ത് പത്താക്കിയാൽ നന്നായിരിക്കും എന്ന അഭിപ്രായമെനിക്കുണ്ട്. കാർഷികമേഖലയുടെ ഇന്നത്തെ സ്ഥിതിയെപ്പറ്റി എല്ലാവർക്കുമറിയാം; അത് ഒളിച്ചുവച്ചിട്ട് കാര്യമില്ല. ഇടുക്കി സീറ്റിന്റെ ജയത്തേയും തോൽവിയേയും പറ്റി ഇവിടെ ചർച്ച ചെയ്യുകയാണ്. കൃഷിക്കാരന്റെ വേദനയാണ് അവിടെ പ്രതിഫലിച്ചത്. അതിന്റെ രാഷ്ട്രീയവശം ഇരുകൂട്ടരും ചർച്ചചെയ്തോ, അതിൽ ഞാനില്ല. പക്ഷേ, ഒരുകാര്യമുണ്ട്, കാർഷിക മേഖലയിൽ ഇന്ന് ജനങ്ങൾക്കുണ്ടായിരിക്കുന്ന മാനസികമായ വ്യഥയ്ക്കും ദുരിതങ്ങൾക്കും പരിഹാരമുണ്ടാക്കാതെ ഒരു ഭരണാധികാരിക്കും കേരളത്തിൽ മുമ്പോട്ടുപോകാൻ കഴിയില്ല. അങ്ങനെ പോകാമെന്ന് വിചാരിച്ചാൽ അത് നഷ്ടത്തിന്റെ കണക്കിലേയ്ക്ക് പോകുമെന്ന കാര്യമുറപ്പാണ്. ബഹുമാനപ്പെട്ട സി.പി.ഐ.(എം) നേതാവ് ശ്രീ. സി. ദിവാകരൻ ഇവിടെ പ്രസംഗിച്ചപ്പോൾ അരിയുടെയും തുണിയുടെയും എല്ലാത്തിന്റെയും വിലകൂടിയെന്ന് വളരെ വ്യക്തമായി പറഞ്ഞു. കഴിഞ്ഞ കാലങ്ങളിൽ ഇതൊരു ആഗോള പ്രതിഭാസമാണെന്നാണ് പറഞ്ഞുകൊണ്ടിരുന്നത്. പക്ഷേ, ആഗോള പ്രതിഭാസമെന്ന് പറഞ്ഞതുകൊണ്ട് കാര്യമുണ്ടോ; ഇവിടത്തെ നിലയെന്താണ്? ഇവിടെ കഴിഞ്ഞ കേന്ദ്ര ഗവൺമെന്റിന്റെ ഭരണകാലത്ത് വലിയ നേട്ടങ്ങളുണ്ടാക്കാൻ സാധിച്ചു. റൈറ്റ് ടു എഡ്യൂക്കേഷൻ, റൈറ്റ് ടു ഇൻഫർമേഷൻ, ദേശീയ തൊഴിൽ ദാന

പദ്ധതി ഇതൊക്കെ വളരെ വലിയ നേട്ടങ്ങളാണ്. എന്നാൽ, അതെല്ലാം ചിദംബരമെന്നു പറയുന്ന ധനകാര്യ വകുപ്പുമന്ത്രി വെള്ളത്തിൽ മുക്കിയെന്നാണ് എന്റെ അഭിപ്രായം. നിങ്ങൾ എന്നെ തല്ലണ്ട, സത്യം പറയുകയാണ്. നിങ്ങൾക്ക് ചിദംബരത്തെ ബഹുമാനിക്കാം എനിക്ക് അതിന് സൗകര്യമില്ല. അത്രയേയുള്ളൂ. അയാൾ ചെയ്തുവച്ച കൊടുംപാതകമാണിത്. റബ്ബറിന്റെ വില ഇപ്പോൾ 135 രൂപയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കോൺഫറൻസ് വിളിക്കുമെന്ന് ഈ നിയമസഭയ്ക്ക് ഉറപ്പുനൽകിയതാണ്. ഇതുവരെയും വിളിച്ചിട്ടില്ല. 245 രൂപ വിലയുണ്ടായിരുന്ന റബ്ബറിന്റെ വില ഇന്ന് 135 രൂപയിൽ നിൽക്കുകയാണ്. കർഷകൻ വേദനയിലും പട്ടിണിയിലുമാണ്. കേരളത്തിലെ പതിനൊന്നര ലക്ഷത്തോളം വരുന്ന കർഷകരുടെ വേദനയ്ക്ക് ആര് പരിഹാരമുണ്ടാക്കുമെന്ന വിശ്വാസത്തോടുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ നോക്കുകയാണ്. ആ മുഖ്യമന്ത്രിയും അങ്ങനെ നോക്കിക്കാണാൻ തയ്യാറാകുന്നില്ലെന്ന് കണ്ടാൽ കേരളത്തിലെ കാർഷിക മേഖലയിൽ ഉണ്ടാകാൻ പോകുന്ന വലിയ പ്രതിസന്ധിയെ തരണം ചെയ്യാൻ ആർക്കും കഴിയുമെന്ന വിശ്വാസം എനിക്കില്ല. അതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്. ശ്രീ. കെ. എം. മാണിയെ മുഖ്യമന്ത്രി ആക്കണമെന്ന് ഞാൻ പറഞ്ഞുവെന്നാണല്ലോ ബഹുമാനപ്പെട്ട സി. ദിവാകരനും, ശ്രീ. ഇ. പി. ജയരാജനും ഇവിടെ പറഞ്ഞൊരു പ്രധാനപ്പെട്ട പ്രശ്നം. അത് പറയാൻ എനിക്ക് സ്വാതന്ത്ര്യമില്ലേ; അങ്ങനെ പറഞ്ഞാൽ എന്താണ് കുഴപ്പം; അങ്ങനെ പറയാനുള്ള സ്വാതന്ത്ര്യം എനിക്ക് തരണ്ടേ; ഞാൻ കേരള കോൺഗ്രസ്സുകാരനാണ്. ഞാൻ റീജിണൽ പാർട്ടിയുടെ ആളാണ്. എന്റെ ആഗ്രഹം അതാണ്. അത് പറയാനുള്ള സ്വാതന്ത്ര്യമില്ലേ? അത് തിയററ്റിക്കലാണെന്ന കാര്യം മനസ്സിലാക്കണ്ടേ; അത്

പ്രാക്ടിക്കലാണെന്ന് ഞാൻ പറഞ്ഞോ? അത് പ്രാക്ടിക്കലാണെന്ന് ഞാൻ പറഞ്ഞില്ല. അത് പ്രാക്ടിക്കലാക്കണമെന്ന് കേരളത്തിലെ ആരെങ്കിലും ആഗ്രഹിക്കുന്നെങ്കിൽ അത് പ്രാക്ടിക്കലാക്കാൻ പ്രവർത്തിക്കട്ടെ. ഞാൻ ആ പ്രവർത്തനത്തിലേയ്ക്കൊന്നുമില്ല. എന്തുകൊണ്ട് അത്തരമൊരു ആശയം പറഞ്ഞു. അൻപത് കൊല്ലമായി കേരള കോൺഗ്രസ്സ് ഭരണത്തിൽ നിൽക്കുകയാണ്. ഒരു പ്രാദേശിക പാർട്ടിയെന്നുള്ള നിലയിൽ ഞങ്ങൾക്ക് അങ്ങനെയൊന്ന് ചിന്തിക്കാൻ പാടില്ലേ; ഞങ്ങൾക്ക് അതിനുള്ള സ്വാതന്ത്ര്യമില്ലേ;

ഞാൻ പറഞ്ഞുവന്നത്, ഒരു പ്രാദേശിക പാർട്ടി എന്ന നിലയിൽ അങ്ങനെ ചിന്തിക്കാൻ പറ്റുകയില്ലേ; അതിനുള്ള സ്വാതന്ത്ര്യമില്ലേ ഞങ്ങൾക്ക്? ഇന്ന് ഇൻഡ്യയിലെ മുഴുവൻ സംസ്ഥാനങ്ങളിലും അധികാരത്തിൽ വന്ന പ്രാദേശിക പാർട്ടികളെപ്പറ്റി ചിന്തിക്കേണ്ടേ? കേരളാ കോൺഗ്രസ്സ് 1964-ൽ നിലവിൽ വരികയും 1965-ൽ തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും ചെയ്തു. കേരളാ കോൺഗ്രസ്സ് രൂപീകരിച്ചിട്ട് 50 വർഷം തികഞ്ഞു. ഞങ്ങളുടെ നേതാവ് മുഖ്യമന്ത്രിക്കസേരയിൽ ഇരുന്നുകാണണമെന്ന് ഞങ്ങൾ ആഗ്രഹിച്ചാൽ അതിന് വഴക്കുണ്ടാക്കേണ്ട കാര്യമില്ല. ഞാൻ പറഞ്ഞത് തിയററ്റിക്കലായാണ്, അത് പ്രാക്റ്റിക്കലാക്കണമെന്ന് ഞാൻ പറഞ്ഞിട്ടില്ല. ആർക്കെങ്കിലും പ്രാക്റ്റിക്കലാക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ നടത്താവുന്നതാണ്. ഇൻഡ്യാ രാജ്യത്ത് ഏതെങ്കിലും ഒരു കോൺഗ്രസ്സ് നേതാവിന് ഉന്നത പദവി കൊടുക്കുന്നെങ്കിൽ അതിന് ഏറ്റവും അർഹൻ ശ്രീ. ഉമ്മൻ ചാണ്ടിയാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. വർക്കിംഗ് കമ്മിറ്റി മെമ്പറായി ശ്രീ. ഉമ്മൻ ചാണ്ടിയെ വയ്ക്കണമെന്നതാണ് എന്റെ അഭിപ്രായം. അങ്ങനെ അദ്ദേഹം

വർക്കിംഗ് കമ്മിറ്റിയിൽ പോകുകയാണെങ്കിൽ എന്തുകൊണ്ട് കെ. എം. മാണി സാറിന് മുഖ്യമന്ത്രിയാകാൻ ഒരവസരം കൊടുത്തുകൂടാ എന്നാണ് എന്റെ ചോദ്യം. ഞാൻ നിർബന്ധിക്കുന്നില്ല. അതിന്റെ പേരിൽ ഒരു വഴക്ക് വേണ്ട. ഇവിടെ ഇന്ന് രാവിലെ അവതരിപ്പിച്ച അടിയന്തര പ്രമേയം കടൽക്ഷോഭം സംബന്ധിച്ചാണ്. നമുക്ക് 617 കി.മീ. കടലോര മേഖലയുണ്ട്. സ്വാതന്ത്ര്യം ലഭിച്ച് ഇത്രയും വർഷമായിട്ടും എത്ര കിലോമീറ്റർ കടലോരം രക്ഷിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട് എന്നത് ചർച്ച ചെയ്യണ്ടതല്ലേ? കടലോര മേഖലയിലെ ജനങ്ങളുടെ പ്രശ്നം വളരെ വലുതാണ്. അത്രയും ദുരിതമായ ജീവിതം നയിക്കുന്ന മറ്റൊരു ജനവിഭാഗമില്ല. CRZ നിബന്ധനകൾ പരിശോധിക്കേണ്ട വിഷയമാണ്. ആദ്യം, കടൽത്തീരത്തുനിന്ന് 100 മീറ്റർ വരെ താമസമൊന്നും പാടില്ലാ എന്നാണ് പറഞ്ഞിരുന്നത്. ഇപ്പോഴത് 500 മീറ്റർ വരെ എന്നായി. മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങളിൽ ഒരു ഓടോ ഓലയോ മാറ്റിവയ്ക്കണമെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം വേണമെന്ന നിലയിലാണ് നിയമമുണ്ടാക്കിവച്ചിരിക്കുന്നത്. ഡോ. മൻമോഹൻസിംഗ് ഇങ്ങനെയുള്ള നിയമങ്ങളുണ്ടാക്കിയതുകൊണ്ടാണ് ഇൻഡ്യയിൽ കോൺഗ്രസ്സ് തകർന്നതെന്നാണ് എന്റെ അഭിപ്രായം. ആകെ 66 കിലോമീറ്റർ വീതിയും 617 കിലോമീറ്റർ നീളവുമാണ് കേരളത്തിലെ കടൽത്തീര മേഖലയ്ക്കുള്ളത്. അതിനാണ് സി.ആർ.ഇസഡ്. നിയമം ബാധകമാക്കിവച്ചിരിക്കുന്നത്. മത്സ്യത്തൊഴിലാളികൾ ഇവിടെ ജീവിക്കേണ്ടേ? അതോടൊപ്പം വന്നിരിക്കുന്ന മറ്റൊന്നാണ് കസ്തൂരിരംഗൻ റിപ്പോർട്ട്. ഇത് നടപ്പാക്കിയാൽ മലയോര മേഖലയിൽ ചെറിയൊരു മഴക്കുഴി പണിയാനോ, റബ്ബർ തൈ നടാനോ, കൺസ്ട്രക്ഷൻ

വർക്ക് നടത്താനോ സാധിക്കില്ല. ഇതുപോലെയുള്ള നിയമങ്ങൾ കൊണ്ടു വന്ന് ജനങ്ങളെ ദുരിതക്കയത്തിലാക്കിയിട്ടും കേരളത്തിൽ യു.ഡി.എഫ്.–ന് 12 സീറ്റ് കിട്ടിയെന്നുപറയുന്നത് ഒരു ദൈവാനുഗ്രഹമായി കണക്കാക്കിയാൽ മതിയെന്നാണ് എന്റെ അഭിപ്രായം. ഈ സാഹചര്യത്തിൽ 12 സീറ്റ് കിട്ടിയത് ഐക്യജനാധിപത്യ മുന്നണിയുടെ കേരള നേതൃത്വത്തിന്റെ ശക്തമായ പ്രവർത്തനംകൊണ്ടാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഞാൻ കോൺഗ്ര സ്സിനെ കുറ്റപ്പെടുത്തി പറയുന്നതല്ല. കോൺഗ്രസ്സിന് ഒരു നല്ല നേതൃത്വമുണ്ടെന്ന് കരുതുന്നവനാണ് ഞാൻ. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, കെ.പി.സി.സി. പ്രസിഡന്റ് വി. എം. സുധീരൻ, മുൻ കെ.പി.സി.സി. പ്രസി ഡന്റായ രമേശ് ചെന്നിത്തല – ഇവരെയൊക്കെ ഞാൻ അംഗീകരിക്കുക യാണ്. പക്ഷേ അതൊടൊപ്പം ഞാൻ ഒരു കാര്യം സൂചിപ്പിക്കുകയാണ്. ഇക്കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ കേരളത്തിലെ ജനങ്ങളിലുണ്ടായ മാനസികമായ മാറ്റങ്ങളെ കണ്ടില്ലെന്ന് നടിക്കരുത്. തിരുവനന്തപുരത്തെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 75,000 വോട്ട് ഡോ. ബെന്നറ്റ് എബ്ര ഹാമിന് കൊടുത്തിരുന്നെങ്കിൽ റിസൽറ്റ് എന്താകുമായിരുന്നുവെന്ന് ചിന്തി ക്കേണ്ടതാണ്. ശ്രീ. കെ. മുരളീധരന്റെ നിയോജക മണ്ഡലത്തിൽപ്പോലും ബി.ജെ.പി. കടന്നുകയറിയെന്നത് നിഷേധിക്കാൻ സാധിക്കുമോ; അതിനെ ചെറുതായി കണ്ടിട്ട് കാര്യമുണ്ടോ? നിങ്ങൾക്ക് ശ്രീ. നരേന്ദ്ര മോദിയെ വേണ മെങ്കിൽ വിമർശിക്കാം. എന്നാൽ ജനമനസ്സിൽ വന്നിരിക്കുന്ന മാറ്റം മനസ്സിലാ ക്കണം. ഇവിടെ മതം പറയരുതെന്നാണ്. എങ്കിലും ഞാൻ ഉള്ളത് ഉള്ളതു പോലെ പറയുന്ന ആളാണ്, എന്നോട് ക്ഷമിക്കണം. മതവും സമുദായവു മൊക്കെ ഈ രാജ്യത്തുണ്ട്. ഇവിടത്തെ ഹൈന്ദവ മത വിഭാഗത്തിനിടയിലു

ണ്ടായിരിക്കുന്ന മാനസികമായ മാറ്റം വളരെ വലുതാണ്. ഇതിന് നമ്മൾ തുല്യ ഉത്തരവാദികളല്ലേ? ഇവിടെ മനുഷ്യക്കടത്ത് സംബന്ധിച്ച ഒരു പ്രശ്നമുണ്ടായി. ഞാൻ ഇക്കാര്യം പരിശോധിച്ചപ്പോൾ മനസ്സിലായത് ആ സ്ഥലത്ത് നടത്തുന്നത് വളരെ മാന്യമായ ഒരു അനാഥ മന്ദിരമാണ്. അവിടെ മനുഷ്യക്കടത്തിന് കൂട്ടുനിൽക്കുന്നവരല്ല. പക്ഷേ, ഒരു ഉദ്യോഗസ്ഥൻ അല്ലെങ്കിൽ അവിടെ ആളുകളെ കൊണ്ടുവരുന്ന ഒരു ഏജന്റ് താൽക്കാലിക ലാഭമുണ്ടാക്കുന്നതിനായി ചെയ്ത വൃത്തികേടാണ് മനുഷ്യക്കടത്തെന്ന പേരിൽ കേരളത്തിൽ ചർച്ച ചെയ്യുന്ന സാഹചര്യമുണ്ടായത്. ഈ വിഷയം കേരത്തിലൊതുങ്ങി നിന്നില്ല, ഇന്ന് ഇൻഡ്യാ രാജ്യം മുഴുവൻ ഇക്കാര്യം ചർച്ച ചെയ്യുകയാണ്. ഒരു വ്യക്തി കാണിച്ച മര്യാദകേടിൽനിന്നാണ് ഈ പ്രശ്നങ്ങളെല്ലാമുണ്ടായത്. ഇത് കേരളത്തിലെ പ്രത്യേക രാഷ്ട്രീയ സാഹചര്യത്തിൽ ഉണ്ടാകുന്നതാണെന്ന് മനസ്സിലാക്കാനും അതിൽനിന്ന് ഒരു സമൂഹത്തെ രക്ഷിക്കാനുമുള്ള ഉത്തരവാദിത്വം നമ്മൾ ഏറ്റില്ലെങ്കിൽ കൂടുതൽ അപകടത്തിലേയ്ക്ക് പോകുമെന്ന ചിന്ത എനിക്കുണ്ട്. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കണമെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. പക്ഷേ, ന്യൂനപക്ഷ പ്രീണനം എന്ന പേരുദോഷമുണ്ടാകാതിരിക്കാൻ കേരളത്തിലെ മുഴുവൻ രാഷ്ട്രീയ കക്ഷികളും ബാദ്ധ്യസ്ഥരാണ്. ഇല്ലെങ്കിൽ കേരളത്തിന്റെ രാഷ്ട്രീയ സാഹചര്യം മാറിയിരിക്കുന്നുവെന്ന് കാലം തെളിയിക്കും, അത് സൂക്ഷിച്ചിരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അങ്ങ് ഇവിടെ സംസാരിച്ചപ്പോൾ, 1977-ലെ തെരഞ്ഞെടുപ്പിൽ ഇന്ദിരാഗാന്ധിയെ തോൽപ്പിച്ചുവെന്നും 1980-ൽ തിരിച്ചുകൊണ്ടുവന്നു എന്നെല്ലാം പറയുന്നത് കേട്ടു. ആരാണ് തിരിച്ചുകൊണ്ടുവന്നത്; മലയാളികളാണോ? 1977-ൽ ഇൻഡ്യയിലെ ജനങ്ങ

ളാണ് ഇന്ദിരാഗാന്ധിയെ തോൽപ്പിച്ചത്. ഞാനും നിങ്ങളും ഉൾപ്പെട്ട മലയാളി സമൂഹം ഇന്ദിരാഗാന്ധിക്ക് 140-ൽ 111 സീറ്റ് നേടിക്കൊടുത്തു. 1980-ൽ ഇന്ദിരാഗാന്ധിക്ക് ഏറ്റവും വലിയ ഭൂരിപക്ഷം കൊടുത്തുകൊണ്ട് ഇൻഡ്യൻ ജനത അവരെ അധികാരത്തിൽ കൊണ്ടുവന്നു. മലയാളികൾ അപ്പോൾ ചെയ്തതെന്താണ്? 140 സീറ്റിൽ 47 സീറ്റ് കൊടുത്ത് കോൺഗ്രസ്സ്-നെ കേരളത്തിൽ പ്രതിപക്ഷത്തിരുത്തി. അപ്പോൾ ഇൻഡ്യൻ ജനതയുടെ ചിന്തയും മലയാളികളുടെ ചിന്തയും രണ്ടാണ്.

കേരളത്തിലെ ജനങ്ങൾ എപ്പോഴും ഇന്ത്യൻ ജനതയുടെ ചിന്താഗതിക്ക് വിരുദ്ധമായി ചിന്തിക്കുന്നവരാണ്. അത് പറയാതിരിക്കാൻ സാധിക്കില്ല. ഇവിടത്തെ ഭരണകക്ഷിയും പ്രതിപക്ഷവും പ്രമുഖകക്ഷികളുമെല്ലാം ഒരേ ലെവലിൽനിന്ന്, ഒരേ രീതിയിൽത്തന്നെ പ്രവർത്തിക്കുന്നവരായതുകൊണ്ട് സത്യം ജനങ്ങളിലെത്തിക്കാൻ തയ്യാറാകുന്നില്ലായെന്നതുകൊണ്ടാണ് ഈ ഗതികേട് കേരളത്തിന് വരുന്നതെന്നാണ് എന്റെ ചിന്ത. ഇത് പറയുമ്പോൾ എന്നോട് ക്ഷമിക്കണം. ഞാൻ പറഞ്ഞ ഈ സത്യത്തെ ഉപേക്ഷിക്കാൻ ആർക്കും കഴിയുകയില്ല. കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിയെ കാണാൻപോയി. കാര്യം കാണാൻ മുഖ്യമന്ത്രിക്ക് പോകേണ്ടിവരും. അതൊന്നും വലിയ തെറ്റായി ഞാൻ കരുതുന്നില്ല. ശ്രീ. നരേന്ദ്ര മോദി പ്രധാനമന്ത്രിയാകുന്നതിന് മുമ്പ് ഇവിടെ വന്നപ്പോൾ ഞാൻ അദ്ദേഹത്തിന്റെ ചിത്രമുള്ള ഒരു ബനിയൻ ഉയർത്തിക്കാണിച്ചെന്ന് പറഞ്ഞ് ഇവിടെ വലിയ പ്രശ്നമുണ്ടായതാണ്. കേരളത്തിലെ ജനങ്ങളുടെ മാനസികനില എന്തെന്ന് ചർച്ച ചെയ്യാതെ നിയമസഭയിലാണെങ്കിലും പുറത്താണെങ്കിലും രാഷ്ട്രീയ കാര്യ

ങ്ങളിൽ ഇടപെടുന്നത് വളരെ സൂക്ഷിച്ചില്ലെങ്കിൽ വലിയ അപകടമുണ്ടാകും. ഈ ചിന്താഗതിയിൽനിന്നും പ്രവർത്തനത്തിൽ നിന്നുമൊക്കെ മാറ്റമുണ്ടാകുന്നതിന് എല്ലാം അറിഞ്ഞുകൊണ്ട് പ്രവർത്തിക്കുന്നത് എല്ലാവർക്കും നല്ലതാണെന്നുമാത്രം പറയുന്നു. കഴിഞ്ഞ മൂന്നുവർഷം വളരെ ശക്തമായി പ്രവർത്തിച്ച് മുന്നോട്ടുപോയ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങളെ ഞാൻ അനുകൂലിക്കുകയാണ്. ഞാനൊരു കാര്യം പറഞ്ഞാൽ ആരും തെറ്റിദ്ധരിക്കരുത്. ഇന്ന് പൊതുഭരണത്തെപ്പറ്റി ചർച്ച നടക്കുന്ന ദിവസമാണ്. എല്ലാ മന്ത്രിമാരും ഇവിടെ നിർബന്ധമായും ഉണ്ടാകേണ്ടതായിരുന്നു. പ്രതിപക്ഷത്തും മുൻനിര മുഴുവൻ ശൂന്യമാണ്, ഇത് ശരിയാണോ? ഭരണകക്ഷിയിലും പ്രതിപക്ഷത്തും കുഴപ്പമുണ്ട്. ഇത് തിരുത്താൻ എല്ലാവരും തയ്യാറാകുന്നത് കേരളത്തിന്റെ നൻമയ്ക്ക് ഗുണകരമാകുമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു.

<u>ശ്രീ. കെ. രാജു</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജിന്റെ പ്രസംഗത്തിൽ ഏറിയ പങ്കും പൊതുഭരണത്തേയും കോൺഗ്രസ്സിനേയും മുഖ്യമന്ത്രിയേയുമൊക്കെ എതിർത്ത് സംസാരിക്കാനാണ് ഉപയോഗിച്ചതെന്നുള്ള വസ്തുത നാമെല്ലാം കേട്ടുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയൊന്ന് മാറിക്കൊടുക്കണം, അദ്ദേഹത്തിന്റെ പാർട്ടിയുടെ നേതാവായ കെ. എം. മാണി സാറിനെ മുഖ്യമന്ത്രിയായി കാണാനുള്ള അവസരമുണ്ടാക്കണമെന്നാണ് അദ്ദേഹം പറഞ്ഞത്. ഐക്യജനാധിപത്യ മുന്നണിയിലെ എല്ലാ മെമ്പർമാരും അത് കേട്ടുകൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രി രാജിവയ്ക്കണെ

മെന്ന് ആവശ്യപ്പെടാൻ അദ്ദേഹത്തിന് തന്റേടമില്ല. അങ്ങനെ ആഗ്രഹിക്കുന്ന തിൽ തെറ്റുണ്ടോയെന്നുള്ള ചോദ്യത്തിലൂടെയാണ് അദ്ദേഹം ആ വിഷയം ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ പൊതുഭരണമെന്ന് പറഞ്ഞാൽ എന്താണ്? പ്രധാനമായും ഉദ്ദേശിക്കുന്നത് ഭരണത്തിന്റെ ഏകോ പനമാണ്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട മുഖമുദ്രയെന്ന് പറയുന്നത് ഏകോപനമില്ലായ്മ തന്നെയാണ്. കഴിഞ്ഞ മൂന്നുവർഷക്കാലത്തെ യു.ഡി.എഫ്. സർക്കാരിന്റെ ഭരണത്തിൽ ഏകോപനം അശേഷമില്ല. വകുപ്പു കൾ തമ്മിൽ ഒരു ഏകോപനവുമില്ല. മന്ത്രിമാരും പാർട്ടികളും തമ്മിൽ അഭി പ്രായ ഐക്യമില്ല. ഏറ്റവും അവസാനം ശ്രീ. പി. സി. ജോർജ് പറഞ്ഞു നിർത്തിയ മനുഷ്യക്കടത്തിന്റെ വിഷയംതന്നെ നമുക്കെടുക്കാം. അതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഉയർന്നുവന്നപ്പോൾ യഥാർത്ഥത്തിൽ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയുടെ നിലപാടായിരുന്നോ തൊട്ടടുത്തി രിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക്; മുഖ്യമന്ത്രിയുടെ നിലപാടായിരുന്നോ ആഭ്യന്തര വകുപ്പുമന്ത്രിക്ക്; ഇവരുടെ നിലപാടായിരുന്നോ ശ്രീ. പി. സി. ജോർജ് അടക്കമുള്ള ഘടകകക്ഷിയിലുള്ള നേതാക്കൻമാർക്ക്? ബഹുമാന പ്പെട്ട മുഖ്യമന്ത്രി ഏകദേശം 24 മണിക്കൂറും ജോലി ചെയ്യുന്നുവെന്നുള്ള കാര്യം ശരിയാണ്. എന്നാൽ, നമ്മുടെ ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയ റ്റിൽ ഭരണം എന്നൊന്നുണ്ടോ; വകുപ്പ് മന്ത്രിമാർ കൃത്യമായി അവരുടെ ഓഫീസുകളിൽ എത്താറുണ്ടോ?. ഏറ്റവും കുറഞ്ഞത് ആഴ്ചയിൽ മൂന്ന് ദിവ സമെങ്കിലും മന്ത്രിമാർ അവരുടെ ഓഫീസുകളിലെത്തി ഫയലുകൾ നോക്കുകയും ഭരണത്തിൽ ഇടപെടുകയും ചെയ്യേണ്ടതാണ്. അങ്ങനെ ചെയ്യാത്തവരാണ് അങ്ങയുടെ മന്ത്രിസഭയിലെ ഭൂരിപക്ഷം ആളുകളും. അങ്

അക്കാര്യം പരിശോധിക്കണം. പലരും ക്യാബിനറ്റ് യോഗത്തിനുവേണ്ടിമാത്രം വരുന്നു. ക്യാബിനറ്റ് യോഗം കഴിയുമ്പോൾ നേരെ മന്ത്രിഭവനങ്ങളിലേയ്ക്ക് പോകുന്നു, അവിടെനിന്ന് സ്വന്തം നാട്ടിൽ പോകുന്നു, അതിനുശേഷം അടുത്ത ക്യാബിനറ്റ് യോഗത്തിന് വരുന്നു. ഇതാണ് നടക്കുന്നത്. അതുകൊണ്ടാണ് പല കാര്യങ്ങളും യഥാർത്ഥത്തിൽ അറിയാതെ പോകുന്നത്. മുല്ലപ്പെരിയാർ അടക്കമുള്ള നാല് ഡാമുകൾ നമ്മുടെ ലിസ്റ്റിൽനിന്നും മാറി തമിഴ്നാടിന്റെ ലിസ്റ്റിലായ വിവരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും  ക്യാബിനറ്റും അറിഞ്ഞില്ല. ഏകോപനമില്ലാത്തതിന്റെ അടിസ്ഥാനത്തിലാണ് ഇതെല്ലാം നടക്കുന്നത്. തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ യു.ഡി.എഫ്.-ന് 12 സീറ്റ് കേരളത്തിൽ കിട്ടിയെന്നത് ഈ ഭരണത്തിന്റെ വലിയൊരു നേട്ടമാണെന്ന് അവകാശപ്പെടുന്നതിൽ യാതൊരു അർത്ഥവുമില്ല.  കേരളത്തിലെ ജനങ്ങൾ എല്ലാ പാർലമെന്റ് തെരഞ്ഞെടുപ്പിലും എല്ലാ അസംബ്ലി തെരഞ്ഞെടുപ്പിലും വ്യത്യസ്തമായിട്ടുള്ള നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. പാർലമെന്റ് തെരഞ്ഞെടുപ്പിൽ കോൺഗ്രസ് അനുകൂലമായി വലിയ നേട്ടം നമ്മുടെ സംസ്ഥാനത്തുണ്ടായ അവസരത്തിൽത്തന്നെ അതിനോട് തൊട്ടു ചേർന്നുവന്ന അസംബ്ലി തെരഞ്ഞെടുപ്പിൽ കേരളത്തിലെ ജനങ്ങൾ വ്യത്യസ്തമായ നിലപാടാണ് സ്വീകരിച്ചത്. ഇന്ത്യയുടെ ഭരണത്തെ സംബന്ധിച്ചുള്ള ഒരു കാര്യമെന്ന നിലയിൽ ജനങ്ങൾ സ്വാഭാവികമായും അധികാരത്തിൽ വരാനിടയുള്ള കക്ഷികളെ നോക്കി വോട്ട് ചെയ്യുന്ന ഒരു ശീലവും രീതിയും കേരള രാഷ്ട്രീയത്തിലുണ്ട്. അത് എല്ലാവർക്കും അറിയാവുന്ന വസ്തുതയാണ്. അല്ലാതെ ഭരണത്തിന്റെ മെച്ചംകൊണ്ടാണ് 12 സീറ്റ് നേടിയതെന്ന് പറയുന്നത് തീരെ ശരിയല്ല.

2009-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ കിട്ടിയതിനെക്കാൾ 4,93,143 വോട്ടുകളാണ് ഈ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-ന് കൂടുതൽ കിട്ടിയത്. എന്നാൽ യു.ഡി.എഫ്.-ന് കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ കിട്ടിയതിനെക്കാൾ 1,10,503 വോട്ട് കുറച്ചാണ് ലഭിച്ചത്. കേരളമൊട്ടാകെ എടുത്താൽ എൽ.ഡി.എഫ്.-ന് വോട്ട് കൂടി എന്നതാണ് യഥാർത്ഥ സ്ഥിതി. നാല് സീറ്റ് മാത്രമായിരുന്നു കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-ന് ലഭിച്ചതെങ്കിൽ ഇപ്പോൾ എട്ട് സീറ്റുകളാണ് ലഭിച്ചിട്ടുള്ളത്. ഇത് മോശപ്പെട്ട കാര്യമാണെന്നു പറയുന്നത് ആടിനെ പട്ടിയാക്കുന്നതുപോലെയാണ്. ഭരണനേട്ടംകൊണ്ടാണ് 12 സീറ്റ് ലഭിച്ചതെന്ന് പറയുന്നതിൽ യാതൊരർത്ഥവുമില്ല. ഇത് ഭരണത്തിന്റെ അംഗീകാരവുമല്ല. ഇവിടെ ജനങ്ങൾക്കുവേണ്ടിയുള്ള ഭരണം നടക്കുന്നില്ല. കേന്ദ്രഗവൺമെന്റിന്റെ തെറ്റായ സാമ്പത്തിക നയം ജനങ്ങളുടെ മേൽ അടിച്ചേൽപ്പിച്ച ഭാരമാണ് ഇൻഡ്യയിൽ ബി.ജെ. പി. അധികാരത്തിൽ വരാൻ ഇടയാക്കിയത്. പെട്രോളിയം ഉല്പന്നങ്ങളുടെ വില നിയന്ത്രിക്കാൻ സാധിച്ചില്ലെന്നും തെറ്റുപറ്റിയെന്നും ഇപ്പോഴെങ്കിലും പറയാൻ നിങ്ങൾ തയ്യാറുണ്ടോ? ഓരോ ആഴ്ചയും വില കൂട്ടാനുള്ള അനുവാദം കുത്തക മുതലാളിമാർക്ക് നൽകിയതുവഴി ജനങ്ങളുടെമേൽ അമിതഭാരം അടിച്ചേൽപ്പിച്ചത് നിങ്ങൾക്ക് പറ്റിയ വീഴ്ചയാണ്. ഇതാണ് യഥാർത്ഥത്തിൽ നിങ്ങളുടെ പരാജയത്തിന് കാരണമായതെന്ന് അംഗീകരിക്കാൻ നിങ്ങൾ തയ്യാറല്ല. ശ്രീ. പി. സി. ജോർജ് ചൂണ്ടിക്കാണിച്ചതുപോലെ തീരദേശനിയമവും കസ്തൂരിരംഗൻ നിയമവും വഴി നിങ്ങൾ ജനങ്ങളെ വഞ്ചിക്കുകയാണ് ചെയ്തത്. കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് ഭേദഗതി കൊണ്ടുവന്ന് പ്രശ്നമെല്ലാം തീർന്നു എന്നാണ് നിങ്ങൾ പറഞ്ഞത്. പ്രശ്നമെല്ലാം തീർന്നെങ്കിൽ, കേരളത്തിന്റെ

കാര്യം കൂടി കേട്ടതിനുശേഷമേ ഇത് നടപ്പിലാക്കാവൂ എന്ന് മുഖ്യമന്ത്രി പുതിയ പ്രധാനമന്ത്രിയെ കണ്ട് പറഞ്ഞതെന്തിനാണ്? കേരളത്തിലെ അതേ കക്ഷികളുടെ ഭരണം കേന്ദ്രത്തിലുണ്ടായിരുന്നിട്ടും സംസ്ഥാനത്തെ ജന ങ്ങൾക്ക് അനുഗുണമായ രീതിയിൽ കാര്യങ്ങൾ നേടിയെടുക്കുന്നതിൽ കോൺഗ്രസ് പരാജയപ്പെട്ടു എന്നാണ് ഇതിൽനിന്നും മനസ്സിലാകുന്നത്. ഇവിടെ ശ്രീ. കെ. മുരളിയെ പോലുള്ളവർ പറഞ്ഞത്, വർഗ്ഗീയതയ്ക്കെതി രായി നിങ്ങളും ഞങ്ങളുമായി ചേർന്നുള്ള ഒരു പോരാട്ടം ഇൻഡ്യാരാജ്യത്ത് വളർത്തിക്കൊണ്ടുവരണമെന്നാണ്. ഈ രാജ്യത്തെ ജനങ്ങളെ പട്ടി ണിയിലാഴ്ത്തിക്കൊണ്ടിരിക്കുന്ന സാമ്പത്തിക നയം തിരുത്താൻ കോൺഗ്രസ് തയ്യാറാണോ? അങ്ങനെ തിരുത്തി മുന്നോട്ടുവന്നാൽ വർഗ്ഗീയതയുടെ കാര്യ ത്തിൽ ആരുമായും യോജിച്ച് മുന്നോട്ടുപോകുന്നതിന് ഞങ്ങൾക്ക് യാതൊരു വിധ തടസ്സവുമില്ല. ഇടതുപക്ഷ-കമ്മ്യൂണിസ്റ്റ് പാർട്ടികൾ വർഗ്ഗീയതയ്ക്കെതി രായുള്ള ചെറുത്തുനിൽപ്പ് തങ്ങൾക്കാകുംവിധം നടത്തിക്കൊണ്ടിരിക്കുക യാണ്. അങ്ങനെയുള്ള നയം തുടരുമെന്നാണ് ആർ.എസ്.പി. യുടെ പ്രതി നിധിയായ ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ പാർലമെന്റിൽ നടത്തിയ ആദ്യ പ്രസംഗത്തിൽ പറഞ്ഞത്. ഇവിടെ അദ്ദേഹത്തിന്റെ നയമെന്താണ്? ശ്രീ. കോവൂർ കുഞ്ഞുമോനും ശ്രീ. എ. എ. അസീസും അപ്പുറത്ത് മാറിയിരിക്കു ന്നതിൽ എന്തൊക്കെയോ ഗൂഢലക്ഷ്യങ്ങളുണ്ടെന്നാണ് അറിയാൻ കഴി ഞ്ഞത്. കൊല്ലത്ത് ശ്രീ. എം. എ. ബേബിയെ സ്ഥാനാർത്ഥിയായി മുൻകൂട്ടി നിശ്ചയിച്ചതുകൊണ്ടാണ് അപ്പുറത്ത് പോയത് എന്നുപറയുന്നത് സത്യമാണോ? ശ്രീ. പീതാംബരക്കുറുപ്പ് വെളിപ്പെടുത്തിയത് വളരെ നേരത്തെതന്നെ ഒരു ഗൂഢാലോചന നടത്തിയിട്ടുണ്ടെന്നാണ്. കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജോസഫ് ഗ്രൂപ്പിൽ ഉൾപ്പെടുന്ന രണ്ടോ

മൂന്നോ എം.എൽ.എ. മാർ പുറത്തു പോയാൽ പകരം ആളിനെ കിട്ടിയാലേ ഭൂരിപക്ഷം നിലനിർത്താനും മന്ത്രിസഭ നിലനിർത്താനും സാധിക്കുകയുള്ളൂ എന്ന് മനസ്സിലാക്കി നേരത്തെതന്നെ അതിനുള്ള കരുക്കൾ നീക്കിയ തന്ത്ര ജ്ഞനായ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ഏർപ്പാടുകളായിരുന്നു ഇതെല്ലാമെന്ന് മനസ്സിലാക്കാം. അതുകൊണ്ടാണ്, ഇതുസംബന്ധിച്ച ആലോച നകളെല്ലാം നേരത്തെ നടത്തിവച്ചിരുന്നതാണെന്ന് ശ്രീ. പീതാംബരക്കുറുപ്പ് പറഞ്ഞത്. ഇതുവരെ പറഞ്ഞിരുന്ന രാഷ്ട്രീയവും നയവും പരിപാടി കളുമെല്ലാം ഒരു രാത്രികൊണ്ട് ഉപേക്ഷിച്ച് മറുഭാഗത്ത് പോകുന്നത് ജനങ്ങ ളോടുള്ള രാഷ്ട്രീയ വഞ്ചനയല്ലേ? ആർ.എസ്.പി. പോലുള്ള ഒരു വിപ്ലവ പാർട്ടിക്ക് അവർ പിന്തുടർന്നുവന്ന നയത്തിന് മാറ്റം വരുത്തണമെങ്കിൽ പ്ലീനമോ സമ്മേളനമോ ചേർന്നുകൊണ്ട് വേണമായിരുന്നു. അതല്ലാതെ, സംഘടനാപരമായി ബാധ്യതയുള്ള ഒരു പാർട്ടി ഒരു സീറ്റിന്റെ കാര്യം പറഞ്ഞുകൊണ്ട് തലേ ദിവസം കിടന്നുറങ്ങിയിടത്ത് പിറ്റേ ദിവസം വെളുക്കു മ്പോൾ കാണുന്നില്ല എന്ന രീതിയിലുള്ള ഒരു സമീപനം സ്വീകരിച്ചത് ശരിയാ യില്ല. ആർ.എസ്.പി. യുടേതുൾപ്പെടെയുള്ള 12 സീറ്റുകൾ കഴിഞ്ഞ പാർല മെന്റ് തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് കിട്ടിയ അംഗീകാരമാണെന്നും ജനങ്ങൾ നൽകിയ ബ്ലാങ്ക് ചെക്കാണെന്നും പറയുന്നതിൽ യാതൊരർത്ഥവുമില്ല. ഇത്തരം ജനവിരുദ്ധ നയങ്ങളുമായിട്ടാണ് മുന്നോട്ടുപോകുന്നതെങ്കിൽ രാജ്യത്തുനിന്ന് ഇപ്പോൾ തുടച്ചുനീക്കപ്പെട്ട കോൺഗ്രസ് ഇനിയൊരിക്കലും രക്ഷപെടാൻ പോകുന്നില്ല. ജനാധിപത്യ വിരുദ്ധമായിട്ടുള്ള സമീപനങ്ങൾ സ്വീകരിച്ചാണ് മുന്നോട്ടു പോകുന്നതെങ്കിൽ അസംബ്ലി തെരഞ്ഞെടുപ്പ് കഴിയു മ്പോൾ കേരളത്തിൽ യു.ഡി.എഫ്. വീണ്ടും അധികാരത്തിൽ വരികയില്ല.

ആ സ്വപ്നം നടക്കാൻ പോകുന്നില്ല എന്നുമാത്രമേ എനിക്ക് ഈ അവസരത്തിൽ പറയാനുള്ളു. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുകയാണ്. ഈ ചർച്ചയിൽ നമ്മുടെ ദേശീയ രാഷ്ട്രീയത്തിൽ വന്നുപെട്ടിട്ടുള്ള ശുഭോദർക്കമല്ലാത്ത ഒരു പ്രവണതയെ സംബന്ധിച്ചും ഒരു കനത്ത ഭീഷണിയെ സംബന്ധിച്ചും എല്ലാ അംഗങ്ങളും ആശങ്കകൾ പങ്കുവയ്ക്കുകയുണ്ടായി. എന്നാൽ അതിൽ നിന്ന് വ്യത്യസ്തമായ ചില പ്രസംഗങ്ങളും ഇവിടെ നടന്നു. ശ്രീ. പി. കെ. ബഷീറിന്റെ പ്രസംഗം അതിനുദാഹരണമാണ്. അദ്ദേഹം ഇവിടെ ആർക്കുവേണ്ടിയാണ് വാദിച്ചതെന്നോ ആരെയാണ് പ്രീണിപ്പിച്ചതെന്നോ എന്താണ് ലക്ഷ്യമെന്നോ ആർക്കും മനസ്സിലായിട്ടില്ല. എന്തിന്റെ നന്ദിയാണ് അദ്ദേഹം പ്രകടിപ്പിച്ചത്? *'കൊണ്ടു നടന്നതും നീയേ ചാപ്പാ, കൊണ്ടുപോയി കൊല്ലിച്ചതും നീയേ..'* എന്നു പറഞ്ഞതുപോലെ അദ്ദേഹത്തെ പ്രമാദമായ ഒരു കേസ്സിൽ കുടുക്കിയത് ഈ ഗവൺമെന്റാണ്. ഈ ഗവൺമെന്റിന്റെ പോലീസ് തയ്യാറാക്കിയ എഫ്.ഐ.ആർ. പ്രകാരമണ് അദ്ദേഹം കൊലക്കേസ് പ്രതിയായത്. അതിനുശേഷം അദ്ദേഹത്തെ അതിൽനിന്ന് രക്ഷപ്പെടുത്തിയതും ഇതേ പോലീസാണ്. അങ്ങനെ അദ്ദേഹത്തെ ഇത്തരത്തിൽ പ്രസംഗിക്കാൻ ബാദ്ധ്യതപ്പെടുത്തി. ഏൽപ്പിച്ചുകൊടുത്ത പണി അദ്ദേഹം ഭംഗിയായി ഇവിടെ നിർവ്വഹിച്ചു. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പൂർണ്ണമായും സി.പി.ഐ.(എം.)-നെയാണ് കുറ്റപ്പെടുത്തിയത്. ഇന്നു നാം അനുഭവിക്കുന്ന ഈ ബുദ്ധിമുട്ട് എന്നാണ് ആരംഭിച്ചതെന്ന് അദ്ദേഹം ആലോചിക്കേണ്ടതായിരുന്നു. 1984-ൽ ഇന്ദിരാഗാന്ധിയുടെ

വധത്തെത്തുടർന്ന് ഈ രാജ്യത്ത് സിക്കു വിരുദ്ധ കലാപമുണ്ടായി. ആ കലാപത്തിനുശേഷം നടന്ന തെരഞ്ഞെടുപ്പിൽ ഹിന്ദുത്വ ഏകീകരണമുണ്ടായതുകൊണ്ടാണ് കോൺഗ്രസിന് 414 സീറ്റുകൾ കിട്ടിയതെന്ന് രാജീവ് ഗാന്ധി തെറ്റിദ്ധരിച്ചു. അതിന്റെ നന്ദി സൂചകമായി സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ പൂട്ടിക്കിടന്നിരുന്ന അയോദ്ധ്യയിലെ തർക്കഭൂമിയിൽ ശിലാന്യാസം നടത്താനുള്ള അനുവാദം ആർ.എസ്.എസ്.-ന് കൊടുത്തു. രാജീവ് ഗാന്ധി ശിലാന്യാസത്തിനായി അനുവാദം കൊടുത്തപ്പോൾ ഇൻഡ്യയിലെ മതനിരപേക്ഷ കക്ഷികളും ദേശീയോദ്ഗ്രഥന കൗൺസിലും തെറ്റാണ് ചെയ്യുന്നതെന്നും വലിയ തീയാണ് കൊളുത്തുന്നതെന്നും സൂചിപ്പിക്കുകയുണ്ടായി. പക്ഷേ, അന്ന് അതിനെ അനുകൂലിച്ച ഒരു പുരുഷ നാമധാരിയായ പത്രവും ഒരു സ്ത്രീനാമധാരിയായ പത്രവുമുണ്ടായിരുന്നു. ഒരു പുരുഷ പത്രത്തിന്റെ പേര് കേസരി എന്നും സ്ത്രീ പത്രത്തിന്റെ പേര് ചന്ദ്രിക എന്നുമായിരുന്നു. ഈ രണ്ടുപത്രങ്ങളും പറഞ്ഞത് ശിലാന്യാസം നടന്നത് തർക്ക ഭൂമിയിലല്ല എന്നായിരുന്നു. മുസ്ലീംലീഗിന്റെ മുഖപത്രമായ ചന്ദ്രിക അന്ന് ആ പ്രവൃത്തിയെ ന്യായീകരിക്കുകയാണ് ചെയ്തത്. അന്ന് വിതച്ച വിഷവിത്താണ് ഇന്ന് രാജ്യത്തിന്റെ ഭരണം പിടിച്ചെടുക്കുന്ന നിലയിലേയ്ക്ക് വന്നത്. രാഷ്ട്രപിതാവിന്റെ മരണശേഷം ചരിത്രത്തിന്റെ ചവറ്റുകുട്ടയിലേക്ക് വലിച്ചെറിയപ്പെട്ട ആർ.എസ്.എസ്.-നെ ദേശീയ രാഷ്ട്രീയത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവന്ന പാപം 1984-ൽ രാജീവ് ഗാന്ധി ഗവൺമെന്റാണ് ചെയ്തത്. അത് മറന്നുകൊണ്ടാണ് ശ്രീ. പി. കെ. ബഷീറിനെപ്പോലുള്ള ആളുകൾ പ്രസംഗിക്കുന്നത്. ആശയദൃഢതയില്ലാത്ത, ദിശാബോധമില്ലാത്ത, ലക്ഷ്യമില്ലാത്ത ഒരു ഗവൺമെന്റാണിത്. അതുകൊണ്ടാണ് ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥ

നകളെ ഞാൻ എതിർക്കുന്നത്. ‘*തിരയുന്നതാരെയെന്നത് തീരെയറിയാതെ, ചുറ്റിത്തിരിഞ്ഞലഞ്ഞൊലിച്ചെത്തുന്നൊരരുവിപോലെ*’ എന്ന് ഗീതാഞ്ജലിയിൽ പറയുന്നതുപോലെ, എന്താണ് ചെയ്യുന്നതെന്നും ആരാണ് നയിക്കുന്നതെന്നും എന്താണ് തീരുമാനമെന്നുമറിയാതെ അങ്ങോട്ടുമിങ്ങോട്ടും ഒഴുകുന്ന ദിശാബോധമില്ലാത്ത ഒരു ഗവൺമെന്റാണിത്. ഈ ഗവൺമെന്റിന് രാഷ്ട്രീയമായ പ്രത്യയശാസ്ത്രമില്ല. രാഷ്ട്രീയത്തിൽ ആശയങ്ങളോട് പ്രതിബദ്ധതയില്ലാത്തവർക്കുള്ള ശിക്ഷ രാഷ്ട്രീയമായ മരണമാണ്. ‘സോക്രട്ടീസുമാർ മനുഷ്യവംശത്തിന്റെ ഭാഗധേയം നിർണ്ണയിക്കുന്ന കാലത്തുമാത്രമേ നീതി പുലരുകയുള്ളൂ. കാരണം തത്വജ്ഞാനികൾ ഭരണാധികാരികളാകണം. അല്ലെങ്കിൽ ഭരണാധികാരികൾക്ക് ഒരു തത്വജ്ഞാനമുണ്ടായിരിക്കണം’ – പ്ലേറ്റോ പറഞ്ഞതാണിത്.

ഒരു തത്വശാസ്ത്രവുമില്ലാത്ത ഭരണാധികാരികൾ നാടിന് വലിയ അപകടമാണുണ്ടാക്കിയിട്ടുള്ളത്. നിങ്ങൾ തത്വചിന്ത പഠിക്കേണ്ട, തത്വജ്ഞാനികളുമാകണ്ട, പക്ഷെ ഒരു മിനിമം മര്യാദ വേണം. ഈ ഗവൺമെന്റിനെ നയിക്കുന്ന ഫിലോസഫി എന്താണ്; നിങ്ങൾ ഗാന്ധിയന്മാരാണോ; ഗാന്ധിസത്തെ പൂർണ്ണമായും പുൽകിയിട്ടുണ്ടോ; നിങ്ങൾ കമ്മ്യൂണിസത്തെ അംഗീകരിക്കുന്നുണ്ടോ; സോഷ്യലിസത്തെ അംഗീകരിക്കുന്നുണ്ടോ; നിങ്ങൾ ആത്മീയ വാദികളാണോ; പുരാണങ്ങളുടേയും ഇതിഹാസങ്ങളുടേയും അടിത്തറ അംഗീകരിക്കുന്നുണ്ടോ; നിങ്ങൾ മുതലാളിത്തത്തിന്റെ വക്താക്കളാണോ; എന്താണ് നിങ്ങളുടെ ഐഡിയോളജി; നിങ്ങൾ ഓരോ സമയത്തും തോന്നുന്നതുപോലെയുള്ള നിലപാട് സ്വീകരിക്കും. മുത്തൂറ്റ്–ചെമ്മ

ണ്ണൂർ–കൊശമറ്റം–മണപ്പുറം പിന്നെ മലപ്പുറം–പാലാ ഇതാണ് ഈ ഗവൺമെന്റിന്റെ ഫിലോസഫി. ഈ പരിപാടിയുമായി നടക്കുന്നതുകൊണ്ട് നിങ്ങൾ രാവിലെ ഒന്നു ചെയ്യും, ഉച്ചയ്ക്ക് വേറൊന്നു ചെയ്യും. ഇത് നിങ്ങളെ യുംകൊണ്ടേ പോകൂ. മൻമോഹൻ സിംഗ് –ചിദംബരം– അലുവാലിയ ഈ ത്രയങ്ങൾ ഇപ്പോൾ എവിടെപ്പോയി; കഴിഞ്ഞ അഞ്ചുകൊല്ലം ഈ രാജ്യത്തെ ജനങ്ങളുടെ നെഞ്ചിൽകയറി നടത്തിയ താണ്ഡവനൃത്തം എന്തായിരുന്നു? ആ താണ്ഡവനൃത്തത്തിന് നേതൃത്വം കൊടുത്ത ശ്രീ. പി. ചിദംബരം ഇപ്പോൾ എവിടെപോയി; ആ അവസ്ഥയിലേയ്ക്ക് ചാണ്ടി–മാണി–കുഞ്ഞാലി ടീമും ആയിപ്പോകരുതെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. കോൺഗ്രസ്സ് ഇന്ത്യയിൽ മരിച്ചുകഴിഞ്ഞു. കേരളത്തിൽ മരിക്കാൻ പഠിക്കുകയാണ് എന്നുള്ളതാണ് ഇപ്പോൾ തെളിയിച്ചുകൊണ്ടിരിക്കുന്നത്. പാബ്ലോ നെരുദ–യുടെ വിശ്വപ്രസിദ്ധമായ 'മരിക്കാൻ പഠിക്കൽ' എന്ന കവിതയിൽ മരണശേഷം അദൃശ്യനായി ഭാര്യയും മക്കളും ഉറങ്ങിക്കിടക്കുന്നതും അടുക്കള സുഗന്ധങ്ങളും കണ്ടാസ്വദിക്കുന്ന ഒരാളെക്കുറിച്ചാണ് പറയുന്നത്. അതുപോലെ മരിക്കാൻ പഠിക്കുകയാണ്. പൂർവ്വാശ്രമത്തിലെ അടുക്കള സുഗന്ധങ്ങൾ അയവിറക്കി കോൺഗ്രസ്സിന് കേരളത്തിൽ അല്പം ആശ്വസിക്കാൻ കഴിയുന്നത് കേരളത്തിൽ ഇടതുപക്ഷമുള്ളതുകൊണ്ടല്ലേ; ഈ തെരഞ്ഞെടുപ്പിനുശേഷം ഇവിടെ ഒരുപാട് കുമ്പസാരങ്ങൾ നടക്കുന്നുണ്ട്. നയങ്ങളെല്ലാം തെറ്റായിരുന്നുവെന്ന് ശ്രീ. പി.സി. ജോർജ് പറഞ്ഞു. ഡോ. മൻമോഹൻ സിംഗ് പല തെറ്റുകൾ ചെയ്തു, ജനങ്ങളെ മറന്നു, നയങ്ങൾ മറന്നു. ഇതൊന്നും കേരളത്തിൽ നടപ്പിലാക്കാത്തതുകൊണ്ടാണ് കേരളത്തിൽ ഞങ്ങൾ പിടിച്ചുനിന്നതെന്ന് മുൻ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞു.

എന്താണ് കേരളത്തിൽ നടപ്പിലാക്കാതിരിക്കാനുള്ള കാരണം; കേരളത്തിലെ കോൺഗ്രസ്സിന് പ്രത്യേകിച്ച് വല്ല വാലുമുണ്ടായിരുന്നോ; ആരാണ് നിങ്ങളെ ഇതിൽനിന്നും തടസ്സപ്പെടുത്തിയത്; ചില്ലറ വ്യാപാര മേഖലയിലെ വിദേശ നിക്ഷേപം കേരളത്തിൽ സമ്മതിക്കില്ലെന്നു പറഞ്ഞു. കേരളത്തിൽ മാത്രം സമ്മതിക്കാത്തത് എന്തുകൊണ്ടാണ്; ഇന്ത്യ മുഴുവൻ നടപ്പിലാക്കാതിരിക്കാൻ എന്തുകൊണ്ട് നിങ്ങൾക്ക് കഴിഞ്ഞില്ല; വൈദ്യുതിയുടെ സ്വകാര്യവത്ക്കരണം രാജ്യം മുഴുവൻ ആശ്ലേഷിച്ചപ്പോൾ കേരളത്തിൽ അത് പറ്റില്ലെന്ന് തീരുമാനിച്ചതെന്തുകൊണ്ടാണ്? കുടിവെള്ള സ്വകാര്യവത്ക്കരണം കൊണ്ടുവന്നതുപോലെതന്നെ തിരിച്ചുകൊണ്ടുപോകേണ്ടിവന്നതെന്തുകൊണ്ടാണ്; പെട്രോൾ വില വർദ്ധന വന്നപ്പോൾ നികുതി കൂട്ടിയില്ലേ ഇതൊക്കെ ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞതാണ്. നിങ്ങൾ ഈ രാജ്യത്താകമാനം അടിച്ചേല്പ്പിച്ച ജനവിരുദ്ധ നയങ്ങൾ കേരളത്തിൽ നടപ്പിലാക്കാതിരിക്കാനുള്ള കാരണം ഇവിടെ ഇടതുപക്ഷത്തിന്റെ സാന്നിദ്ധ്യമുള്ളതുകൊണ്ടായിരുന്നു. ഇത് ആന്ധ്രാപ്രദേശിലും മറ്റ് സംസ്ഥാനങ്ങളിലെല്ലായിടത്തും നടപ്പാക്കാൻ കഴിഞ്ഞില്ലല്ലോ. ഇവിടത്തെ ഇടതുപക്ഷ മനസ്സും ഇടതുപക്ഷ സമൂഹവും ഉണ്ടാക്കിയ പൊതുബോധത്തിൽനിന്ന് ലഭിക്കുന്ന ശ്വാസവായുവിന്റെ ബലത്തിൽ തത്ക്കാലം ജീവിച്ചിരിക്കുന്ന കോൺഗ്രസ്സാണ് കേരളത്തിലേത്. നിങ്ങളുടെ യഥാർത്ഥ നയം നടപ്പിലാക്കിയിരുന്നുവെങ്കിൽ കേരളത്തിൽ നിങ്ങൾ ചത്ത് മണ്ണടിഞ്ഞുപോകുമായിരുന്നു. ആ ശ്വാസവായുകൂടി വേണ്ടെന്ന നിലപാടിലേയ്ക്ക് നിങ്ങൾ പോകുകയാണ്. നിങ്ങളുടെ കോർപ്പറേറ്റ് പ്രണയം എവിടെയെത്തി? കോർപ്പറേറ്റ് പ്രണയത്തിന്റെ മറുപുറമാണ് ഇപ്പോൾ നിങ്ങൾ കണ്ടുകൊണ്ടിരിക്കുന്നത്. 'അറയ്ക്കൽ ബീവിയെ കെട്ടാൻ

അര സമ്മതം' എന്ന് കേട്ടിട്ടുണ്ട്. പക്ഷേ 'അറയ്ക്കൽ ബീവിയെ സേവിക്കാൻ അരസമ്മതം' എന്നുപറഞ്ഞാണ് കോൺഗ്രസ്സ് നടന്നത്. കോർപ്പറേറ്റ് ബീവിയുടെ കൊട്ടാരമുറ്റത്ത് ദാസ്യവേല ചെയ്യുന്ന പണിയാണ് കോൺഗ്രസ്സ് ഇത്രയുംകാലം ചെയ്തത്. ആ ബീവി ഇപ്പോൾ എന്തുചെയ്തു; അല്പം കൂടി മൊഞ്ചുള്ള ഒരടിമയെ കണ്ടപ്പോൾ അങ്ങോട്ടു മാറിപ്പോയി. കോൺഗ്രസ്സിനെ പുറംകാലുകൊണ്ട് ചവിട്ടി. നല്ല മൊഞ്ചുള്ള മോദിയെ കണ്ടപ്പോൾ കോർപ്പറേറ്റ് ബീവിക്ക് താത്പര്യം അങ്ങോട്ടായി. എന്നാൽപ്പോലും ഈ അടിമപ്പണി നിർത്തുമെന്നുള്ള നിലപാട് നിങ്ങൾ സ്വീകരിക്കുന്നുണ്ടോ; ഒരു നിലപാടും സ്വീകരിക്കാൻ നിങ്ങൾ തയ്യാറല്ല. വിവിധ സേവനങ്ങൾ സ്വകാര്യമേഖലയ്ക്ക് കൈമാറുന്നതിന്റെ ദൂഷ്യഫലങ്ങൾ രാജ്യം മുഴുവൻ അനുഭവിച്ചുകൊണ്ടിരിക്കുമ്പോൾ വീണ്ടും പി.പി.പി.-യെക്കുറിച്ചാണ് നിങ്ങൾ പറയുന്നത്. ഇവിടെ ഒരു 676 -നെക്കുറിച്ച് കേൾക്കുന്നുണ്ട്. 786 കേട്ടിട്ടുണ്ട്. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിക്കും, ശ്രീ. പി. കെ. ബഷീറിനുമൊക്കെ അറിയാം. ബിസ്മില്ലാഹി റഹ്മാനി റഹീം- ഇസ്ലാംമത വിശ്വാസികൾ നല്ലതായി കരുതുന്ന നമ്പരാണ്. അതുപോലെ 313- പ്രവാചകന്റെ നേതൃത്വത്തിൽ ബദർ യുദ്ധത്തിന് പോകുമ്പോൾ ഉണ്ടായിരുന്ന അംഗങ്ങളുടെ എണ്ണമാണ്. ഇതൊക്കെ ചരിത്രത്തിൽ നമ്മൾ കേട്ടിട്ടുണ്ട്. എന്താണ് ഈ 676; ഈ ഗവൺമെന്റിന്റെ അന്ത്യം കുറിക്കുന്ന ദിവസമാണോ 676? ഇതുപോലെയുള്ള എത്ര തട്ടിപ്പുകൾ ഇവിടെ കൊണ്ടുവന്നു; ഒരു ഗവൺമെന്റിനെ വിലയിരുത്തുന്നത് പ്രധാനമായും മൂന്നുനാല് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. (1) ഒരു നയം വേണം. (2) ഒരു സിസ്റ്റം വേണം, (3) ജീവിതത്തെ സംരക്ഷിക്കുന്നതിന് ഒരു ജീവിത പരിരക്ഷ ഉറപ്പുവരുത്തണം, (4) ഒരു മുൻഗ

ണനാ മാനദണ്ഡം വേണം. ഇതിൽ ഏതെങ്കിലും ഈ ഗവൺമെന്റിനുണ്ടോ; ഈ ഗവൺമെന്റിന്റെ മദ്യനയം എന്താണ്; നിങ്ങൾ ബാറുകൾ പൂട്ടുമോ; ക്ലാസിഫിക്കേഷനുള്ള ബാറുകൾക്ക് അവസരം കൊടുക്കുമോ; കേരളം ഭരിക്കുന്ന പാർട്ടിയുടെ പ്രസിഡന്റ് പറഞ്ഞതായി ഇന്നത്തെ പത്രത്തിൽ വന്നത് 'ബാറുകൾ പൂട്ടിയപ്പോൾ കേരളമാകെ മാറിപ്പോയി' എന്നാണ്. അതേസമയം ബഹുമാനപ്പെട്ട മന്ത്രി കെ. ബാബു കഴിഞ്ഞ ദിവസം ഇവിടെ പറഞ്ഞത് 200 കോടി രൂപയുടെ മദ്യം അധികം വിറ്റു എന്നാണ്. ഇതിൽ ഏതാണ് നിങ്ങളുടെ നയം; ആരാണ് നിങ്ങളുടെ നയം തീരുമാനിക്കുന്നത്; എമർജിംഗ് കേരള– എമർജിംഗ് മാഫിയ എന്നാണ് ശ്രീ. വി.എം. സുധീരൻ വിശേഷിപ്പിച്ചത്. അനാഥാലയങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ നയമെന്തായിരുന്നു; അനാഥാലയങ്ങളിൽനിന്നും നമ്മൾ സന്തോഷപൂർവ്വം പായ്ക്ക്ചെയ്ത് കുറെ കുട്ടികളെ അയച്ചു. ദുരിതത്തിന്റെ കടലിലേയ്ക്കാണ് ആ പാവപ്പെട്ട കുട്ടികളെ അയച്ചത്. ഝാർഖണ്ഡിലും ബീഹാറിലുമുള്ള അടിമപ്പണിക്ക് ഈ നാട്ടിൽവന്ന കുട്ടികളെ തിരിച്ചയയ്ക്കുന്ന സ്ഥിതിയാണുണ്ടായത്. 370–ാം വകുപ്പെടുത്ത് മനുഷ്യക്കടത്ത് എന്നൊരു നിലപാട് സ്വീകരിച്ചു. പിന്നീട് ഞങ്ങൾ മനുഷ്യക്കടത്തെന്ന് ഒരിക്കലും പറഞ്ഞിട്ടില്ലെന്നു പറഞ്ഞു. ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ അതിനെക്കുറിച്ച് പറഞ്ഞല്ലോ. അതിലുള്ള നിയമപരമായ പിശകുകൾ പരിശോധിച്ച് തീർക്കണമായിരുന്നു. ഒരു ഭാഗത്ത് നിങ്ങൾ 370–ാം വകുപ്പെടുത്തു. മുഖ്യമന്ത്രി യോഗം വിളിച്ച് അതിലെ എഫ്.ഐ.ആർ. എന്തായിരിക്കണമെന്ന് തീരുമാനിച്ചു. കേരളത്തിൽ എവിടെയെങ്കിലും ഇത് കേട്ടിട്ടുണ്ടോ; ബ്ലേഡ് മാഫിയകൾക്കെതിരായി നടത്തുന്ന 'ഓപ്പറേഷൻ കുബേര' നല്ലൊരു കാര്യമാണ്. ഒരു ഭാഗത്ത് ഓപ്പറേഷൻ കുബേര

നടത്തുന്ന അതേ ഗവൺമെന്റുതന്നെയാണ് സഹകരണ കുബേര നടത്തുന്നത്. കേരളത്തിലെ വട്ടിപ്പലിശക്കാരിൽനിന്ന് പാവപ്പെട്ട കൃഷിക്കാരേയും സാധാരണക്കാരേയും രക്ഷിക്കാൻവേണ്ടി വളർത്തിയെടുത്ത ഒരു മഹാപ്രസ്ഥാനമായിരുന്നു സഹകരണ പ്രസ്ഥാനം. ആ സഹകരണപ്രസ്ഥാനത്തെ മുച്ചൂടും മുടിക്കുന്ന ഒരു നയമാണ് കേന്ദ്രഗവൺമെന്റ് നടപ്പിലാക്കുന്നത്. ഒരു സെൻട്രൽ ആക്ടിന് അനുബന്ധമായി ആക്ടുണ്ടാക്കി അതിനൊപ്പം ചേരേണ്ട സ്ഥിതി എന്തായിരുന്നു; അവിടെ നിങ്ങൾക്ക് നയമില്ല. സഹകരണ നയത്തിന് എതിരാണെന്ന് നിങ്ങൾ പുറമെ പറയും. പക്ഷെ സെൻട്രൽ ആക്ടിനനുസരിച്ച് നിങ്ങൾ നടപ്പിലാക്കും. പെൻഷൻ പ്രായം കൂട്ടില്ല എന്ന്പറഞ്ഞുകൊണ്ടേയിരിക്കും. പക്ഷെ ഓരോ ഡിപ്പാർട്ടുമെന്റുകളിലായി പെൻഷൻ പ്രായം കൂട്ടും. കോൺട്രിബ്യൂട്ടറി പെൻഷന്റെ പരിധിയിൽ വരുന്നവർക്കെല്ലാം പെൻഷൻപ്രായം കൂട്ടുന്നതിനുവേണ്ടിയുള്ള തീരുമാനമെടുക്കും. കുടുംബശ്രീക്ക് നിങ്ങൾ എതിരല്ലെന്നുപറയും. പക്ഷേ ജനശ്രീയെ വളർത്താൻ ശ്രമിക്കും. ഇതാണ് പ്രശ്നം. ഒരു പോളിസിയില്ലാത്ത ഗവൺമെന്റിന് എങ്ങനെയാണ് ഒരു നാടിനെ നയിക്കാൻ കഴിയുന്നത്; ഒരു സർക്കാരിന്റെ സകല ഭരണ സംവിധാനവും ഏതാണ്ട് തകർന്നുപോയില്ലേ;. 2012 മാർച്ചിൽ 1,73,873 ഫയലുകളാണ് കെട്ടിക്കിടന്നത്. ഇപ്പോൾ 2014 ഫെബ്രുവരിയിൽ അത് 4 ലക്ഷമായി വർദ്ധിച്ചു. 2,30,741 ഫയലുകളിൽ പാവപ്പെട്ടവരുടെ ജീവിതമാണ് ഉറങ്ങുന്നത്. അതിൽ 25 ശതമാനം അതായത് 56,878 ഫയലുകൾ മാത്രമാണ് തീർപ്പാക്കിയത്. നിങ്ങളുടെ സേവനാവകാശ നിയമം എവിടെപ്പോയി; പാവങ്ങളുടെ തലയിൽക്കയറി ചടഞ്ഞിരുന്നത് ആരാണ്; ഐ.എ.എസ്-കാർ നാടുവിട്ടുപോകുന്നു. ഇവിടെ നേരത്തെ ശ്രീ.

കെ. രാജു സൂചിപ്പിച്ചതുപോലെ ആഴ്ചയിൽ മന്ത്രിസഭാ യോഗം ചേരുന്നതിനുവേണ്ടി മാത്രം തിരുവനന്തപുരത്ത് വന്നുപോകുന്ന മന്ത്രിമാർ ഈ ഫയലുകൾ സംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തുന്നുണ്ടോ; കേരള കേഡറിലെ 131 ഐ.എ.എസ്-കാരിൽ 70 പേരും ഡെപ്യൂട്ടേഷനിലാണ്. ബാക്കി 61 പേർക്ക് താങ്ങാവുന്നതിന്റെ അപ്പുറത്ത് പണി- കൂടുതൽ വകുപ്പുകളുടെ ചുമതല. ഇങ്ങനെ സർക്കാർ സംവിധാനങ്ങൾതന്നെ ദുർബ്ബലം. സ്ഥലം മാറ്റത്തിന് എന്തെങ്കിലും മാനദണ്ഡമുണ്ടോ; ആദ്യം ഇവിടെ മണ്ഡലിമാരെ മാത്രം പേടിച്ചാൽ മതിയായിരുന്നു. ഇപ്പോൾ യൂത്തലിമാരേയും യുമാണിമാരെയും പേടിക്കണം. ഇവർ തീരുമാനിക്കുകയാണ്. പഞ്ചായത്ത് വകുപ്പിൽ മനുഷ്യത്വരഹിതമായ സ്ഥലംമാറ്റമാണ് നടക്കുന്നത്. ഇന്ന് രാവിലെ ജോയിൻ ചെയ്ത ആളിനെ ഉച്ചയാകുമ്പോൾ മാറ്റും. പ്രാദേശിക നേതാക്കന്മാരുടെ മുഖം കറുത്താൽ ഉടനെ സ്ഥലം മാറ്റും. എന്തെങ്കിലുമൊരു മാനദണ്ഡം പോലീസുൾപ്പെടുന്ന ഈ മേഖലയിലുണ്ടോ; കേരളത്തിലെ സിവിൽ സർവ്വീസിന്റെ എല്ലാ ആത്മവിശ്വാസവും തകർക്കുന്ന സമീപനം സ്വീകരിച്ചതിന്റെ ഫലമായി സിവിൽ സർവ്വീസ് സിസ്റ്റമെ തകർന്നുപോയി. ജനസമ്പർക്ക പരിപാടിയെ ഈ ഗവൺമെന്റിന്റെ ഏറ്റവും വിഖ്യാതമായ പ്രവർത്തിയായി കൊട്ടിഘോഷിച്ചു. തിരുവനന്തപുരത്തുനിന്നുള്ള ഒരു സ്പെസിമെൻ മാത്രം പറയാം. ഒക്ടോബർ 20-ാം തീയതി 'ദി ഹിന്ദു' പത്രം പ്രസിദ്ധീകരിച്ച വിവരാവകാശ നിയമപ്രകാരം ലഭിച്ച വിവരങ്ങളാണ് . ആകെ കിട്ടിയ അപേക്ഷകൾ 21,857 ഓൺലൈൻ വഴി 14957 ഉം നേരിട്ട് 6900 അപേക്ഷകളുമാണ് ലഭിച്ചത്. അതിൽ ബി.പി.എൽ. കാർഡ് ലഭിച്ചത് 131 പേർക്ക് , ഭൂമി കിട്ടിയത് 13 പേർക്ക്, മുച്ചക്ര വാഹനം കിട്ടിയത് 3

പേർക്ക്, ദുരിതാശ്വാസം ലഭിച്ചത് 1692. അങ്ങനെ 1844 ആളുകൾക്ക് ലഭിച്ചു. 1692 പേർക്ക് ദുരിതാശ്വാസം കൊടുക്കാൻവേണ്ടി തിരുവനന്തപുരത്തെ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ ഇത്രവലിയ പ്രകമ്പനം സൃഷ്ടിക്കേണ്ട കാര്യമുണ്ടായിരുന്നോ; ഇതാണ് ഒരു സ്പെസിമെൻ. ബാക്കി ഇരുപത്തിരണ്ടായിരത്തോളം വരുന്ന ആളുകളുടെ അപേക്ഷകൾ മുഴുവൻ കെട്ടിക്കിടക്കുകയാണ്. ഇതുതന്നെയല്ലേ എമർജിംഗ് കേരളയെ സംബന്ധിച്ചും ഉണ്ടായത്. എമർജിംഗ് കേരളയെക്കുറിച്ച് എന്തൊക്കെ പ്രഖ്യാപനങ്ങളായിരുന്നു. എന്താണ് ഇവിടെ എമർജ് ചെയ്തത്; എമർജിംഗ് മാഫിയ എന്നാണ് കെ.പി. സി.സി. പ്രസിഡന്റ് പറഞ്ഞത്. ജിം – 11160 കോടി രൂപയുടെ നിക്ഷേപം വരുമെന്ന് നേരത്തെ പ്രഖ്യാപിച്ചു. അവസാനം 121 കോടി രൂപയാണെന്ന് വെളിപ്പെട്ടു. അതിൽത്തന്നെ 80 കോടി ആലുക്കാസിന്റെ കല്യാണമാളുകളായിരുന്നു. ഇതുപോലെ നിരവധി പദ്ധതികൾ – സ്പീഡ് കേരള, സീപ്ലെയിൻ, കേരളത്തിന് ഐ.ഐ.റ്റി, വിഴിഞ്ഞം പദ്ധതി ഇവയെല്ലാം എവിടെയെത്തി? ഇടുക്കി ജില്ലയെ ക്ഷീര ജില്ലയായി പ്രഖ്യാപിക്കും. ഇതിനായി ഒരു ലക്ഷം പശുക്കൾ, ഒരു ലക്ഷം പശുക്കൾ ഇറങ്ങിയതുകാരണം ഇടുക്കി ജില്ലയിൽ വഴി നടക്കാൻ പറ്റാത്ത സ്ഥിതിയാണ്. നിബിഢവനത്തിലെ ആദിവാസികളുടെ പുനരധിവാസം– ഒരു കുടുംബത്തിന് 10 ലക്ഷം രൂപ വീതം 80 കോടി. മത്സ്യത്തൊഴിലാളികളുടെ എ.പി.എൽ/ബിപി.എൽ. വ്യത്യാസം എടുത്തുകളയും, ഒരു വർഷം 1000 കോടി രൂപയുടെ നികുതി കേരളത്തിന് ലഭിക്കേണ്ട ഗെയിൽ പൈപ്പ്ലൈൻ പദ്ധതി എവിടെയെത്തി. മലപ്പുറത്ത് സച്ചാർ കമ്മിറ്റി റിപ്പോർട്ട് പ്രകാരം ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി– എവിടെ; മഹിളാ കിസാൻ ശാക്തീകര

ണം– 130 കോടി, ഗ്രാമങ്ങളിൽ നഗര സൗകര്യ വികസനത്തിനായി തിരൂരങ്ങാടിയിൽ 89 കോടിയും തളിക്കുളത്ത് 78 കോടിയും അട്ടപ്പാടി ചതുപ്പുനില സമഗ്ര വികസന പദ്ധതി– ഒന്നുമുണ്ടായില്ല . കണ്ണൂർ വിമാനത്താവള പദ്ധതി 2014 –ൽ വിമാനം പറക്കുമെന്ന് പ്രഖ്യാപിച്ചു. 'മിഷൻ 676' എന്നുപറയുന്നത് ഒന്നാംനമ്പർ ആളെ പറ്റിക്കലാണ്. ഇവിടെ ശ്രീ. പി. കെ. ബഷീർ പറഞ്ഞ ഒരു കാര്യത്തോട് യോജിക്കാതിരിക്കാൻ പറ്റില്ല. കരാറുകാർക്ക് കഴിഞ്ഞ ഒരു കൊല്ലമായിട്ട് ഒരു രൂപപോലും കൊടുത്തിട്ടില്ല. അതിനാൽ ഒരു കരാറുകാരനും ഒരു പണിയുമെടുക്കാൻ തയ്യാറല്ല. ആ സാഹചര്യത്തിൽ വീരവാദം പറയാമെന്നല്ലാതെ കേരളത്തിലെ പൊതുമരാമത്ത് വകുപ്പിന് ഒന്നും സംഭവിക്കാൻ പോകുന്നില്ല. ഇങ്ങനെ കേരളത്തിലെ ജനങ്ങളോട് യാതൊരു ബാദ്ധ്യതയുമില്ലാത്ത എല്ലാ നിലയിലും നിരുത്തരവാദപരമായ, ഒരു നയമില്ലാത്ത ഒരു സംവിധാനത്തെ തകർത്ത ഈ ഗവൺമെന്റിന്റെ പൊതുധനാഭ്യാർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ഈ ചർച്ച ശ്രീ. ഇ.പി. ജയരാജനാണ് തുടങ്ങി വച്ചത്. ശ്രീ. നരേന്ദ്രമോദിയേയും ബി.ജെ.പി.യേയും കോൺഗ്രസ്സ് പിന്തുണക്കാൻ പോകുന്നുവെന്ന ആരോപണം അദ്ദേഹം ഉന്നയിച്ചു. ശ്രീ. ശശി തരൂരിന്റെ ഒരു പ്രസ്താവനയെ സംബന്ധിച്ചാണ് അദ്ദേഹം അങ്ങനെ പറഞ്ഞത്. കോൺഗ്രസ്സ് നേതൃത്വം അതിനെ സംബന്ധിച്ച് വിശദീകരണം നൽകിയിട്ടുണ്ട്. കഴിഞ്ഞ തവണ സഭയിൽ പ്രതിപക്ഷത്തിരുന്ന അൽഫോൺസ് കണ്ണന്താനം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ സ്ഥാനാർത്ഥിയായി ഈ സഭയിൽ അംഗമായ ഒരാളാണ്. അഞ്ചുവർഷം ഇടതുപക്ഷ ജനാധിപത്യമു

ന്നണിയുടെ കൂടെ എം.എൽ.എ. ആയപ്പോൾ അൽഫോൺസ് കണ്ണന്താനത്തിന് ബി.ജെ.പി.യിൽ പോകണമെന്ന് തോന്നിയെങ്കിൽ മാർക്സിസ്റ്റ് പാർട്ടിയുടെ കയ്യിലിരിപ്പിന്റെ ഗുണം കൊണ്ടാണെന്നാണ് ഞാൻ പറയാൻ വന്നത്. നമോവിചാർമഞ്ച് കണ്ണൂർ ജില്ലയിൽ നരേന്ദ്രമോദിയോട് ആരാധന മൂത്ത് വാസു അടക്കമുള്ളവർ ആർ.എസ്.എസ്-ൽ പ്രത്യേക വിംഗുണ്ടാക്കിയവരാണ്. അവർ ആ ആരാധന അവസാനിപ്പിച്ചത് മാർക്സിസ്റ്റ് പാർട്ടിയിൽ ചേർന്നുകൊണ്ടാണ്. ഇന്നസെന്റ് സ്വതന്ത്രനായി പാർലമെന്റിൽ മത്സരിച്ചു ജയിച്ചു. അദ്ദേഹം പറഞ്ഞത്, ഞാൻ സ്വതന്ത്രനായി ജയിച്ച ഒരാളാണ്, നരേന്ദ്രമോദി ഗവൺമെന്റ് നല്ല കാര്യങ്ങൾ ചെയ്താൽ ഞാൻ ഉറപ്പായും പാർലമെന്റിൽ പിന്തുണയ്ക്കുമെന്നാണ്. അദ്ദേഹം പറഞ്ഞതുതന്നെയാണ് ശ്രീ. ശശി തരൂരും പറഞ്ഞത്. അതുകൊണ്ട് വെറുതെ ദുർവ്യാഖ്യാനം നടത്തി ശ്രീ. ഇ.പി. ജയരാജൻ ആടിനെ പട്ടിയാക്കുകയാണ്. ശ്രീ. സി. ദിവാകരൻ പറഞ്ഞതിനെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. പാർലമെന്റ് തെരഞ്ഞെടുപ്പിൽ തൃശ്ശൂർ ജില്ലയിൽ ഞങ്ങൾക്ക് സ്ഥാനാർത്ഥി നിർണ്ണയത്തിലൊരു പാളിച്ച പറ്റിയില്ലായിരുന്നുവെങ്കിൽ ഹിന്ദി ന്യൂസ് വായനക്കാരി ശൂന്യ, ശൂന്യ എന്നു പറയുന്നതുപോലെയാകുമായിരുന്നു സി.പി.ഐ.-യുടെ സ്ഥിതിയെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. എന്റെ സ്നേഹിതൻ ശ്രീ. പി. ശ്രീരാമകൃഷ്ണൻ നിങ്ങൾ സോഷ്യലിസ്റ്റാണോ, നിങ്ങൾ ജനാധിപത്യവാദികളാണോ എന്ന് ഒരുപാട് ചോദ്യങ്ങൾ ചോദിച്ചു. നിങ്ങൾ കമ്മ്യൂണിസ്റ്റുകാരാണോ, നിങ്ങൾ മനുഷ്യരാണോ എന്ന് ഞാൻ നിങ്ങളോട് തിരിച്ചു ചോദിക്കുന്നു. ടി.പി. ചന്ദ്രശേഖരനെപ്പോലെയുള്ള ഒരു രാഷ്ട്രീയ പ്രവർത്തകനെ 51 വെട്ടു വെട്ടി കൊന്ന, ആയിരക്കണക്കിന് കൊലപാതകങ്ങൾ നടത്തിയ, ഒരു രാഷ്ട്രീയ

പ്രസ്ഥാനം മനുഷ്യത്വമുള്ളവരാണോയെന്ന് ഞാൻ തിരിച്ച് ചോദിക്കുന്നു. ഈ സർക്കാർ മൂന്നുവർഷം പൂർത്തിയാക്കി അഭിമാനകരമായ നേട്ടങ്ങളോടെ ജന വിധി തേടി. ഈ തെരഞ്ഞെടുപ്പിന്റെ വിധി എന്റെ സർക്കാരിന്റെ വിധിയെഴു ത്താണെന്ന് പറയാനുള്ള ചങ്കൂറ്റം ഒരു മുഖ്യമന്ത്രിക്കുണ്ടായി. കേരളത്തിന്റേയോ, ഇന്ത്യയുടേയോ ചരിത്രത്തിൽ ഭരണം നടത്തി ക്കൊണ്ടിരുന്ന ഒരു ഭരണാധികാരി വരുന്ന ഒരു തെരഞ്ഞടുപ്പിൽ എന്റെ ഭരണത്തെക്കുറിച്ചുള്ള വിധിയെഴുത്താണെന്ന് ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞതു പോലെ ഒരു രാഷ്ട്രീയ നേതാവോ ഒരു ഭരണാധികാരിയോ ഇതുവരെ പറഞ്ഞിട്ടില്ല. എന്താണ് അത് പറയാൻ അദ്ദേഹത്തിന് ധൈര്യമുണ്ടായത്? മടിയിൽ കനമുള്ളവനെ വഴിയിൽ പേടിയുള്ളു എന്നുള്ളതാണ് അതിന്റെ അർത്ഥം. മൂന്നു വർഷം ജനങ്ങൾക്കുവേണ്ടി ഊണും ഉറക്കവുമില്ലാതെ രാവും പകലും അദ്ധ്വാനിച്ച് പ്രവർത്തിച്ചതുകൊണ്ട് ജനങ്ങൾ കൈവിടില്ലെ ന്ന ആത്മവിശ്വാസമാണ് അദ്ദേഹത്തിനെ പ്രേരിപ്പിച്ചത്. 2011-ൽ അധികാരത്തിൽ വരുമ്പോൾ 72 പേരാണ് ജയിച്ചു വന്നത്. നിങ്ങളിൽ രണ്ടു പേർ മൂത്രമൊഴിക്കാൻ പോയാൽ ആ ഗവൺമെന്റ് തകരുമെന്ന് പ്രതിപക്ഷ ത്തുള്ളവർ പറഞ്ഞു. ഞങ്ങൾ ഒരുപാട് പേർ മൂത്രമൊഴിക്കാൻ ആവശ്യം വരു മ്പോൾ പോയി മൂത്രമൊഴിച്ചിട്ടുണ്ട് ഗവൺമെന്റ് തകർന്നില്ല. പിന്നീട് ഏതാനും ആഴ്ച്ചയ്ക്കുള്ളിൽ അപ്പുറത്തിരുന്ന ഒരാൾ രാജിവച്ച് ഇപ്പുറത്തു വന്ന് ജനവിധി തേടി. അപ്പുറത്ത് ആറായിരം വോട്ടിനാണ് ജയിച്ചിരുന്നതെ ങ്കിൽ ഇപ്പുറത്തു വന്ന് ഉപതെരഞ്ഞെടുപ്പ് നടത്തിയപ്പോൾ മറ്റൊരു ആറാ യിരം വോട്ടിന് ജയിച്ച് ഞങ്ങളുടെ അംഗസംഖ്യ 73 ആയി. മൂന്നു വർഷം

കഴിഞ്ഞ് ഒരു തെരഞ്ഞെടുപ്പ് വന്നപ്പോൾ ആ തെരഞ്ഞെടുപ്പിന്റെ സമയത്ത് ഞങ്ങളുടെ അംഗസംഖ്യ 75 ആയി.

ശ്രീ. വി.എസ്. സുനിൽ കുമാർ: പോയിന്റ് ഓഫ് ഓർഡർ. കഴിഞ്ഞ ദിവസം സഭയിൽ മൂത്രം എന്ന വാക്ക് പറഞ്ഞപ്പോൾ അതിനെ രേഖയിൽ നിന്നും നീക്കം ചെയ്തിരുന്നു. എന്നാൽ അദ്ദേഹം വീണ്ടും അദ്ദേഹത്തിന്റെ സംഭാഷണത്തിൽ മൂത്രം എന്ന വാക്ക് രേഖപ്പെടുത്തിയിരിക്കുകയാണ്. അദ്ദേഹം ഈ വാക്ക് മൂന്നുപ്രാവശ്യം പറഞ്ഞിരിക്കുകയാണ്. ഞാൻ പറഞ്ഞ മൂത്രം എന്ന വാക്കും അദ്ദേഹം പറഞ്ഞ മൂത്രം എന്ന വാക്കും രേഖയിൽ നിന്ന് നീക്കം ചെയ്യണം.

ശ്രീ. സി.പി. മുഹമ്മദ്: അങ്ങനെ ആ വാക്ക് നീക്കം ചെയ്യുകയാണെങ്കിൽ എന്റെ വാക്കുകൾ നീക്കം ചെയ്യുന്നതിനുമുമ്പ് അനേകം തവണ ആ വാക്ക് ഉപയോഗിച്ച പ്രതിപക്ഷ നേതാവിനെ നീക്കം ചെയ്യണം. അതുകൊണ്ട് മൂന്നുവർഷം പൂർത്തിയാക്കി അഭിമാനകരമായ ഒരു മുഹൂർത്തമെത്തിയപ്പോൾ 75 ആയി. രാമബാണം എടുക്കുമ്പോൾ ഒന്നും, തൊടുക്കുമ്പോൾ പത്തും, കൊള്ളുമ്പോൾ നൂറുമാണ്. 70-72-73 ആയി, പിന്നീട് 75 ഉം ആയി. ഞങ്ങൾക്ക് 75 ഉം അപ്പുറത്ത് 65 മാണ്. ആ 65-ൽ ഒരാൾ ശ്രീ. എ.കെ. ബാലനും മറ്റൊരാൾ ശ്രീ. എം.എ. ബേബിയുമാണ്. ശ്രീ. എം.എ. ബേബി ഇപ്പോൾ രാജി വയ്ക്കണമെന്നാണ് പറയുന്നത്. അദ്ദേഹം കഴിഞ്ഞ ആഴ്ച സഭയിൽ വന്നില്ല. ഇന്ന് വന്നു. വരാൻ എന്ത് മയക്കുവെടിയാണ് അപ്പുറത്തുള്ളവർ ഉപയോഗിച്ചത് എന്നെനിക്കറിയില്ല. അത് അവരുടെ കാര്യം. ഏതോ ഒരു പരസ്യം പോലെ 'ദേ വന്നു, ദാ പോയി'. സോളാർ വിഷയത്തിന്റെ പേരിൽ സഭയിൽ ഭൂരിപക്ഷമുള്ള ഒരു മുഖ്യമന്ത്രിയെ നിങ്ങൾ ചിത്രവധം ചെയ്തു.

കുടുംബത്തെ പോലും കരിതേയ്ക്കാൻ ശ്രമിച്ചു. മാന്യതയുടെയും മര്യാദയുടെയും എല്ലാ ലക്ഷ്മണ രേഖയേയും നിങ്ങൾ അതിർലംഘിച്ചു. കേരളത്തിലെ പതിനായിരങ്ങളുടെ കണ്ണീരൊപ്പാൻ ശ്രമിച്ച അദ്ദേഹത്തെ ശാരീരികമായി ആക്രമിക്കുകയും ചെയ്ത പ്രതിപക്ഷത്തിനുലഭിച്ച അനിവാര്യമായ തിരിച്ചടിയാണ് ഈ തെരഞ്ഞെടുപ്പ് ഫലമെന്നുള്ള കാര്യത്തിൽ സംശയമില്ല. പ്രതിപക്ഷത്തിന് അന്തസ്സുണ്ടെങ്കിൽ ഈ തെരഞ്ഞെടുപ്പ് ഫലത്തെ മുൻനിർത്തി ഉമ്മൻ ചാണ്ടി സാറിനോട് മാപ്പ് ചോദിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അദ്ദേഹത്തിന്റെ ചെരുപ്പിന്റെ ബാർ അഴിക്കാൻ യോഗ്യതയുള്ള ഒരാൾ അപ്പുറത്തുണ്ടെങ്കിൽ അതാണ് ചെയ്യേണ്ടത്. ദേശീയ തലത്തിൽ കോൺഗ്രസ്സിനുണ്ടായ തിരിച്ചടികൊണ്ട് കോൺഗ്രസ്സിന്റെ കാലം കഴിഞ്ഞൂവെന്ന് പ്രവചിച്ച രാഷ്ട്രീയ ജോത്സ്യന്മാരുണ്ട്. 1977-ൽ കോൺഗ്രസ്സും ഇന്ദിരാഗാന്ധിയും പരാജയപ്പെട്ടപ്പോൾ അവർ ഇങ്ങനെ പ്രവചിച്ചവരാണ്. ‘മാങ്ങ കഴിഞ്ഞാൽ മാവിൻ ചുവട്ടിലേക്ക് കുട്ടികൾ പോകാത്തതുപോലെ’ അധികാരമില്ലാത്ത കോൺഗ്രസ്സിലേക്ക് ആളുകൾ ചെല്ലില്ലെന്ന് ഇ.എം.എസ്. പ്രവചിക്കുകയുണ്ടായി. എന്നാൽ ചാരത്തിൽ നിന്ന് ഫീനിക്സ് പക്ഷി ഉയർത്തെഴുന്നേൽക്കുന്നതുപോലെ കോൺഗ്രസ്സ് ഉയർത്തെഴുന്നേൽക്കും. അന്നും കോൺഗ്രസ്സിനെ പരാജയപ്പെടുത്താൻ അഹോരാത്രം പാടുപ്പെട്ട ചിലർ സഹതാപവും ഉപദേശവും കൊണ്ട് രംഗത്തിറങ്ങുകയുണ്ടായി. അശോകവനത്തിൽ സീതയെ തട്ടിക്കൊണ്ടു പോയി പാർപ്പിച്ച രാവണൻ ഒരുപാട് പ്രണയാഭ്യർത്ഥനകൾ നടത്തിയതിനുശേഷവും സീത വഴങ്ങാതെ വന്നപ്പോൾ അവളുടെ കാലം അങ്ങനെ കഴിയുകയല്ലേ എന്ന് സഹതപിച്ചതായി കേട്ടിട്ടുണ്ട്. എന്നതുപോലെ ശ്രീ. വി. ശിവൻകുട്ടി സംസാരിക്കുമ്പോൾ ഞാൻ

ബഹളമുണ്ടാക്കാറില്ല. ശ്രീ. വി. ശിവൻകുട്ടി ഈ തരത്തിൽ പെരുമാറിയാൽ ഞാൻ പറയുന്നത് താങ്കളും കേൾക്കേണ്ടി വരും. അതുകൊണ്ട് കോൺഗ്രസ്സ് നാളെ തിരിച്ചുവരുമെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല.

1984-ൽ രാജീവ് ഗാന്ധി രണ്ട് സീറ്റിൽ ഒതുക്കിയ ബി.ജെ.പി ഇന്ന് 288 സീറ്റിന്റെ ഉടമയാണ്. അതിനായി ബി.ജെ.പി-ക്ക് 30 വർഷം വേണ്ടിവന്നുവെങ്കിൽ അതിന്റെ പത്തിലൊന്ന് സമയം കൊണ്ട് കോൺഗ്രസ് ജനവിശ്വാസം വീണ്ടെടുക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

കാലമിനിയുമുരുളും വിഷു വരും,

വർഷം വരും, തിരുവോണം വരും

പിന്നെയോരോ തളിരിനും പൂ വരും കായ് വരും .......... എന്ന കക്കാടിന്റെ വരികൾ പോലെ ഞങ്ങൾ വീണ്ടും തിരിച്ചുവരുമെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ മതേതരത്വത്തെക്കുറിച്ച് ഞങ്ങൾക്ക് മാർക്സിസ്റ്റ് പാർട്ടിയുടെ സർട്ടിഫിക്കറ്റ് ആവശ്യമില്ല. കാരണം ഈ രാജ്യത്ത് മതേതരത്വത്തിനുവേണ്ടി ജീവൻ ഹോമിച്ച മഹാത്മാഗാന്ധിയുടെ പാർട്ടിയാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്. ബ്ലൂ സ്റ്റാർ ഓപ്പറേഷനുശേഷം അംഗരക്ഷകരായ സിക്കുകാരെ മാറ്റണമെന്ന് ഇന്ദിരാഗാന്ധിയോട് ധാരാളം പേർ ഉപദേശിച്ചു. എന്നാൽ ‘സിക്കുകാരായ എന്റെ അംഗരക്ഷകൻമാരെ ഞാൻ അവിശ്വസിച്ചാൽ ഞാനെങ്ങനെ മതേതര രാജ്യത്തിന്റെ പ്രധാനമന്ത്രിയാണെന്ന് പറയാൻ കഴിയും’ എന്നാണ് ഇന്ദിരാഗാന്ധി പറഞ്ഞത്. അന്ന് ആ ഉപദേശം കേട്ടിരുന്നെങ്കിൽ ഇന്ദിരാ ഗാന്ധിയുടെ ജീവൻ അപകടത്തിൽപ്പെടി

ല്ലായിരുന്നു. രാജീവ് ഗാന്ധി ആയിരക്കണക്കിന് മാംസക്കഷണങ്ങളായാണ് ബോംബ് സ്ഫോടനത്തിൽ ചിതറിത്തെറിച്ചത്. രാജീവ് ഗാന്ധിയുടെ ഭാര്യ യായ ശ്രീമതി സോണിയാ ഗാന്ധിക്കും മക്കൾക്കും കാണാൻ മുഖംപോലും ബാക്കിയുണ്ടായിരുന്നില്ല. സുരക്ഷാഭടൻമാർ വാരിക്കൂട്ടി പെട്ടിയിലാക്കിയ മാംസക്കഷണങ്ങളുടെ തലയ്ക്കൽ ഒരു ഫോട്ടോ വച്ചാണ് ഇന്ത്യൻ ജനതയും ലോകനേതാക്കളും ആദരാഞ്ജലികൾ അർപ്പിച്ചത്. ലോകത്ത് ഒരു പാർട്ടിയു ടെയോ ഏതെങ്കിലുമൊരു പ്രസ്ഥാനത്തിന്റെയോ നേതാക്കൻമാർ ഇത്തരത്തി ലുള്ള ത്യാഗസമ്പന്നമായ പൊതുജീവിതം നയിച്ചത് നമുക്ക് കാണാൻ സാധി ക്കില്ല. പക്ഷേ അതൊന്നും ഈ തെരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് ജനങ്ങളിലേ ക്കെത്തിക്കാൻ സാധിച്ചില്ലെന്നുള്ള കുറ്റം ഞങ്ങളേറ്റെടുക്കുന്നു. അരക്കില്ല ത്തിൽവച്ച് പാണ്ഡവരെ ചുട്ടുകൊല്ലാൻ ശ്രമിച്ചപ്പോഴും കള്ളച്ചൂത് കളിച്ച് രാജ്യം കൈവശപ്പെടുത്തിയപ്പോഴും രാജസഭയിൽ കുലവധുവായ ദ്രൗപതി യെ വസ്ത്രാക്ഷേപം ചെയ്തപ്പോഴും ഇല്ലാത്ത ധാർമ്മികരോഷം ഇപ്പോഴെ ന്തിന് എന്ന് ഭഗവാൻ ശ്രീകൃഷ്ണൻ കുരുക്ഷേത്ര യുദ്ധക്കളത്തിൽ ആ രംഗ ങ്ങൾ കാണാൻവന്ന ഗാന്ധാരിയോട് ചോദിച്ചത് മഹാഭാരതത്തിൽ വിവരിച്ചി ട്ടുണ്ട്. അത്തരത്തിൽ എന്താണ് നിങ്ങൾക്കെല്ലാം ചോദിക്കാനുള്ള ധാർമ്മികാ വകാശമെന്ന് ഞങ്ങൾ ചോദിക്കുന്നില്ല. പക്ഷേ അത് എല്ലാ കാലത്തും നില നിൽക്കുന്ന ഒരു സത്യമാണെന്ന് നിങ്ങൾ ഓർക്കണം. ശ്രീകണ്ഠേശ്വരം പത്മ നാഭപിള്ളയ്ക്കുശേഷം മലയാള ഭാഷ കണ്ട ഭാഷാ വിശാരദൻമാർ സി.പി. ഐ(എം)-ൽ ഉണ്ട്. ശ്രീ. എൻ.കെ പ്രേമചന്ദ്രനെ പരനാറി എന്ന് വിളിച്ചതിനെ ക്കുറിച്ച് മാത്രമല്ല ഞാൻ പറയുന്നത്. പരനാറി, നികൃഷ്ടജീവി, കൊഞ്ഞാ ണൻ, കെ.ഇ.എൻ. കുഞ്ഞഹമ്മദിനെ കുരങ്ങൻ, സന്ദീപ് ഉണ്ണികൃഷ്ണന്റെ വീട്ടിലെ പട്ടിപ്രയോഗം, ആഞ്ജലോസ് കടപ്പുറത്ത് മീൻ പെറുക്കുന്ന

ചെക്കൻ, ആകാശത്തേയ്ക്ക് വാണം വിടുന്നവൻ എന്ന് ഡോ. എ.പി.ജെ. അബ്ദുൾ കലാമിനെ പറഞ്ഞത്, ശ്രീമതി ലതികാ സുഭാഷ് പേരുകേട്ട സ്ത്രീയെന്ന് പറഞ്ഞത്, ശുംഭൻ പ്രയോഗം, മാതൃഭൂമി പത്രാധിപരെ എടാ ഗോപാലകൃഷ്ണാ എന്ന് വിളിച്ചത് തുടങ്ങി സി.പി.എം നേതാക്കളുടെ സർഗ്ഗ ശേഷിക്കുമുന്നിൽ ഞാൻ കൈകൂപ്പുന്നു. ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള യ്ക്കുശേഷം നാളെ മാർക്സിസ്റ്റ് പാർട്ടി പ്രസിദ്ധീകരിക്കാൻ പോകുന്ന അശ്ലീല പദ നിഘണ്ടുവിലേയ്ക്ക് ഇനിയും ഇത്തരത്തിലുള്ള പ്രയോഗങ്ങൾ കൂടുതലായുണ്ടാകണമെന്ന് ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു. ഫിലി പ്പോസ് തോമസും പൊന്നാനിയിലെ അബ്ദുറഹിമാനും ഇടുക്കിയിലെ ജോയ്സ് ജോർജും രാഷ്ട്രീയമുണ്ടായിരുന്നവരാണ്. അവരെ നിങ്ങൾക്ക് മാർക്സിസ്റ്റ് പാർട്ടിയുടെ സ്ഥാനാർത്ഥിയാക്കാമെങ്കിൽ ശ്രീ. എൻ.കെ പ്രേമച ന്ദ്രനെ യു.ഡി.എഫ്-ന്റെ സ്ഥാനാർത്ഥിയാക്കാൻ നിങ്ങളുടെ അനുവാദമാവശ്യമില്ല. കൊലപാതകവും അക്രമവും മുഖമുദ്രയാക്കിയ ഒരു പാർട്ടി, ആ പാർട്ടി യുണ്ടാകും ജനമുണ്ടാകില്ല എന്ന സഖാവ് എം.എൻ. വിജയന്റെ വാക്കുക ളാണ് ഈ തെരഞ്ഞെടുപ്പിൽ അന്വർത്ഥമായത്. ഒരാൾ പറയാനും മറ്റുള്ളവർ കേൾക്കാനുമാണെന്ന നീതി ശാസ്ത്രം മാറണമെന്നാണ് ഡോ. ടി.എം. തോമസ് ഐസക് അടുത്ത സമയത്ത് പറഞ്ഞത്. ഓരോരുത്തർക്കുംവേണ്ടി എല്ലാവരും എല്ലാവർക്കുംവേണ്ടി ഓരോരുത്തരും എന്നാണ് കമ്മ്യൂണിസ ത്തിന്റെ ആപ്ത വാക്യം. ഒരാൾ പറയുന്നത് പലർ കേൾക്കുന്നതിനെ ഫാസി സമെന്നാണ് പറയുന്നത്. ഹിറ്റ്ലറും മുസ്സോളിനിയും സ്റ്റാലിനുമെല്ലാം അവർ പറയുന്നത് മറ്റുള്ളവരെക്കൊണ്ട് കേൾപ്പിച്ചിരുന്നവരാണ്. അതുകൊണ്ട് അത് മാർക്സിസ്റ്റ് പാർട്ടിയിലെ ആഭ്യന്തര കാര്യമാണ്. അത് ഡോ. ടി.എം. തോമസ് ഐസകും ശ്രീ. എം.എ ബേബിയും ശ്രീ. പിണറായി വിജയനുമൊക്കെ തീരു

മാനിക്കട്ടെ. കർണ്ണന്റെ കവചകുണ്ഡലങ്ങൾ അഴിച്ചുവാങ്ങി പരാജയപ്പെടുത്തിയതുപോലെയാണ് ശ്രീ. എം.എ ബേബിയെ കൊല്ലത്ത് പരാജയപ്പെടുത്തിയതെന്ന ബേബിയുടെ ആക്ഷേപം പാർട്ടി പരിശോധിക്കുമോയെന്ന് എനിക്കറിയില്ല. ഏതായാലും ഉത്സവപ്പറമ്പിൽ ഇടഞ്ഞുനിൽക്കുന്ന കൊമ്പനെപ്പോലെ ശ്രീ. എം.എ. ബേബി പാർട്ടിക്കു വഴങ്ങുകയോ വഴങ്ങാതിരിക്കുകയോ ചെയ്യട്ടെ. ശ്രീ. ഇന്നസെന്റ് സാഹചര്യം നോക്കി പെരുമാറുന്ന രാഷ്ട്രീയക്കാരനും ജനപ്രതിനിധിയുമാണെന്ന് തെളിയിച്ചിരിക്കുകയാണ്. മലയാള സിനിമയിൽ അദ്ദേഹം കേട്ടെഴുത്ത് കൊടുത്ത ഒരു രംഗമുണ്ട്. അച്ഛനുണ്ടോ, അമ്മയുണ്ടോ, പട്ടിയുണ്ടോ എന്ന് ചോദിക്കുന്നതുപോലെ അതേ ശൈലിയിൽ അദ്ദേഹം പാർലമെന്റിലും ചോദ്യം ചോദിക്കട്ടെ എന്ന് ഞാൻ ആശംസിക്കുന്നു. ഇലക്ഷൻ കാലത്ത് ശ്രീ. വി.എസ്. അച്ചുതാനന്ദൻ നല്ലനടപ്പ് ജാമ്യത്തിലായിരുന്നു. ഇന്ന് ഇടതുപക്ഷമതേതര മുന്നണിയുടെ അഷ്ടബന്ധശിലകളുറപ്പിക്കാൻ ജയലളിതയെ കാണാൻപോയി നാണംകെട്ട് തിരിച്ചുവന്ന സ്ഥിതിയെക്കുറിച്ച് ശ്രീ. ഇ.പി. ജയരാജൻ ഇവിടെ ഒന്നും പറഞ്ഞില്ല. ഒരുപക്ഷേ ജയലളിതയെ കാണാൻ പോകുന്നതിനുമുമ്പ് സോണിയ ഗാന്ധിയെ കണ്ട്, ബി.ജെ.പിയുടെ വർഗ്ഗീയരാഷ്ട്രീയത്തിനെതിരെ സി.പി.ഐ(എം) ഉൾപ്പെടെയുള്ള ഒരു മതേതര മുന്നണിയെക്കുറിച്ച് ഇത്ര മതേതരത്വത്തോട് പ്രതിബദ്ധതയുണ്ടെങ്കിൽ, എന്തുകൊണ്ട് പ്രകാശ് കാരാട്ട് സംസാരിച്ചില്ലെന്ന് പ്രകാശ് കാരാട്ടിനോടാണ് ചോദിക്കേണ്ടത്. മിഷൻ 676, 313–നോടും 786–നോടുമൊക്കെ ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഇവിടെ ഉപമിച്ചത് കേട്ടു. കൊച്ചി മെട്രോ, സ്മാർട്ട് സിറ്റി, വല്ലാർപാടം, വിഴിഞ്ഞം, കണ്ണൂർ വിമാനത്താവളം, കോഴിക്കോട്–തിരുവനന്തപുരം മോണോറെയിൽ, സബർബൻ ട്രെയിൻ, ദേശീയപാത, ദേശീയ

ജലപാത, അദ്ധ്യാപക പാക്കേജ്, മലയാള സർവ്വകലാശാല, ശ്രേഷ്ഠഭാഷ, ഒരു കിലോയ്ക്ക് ഒരു രൂപ നിരക്കിൽ 25 കിലോ അരി, സേവനാവകാശ നിയമം, സ്കൂൾ കുട്ടികൾക്ക് യൂണിഫോം, 12 താലൂക്കുകൾ, 5 മെഡിക്കൽ കോളേജുകൾ, ഏറ്റവുമൊടുവിൽ ഓപ്പറേഷൻ കുബേര ഉൾപ്പെടെയുള്ള ധാരാളം പരിപാടികൾ സി.പി.എം സഹയാത്രികരുടെ വാരികയായ ഇന്ത്യ ടുഡേപോലും കേരളമാണ് പലകാര്യങ്ങളിലും ഗുജറാത്തിനേക്കാൾ ഒന്നാം സ്ഥാനത്തെന്നുപറഞ്ഞ് ശ്രീ. ഉമ്മൻ ചാണ്ടിയെ അഭിനന്ദിച്ചത് അടുത്ത കാലത്താണ്. ഞങ്ങളുടെ മുദ്രാവാക്യം വികസനവും കരുതലുമാണ്. നിങ്ങളുടെ മുദ്രാവാക്യം സമരവും കരയലുമാണ്. സമരം തോൽക്കുക, തോറ്റുകഴിഞ്ഞാൽ കരയുക. നമ്മുടെ മിക്ക വകുപ്പുകളും ആവശ്യമില്ലാത്തവയാണ്. ഞാൻ ഒന്നുരണ്ട് ഉദാഹരണങ്ങൾ പറയാം. വ്യവസായ വകുപ്പുള്ളപ്പോൾ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെയും റവന്യൂ വകുപ്പുള്ളപ്പോൾ ലാൻഡ് യൂസ് ബോർഡിന്റെയും ആവശ്യമുണ്ടോ? ഇങ്ങനെ പരിശോധിച്ചാൽ ധാരാളം വകുപ്പുകൾ ചുരുക്കാൻ സാധിക്കും. ജീവനക്കാർ ജീവനക്കാർക്കുവേണ്ടി നടത്തുന്ന ഭരണമാണോയെന്ന് ഏത് മുന്നണി ഭരിക്കുമ്പോഴും നമുക്ക് തോന്നാറുണ്ട്. ജീവനക്കാരെ പിരിച്ചുവിടാതെ മറ്റ് ഓഫീസുകളിൽ നിയമിക്കണം. ആയിരക്കണക്കിന് കോളേജ് അദ്ധ്യാപകർക്ക് തൊഴിലില്ലാതാക്കി പ്ലസ് ടു കൊണ്ടുവന്നു. അതേയവസരത്തിൽ പ്ലസ് ടു അദ്ധ്യാപക നിയമനത്തിൽ കോടിക്കണക്കിന് രൂപ ഗവൺമെന്റിന് ബാധ്യതയുണ്ടായി. വില്ലേജ് ഓഫീസും പഞ്ചായത്ത് ഓഫീസും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസും കൃഷി ഓഫീസുമെല്ലാം എങ്ങനെ ഏകോപിപ്പിച്ച് ചെലവ് ചുരുക്കാമെന്ന് പരിശോധിക്കണം. ആവശ്യമില്ലാത്ത വകുപ്പുകളും കോർപ്പറേഷനുകളും പുനഃസംഘടി

പ്പിക്കണം. അതേ സമയം പബ്ലിക് യുട്ടിലിറ്റി സർവീസുകളായവയുടെ നഷ്ടം നോക്കി അവയെ പിരിച്ചുവിടുന്നതിൽ അർത്ഥമില്ല. ഉദാഹരണമായി, ലാഭത്തിന്റെ അടിസ്ഥാനത്തിൽ മുന്നോട്ട് കൊണ്ടുപോകേണ്ട ഒരു പൊതുമേഖലാ സ്ഥാപനമല്ല കെ.എസ്.ആർ.ടി.സി. അത്തരത്തിലുള്ളവയെ പ്രത്യേകം പരിഗണിക്കുകയും വേണം.

എന്റെ ചെറുപ്പകാലത്ത് കേരളമാകെ ഭരിച്ചിരുന്നത് ഒരു ഐ.ജി. ആയിരുന്നു. അന്ന് ഐ.ജി. ചന്ദ്രശേഖരൻ നായരുടെ നേതൃത്വത്തിലായിരുന്നു പോലീസ് സേന. ഇന്ന് അനേകം ഐ.ജി. മാരും ഡി.ജി.പി. മാരും ഡി.ഐ.ജി. മാരുമുണ്ട്. മുൻപ് കേരളത്തിൽ തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോടും മാത്രമാണ് ഡി.ഐ.ജി. മാർ ഉണ്ടായിരുന്നത്. ഒരു സി.ഇ. മാത്രം ഉണ്ടായിരുന്ന സമയത്ത് ഇറിഗേഷനും പി.ഡബ്ല്യു.ഡി. (റോഡ്സ്) യുമെല്ലാം അദ്ദേഹത്തിന്റെ കീഴിൽ ആയിരുന്നു. ഇന്ന് ആ സ്ഥിതി മാറി ഓരോ ഡിപ്പാർട്ടുമെന്റിലും ഡസൻ കണക്കിന് സി.ഇ. മാരാണ്. കെ.എസ്.ഇ.ബി.യിൽ അനേകം സി.ഇ. മാരുണ്ട്. മൈനർ ഇറിഗേഷനിലും മേജർ ഇറിഗേഷനിലും വാട്ടർ അതോറിറ്റിയിലും അനേകം സി.ഇ. മാരുണ്ട്. കൺസർവേറ്റർമാർക്ക് കൈയും കണക്കുമില്ല. ഡസൻ കണക്കിന് ചീഫ് കൺസർവേറ്റർമാരുണ്ട്. ഇത് ചുരുക്കി ഭരണച്ചെലവ് പരമാവധി കുറയ്ക്കണം. ധാരാളം കാര്യങ്ങളിൽ ഈ ഗവൺമെന്റിന്റെ കാലത്ത് മാതൃക കാണിച്ച ഭരണകൂടം ഇക്കാര്യവും ഗൗരവമായി ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കോൺഗ്രസ്സിന് 12 സീറ്റ് കിട്ടിയത് ജയമല്ലെന്നും അതിന്റെ പേരിൽ അഹങ്കരിക്കണ്ടെന്നും വീരവാദം പറഞ്ഞു. നാണമുണ്ടെ

ങ്കിൽ സി.പി.ഐ. (എം.) എന്നുള്ള പേര് മാറ്റി കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് കേരള എന്നും സി.പി.ഐ. എന്നുള്ളത് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് തൃശ്ശൂർ എന്നും മാറ്റണം. കൊടിയുടെ മുകളിൽ Rest in Peace (RIP) എന്നും അടിച്ചുവയ്ക്കണം.

മി. ചെയർമാൻ : ശ്രീ. സി.പി. മുഹമ്മദ്, 7 മിനിട്ട് കഴിഞ്ഞു.

ശ്രീ. സി. പി. മുഹമ്മദ് : സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ശ്രീ. വി.എസ്. സുനിൽകുമാർ, തൃശ്ശൂർ ജയത്തെക്കുറിച്ച് ഒരു കാര്യം പറയണമെന്ന് ആലോചിച്ചതാണ്. നമ്മൾ തമ്മിലുള്ള ഇരുപ്പുവശം വച്ച് പറയണ്ടെന്ന് വച്ചതാണ്. അത് പറയിപ്പിക്കണ്ട. ഈ തെരഞ്ഞെടുപ്പിലുണ്ടായ ജയം 100 ശതമാനവും കേരളത്തിലെ ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഒറ്റക്കെട്ടായി ജനങ്ങളുടെ താൽപ്പര്യങ്ങൾക്കനുസൃതമായി പ്രവർത്തിച്ചതിന്റെ പേരിൽ ജനങ്ങൾ നൽകിയ അംഗീകാരമാണ്. ഈ അംഗീകാരത്തിൽ്നിന്ന് പാഠം ഉൾക്കൊണ്ടുകൊണ്ട് ഈ ഗവൺമെന്റ് ഇനിയും സൽഭരണം നടത്തുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ഇൻഡ്യയിൽ ഭാരതീയ ജനതാ പാർട്ടിയുടെ ഭരണം ഉണ്ടായിരിക്കുകയാണ്. ഭാരതീയ ജനതാ പാർട്ടിക്ക് ഒറ്റയ്ക്ക് ഭൂരിപക്ഷം നേടാൻ സാധിച്ചിരിക്കുന്നു. നമ്മുടെയെല്ലാം പ്രതീക്ഷകളെ കവച്ചുവച്ചു കൊണ്ട് ബി.ജെ.പി. ഒറ്റയ്ക്ക് ഭൂരിപക്ഷം നേടി, മൂന്നാഴ്ചയായി ഭരണം നടത്തിക്കൊണ്ടിരിക്കുകയാണ്. ആ സന്ദർഭത്തിൽ ഈ ലോകസഭാ തെരഞ്ഞെടുപ്പിൽ വിചാരിച്ചത്ര വിജയം കരസ്ഥമാക്കാൻ ആകാത്ത നമ്മൾ

പരസ്പരം കുറ്റപ്പെടുത്തിക്കൊണ്ടാണ് മുന്നോട്ടുപോകുന്നത്. ബി.ജെ.പി. യാണ് ഇൻഡ്യയിൽ അധികാരത്തിൽ വന്നിട്ടുള്ളതെന്നത് ഒരു യാഥാർത്ഥ്യം മാത്രമാണ്. ഈ തെരഞ്ഞെടുപ്പിൽ യു.പി.എ.-യ്ക്ക് മാത്രമല്ല, ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്കും വൻനഷ്ടമുണ്ടായി. യു.പി.എ. യ്ക്ക് സംഭവിച്ച നഷ്ട ങ്ങൾക്ക് കാരണം യു.പി.എ. ഗവൺമെന്റിനും കോൺഗ്രസ്സിനും ശരിയായ നയം ഇല്ലാത്തതാണെന്ന മട്ടിലാണ് ഇടതുപക്ഷത്തുള്ള എന്റെ സ്നേഹിത ന്മാർ സംസാരിച്ചത്. യു.പി.എ.- യ്ക്കും കോൺഗ്രസ്സിനും നയമില്ലാത്തതു കൊണ്ടും ഭരണത്തിലുള്ള വീഴ്ചകൾ കൊണ്ടുമാണ് പരാജയപ്പെട്ടതെങ്കിൽ നയങ്ങളേ ഇല്ലാത്ത ശ്രീമതി ജയലളിതയേയും ശ്രീമതി മായാവതിയേയും ശ്രീ. മുലായം സിംഗ് യാദവിനെയും ചേർത്ത് ഒരു ഭരണമുണ്ടാക്കാൻ സാധി ക്കുമോയെന്ന പരീക്ഷണമാണ് ഇടതുപക്ഷം നടത്തിയത്. കോൺഗ്രസ്സിന്റെ നയം മോശമാണെങ്കിൽ നയങ്ങളേ ഇല്ലാത്തവരെ ചേർത്ത് മുന്നണി ഉണ്ടാക്കാൻ ശ്രമിച്ചത് എങ്ങനെ ശരിയാകും. അതുപോലെ, ഭരണത്തിലുള്ള വീഴ്ച കൊണ്ടാണ് കോൺഗ്രസ്സിന് തെരഞ്ഞെടുപ്പിൽ പരാജയം നേരിട്ടതെ ങ്കിൽ ഭരണത്തിലേ ഇല്ലാതിരുന്ന മാർക്സിസ്റ്റ് പാർട്ടിയും ഇടതുപക്ഷവും എങ്ങനെയാണ് പരാജയപ്പെട്ടത്. എല്ലാത്തിനും അതിന്റേതായിട്ടുള്ള കാരണങ്ങളുണ്ട്. എന്റെ സ്നേഹിതൻ ശ്രീ. പി. ശ്രീരാമകൃഷ്ണൻ പറഞ്ഞതു പോലെ, ഇൻഡ്യയിൽ രാജീവ് ഗാന്ധിയുടെ കാലത്തൊന്നുമല്ല ഭാരതീയ ജനതാ പാർട്ടിയുടെയും വലതുപക്ഷ പ്രസ്ഥാനങ്ങളുടെയും മുന്നേറ്റമുണ്ടാ യത്. ദേശീയ പ്രസ്ഥാനത്തിന്റെ കാലംമുതൽ തന്നെ ദേശീയ രാഷ്ട്രീയ ത്തിൽ വലതുപക്ഷ ലൈനും ഇടതുപക്ഷ ലൈനും മദ്ധ്യവർത്തി ലൈനും ഉണ്ടായിരുന്നു. എന്നാൽ ഇൻഡ്യൻ ജനത എന്നും വോട്ട് ചെയ്ത് വിജയിപ്പി ച്ചത് മദ്ധ്യഭാഗത്ത് നിൽക്കുന്ന ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനേയും

സഖ്യ കക്ഷികളേയുമാണ്. തീവ്രമായി വലതുപക്ഷത്ത് നിൽക്കുന്നവരേയും ഇടതുപക്ഷത്ത് നിൽക്കുന്നവരേയും ജയിപ്പിച്ചിട്ടില്ല. അക്കാരണത്താൽ കോൺഗ്രസ്സ് വിരോധം മൂത്ത ഇടതുപക്ഷം പല സന്ദർഭങ്ങളിലും ഇടതു പക്ഷവും വലതുപക്ഷവും ചേർന്ന് മദ്ധ്യവർത്തികളെ എതിർക്കാൻ വേണ്ടി യുള്ള പരിശ്രമം നടത്തിയതുകൊണ്ടാണ് മൊറാർജി ദേശായിയുടെയും വി. പി. സിംഗിന്റെയും മന്ത്രിസഭകളും ഇടക്കാലത്തുണ്ടായ മറ്റ് മന്ത്രിസഭകളും ഉണ്ടായത്. ഞാൻ ആ ചരിത്രത്തിലേയ്ക്കൊന്നും പോകുന്നില്ല. തീവ്രമായ വലതുപക്ഷനയം വളരെ മുമ്പുതന്നെ ദേശീയരാഷ്ട്രീയത്തിൽ ഉള്ളതാണ്. അവർക്ക് ഇപ്പോൾ ഭരണം കിട്ടിയെന്ന് മാത്രം കരുതിയാൽ മതി. ഇൻഡ്യാ രാജ്യത്ത് ഭാരതീയ ജനതാ പാർട്ടി നടപ്പിലാക്കാൻ പോകുന്ന ഭരണം പ്രധാന മായും വർഗ്ഗീതയിൽ ഊന്നിയ ഭരണം മാത്രമായിരിക്കില്ല. വലതുപക്ഷ ഭരണ മായിരിക്കും. മുഴുവൻ ജനങ്ങളെയും ബാധിക്കുന്ന പ്രധാനപ്പെട്ട കാര്യമ താണ്. ബഹുരാഷ്ട്ര കുത്തക കമ്പനികൾക്ക് പൂർണ്ണമായ സ്വാതന്ത്ര്യം ഉണ്ടാകുകയും തുറന്ന കമ്പോള വ്യവസ്ഥ വ്യാപകമായി സ്വീകരിക്കുകയും പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കപ്പെടുകയും ഇൻഷ്വറൻസ്, ബാങ്കിംഗ് തുടങ്ങിയ സകല മേഖലകളിലും സ്വകാര്യവൽക്കരണം നടപ്പിലാക്കുകയും ചെയ്യുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കോർപ്പറേറ്റ് ഭീമന്മാ രുടെ സഹായത്തോടുകൂടി വലതുപക്ഷ രാഷ്ട്രീയം ഇസ്രായേലിന്റെയും അമേരിക്കയുടെയും സഹായത്തോടുകൂടി സാമ്രാജ്യത്ത ശക്തികളുടെ പക്ഷം ചേർന്ന് തീവ്രമായ വലതുപക്ഷ രാഷ്ട്രീയ ഭരണമാണ് ഇൻഡ്യയിൽ ശ്രീ. നരേന്ദ്ര മോദി കാഴ്ച വയ്ക്കാൻ പോകുന്നത്. ആ സാഹചര്യത്തിൽ വാസ്തവത്തിൽ യു.പി.എ. യും ഇടതുപക്ഷവും ഒരുപോലെ ദു:ഖിതരാണെ ന്നാണ് ഞാൻ കരുതുന്നത്. കേരളത്തിൽ മറ്റ് ബുദ്ധിമുട്ടുകളൊന്നും ഇല്ലാത്ത

തുകൊണ്ട് പരസ്പരം ആക്ഷേപിക്കുന്നുവെന്ന് മാത്രയേുള്ളു. വളരെ വലിയ തോതിൽ ആലോചിക്കേണ്ട കാര്യമാണ്. കമ്മ്യൂണിസ്റ്റുകാരന്മാരായിട്ടുള്ള എന്റെ സ്നേഹിതന്മാർ പൂർണ്ണമായും നശിച്ചുപോകണമെന്നും ഇടതുപക്ഷ പ്രസ്ഥാനമെന്നുള്ളത് ഇൻഡ്യയിൽ വേണ്ടെന്നുമുള്ള അഭിപ്രായം എനിക്കില്ല. ഞാൻ പലപ്പോഴും നയപരമായ കാര്യങ്ങളും ഐഡിയോളജിക്കലായി ഇടതുപക്ഷത്തെ വിമർശിക്കുന്ന ആളുമാണ്. അതേസമയം ഇടതുപക്ഷ ത്തോട് എനിക്ക് ഉപദേശിക്കാനുള്ളത്, ഫാസിസത്തിന് എതിരായ ഐക്യ മുന്നണിയെന്ന ബൾഗേറിയൻ കമ്മ്യൂണിസ്റ്റ് നേതാവ് ജോർജ് ദിമിത്രോ വിന്റെ പുസ്തകം ഒന്നുകൂടി മറിച്ചുനോക്കുന്നത് നല്ലതാണെന്നാണ്. തെര ഞ്ഞെടുപ്പ് കാലത്ത് ഇടതുപക്ഷം കോൺഗ്രസ്സിനെയും ഭാരതീയ ജനതാ പാർട്ടിയേയും ഒരുപോലെ കണ്ടതാണ് തെറ്റ്. മുതലാളിത്തത്തെ എതിർക്കു ന്നതുപോലെ മുതലാളിത്തവും ഫാസിസവും ഒന്നുചേർന്നുള്ള വിഭാഗത്തിനെ എതിർക്കാനും മുതലാളിത്തത്തേയും ഫാസിസത്തേയും ഒരുപോലെ കാണാനും പാടില്ല. ഇൻഡ്യയിലെ മതേതര ജനകോടികൾ വിശ്വാസമർപ്പിച്ചി ട്ടുള്ള ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെ പോലുള്ള ഒരു പാർട്ടിയെ മാറ്റി നിർത്തിക്കൊണ്ട് തീവ്രവലതുപക്ഷ പ്രസ്ഥാനങ്ങളേയും ഭാരതീയ ജനതാ പാർട്ടിയേയും തോൽപ്പിക്കാൻ ആവില്ലെന്ന് ഞങ്ങളെല്ലാം അന്നും വായ്മൊ ഴിയായും വരമൊഴിയായും പറഞ്ഞിരുന്നതാണ്. അന്നെല്ലാം അതിനെ ശക്തമായി എതിർക്കുന്ന നയമാണ് നിർഭാഗ്യവശാൽ ഇടതുപക്ഷം ഉൾപ്പെടെ സ്വീകരിച്ചത്. ഇതൊക്കെയാണെങ്കിലും ബി.ജെ.പി.-ക്ക് 31 ശതമാനം വോട്ട് മാത്രമേ കിട്ടിയിട്ടുള്ളുവെന്ന് എന്റെ സ്നേഹിതൻ ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞു. അതിനർത്ഥമെന്താണ്; ബാക്കി വോട്ടിന്റെ നല്ല

ശതമാനം കോൺഗ്രസ്സിന്റെ കയ്യിൽ തന്നെയാണെന്നാണ്. കോൺഗ്രസ്സ് തകർന്നു, പരാജയപ്പെട്ടു, നശിച്ചു എന്നൊക്കെ കുറ്റം പറഞ്ഞ് ആവേശം കൊള്ളുന്നത് ഇരിക്കുന്ന കൊമ്പ് മുറിക്കുന്നതിന് തുല്യമാണെന്നേ ഞാൻ പറയുന്നുള്ളൂ. ഭരതീയ ജനതാ പാർട്ടി ഭരിക്കുന്ന ഇൻഡ്യയിൽ വളരെ ഡെയ്ഞ്ചറസ് ആയിട്ടുള്ള സിറ്റുവേഷനാണുള്ളത്. ആ സാഹചര്യം ഇടതു പക്ഷവും യു.പി.എ. യും ഒരുപോലെ മനസ്സിലാക്കുകയും ഇനിയെങ്കിലും അനുഭവത്തിന്റെ വെളിച്ചത്തിൽ ഒരുമിച്ച് ഫൈറ്റ് ചെയ്ത് ഫാസിസത്തിന് എതിരായ മുന്നേറ്റം നടത്തുന്നതിന് വേണ്ടിയുള്ള പരിശ്രമമാണ് നടത്തേണ്ട തെന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. ഇവിടെ ശ്രീ. പിണറായി വിജയനേയും മാർക്സിസ്റ്റ് പാർട്ടിയേയും കുറിച്ചൊക്കെ പറഞ്ഞു. ഈ പാർട്ടിയെക്കുറിച്ച് ചുക്കും ചുണ്ണാമ്പും അറിയില്ലെന്ന് ശ്രീ. പിണറായി വിജയനെ പോലുള്ള പാർട്ടി നേതാക്കന്മാർ ചില ഘട്ടങ്ങളിൽ പറഞ്ഞിരുന്നു. അവസാനം തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ജനം പറഞ്ഞത്, ജനങ്ങളെ പറ്റി യാതൊരു ചുക്കും ചുണ്ണാമ്പും പാർട്ടിക്ക് അറിയില്ലെന്നാണ്. തൊഴിലാളിവർഗ്ഗ രാഷ്ട്രീയ പാർട്ടിയെന്നുള്ള പ്രയോഗം തന്നെ ഇനി വേണമോയെന്നുള്ള കാര്യം സംശയമാണ്. കാരണം, ജനസംഖ്യയുടെ വെറും 2 ശതമാനമാണ് വർക്കിംഗ് ക്ലാസ്. ജനങ്ങളുടെ പാർട്ടിയായി മാറുക യാണ് വേണ്ടത്. അല്ലാതെ വർക്കിംഗ് ക്ലാസ്സിന്റെ പാർട്ടിയെന്ന് പറഞ്ഞാൽ, മൈനോറിറ്റിയുടെ പാർട്ടിയായി മാറും. ജനങ്ങളെന്ന് പറഞ്ഞാൽ വർക്കിംഗ് ക്ലാസ്സും ഉൾപ്പെടുമല്ലോ. അതുപോലെ ശ്രീ. വി.എസ്. അച്ചുതാനന്ദനെ പോലുള്ള ആളുകൾ മാഴ്സിലോയെ പോലെ സെൽഫ് ഗോൾ അടിക്കുന്ന ആളാണ്. അദ്ദേഹത്തോട് ചേർന്നുനിന്നാൽ പ്രശ്നങ്ങളെല്ലാം തീരുമെന്നും കൂടുതൽ സീറ്റുകിട്ടുമെന്നുമുള്ള പാർട്ടിയുടെ ധാരണ മാറിപ്പോയത് ഈ

തെരഞ്ഞെടുപ്പിലാണ്. അദ്ദേഹത്തിന്റെ കൂടെനിന്നാലും ഒരു പ്രയോജനവുമി ല്ലെന്ന് മനസ്സിലായതുകൊണ്ട് ഇനി അദ്ദേഹത്തെ എന്തുചെയ്യണമെന്ന് നിങ്ങൾ ആലോചിക്കണം.

അതുപോലെ, ഒരാളിന്റെ സംസാരത്തിൽ നിന്നാണ് ആ ആളിന്റെ സംസ്കാരം മനസ്സിലാകുന്നതെന്ന് ഈ അടുത്ത ദിവസം ശ്രീ. എം. എ. ബേബി പറഞ്ഞിട്ടുണ്ട്. ഇത്രയൊക്കെ കഠിനമായ പ്രയോഗം നടത്തേണ്ടിയി രുന്നോ; ആർക്കുനേരെയാണ് ആ വെടി വച്ചിട്ടുള്ളതെന്ന് ഞാൻ ശ്രീ. എം. എ. ബേബിയോട് ചോദിക്കാനാഗ്രഹിക്കുകയാണ്. സാരമില്ല, അദ്ദേഹത്തിന്റെ പാർട്ടിയായതുകൊണ്ട് അവർ തമ്മിലായിക്കോളും, ഞാൻ അതിൽ ഇടപെ ടേണ്ട കാര്യമില്ല. പക്ഷെ, യേശുക്രിസ്തു ജീവനോടെയുണ്ടായിരുന്നുവെ ങ്കിൽ അദ്ദേഹം പി.ബി. അംഗമാകുമായിരുന്നുവെന്ന് ശ്രീ. എം. എ. ബേബി മുമ്പൊരിക്കൽ ഒരു സാംസ്കാരിക സമ്മേളനത്തിൽ പ്രസംഗിച്ചത് ഞാൻ മലയാളമനോരമ പത്രത്തിൽ ഒന്നുരണ്ടുവർഷം മുമ്പ് വായിച്ചിട്ടുണ്ട്. കൃത്യമായ തീയതി ഓർമ്മയില്ല, പക്ഷെ ഞാൻ വായിച്ചിട്ടുണ്ട്. അന്ന് ഞാൻ അത്ഭുതത്തോടെ ചിന്തിച്ച ഒരു കാര്യമുണ്ട്. യേശുക്രിസ്തു ജീവനോടെയു ണ്ടായിരുന്നെങ്കിൽത്തന്നെ കമ്മ്യൂണിസ്റ്റായി മാറി പി.ബി.യിൽ എടുക്കുക മാത്രമേയുള്ളൂ അപ്പോഴും പാർട്ടി സെക്രട്ടറിയാകാനുള്ള യോഗ്യത യേശു ക്രിസ്തുവിന് കൽപ്പിച്ചുകൊടുക്കാൻ അന്നും ശ്രീ.എം.എ. ബേബി തയ്യാറില്ലാ യിരുന്നുവെന്നുള്ള ഒരു യാഥാർത്ഥ്യം നമുക്ക് വിസ്മരിക്കാനാവില്ല. പണ്ടൊരു മുത്തശ്ശി കൊച്ചുമക്കളെ കാണാൻപോയപ്പോൾ രണ്ട് ഐസ്ക്രീം വാങ്ങി മടിയിൽ സൂക്ഷിച്ചിരുന്നു. ബസ്സൊക്കെ കയറി, കുറേദൂരം ഇടവഴി യൊക്കെ നടന്ന് വീട്ടിലെത്തി കൊച്ചുമക്കളെകണ്ട് മടിയിൽനിന്ന് ഐസ്ക്രീ

മെടുത്തുപ്പോൾ രണ്ട് കോലുമാത്രം കിട്ടി. ബാക്കിയെല്ലാം പോരുന്ന വഴിയിൽ അലിഞ്ഞുപോയിരുന്നുവെന്നാരു കഥയുണ്ട്. അതുപോലെ തെരെഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ശ്രീ. പ്രകാശ് കാരാട്ടിന്റെയും ശ്രീ. സുധാകർ റെഡ്ഡിയുടെയും കൈവശം രണ്ട് കോല് മാത്രമാണുള്ളത്. ഒരു കോല് സി.പി.ഐ.യുടെ തൃശ്ശൂർ കോലും. വേറൊന്നുമില്ലാത്തൊരു നിർഭാഗ്യകരമായ സാഹചര്യമാണുള്ളത്. ഞാനതിൽ സന്തോഷിക്കുകയല്ല. ആ പാർട്ടികളൊക്കെ മതേതര പാർട്ടികളായതുകൊണ്ട് അവരുംകൂടി പാർലമെന്റിലുണ്ടായിരുന്നുവെങ്കിൽ നല്ലതായിരുന്നു. പക്ഷെ, കളിച്ച് കളിച്ച് അവസാനമൊന്നുമില്ലാത്തൊരു നിർഭാഗ്യകരമായ സാഹചര്യമായിയെന്നുപറഞ്ഞാൽ അതൊരു നിസ്സാരമായ കാര്യമല്ല. കേരള സംസ്ഥാനത്തുണ്ടായിട്ടുള്ള ഒരത്ഭുതമെന്താണെന്നുവച്ചാൽ, കേരള സംസ്ഥാനം കോൺഗ്രസ്സ് വിരുദ്ധ, യു.പി.എ. വിരുദ്ധ അല്ലെങ്കിൽ മതേതര വിരുദ്ധ തരംഗത്തെ തടഞ്ഞുനിർത്തിയ ഒരു സ്റ്റേറ്റാണ്. അതെങ്ങനെ സാധിച്ചു; അതിന്റെ ഏറ്റവും പ്രധാനപ്പെട്ട ക്രെഡിറ്റ് അവകാശപ്പെടാവുന്നത് ഇവിടെ മുഖ്യമന്ത്രിയായിരിക്കുന്ന ശ്രീ. ഉമ്മൻ ചാണ്ടിക്കാണ് എന്നു ഞാൻ പറയും. ശ്രീ. ഉമ്മൻ ചാണ്ടിയും ഐക്യജനാധിപത്യ മുന്നണിയുമാണ് ഇൻഡ്യാരാജ്യത്താകെ കൊടുങ്കാറ്റുപോലെ ആഞ്ഞടിച്ച ഒരു മതേതര വിരുദ്ധതരംഗത്തെ, ഒരു മോദി തരംഗത്തെ ഇവിടെ തടഞ്ഞുനിർത്തിയത്. ഒരു ദ്വീപുപോലെ നമ്മളിവിടെ ഉയർന്നുനിൽക്കുകയാണ്. ഈ 12 സീറ്റുകൾ എന്നുപറഞ്ഞാൽ 20 സീറ്റുകൾക്ക് തുല്യമാണ്. കാരണം, ഈ കൊടുങ്കാറ്റിനിടയിലും 12 സീറ്റുകൾ ജയിക്കാനായിയെന്നുള്ളത് നിസ്സാരമായ കാര്യമാണോ? ഈ കുത്തൊഴുക്കിൽപ്പോലും 12 സീറ്റുകൾ നേടാൻ കഴിഞ്ഞതിന്റെ ക്രെഡിറ്റ് ഐക്യജനാധിപത്യ മുന്നണിക്കും പ്രത്യേകിച്ച് ശ്രീ. ഉമ്മൻ

ചാണ്ടിക്കും ആണ് എന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. അതിന് സാധിക്കുന്ന തരത്തിലുള്ളൊരു നല്ല ഭരണം ഇവിടെ കാഴ്ചവയ്ക്കാൻ നമ്മുടെ ഗവൺമെന്റിന് സാധിച്ചിട്ടുണ്ടെന്ന് ആലോചിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. ഇതെല്ലാമൊരു അവസാന സംഭവമായി ഞാൻ കാണുന്നില്ല. ശ്രീ. നരേന്ദ്ര മോദി 15 വർഷമെങ്കിലും അധികാരത്തിലിരിക്കണമെന്ന ആഗ്രഹത്തോടുകൂടിയാണ് അവിടെയിരിക്കുന്നത്. അതിനാവശ്യമായ തന്ത്രങ്ങളെല്ലാം മെനയാൻ അദ്ദേഹത്തിനറിയാം. ശക്തനായ ഒരു ഭരണാധികാരിയാണ്, ആ കാര്യത്തിലൊന്നും സംശയമില്ല. പക്ഷെ, ജനങ്ങൾ തെരഞ്ഞെടുക്കുമ്പോൾ, ജനാധിപത്യത്തിൽ എപ്പോഴും സത്യത്തിനും നീതിക്കുമൊന്നും വലിയ സ്ഥാനമില്ല. അത് വെറുതേ പറയുന്നതാണ്. സത്യം, നീതി, നന്മ എന്നിവയുമായൊന്നും ജനാധിപത്യത്തിന് ബന്ധമില്ല. ഭൂരിപക്ഷവും, ഗണിതശാസ്ത്രവുമായിട്ടാണ് അതിന് ബന്ധം. ഏറ്റവും കൂടുതൽ വോട്ടു ലഭിച്ചത് ശ്രീ. നരേന്ദ്ര മോദിക്കായതുകൊണ്ട് അദ്ദേഹത്തെ നമ്മളാക്ഷേപിക്കുന്നതിൽ വലിയ കാര്യമില്ല. കാരണം, ശ്രീ. നരേന്ദ്ര മോദിയെ ജനങ്ങൾ തെരഞ്ഞെടുത്തിരിക്കുകയാണ്. ആ രാഷ്ട്രീയം ജനങ്ങൾ സ്വീകരിച്ചിരിക്കുകയാണെന്ന യാഥാർത്ഥ്യം ഇവിടെ ഇടതുപക്ഷവും, ഐക്യജനാധിപത്യമുന്നണിയും, യു.പി.എ.യും മനസ്സിലാക്കണം. എന്നിട്ട് ആ യാഥാർത്ഥ്യത്തിൽനിന്നുകൊണ്ട് അടുത്ത തെരഞ്ഞെടുപ്പിലെങ്കിലും ഇത് സംഭവിക്കാതെ തിരിച്ചുവരാനെന്താണ് മാർഗ്ഗം എന്നാണ് പരിശോധിക്കേണ്ടത്. അല്ലാതെ ആക്ഷേപിച്ചതുകൊണ്ട് എന്താണ് പ്രയോജനം? ജനാധിപത്യം അങ്ങനെയാണ്. ബറബ്ബാസിനെ വിട്ടയയ്ക്കണോ, യേശുക്രിസ്തുവിനെ വിട്ടയയ്ക്കണോയെന്ന് ചോദിച്ചപ്പോൾ പീലാത്തോസിന്റെ കോടതിയിൽ കൂടിയിരുന്ന

ജനങ്ങൾ ബറബ്ബാസിനെ വിട്ടയയ്ക്കുക, യേശുക്രിസ്തുവിനെ കുരിശ്ശിൽ തറയ്ക്കുകയെന്നാണ് പറഞ്ഞത്. അന്ന് ജനാധിപത്യപരമായി ജനങ്ങളുടെ അഭിപ്രായം കേട്ടതിനുശേഷമാണ് പീലാത്തോസ് ആ തീരുമാനമെടുത്തത്. അതുകൊണ്ടാണ് യേശുവിനെ കുരിശ്ശിലേറ്റിയതെന്നാണ് ബൈബിളിൽ പറയുന്നത്. യേശുവിനെ കുരിശ്ശിൽ തറയ്ക്കുക, ബറബ്ബാസിനെ വിട്ടയയ്ക്കുകയെന്ന് ആർത്തുവിളിച്ചതാണ് ജനാധിപത്യം. അവിടെ സത്യമോ, ന്യായമോ, യേശു ആരാണെന്നോ ഒന്നും ജനങ്ങൾ ആലോചിച്ചില്ല. ഭൂരിപക്ഷം ആളുകളുമിപ്പോൾ നരേന്ദ്ര മോദി വരണമെന്നാഗ്രഹിച്ചു, ശ്രീ. നരേന്ദ്ര മോദി വന്നു. ഈ സാഹചര്യം മനസ്സിലാക്കി ഇടതുപക്ഷ പ്രസ്ഥാനങ്ങളും യു.പി.എ.യുമെല്ലാമടങ്ങുന്ന മതേതര ശക്തികൾ ഇനി ഒരുമിച്ച് നിൽക്കുകയല്ലേ വേണ്ടത്? ആഭ്യന്തരനയമോ വിദേശനയമോ ഇല്ലാത്ത ശ്രീമതി ജയലളിതയുടെ പാർട്ടിയും ശ്രീമതി മമതാ ബാനർജിയുടെ പാർട്ടിയും, കുമാരി മായാവതിയുടെ പാർട്ടിയും ശ്രീ. മുലായംസിംഗ് യാദവിന്റെ പാർട്ടിയും ചേർന്ന് ഒരു മന്ത്രിസഭ രൂപീകരിച്ചിട്ടെന്താണ് കാര്യം? വികലമാണെന്ന് നിങ്ങൾ ആക്ഷേപിക്കുന്ന നയമെങ്കിലും ഉള്ള ഒരു പാർട്ടിയാണല്ലോ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ്. അതുകൊണ്ട് ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ഇക്കാര്യത്തിൽ ഇന്നു സ്വീകരിക്കുന്ന വളരെ തെറ്റായ സമീപനത്തിൽ മാറ്റം വരുത്തേണ്ടതാവശ്യമാണ്. വളരെയധികം ആലോചിക്കേണ്ട ഒരു സംഗതിയാണത്. ഐക്യജനാധിപത്യമുന്നണി കേരളത്തിൽ നടത്തിയ ഭരണം മോശമായ ഒരു ഭരണമല്ല. ഒരുപക്ഷേ, കേരള സംസ്ഥാനത്തിന്റെ ചരിത്രത്തിലിന്നുവരെ നടന്ന ഏറ്റവും നല്ല ഭരണം ഈ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റേതാണെന്ന് പറയേണ്ടതായി വരും. അതിന് എന്തൊക്കെ കാര്യങ്ങൾ പഠിച്ച്, എന്തൊക്കെ വികസന പ്രവർത്തനങ്ങൾ നടത്തി, ഈ ഗവൺമെന്റ് എന്തു

ചെയ്തുവെന്ന് നിഷ്പക്ഷമായി അക്കാദമിക താൽപ്പര്യം മാത്രം മുൻനിർത്തി രാഷ്ട്രീയം വിസ്മരിച്ച് പരിശോധിച്ചാൽ അതാണ് യാഥാർത്ഥ്യമെന്ന് മനസ്സിലാക്കാൻ ഒരു പ്രയാസവുമില്ല. ഇൻഡ്യാരാജ്യം എന്നുപറഞ്ഞാൽ വളരെയധികം വൈവിധ്യങ്ങളുടെ ഒരു കലവറയാണ്. വൈവിധ്യമാർന്ന സംസ്കാരങ്ങളാണ്. നാം ഇൻഡ്യാക്കാരാണെന്നുള്ള മനോഭാവം നമ്മൾ വിസ്മരിക്കാൻ പാടില്ല. നമ്മുടെ ദേശീയ ഉദ്ഗ്രഥനത്തിനുവേണ്ടിയും രാജ്യത്തിന്റെ ഐക്യത്തിനുവേണ്ടിയും മതേതരത്വം നിലനിർത്തുന്നതിനുവേണ്ടിയുമെല്ലാം ഒരുമിച്ചുനിൽക്കേണ്ട സമയമാണ്. നേരത്തെ എന്റെ സ്നേഹിതൻ ശ്രീ. സി. ദിവാകരൻ സംസാരിച്ചപ്പോൾ, കാശ്മീരിനെപ്പറ്റി അൽ–ഖയ്ദ പറഞ്ഞിരിക്കുകയാണെന്ന് പറഞ്ഞു. അത് ഞങ്ങളെ നോക്കിപറഞ്ഞാൽ അൽ–ഖയ്ദയും ഞങ്ങളും തമ്മിലെന്താണ് ബന്ധം? എന്നെയും ശ്രീ. പി. കെ. ബഷീറിനെയും നോക്കിയിട്ട് അൽ–ഖയ്ദ പറഞ്ഞിരിക്കുകയാണെന്ന് പറഞ്ഞാൽ ഞങ്ങൾ അൽ–ഖയ്ദക്കാരാണോ? ഞങ്ങൾക്കെന്ത് അൽ–ഖയ്ദയാണ്? ഇതൊക്കെ ഞങ്ങളുടെനേരെ നോക്കി പറയേണ്ട കാര്യമെന്താണ്? എല്ലാ ഖയ്ദയും ഇവിടെവരും, ആ ഖയ്ദകളെയൊക്കെ തടയണമെങ്കിൽ മതേതര ശക്തികൾ...

<u>ശ്രീ. സി. ദിവാകരൻ:</u> സർ, ഞാൻ ആരെയും പ്രത്യേകിച്ച് നോക്കി പറഞ്ഞതല്ല, അങ്ങോട്ടുമിങ്ങോട്ടും നോക്കി പറഞ്ഞതാണ്. അങ്ങ് ഞങ്ങളുടെ പാർട്ടിയിലെ ആളുതന്നെയാണല്ലോ?

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, കുഴപ്പമില്ല. അങ്ങനെയാരു ബോധമുണ്ടായാൽമതി. പക്ഷെ എന്റെ കണ്ണിന്റെ കുഴപ്പം കൊണ്ടായിരിക്കാം, അല്ലെങ്കിൽ ശ്രീ. സി. ദിവാകരന്റെ നിൽപ്പിന്റെ കുഴപ്പം കൊണ്ടായിരിക്കാം, എനിക്ക് തോന്നിയത് എന്നെനോക്കിയാണ് പറയുന്നതെന്നാണ്. അൽ–ഖയ്ദ

വരാൻ പോകുന്നുവെന്ന് മുസ്ലീം ലീഗിന്റെ നേരെ തിരിഞ്ഞിട്ട് പറഞ്ഞാൽ എന്താണ് ചെയ്യാൻ സാധിക്കുന്നത്? ഇൻഡ്യാരാജ്യത്തിന്റെ ഇന്നത്തെ സാഹചര്യം നിങ്ങൾ മനസ്സിലാക്കണ്ടേ? ഇടതുപക്ഷ പ്രസ്ഥാനങ്ങൾ, സി.പി.ഐ.ക്ക്, എന്റെ പഴയ പാർട്ടിയല്ലായെന്ന് പറയുന്നില്ല, ഇപ്പോഴെന്താണ് സംഭവിച്ചത്, ഇപ്പോൾ ജയദേവൻ സ്മാരക കമ്മിറ്റിയായി പാർട്ടി മാറിയില്ലേ? അതൊരു നിർഭാഗ്യകരമായ സാഹചര്യമാണ്. ഇടതുപക്ഷ പ്രസ്ഥാനങ്ങൾ മത്സരിപ്പിച്ച മുഴുവൻ സ്ഥാനാർത്ഥികളും ജയിച്ചാൽപ്പോലും ബി.ജെ.പി.യെ തടഞ്ഞുനിർത്തുക സാദ്ധ്യമായിരുന്നുവെന്ന് കരുതാൻ പറ്റുകയില്ല. കോൺഗ്രസ്സ് ജയിച്ചെങ്കിൽമാത്രമെ ബി.ജെ.പി.യെ തടഞ്ഞുനിർത്താൻ കഴിയുകയുള്ളൂ. 60 സീറ്റുകളിലാണ് ഇടതുപക്ഷ- മാർക്സിസ്റ്റ് പാർട്ടി മത്സരിച്ചത്, 65 സീറ്റുകളിൽ മത്സരിച്ച ഒരു പാർട്ടിയാണ് മുസ്ലീം ലീഗ്, അത് നിങ്ങൾക്ക് അറിയാമോ? തോറ്റുപോയിരിക്കാം, പക്ഷെ 65 സീറ്റുകളിൽ മത്സരിച്ച ഒരു പാർട്ടിയാണ് മുസ്ലീം ലീഗ്. നമ്മൾ തുല്യരല്ലേ; നമുക്ക് രണ്ട് കൂട്ടർക്കും അള്ളാഹു ന്യൂഡൽഹി വിധിച്ചിട്ടില്ല, അതിനെക്കുറിച്ച് പറഞ്ഞിട്ടെന്താണ് കാര്യം? മാർക്സിസ്റ്റ് പാർട്ടിക്കും ഇടതുപക്ഷപ്രസ്ഥാനത്തിനും മുസ്ലീം ലീഗിനും അള്ളാഹു ന്യൂഡൽഹി വിധിച്ചിട്ടില്ല. അതുകൊണ്ട് ഇൻഡ്യാ രാജ്യത്ത് ആരു ഭരിക്കണമെന്നുതീരുമാനിക്കുമ്പോൾ ബി.ജെ.പി.യെക്കാൾ നല്ലത് കോൺഗ്രസ്സാണെന്ന് മുസ്ലീം ലീഗ് ഒരു തീരുമാനത്തിലെത്തിയെങ്കിൽ അത് ശരിയായ ഒരു നയമല്ലേ? ഇപ്പോൾത്തന്നെ, നേരത്തെ സംസാരിച്ച ശ്രീ. സി. ദിവാകരന് നല്ല പരിഭ്രാന്തിയുണ്ട്. ബി.ജെ.പി. വന്നിരിക്കുകയാണ്, മോദി വന്നിരിക്കുകയാണ്, രക്ഷിക്കണമെന്ന മട്ടിലാണ് അദ്ദേഹം പറഞ്ഞത്. ആരാണ് രക്ഷിക്കേണ്ടത്; കോൺഗ്രസ്സാണ് രക്ഷിക്കേണ്ടത്. എപ്പോൾ

കോൺഗ്രസ്സ് തകർന്നിട്ടുണ്ടോ, അപ്പോഴെല്ലാം ബി.ജെ.പി. അധികാരത്തിൽ വന്നിട്ടുമുണ്ട്. ഭാരതീയ ജനതാ പാർട്ടിയുടെ വരവിനെ തടഞ്ഞുനിർത്താൻ ഒരു പ്രധാനപ്പെട്ട ശക്തിയാകാൻ സാധിക്കുന്നത് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനുതന്നെയാണ്. അതിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനൊരു പ്രധാന പങ്ക് വഹിക്കാനുണ്ട്. അത് വിസ്മരിച്ചിട്ട് ഒരു പ്രയോജനവുമില്ല. ഭാരതീയ ജനതാ പാർട്ടിയെ തോൽപ്പിച്ചതിനുശേഷം നിങ്ങൾ കോൺഗ്രസ്സിനോട് എന്തെങ്കിലും കണക്കുണ്ടെങ്കിൽ തീർത്താൽ മതി. അതു വേറെ കാര്യം. പൊതുവായ ശത്രുവിനെ നേരിടുന്നതിന് മുഖ്യശത്രു ആരാണെന്ന് കണ്ടുപിടിക്കാനുള്ള കഴിവുണ്ടാകണം. ഇപ്പോൾ തെരെഞ്ഞെടുപ്പ് കാലത്ത് കമ്മ്യൂണിസ്റ്റ്-മാർക്സിസ്റ്റ് പാർട്ടിയും സി.പി.ഐ.യും കൂടി ഒരുമിച്ച് മണ്ണാങ്കട്ടയും കരിയിലയും കാശിക്കുപോയി എന്നുപറഞ്ഞപ്പോലെ എന്ത് സ്പീഡിലാണ് പോയത്; തെരെഞ്ഞെടുപ്പുകഴിഞ്ഞപ്പോൾ ഒരു കൂട്ടർ കാറ്റിൽ പറന്നും പോയി മറ്റേ കൂട്ടർ മഴയിൽ അലിഞ്ഞുംപോയിയെന്നു പറഞ്ഞതു പോലെയുളള ഒരു സാഹചര്യം വന്നു.

അതുകൊണ്ട് ഞങ്ങൾ തോറ്റെങ്കിലെന്ത്, നിങ്ങളും തോറ്റില്ലേ എന്ന് നമ്മൾ തമ്മിൽ തോൽവിയുടെ മഹത്വം പറഞ്ഞ് തർക്കിക്കുന്നതിനേക്കാൾ നല്ലത് ഇതുപോലെ നമുക്ക് രണ്ടുകൂട്ടർക്കും സംഭവിക്കാതിരിക്കാൻ, ഭാരതീയ ജനതാപാർട്ടിയുടെയും ശ്രീ. നരേന്ദ്ര മോദിയുടെയും ഭരണം എത്രയുംവേഗം അവസാനിപ്പിച്ച് ഇന്ത്യാ രാജ്യത്തെ രക്ഷിക്കാൻ എന്താണ് മാർഗ്ഗം എന്നതിനെക്കുറിച്ച് ഒരുമിച്ചിരുന്ന് ആലോചിക്കേണ്ടതാണ്. ഇത് വളരെ പ്രധാനപ്പെട്ടൊരു സംഗതിയാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഇതിനുമുമ്പും പരാജയപ്പെട്ടിട്ടുണ്ട്. അവർക്ക് പരാജയം ഒരു പുതിയ കാര്യമല്ല. നമ്മുടെ

രാജ്യത്തെ ജനങ്ങളുടെയൊരു സ്വഭാവമനുസരിച്ച് വലതുപക്ഷത്തോടൊപ്പം അധികകാലം നിൽക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. ഇന്ത്യയിൽ ഭഗത് സിംഗും സുഭാഷ് ചന്ദ്രബോസും മഹാത്മാഗാന്ധിയുമുണ്ടായിരുന്നു. നമ്മൾ രാഷ്ട്രപിതാവ് എന്നുപേരിട്ട് വിളിച്ചത് മഹാത്മാഗാന്ധിയെയാണ്. സുഭാഷ് ചന്ദ്രബോസിന് രാജ്യസ്നേഹമില്ലാത്തതുകൊണ്ടല്ല അദ്ദേഹത്തെ അങ്ങനെ വിളിക്കാത്തത്. സുഭാഷ് ചന്ദ്രബോസ് അങ്ങേയറ്റം രാജ്യസ്നേഹമുള്ള ധീരനായ സ്വാതന്ത്ര്യസമര പോരാളിയായിരുന്നു. എന്നിട്ടും അളുകൾ ഏതു പക്ഷത്താണ് നിന്നത്. മിതമായ, മദ്ധ്യവർഗ്ഗ നിലപാട് സ്വീകരിക്കുന്ന മഹാത്മാഗാന്ധിയുടെ പിന്നിലാണ് ജനം അണിനിരന്നത്. സുഭാഷ് ചന്ദ്രബോസ് അദ്ദേഹത്തിന്റെ ലൈനിലാണ് സ്വാതന്ത്ര്യത്തിനുവേണ്ടി സമരം നടത്തിയത്. ആ ലൈൻ സ്വീകരിക്കാതെ ആളുകൾ നിന്നത് അഹിംസയുടെ, ജനാധിപത്യത്തിന്റെ, മതേതരത്വത്തിന്റെ കൂടെയാണ്. ഇന്ത്യൻ ജനതയുടെ സ്വഭാവം അതാണ്. അതുവച്ചിട്ട് ഇന്ത്യൻ നാഷണൽ കോൺഗ്രസിന് ഇവിടെയൊരു സ്കോപ്പുമില്ല. ഇന്ന് ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് പ്രത്യേകിച്ച് വിപ്ലവവും കാര്യങ്ങളുമൊന്നുമില്ല. അവരെല്ലാം പാർലമെന്ററി മാർഗ്ഗം സ്വീകരിച്ചിട്ടുള്ളവരാണ്. ഇടതുപക്ഷ പ്രസ്ഥാനങ്ങളൊന്നും ഇന്ത്യയിൽ നശിച്ചുപോകണമെന്നുള്ള ആഗ്രഹമൊന്നും ഞാൻ ഇവിടെ പ്രകടിപ്പിക്കുന്നില്ല. ആശയപരമായിട്ടുള്ള തർക്കങ്ങളും സംഘട്ടനങ്ങളുമൊക്കെയുണ്ടെങ്കിലും ഇന്ത്യയിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങളും വേണം മതേതര പ്രസ്ഥാനങ്ങളും വേണം. അങ്ങനെ ഈ മഹാവിപത്തിൽനിന്ന് രാജ്യത്തെ രക്ഷിക്കാനുള്ള ശ്രമത്തിൽ നമുക്കൊന്നുചേരാം എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

<u>ശ്രീ. പാലോട് രവി</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ബഹുമാനപ്പെട്ട ഗവണ്മെന്റിന്റെ മുമ്പിൽ പദ്ധതി ചെലവിനെ സംബന്ധിച്ചും പദ്ധതിയേതര ചെലവിനെ സംബന്ധിച്ചും ഒന്നുരണ്ട് ചെറിയ കാര്യങ്ങൾ ചൂണ്ടിക്കാണിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. പദ്ധതിചെലവുകളിൽ വീഴ്ചവരുത്തുന്ന ഡിപ്പാർട്ടുമെന്റുകളെ സംബന്ധിച്ചിടത്തോളം ശക്തമായ നടപടിയുണ്ടാകണമെന്നാണ് എനിക്ക് ബഹുമാന്യനായ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ ചിലർ ചൂണ്ടിക്കാണിച്ചതുപോലെ പദ്ധതിയേതര ചെലവ് വരുന്ന രണ്ടുവർഷം കുറച്ചുകൊണ്ടുവരുന്നതിനുള്ള ഒരു ധീരമായ നടപടി മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണം. ഞാൻ ഈ സഭയിൽകൊണ്ടുവന്ന ശ്രദ്ധക്ഷണിക്കലിന്റെ മറുപടി പ്രസംഗത്തിൽ അങ്ങ് പറഞ്ഞു, വരുന്ന നിയമസഭാ സമ്മേളനത്തിൽ മലയാള ഭാഷ ഔദ്യോഗിക ഭാഷാ നിയമമാക്കി സഭയിൽ പാസ്സാക്കുമെന്ന്. ഒരു പൊതുഭരണത്തെക്കുറിച്ച് ചർച്ച നടക്കുന്ന വേദിയായതുകൊണ്ട് കഴിയുന്നതും വേഗം നമ്മുടെ മാതൃഭാഷ ഔദ്യോഗിക ഭാഷാ നിയമമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ബഹുമാന്യനായ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ഹൈക്കോടതി ജഡ്ജിയുടെ സാന്നിദ്ധ്യത്തിൽ ബഹുമാന്യനായ ധനകാര്യവും നിയമവും വകുപ്പുമന്ത്രി ശ്രീ. കെ.എം.മാണി നെടുമങ്ങാട് ഒരു കോടതി ഉദ്ഘാടന വേളയിൽപ്പറഞ്ഞു കോടതിയുടെ ഒന്നാം പ്രയോറിറ്റിയിലിരിക്കുന്ന എം.എ.സി.റ്റി. കോടതി അവിടെ അനുവദിക്കുന്നതിനുള്ള എല്ലാ നടപടിയും സ്വീകരിക്കുമെന്ന്. ഒരു വർഷം കഴിഞ്ഞ് എം.എ.സി.റ്റി. കോടതി അനുവദിച്ചു. അവിടെ കോടതി തുടങ്ങണമെങ്കിൽ

കുറച്ച് പോസ്റ്റ് ക്രിയേറ്റ് ചെയ്യണം. ബഹുമാനപ്പെട്ട ഹൈക്കോടതിയും അതിന്റെ തീരുമാനമറിയിച്ചു. എത്രയുംവേഗം ആ എം.എ.സി.റ്റി. കോടതി അവിടെ തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. 12 താലൂക്കുകൾ വന്നപ്പോൾ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി വലിയ ജില്ലകളിൽപ്പോലും നമുക്ക് റവന്യൂ ഡിവിഷൻ കൂടുതലായി വന്നിട്ടില്ല. അതിനെ സംബന്ധിച്ചും ഗവണ്മെന്റ് ഗൗരവമായി പരിഗണിക്കണം. പ്രധാനമന്ത്രി രണ്ടു കാര്യങ്ങൾ ഡൽഹിയിൽ ചൂണ്ടിക്കാണിച്ചതുപോലെ ഫയലുകളുടെ കാര്യത്തിൽ നിർബന്ധമായൊരു സമീപനം ഉണ്ടാക്കണം. അതായത് ഒരു ഫയൽ എത്ര ദിവസം ഒരു ഓഫീസിൽ വച്ചുകൊണ്ടിരിക്കാം, ഒരുഫയൽ എത്ര ദിവസം ഒരു ഡിപ്പാർട്ടുമെന്റിൽ വച്ചുകൊണ്ടിരിക്കാം എന്നതിനെ സംബന്ധിച്ച് നിർബന്ധമായും ഒരു തീരുമാനമുണ്ടാകണം. ഒന്നുരണ്ട് ജനപക്ഷ പ്രവർത്തനങ്ങൾ കൂടി 'മിഷൻ 676' പ്രോഗ്രാമിൽ ഉൾപ്പെടുത്താനഭ്യർത്ഥിക്കുകയാണ്. ഇന്ത്യ മുഴുവനും അങ്ങയെ അഭിനന്ദിച്ച ഒരു പരിപാടിയായിരുന്നു 'സീറോ ലാന്റ് ലെസ്' പദ്ധതി. ആ പദ്ധതിയോടൊപ്പം അവർക്ക് ഭവനമുണ്ടാക്കിക്കൊടുക്കുന്ന ഒരു ദീർഘവീക്ഷണ പദ്ധതികൂടി ഉൾപ്പെടുത്തണം. പല സ്ഥലങ്ങളിലായി മൂന്ന് സെന്റ് സ്ഥലം കൊടുത്താൽ അവർക്ക് അവിടെ താമസിക്കാൻ ബുദ്ധിമുട്ടുണ്ടാകും. ചെറിയ ചെലവിലാണെങ്കിലും ഒരുലക്ഷം ആളുകൾക്കെങ്കിലും വീടുവെച്ചുകൊടുക്കാനുള്ള നടപടിയെക്കുറിച്ച് ഗവണ്മെന്റ് അനുകൂലമായി ചിന്തിക്കണം. കരാറുകാരുടെ കാര്യം ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നത് മറ്റൊന്നുംകൊണ്ടല്ല, ഇന്ത്യയിലാകെ കോൺഗ്രസിനെതിരായി, യു.പി.എ. ഭരണകൂടത്തിനെതിരായി വർഗ്ഗീയകൊടു

ങ്കാറ്റാണ് ആഞ്ഞടിച്ചത്. അത് അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്ന വരും വളരെ ഗൗരവത്തോടുകൂടി കാണേണ്ട ഒരു കാര്യമാണ്. ആ കൊടുങ്കാറ്റിനിടയിലും കോൺഗ്രസ് നേതൃത്വം നല്കുന്ന യു.ഡി.എഫിന് 80 നിയമസഭാ സീറ്റുകളിൽ ഭൂരിപക്ഷം നൽകി ഭരണവിരുദ്ധ വികാരം ഒരു നല്ലയളവുവരെ ഇല്ലാതാക്കി ജനഹൃദയങ്ങളിൽ വേരൂന്നിയ ഒരു ക്ഷേമ ഭരണത്തിനാണ് ശ്രീ. ഉമ്മൻ ചാണ്ടി ഇവിടെ നേതൃത്വം നൽകുന്നത്. അല്ലാതെ ജനങ്ങൾ വോട്ട് ചെയ്യില്ല. പോളിംഗ് ബൂത്തിൽ പോകുന്ന ലക്ഷക്കണക്കിന് ആളുകൾ ഇതൊരു ക്ഷേമ ഭരണമാണ് എന്ന് അവരുടെ ജീവിതത്തിൽ അനുഭവവേദ്യമായതുകൊണ്ടാണ് കേരളത്തിലെ 80 നിയമസഭകളിൽ ഭൂരിപക്ഷമുണ്ടാക്കാൻ കഴിഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ള ജനകീയ പ്രശ്നം ജനപക്ഷത്തുനിന്നുകൊണ്ട് പരിഹരിക്കുന്നതിനു നല്കിയ സ്നേഹസ്പർശമുള്ള ഒരു ജനവിധിയാണിത്. അപ്പുറത്തുനിന്നും എത്രയോ പ്രതിപക്ഷനേതാക്കന്മാർ എത്രയോ ജനകീയ പ്രശ്നങ്ങൾ ഈ സഭയുടെ അകത്തും പുറത്തുംവച്ച് കേരളത്തിലെ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. രാഷ്ട്രീയ കാരണങ്ങളാൽ ഒരു ജനകീയ പ്രശ്നവും മാറ്റി വച്ചില്ല. എല്ലാ ജനകീയ പ്രശ്നങ്ങളും കേരളത്തിന്റെ മുഖ്യമന്ത്രി വളരെ സമർത്ഥമായി ജനപക്ഷത്തുനിന്നുകൊണ്ട് കൈകാര്യം ചെയ്തതുകൊണ്ടാണ് ഈ സ്നേഹസ്പർശം ജനവിധിയിലൂടെ നമ്മുടെ സംസ്ഥാനത്ത് ഉണ്ടായത്. ഇതൊരു വലിയ പിന്തുണയാണ്. ഇതിനപ്പുറത്തുനിന്ന് ഇതിനെ ആക്ഷേപിക്കരുത്. ഒരു സീറ്റുപോലും നിങ്ങൾക്ക് കിട്ടില്ലായെന്നാണ് ശ്രീ. പിണറായി വിജയൻ പറഞ്ഞത്. ഇതിനെയെല്ലാം അതിജീവിച്ചുകൊണ്ട് 80 അസംബ്ലി നിയോജകമണ്ഡലങ്ങളിൽ ഈ ഭൂരിപക്ഷമുണ്ടാക്കിയത് വലിയൊരു

ജനപിന്തുണയാണ്. അങ്ങ് ജനപക്ഷത്തുനിന്ന് പ്രവർത്തിച്ചതുകൊണ്ട് അങ്ങേയ്ക്ക് കിട്ടിയ ഏറ്റവും വലിയ അംഗീകാരമാണിത്. മണ്ണിൽ ആഴത്തിൽ വേരൂന്നി നില്ക്കുന്ന മരത്തെ കടപുഴകി ഒഴുക്കാൻ ഒരു കൊടു ങ്കാറ്റിനും കഴിയില്ല. അതാണ് ഈ സംസ്ഥാനത്തുണ്ടായത്. ടൈം സെൻസ് വിഷൻ എന്നത് മുഖ്യമന്ത്രിയുടെ സമീപനമാണ്. ഒറ്റയ്ക്കൊറ്റയ്ക്ക് നമ്മൾ മുഖ്യമന്ത്രിയെക്കുറിച്ച് പറഞ്ഞാൽപോര. അദ്ദേഹത്തിന് ടൈം സെൻസുണ്ട്. അദ്ദേഹം കഠിനാദ്ധ്വാനമെടുക്കുന്നു. അതുപോലെ ഈ ഗവണ്മെന്റിന് വിഷനുണ്ട്. ഇതൊന്നുമില്ലായെന്ന് അപ്പുറത്തുള്ളവർ പറഞ്ഞത് കേരള ത്തിലെ ജനങ്ങൾ അംഗീകരിച്ചില്ല. അതാണ് നിങ്ങൾ മനസ്സിലാക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം. മുഖ്യമന്ത്രിയുടെ കർമ്മശൈലി വേറിട്ടൊരു വികസന മാതൃകയാണ്. ശ്രീ. നരേന്ദ്ര മോദി ഇന്ത്യയിൽ മുഴുവൻ സഞ്ച രിച്ചുകൊണ്ട് ഗുജറാത്ത് മോഡലെന്നൊക്കെപ്പറഞ്ഞല്ലോ. കേരളത്തിലെ കോൺഗ്രസും യു.ഡി.എഫും ഇന്ത്യയിലെ ജനാധിപത്യ മതേതര ശക്തി കൾക്ക് ആത്മവിശ്വാസം നല്കുന്ന ഉദാത്ത ഭരണമാതൃകയാണ്. ഇതുപറയാ നാണ് ഞാൻ ഈ കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചത്. സമാനതകളില്ലാത്ത ഒരു സർക്കാരിന്റെ സ്ഥാനമാണ് പാവപ്പെട്ടവരുടെ മനസ്സിൽ ഈ സർക്കാരി നുണ്ടായിരുന്നതെന്നാണ് ഈ കഴിഞ്ഞ തെരഞ്ഞെടുപ്പുഫലം തെളിയിച്ചിരി ക്കുന്നത്. നമ്മൾ അത് അംഗീകരിച്ചേ മതിയാകൂ. ജനവിധിയെ ഇവിടെവന്നി രുന്നുകൊണ്ട് ശരിയല്ലയെന്നുപറയരുത്. പാവപ്പെട്ടവരുടെയും ദുഃഖിതരു ടെയും കണ്ണീരൊപ്പിയ ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന് അവർ നല്കിയ ഏറ്റവും വലിയൊരു ജനവിധിയാണ് ഈ സംസ്ഥാനത്തുണ്ടായത്. കേരള ത്തിലെ പ്രതിപക്ഷം ഈ തെരഞ്ഞെടുപ്പിൽ ജനപക്ഷത്തുനിന്ന് പൂർണ്ണമായും ഒറ്റപ്പെട്ടു. മൂന്നുവർഷം കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകൾക്കെതിരെ

ഉന്നയിച്ച അഴിമതി ആരോപണങ്ങൾ, സമരങ്ങൾ ഇതെല്ലാം കേരളത്തിൽ എങ്ങനെ ജലരേഖയായി മാറി. നിങ്ങൾ ഇത് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പോളിറ്റ് ബ്യൂറോ കഴിഞ്ഞതിനുശേഷം കുറേ സ്റ്റേറ്റുമെന്റുകൾ പുറത്തുവന്നിട്ടുണ്ട്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ 140 സീറ്റിൽ മാർക്സിസ്റ്റ് പാർട്ടി എത്ര സ്വതന്ത്രന്മാരെ നിറുത്തി. 20 സീറ്റിൽ 6 സീറ്റും സ്വതന്ത്രന്മാർക്ക് നൽകിയത് എന്ത് രാഷ്ട്രീയമാണ്. അതുകൊണ്ടാണ് നിങ്ങളിൽ പലരും തോല്ക്കുന്നതും നിങ്ങളുടെ പ്രസ്ഥാനം തകരുന്നതും. ആരെ കണ്ടുകൊണ്ടാണ് നിങ്ങൾ സ്ഥാനാർത്ഥികളെ നിറുത്തുന്നത്.

മാർക്സിസ്റ്റ് പാർട്ടി നേതൃത്വം കൊടുക്കുന്ന ഒരു ഇടതുപക്ഷ പ്രസ്ഥാനം ഇത്രയേറെ അവസരവാദപരമായ രാഷ്ട്രീയം ഈ സംസ്ഥാനത്ത് സ്വീകരിക്കാമോ? ആർ.എസ്.പി.യുടെ കാര്യത്തിൽ വലിയ വികാരവും ചർച്ചയും വാഗ്വാദവും ഉണ്ടായി. ശ്രീ. ഫിലിപ്പോസ് തോമസിന്റെ സീറ്റ് ശ്രീ. എൻ. കെ. പ്രേമചന്ദ്രന് കൊടുത്തിരുന്നുവെങ്കിൽ ഇപ്പുറത്ത് ശ്രീ. എം. എ. ബേബി ജയിക്കുമായിരുന്നില്ലേ. ഒരു സീറ്റ്..... ശ്രീ. മാത്യു. റ്റി. തോമസിന് സീറ്റ് കൊടുത്തു. തൊട്ടപ്പുറത്തുള്ള പത്തനംതിട്ടയിലെ സീറ്റെങ്കിലും ആർ.എസ്. പി.ക്ക് കൊടുത്തിരുന്നുവെങ്കിൽ ഇപ്പുറത്ത് ഈ അവസ്ഥ ഉണ്ടാകുമായിരുന്നോ? അത് പോലും ആലോചിച്ചില്ല. അതിന്റെ പിന്നാമ്പുറമൊന്നും ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നില്ല. ഞാൻ ആ പിന്നാമ്പുറത്തിൽ വിശ്വസിക്കുന്നുമില്ല. ഈ തെരഞ്ഞെടുപ്പിൽ പരിപൂർണ്ണമായി നിങ്ങളുടെ അടിത്തറ തകർന്നിരിക്കുന്നുവെന്ന് നിങ്ങൾ വിശ്വസിക്കണം. നിങ്ങൾ തോൽക്കുക മാത്രമല്ല. നിങ്ങളുടെ ദേശീയ രാഷ്ട്രീയ പ്രസക്തി നഷ്ടപ്പെട്ടു. അപ്പുറത്തിരിക്കുന്ന

സി.പി.ഐ.യും സി.പി.എമ്മും അതാണ് ഏറ്റവും ഗൗരവമായി കാണേണ്ടത്. നിങ്ങൾക്ക് കേരളത്തിലും, ത്രിപുരയിലും ബംഗാളിലും പാർട്ടിയും, ഓഫീസും, കൊടിയും, ആവശ്യമായ അർത്ഥവും, ചാനലുമുണ്ട് പക്ഷെ നിങ്ങളുടെ രാഷ്ട്രീയ പ്രസക്തി എന്നെന്നേയ്ക്കുമായി നഷ്ടപ്പെട്ടിരിക്കുന്നു. കാരണം നിങ്ങൾക്ക് കിട്ടേണ്ട ബംഗാളിലെ വോട്ട് മുഴുവനും ബി.ജെ.പി. പിടിച്ചെടുത്തിരിക്കുന്നു. മമതാ ബാനർജി നാളെ മാറിയാൽ നിങ്ങൾക്കുറപ്പിച്ച് പറയാമോ..... ഈ സഭയിൽനിന്ന് ദേശീയ രാഷ്ട്രീയം ഇ.എം.എസ്. പ്രസംഗിക്കുന്നത് ഞങ്ങൾ വായിച്ചിട്ടുണ്ട്. നിങ്ങൾക്ക് പറയാമോ ഇന്ത്യയ്ക്കാകെ മോഡലായ ഒരു ഭരണമാണ് 33 വർഷം പശ്ചിമബംഗാളിൽ ഞങ്ങൾ ഭരിച്ചതെന്ന്? 33 വർഷം ഒരു സംസ്ഥാനം ഭരിച്ചിട്ട് ആ സംസ്ഥാന ഭരണം ഇന്ത്യയ്ക്കാകെ മോഡലാക്കാൻ കഴിഞ്ഞില്ലെന്നു മാത്രമല്ല ആ ഭരണം എന്നെന്നേയ്ക്കുമായി മാർക്സിസ്റ്റ് പാർട്ടിക്ക് നഷ്ടപ്പെടുന്ന ഒരവസ്ഥയാണ് കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ കാണാൻ കഴിഞ്ഞത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, 60 വർഷം ഇന്ത്യ ഭരിച്ച കോൺഗ്രസ് 543 മെമ്പർമാരുള്ള ഇന്ത്യൻ പാർലമെന്റിൽ 500 ഓളം എം.പി. മാർ കോൺഗ്രസ്സിനെതിരായി ജയിച്ചു എന്നുള്ളത് ഇന്ത്യയിലെ ആദ്യത്തെ സംഭവമല്ലേ. അതുകാണാതെ പറയുന്നതിൽ എന്താണ് അർത്ഥമുള്ളത്?

ശ്രീ. പാലോട് രവി: സർ, കോൺഗ്രസ്സിന്റെ പരാജയവും നിങ്ങളുടെ പരാജയവും തമ്മിൽ നിങ്ങൾ താരതമ്യപ്പെടുത്തരുത്. കോൺഗ്രസ് പരാജയപ്പെടുന്നത് ആദ്യമല്ല. വി. പി. സിംഗ് ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്നു, മൊറാർജി ദേശായി ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്നു. ആരെല്ലാം ഇന്ത്യയുടെ പ്രധാനമന്ത്രിമാരായി വന്നു. കോൺഗ്രസ് തിരിച്ചുവന്നു. ദേശീയ

രാഷ്ട്രീയത്തിൽ വരുന്ന കോൺഗ്രസ്സിന്റെ പരാജയം പറഞ്ഞ് മാർക്സിസ്റ്റ് പാർട്ടി രക്ഷപ്പെടാൻ ശ്രമിക്കരുത്. ഇക്കഴിഞ്ഞ ദേശീയ രാഷ്ട്രീയത്തിലെ ഗുരുതരമായ വെല്ലുവിളികളെ കാണാൻ കഴിഞ്ഞില്ല. നിങ്ങൾ സ്വീകരിച്ച നില പാടുകളും തീരുമാനങ്ങളും പരാജയപ്പെട്ടിരിക്കുന്നു എന്നതാണ് നിങ്ങളുടെ പ്രസിദ്ധി നഷ്ടപ്പെടാൻ കാരണം. ദേശീയ രാഷ്ട്രീയത്തിൽ രണ്ടാമത്തെ ഹിമാലയൻ ബ്ലണ്ടറായിരുന്നു കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നിങ്ങൾ സ്വീകരിച്ച ത്. ഒന്നാമത്തെ ഹിമാലയൻ ബ്ലണ്ടർ ജ്യോതിബാസു തന്നെ പറഞ്ഞിട്ടുണ്ട്. എന്താണ് രണ്ടാമത്തെ ഹിമാലയൻ ബ്ലണ്ടർ, നിങ്ങൾ പറഞ്ഞു ബി.ജെ.പി. യെയും കോൺഗ്രസിനെയും തോൽപ്പിക്കുകയെന്ന്. 5 വർഷം മുമ്പ് ആളി പ്പടർന്ന വർഗ്ഗീയ വികാരത്തെ തടഞ്ഞുനിർത്താൻ ഞങ്ങൾ യു.പി.എ.യ്ക്ക് പിന്തുണ വയ്ക്കുന്നു. ആണവകരാർ ഒന്നില്ലെങ്കിൽ നമ്മൾ ഈപ്പോഴും യു. പി.എ.യുടെ കൂടെതന്നെയാണ്. ആണവ കരാറിന്റെ പേരിൽ മാത്രമാണ് നിങ്ങൾ മാറിയത്. ദേശീയ രാഷ്ട്രീയത്തിൽ ഒരു ഗവൺമെന്റിനെ പിന്തുണച്ച നിങ്ങൾ മറ്റൊരു സാമ്പത്തിക കാര്യങ്ങളും ചൂണ്ടിക്കാണിക്കാതെ ആ ഗവൺമെന്റിൽനിന്ന് പിൻമാറി. പിൻമാറിയെന്ന് മാത്രമല്ല, നിങ്ങൾ തന്നെ നിങ്ങളുടെ അടിത്തറ ഇളകത്തക്ക തരത്തിൽ പറഞ്ഞു, കോൺഗ്രസ്സിനെ തോൽപ്പിക്കുക ബി.ജെ.പി.യെ തോൽപ്പിക്കുകയെന്ന്. ഇവിടെ ചൂണ്ടിക്കാണി ച്ചതുപോലെ ജനങ്ങൾ വിഡ്ഢികളല്ല എന്ന് തെളിയിക്കുന്ന തെരഞ്ഞെടു പ്പാണ്. ഇന്ത്യയിൽ ഒരാണും പെണ്ണുംകെട്ട രാഷ്ട്രീയ നിലപാട്...... മോഡി വരുന്നു. കോർപ്പറേറ്റ് വർഗ്ഗീയം, ഫാസിസം എന്നൊക്കെ രാജ്യം മുഴുവൻ പ്രസംഗിച്ച് നടന്നിട്ട് ഈ മോഡിക്കെതിരായി ഈ രാജ്യത്തെ മതേതര പ്രസ്ഥാ നങ്ങളെയും മതേതര ശക്തികളെയും ഒന്നിച്ചു നിർത്തുന്നതിനുപകരം

നിങ്ങൾ പറഞ്ഞു, മതേതര ശക്തിയെ തോൽപ്പിക്കുക. ഇവിടെ ശ്രീ. കെ. എൻ. എ ഖാദർ പറഞ്ഞതുപോലെ കോൺഗ്രസ്സിനെ തോൽപ്പിക്കുക. അവർ നിങ്ങളുടെ അടിത്തറ ഇളക്കിയില്ലേ. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഇടതു പക്ഷ പ്രസ്ഥാനത്തിന് തിരിച്ചുവരാൻ കഴിയാത്ത വിധത്തിൽ നിങ്ങളെ തകർത്തില്ലേ. നിങ്ങളുടെ തകരാർ, ഞങ്ങൾക്കുമാത്രമേ എല്ലാമറിയാവൂ എന്ന ഒരു ധാർഷ്ട്ര്യം നിങ്ങളെ നയിക്കുന്നു. ഞങ്ങൾക്കുമാത്രം എല്ലാം അറിയാ മെന്ന ഈ ധാർഷ്ട്ര്യമണ് എന്നും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ ഈ പടുകുഴി യിൽകൊണ്ടെത്തിച്ചിരിക്കുന്നത്. മനുഷ്യന്റെ നന്മയ്ക്കായി പ്രവർത്തിക്കുന്ന കേന്ദ്രങ്ങളുണ്ടാകണമെന്നും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെ തിരെ നവോത്ഥാന പ്രസ്ഥാനങ്ങൾക്ക് പിന്തുണ നൽകണമെന്നും പ്രകൃതി സംരക്ഷണത്തിനും കലാസാംസ്കാരിക രംഗത്തിനും ഏറ്റവും കൂടുതൽ സമ്പന്ന കേന്ദ്രങ്ങളുണ്ടാകണമെന്നും അടിത്തറയിട്ട ജവഹർലാൽ നെഹ്റുവി നെപ്പോലും നിങ്ങൾ ആക്ഷേപിച്ച പുസ്തകം എന്റെ കൈയിൽ ഉണ്ട്. എല്ലാ വർഷാവർത്തനങ്ങളിലും പൂക്കുകയും കായ്ക്കുകയും ചെയ്യുന്ന ഒരു ഫലവൃക്ഷത്തെപ്പോലെ ഈ മതേതര പ്രസ്ഥാനം വളർന്നുവന്നപ്പോൾ നിങ്ങൾ കല്ലെറിഞ്ഞു. 1948-ൽ നിങ്ങളുടെ കൽക്കട്ടാ തീസിസിൽ വർഗ്ഗ സമരം തുടങ്ങിയവരാണ്. അവിടെയും നിങ്ങൾ കോൺഗ്രസ്സിനെ വിട്ടില്ല. എന്തുണ്ടായി? സംഭവിച്ചതു വേറൊന്നുമല്ല സംഭവിച്ചത് ആശാൻ പറഞ്ഞതു പോലെ,

'വണ്ടേ നീ തുലയുന്നു വീണീവിളക്കും നീ കെടുത്തുന്നതേ'

നിങ്ങൾ തുലഞ്ഞു. ഞങ്ങളുടെ പ്രകാശവും അൽപ്പംകെടുത്തി. നിങ്ങൾ അതാണ് ചെയ്തത്. നിങ്ങൾ കഴിഞ്ഞ 60 വർഷക്കാലമായി ഇന്ത്യയുടെ മതേ

തര പ്രസ്ഥാനത്തിന്റെ കടയ്ക്കൽ കത്തി വച്ചു. മഹാത്മാഗാന്ധി അനുസ്മരണ പ്രഭാഷണത്തിൽ അച്യുതമേനോൻ ഒരിക്കൽ പറഞ്ഞു, ഈ സത്യം ഇന്നല്ലെങ്കിൽ നാളെ ഈ രാജ്യം കാണുമെന്ന്. അച്യുതമേനോന്റെ അവസാനത്തെ സ്ഥിതി നമുക്കറിയാം. ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നത്, വണ്ട് തുലയുന്നു വിളക്കിന്റെ പ്രകാശവും കെടുത്തുന്ന സ്ഥിതിയിലേക്ക് പോകാതെ ഇന്ത്യയുടെ മതേതര ശക്തിളെ ഒന്നിപ്പിച്ച് അണിനിരത്തുവാൻ നമുക്ക് കഴിയണം. ഇവിടെ 67 വർഷമായി ഉയർച്ചയും താഴ്ച്ചയും ഉണ്ടായപ്പോഴും അധികാരമുള്ളപ്പോഴും ഇന്ത്യൻ ജനതയുടെ മനസ്സിൽ മായാത്ത മുദ്ര പതിപ്പിച്ച ഒരു മതേതര പാർട്ടിയാണ് കോൺഗ്രസ്സ്. ശ്രീ. മുലായംസിങ് യാദവിനെ കണ്ടാൽ നിങ്ങൾ പറയും കോൺഗ്രസ് തകരണമെന്ന്. നിങ്ങൾ മായാവതിയെ കണ്ടാൽ കവാത്ത് മറക്കും, ജയലളിതയെ കണ്ടാൽ കവാത്ത് മറക്കും. നിങ്ങൾ ഓരോ സ്റ്റേറ്റിൽ ചെല്ലുമ്പോൾ ഓരോ പ്രദേശിക പാർട്ടികളെയെടുത്ത് മതേതര ശക്തിയെ അടിക്കുകയായിരുന്നു. ഇപ്പോൾ എന്തുണ്ടായി. നിങ്ങളുടെ ഓഫീസ് നിലനിൽക്കണമെങ്കിൽ നിങ്ങളുടെ കൊടി നിലനിൽക്കണമെങ്കിൽ നിങ്ങളുടെ പ്രസ്ഥാനം നിലനിൽക്കണമെങ്കിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസെന്നു പറയുന്ന ഈ മഹാപ്രസ്ഥാനം ഇന്ത്യയിൽ കൊടുങ്കാറ്റുപോലെ തിരിച്ചുവരേണ്ടുന്ന ഒരവസ്ഥയിലേയ്ക്ക് ഈ രാജ്യം പോയിരിക്കുന്നു. ഞാൻ മറ്റ് വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ശ്രീ. സി. ദിവാകരനും ശ്രീ. കോടിയേരി ബാലകൃഷ്ണനും രഹസ്യമായിട്ടെങ്കിലും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ തിരിച്ചുകൊണ്ടുവരാൻ വേണ്ടിയുള്ള എല്ലാ വിധമായ പ്രവർത്തനങ്ങളും.......... കാരണം, നിങ്ങളുടെ പ്രസ്ഥാനം നിലനിൽക്കേണ്ടേ, നിങ്ങളുടെ ഒഫീസും കൊടിമരവും നിൽക്കേണ്ടേ.

എന്താണ് ബംഗാളിലെ സ്ഥിതി, അവിടെ കൊടിമരം പിഴുതുകൊണ്ടുപോകുന്നു. ഓഫീസ് അടച്ചുപൂട്ടുന്നു. ജില്ലാ കമ്മിറ്റി ഓഫീസുകൾ കൊണ്ടുപോകുന്നു. 9 തവണയായി ഒരു പാർലമെന്റ് സീറ്റിൽനിന്ന് ജയിച്ച ബസുദേവാചാര്യയെ തോൽപ്പിച്ചത് എത്ര വോട്ടുകൾക്കാണെന്നറിയാമോ? എത്ര ലക്ഷം വോട്ടിനാണ് തോൽപ്പിച്ചതെന്ന് അറിയാമോ? ഞാൻ പറയുന്നത്, ഇടതുപക്ഷം ഇന്ത്യയിൽ തകരണമെന്നല്ല. 67 വർഷമായി നിങ്ങളുടെ ശത്രുവിനെയും മിത്രത്തെയും തിരിച്ചറിയാൻ കഴിഞ്ഞില്ല. നാല് സീറ്റുകൾക്ക് വേണ്ടി നിങ്ങൾ ബിഷപ്പ് വിളിച്ചാലും അച്ചൻ വിളിച്ചലും അമ്പലം വിളിച്ചാലും പോകും. ആ ഒരവസ്ഥയിലേക്ക് നിങ്ങൾ പോയാൽ നിങ്ങളുടെ ബാക്കിയുള്ള അസ്ഥിവാരം കൂടി ഇളകും എന്നുമാത്രമാണെനിക്ക് പറയാനുള്ളത്. ശ്രീ. കെ. എൻ. എ. ഖാദർ പറഞ്ഞതുപോലെ മോഡിയുടെ അതിമോഹങ്ങൾ കണ്ട് ആരും കൊതിക്കണ്ട. അത് ഹണിമൂൺകാലത്ത് നടക്കുന്ന ചില പ്രഖ്യാപനങ്ങൾ മാത്രമാണ്. ഇന്ത്യയിലെ ജനങ്ങൾ അത് സമ്മതിച്ചിട്ടില്ല. അതാണ് ഇന്ത്യയുടെ മനസ്സ്. ഇന്ത്യൻ ജനങ്ങളുടെയും തൊഴിലാളികളുടെയും മനസ്സതാണ്. ഇന്ത്യയിലെ സാധാരണക്കാരുടെ മനസ്സതാണ്. അതുകൊണ്ട് എനിക്ക് എല്ലാവരോടും അഭ്യർത്ഥിക്കുവാനുള്ളത്, കോൺഗ്രസ്സിനെ ശക്തിപ്പെടുത്താൻ ദേശീയ രംഗത്തെ ഏറ്റവും വലിയ മതേതര കക്ഷിയായി ഈ പ്രസ്ഥാനം നിലനിർത്താൻ നിങ്ങളുടെ പിന്തുണ കേരളത്തിലും ഇന്ത്യയിലും കോൺഗ്രസ്സിനുണ്ടാക്കുന്നതാണ് എല്ലാവർക്കും നല്ലത്. ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. ജി. സുധാകരൻ: സർ, കേരളത്തിലൊരു സാമ്പത്തിക അടിയന്തിരാവസ്ഥയുടെ കാർമേഘങ്ങൾ ഉരുണ്ടുകൂടുന്ന ഇക്കാലത്ത് അതിനു കാരണമായ ഗവൺമെന്റിന്റെ ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ചുരുങ്ങിയ സമയത്തിനുള്ളിൽ ഞാൻ പറയാൻ ഉദ്ദേശിച്ച കാര്യത്തിൽനിന്ന് മാറിക്കൊണ്ട് ആദ്യമേ ഒരു കാര്യം പറയട്ടെ, മുഖ്യമന്ത്രിയുടെ കാലിലെ ചെരുപ്പിന്റെ വാറഴിക്കാൻ യോഗ്യതയുള്ള ഒരാൾ പോലും ഇവിടെയില്ലെന്ന് ശ്രീ. സി. പി. മുഹമ്മദ് ഇവിടെ പറയുന്നത് ഞങ്ങൾ കേട്ടു. ഞങ്ങൾ അതിനെ ഒബ്ജക്ട് ചെയ്തില്ല. ഞങ്ങൾക്ക് അതിന് യോഗ്യതയില്ലെന്ന് അങ്ങ് പറഞ്ഞത് തികച്ചും ശരിയാണ്. അദ്ദേഹത്തിന്റെ ചെരുപ്പിലെ വാറിൽ തൊട്ടാൽ പോലും അഴിമതി നാറും, ഏറ്റവും ബീഭത്സമായ സൈബർ കുറ്റങ്ങളുടെ ചുരുളഴിയും. അദ്ദേഹം നേരിട്ട് ചെയ്തുവെന്നല്ല, എന്നാൽ അദ്ദേഹത്തിന്റെ ഗവൺമെന്റ്....., അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശിഷ്യന്മാരാകാൻ പരസ്പരം മത്സരിക്കുന്ന 75 പേരിൽ ആരൊക്കെയാണെന്നു വച്ചാൽ, അവർക്കെല്ലാം അങ്ങയുടെ ചെരുപ്പും വാറും കാണിച്ചുകൊടുക്കുക. അവർ നക്കുകയോ മണക്കുകയോ എന്തു വേണമെങ്കിലും ചെയ്തോട്ടെ. ഞങ്ങളതിനില്ല, ഞങ്ങൾക്ക് ആ യോഗ്യത വേണ്ട. ഇവിടെ ഞാൻ ഉന്നയിക്കുന്നത്, 2005–06–ൽ ശ്രീ. ഉമ്മൻ ചാണ്ടി ഭരണം അവസാനിപ്പിക്കുമ്പോൾ കേരളത്തിന്റെ പൊതുകടം 45,929.05 കോടി രൂപയായിരുന്നു. 2014 മേയിൽ അദ്ദേഹത്തിന്റെ ഭരണത്തിന്റെ മൂന്നാം വർഷം അവസാനിപ്പിച്ചപ്പോൾ അത് 1,17,595.70 കോടി രൂപയായിരിക്കുകയാണ്. 2006 മുതൽ 2011 വരെ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള ഞങ്ങളുടെ കാലത്ത് പൊതുകടം 78,746.69 കോടി രൂപയായിരുന്നു. അതായത് 5 വർഷം

ഞങ്ങൾ വാങ്ങിയ പൊതുകടം 32,817.64 കോടി രൂപയാണ്. എന്നാൽ നിങ്ങൾ മൂന്നു വർഷംകൊണ്ട് ഇപ്പറയുന്ന പൊതുകടത്തിൽനിന്നും 39,000 കോടി രൂപ അധികമായി വാങ്ങിയിരിക്കുകയാണ്. ഞങ്ങൾ 5 വർഷം കൊണ്ട് വാങ്ങിയ കടത്തിനേക്കാൾ 6,000 കോടി രൂപ നിങ്ങൾ ഈ മൂന്നു വർഷക്കാലംകൊണ്ട് കൂടുതൽ വാങ്ങിയെന്നുള്ളതാണ്. ഞങ്ങൾ ഭരിച്ച പ്പോഴും ധാരാളം വികസനമുണ്ടായിരുന്നു. അന്നും വിലക്കയറ്റമുണ്ട്. ഇപ്പോൾ അതിനേക്കാൾ രൂക്ഷമാണ്. അത് കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങ ളുടെ ഭാഗമായാണ്. യാതൊരു തരത്തിലുമുള്ള സാമാന്യയുക്തിക്ക് നിരക്കാത്ത വിധം പൊതുകടം വർദ്ധിപ്പിച്ചതിന് യാതൊരു നീതീകരണവുമില്ല. 2011–12–ലെ നിങ്ങളുടെ ആദ്യ വർഷം തന്നെ പൊതുകടം 10,100 കോടി രൂപ യായി. ഈ മൂന്നുവർഷക്കാലത്തെ ശരാശരി പൊതുകട വർദ്ധനവ് 13,000–ത്തോളം കോടി രൂപയാണ്. 5 വർഷംകൊണ്ട് ഈ നിരക്കിലാണ് പൊതുകടം വർദ്ധിക്കുന്നതെങ്കിൽ നിങ്ങളുടെ 5 വർഷം കൊണ്ട് പൊതുകടം 64,870 കോടി രൂപയായി വർദ്ധിക്കും. ഞങ്ങളുടെ കാലത്ത് 32,744 കോടി രൂപയായിരുന്ന പൊതുകടം നിങ്ങൾ 64,000 കോടി രൂപയായി വർദ്ധിപ്പിക്കു വാനുള്ള യാതൊരു യുക്തിപരമായ സംഭവവികാസങ്ങളുമില്ല. യുക്തിസഹ മായ വർദ്ധനവല്ല ഉണ്ടായിരിക്കുന്നത്, മറിച്ച് പണം ദുർവിനിയോഗം ചെയ്യപ്പെ ട്ടിരിക്കുകയാണ്. ഇതുമാത്രമല്ല, വരുന്ന രണ്ടുവർഷം നിങ്ങൾ വാങ്ങാൻ പോകുന്ന പൊതുകടത്തിന്റെ സൂചനകൾ ലഭിക്കുമ്പോൾ ശരാശരി 15,000 കോടി രൂപ വീതം വാങ്ങും. അപ്പോൾ 30,000 കോടി രൂപ രണ്ടുവർഷം കൊണ്ട് വാങ്ങുമ്പോൾ നിങ്ങളുടെ 5 വർഷത്തെ പൊതുകടം 70,000 കോടി

രൂപയായി മാറാൻ പോകുകയാണ്. ഇതാണ്, ഇവിടെ ഒരു സാമ്പത്തിക അടിയന്തിരാവസ്ഥയുടെ കാർമേഘം ഉരുണ്ടുകൂടുന്നുണ്ടെന്ന് ഞാൻ പറഞ്ഞത്. റവന്യൂ ഡെഫിസിറ്റും പൊതുകടവും തമ്മിലുള്ള അനുപാതം ഇന്ത്യയിൽ ഏറ്റവും കൂടുതലുള്ള മൂന്ന് സംസ്ഥാനങ്ങളിൽ ഒന്ന് കേരളമായി മാറിയിരിക്കുകയാണ്. 203% ആണ് ഇത് തമ്മിലുള്ള അനുപാതം. റവന്യൂ ഡെഫിസിറ്റിനേക്കാൾ 203% കൂടുതലായി പൊതുകടം വർദ്ധിപ്പിച്ചിരിക്കുന്നു. കോൺട്രാക്ടർമാർ ചെയ്ത ജോലിക്ക് 2,500 കോടി രൂപ കൊടുക്കാനുണ്ട്. അങ്ങനെ പലവിധ കാര്യങ്ങൾക്കായി 10,000 കോടി രൂപയുടെ ബാദ്ധ്യതയാണുള്ളത്. ഓരോ വർഷവും ചുരുങ്ങിയത് 10,000 കോടി രൂപ വീതം ലാപ്സാക്കുകയാണ്. കഴിഞ്ഞ മൂന്നുവർഷം 30,000 കോടി രൂപ ചെലവഴിക്കാതെ മാറ്റിയിട്ടിട്ടും 10000 കോടി രൂപ ബാദ്ധ്യത കൊടുത്തുതീർക്കാതെയിരുന്നിട്ടും പൊതുകടം ഇത്രമാത്രം വാങ്ങിയിട്ടും പലമേഖലകളിലും പെൻഷൻ കൊടുക്കാതിരിന്നിട്ടും ശമ്പള തീയതി മാറ്റി കൊടുത്തിട്ടും എം.എൽ.എ. മാർക്കുപോലും മാസാവസാനമോ അടുത്ത മാസം ആദ്യമോ ശമ്പളം തരുന്ന രീതിയിൽ നിരവധി മാസങ്ങളിൽ ഇവിടെ ശമ്പളം മാറ്റിമറിച്ചിട്ടും ഈ സാമ്പത്തികമായ സംവിധാനത്തെ നിങ്ങൾക്ക് എങ്ങനെ ന്യായീകരിക്കാൻ കഴിയുന്നു? സാമ്പത്തിക അടിയന്തിരാവസ്ഥ പ്രഖ്യാപിക്കാൻ ഇതൊക്കെ ന്യായമായ കാരണങ്ങളാണ്. മാണി സാറിന് ഭരണഘടന അറിയാം. അദ്ദേഹം ഏറ്റവും പ്രഗല്ഭനായ മന്ത്രിയാണ്. സംശയമൊന്നുമില്ല, വാക്കൊന്നും ഞാൻ മാറ്റിപ്പറയുന്നില്ല. ബഹുമാനപ്പെട്ട മൻമോഹൻ സിംഗ് ഖജനാവ് കാലിയാക്കിയിട്ടാണ് പോയതെന്ന് സിറാജ് പത്രം കാര്യകാരണ സഹിതം എഴുതിയിട്ടുണ്ട്. അങ്ങനെയുള്ള ഗവൺമെന്റിന്റെ തെറ്റായ സാമ്പ

ത്തിക നയങ്ങളെ അനുധാവനം ചെയ്തുകൊണ്ട് നിങ്ങളുടെ പാർട്ടിയുടെ കേരളത്തിന്റെ സ്വയംപര്യാപ്തത എന്നുള്ള രാഷ്ട്രീയം നിങ്ങൾ നശിപ്പിച്ചു കളഞ്ഞതുകൊണ്ടാണ് അതിഭയങ്കരമായ കുഴപ്പത്തിന് ചുക്കാൻ പിടിക്കേണ്ടി വന്നത്. മോഡി ഗവൺമെന്റിനെപ്പറ്റി ഇവിടെ പറഞ്ഞു. മോഡി ഗവൺമെന്റിന്റെ കേരളത്തിലെ ഏറ്റവും വലിയ ഭക്തൻ ആരാണ്? മോഡി യെക്കണ്ടപ്പോൾ ആസനം ഇളക്കിക്കൊടുത്ത ശിവഗിരിയിലെ സന്യാസിമാർ മാത്രമല്ല, മോഡിയെക്കണ്ടപ്പോൾ എഴുന്നേറ്റുനിന്ന് തൊഴുത; ഞാൻ ഏറ്റവും വ്യക്തിപരമായി ബഹുമാനിക്കുന്ന അമൃതാനന്ദമയി ദേവി മാത്രമല്ല, അതിനെ ക്കാൾ മുമ്പിൽ നിന്ന് മോഡി മഹാനാണെന്നുള്ള തരത്തിൽ പ്രസ്താവന ഇറക്കിയത് ശ്രീ. ഉമ്മൻ ചാണ്ടിയാണ്. അദ്ദേഹത്തിന്റെ ഭരണകാലത്താണ് ഇന്ത്യയിലെങ്ങും ഇതുപോലെയുള്ള തീർത്ഥാടന കേന്ദ്രങ്ങളിൽ പോകാത്ത മോഡി ഇവിടെയെല്ലാം വന്ന് താൻ രാഷ്ട്രീയത്തിനതീതമാണെന്ന് തെളിയി ച്ചത്. ഫാസിസത്തിനെതിരായ ഐക്യമുന്നണിയെക്കുറിച്ച് ബഹുമാനപ്പെട്ട കെ. എൻ. എ. ഖാദർ പറഞ്ഞു. അങ്ങ് മുമ്പ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലുണ്ടായി രുന്ന ആളാണ്. ഇപ്പോഴും നമ്മുടെ പാർട്ടിക്കാരനാണെന്ന് ശ്രീ. സി. ദിവാക രൻ പറഞ്ഞത് ഓർമ്മക്കുറവുള്ളതുകൊണ്ടാണ്. ഇപ്പോൾ നിങ്ങൾ മുസ്ലീം ലീഗിലാണ്. നല്ല പ്രാസംഗികനാണ്. അതിനെപ്പറ്റി യാതൊരു തർക്കവുമില്ല. ഈ പ്രസംഗം എന്തുകൊണ്ടാണ് സി.പി.ഐ.–യിൽ നിൽക്കുമ്പോൾ നടത്താ തിരുന്നത്; എന്തുകൊണ്ട് അന്ന് ഈ പ്രസംഗം ഒളിച്ചുവച്ചു? അപ്പുറത്ത് പോകുമ്പോൾ സംസാരിക്കാനായി മനസ്സിൽ വച്ചിരിക്കുകയായിരുന്നു. കെ. എസ്.വൈ.എഫിന്റെയും എസ്.എഫ്.ഐ. യുടെയും ക്ലാസുകൾ ഞങ്ങൾ കേൾക്കുകയും ക്ലാസെടുക്കുകയും ചെയ്തിട്ടുണ്ട്. 65 സീറ്റുകളിൽ ഇന്ത്യൻ

യൂണിയൻ മുസ്ലീം ലീഗ് ഇന്ത്യയിൽ മത്സരിച്ചപ്പോൾ കോൺഗ്രസിനോട് ചേർന്ന് മത്സരിച്ചത് രണ്ടേ രണ്ടു സീറ്റിൽ മാത്രം. 63 സീറ്റുകളിലും നിങ്ങൾ കോൺഗ്രസിനെ എതിർത്തു. എവിടെപ്പോയി ഫാസിസ്റ്റ് വിരുദ്ധ മുന്നണി? ഫാസിസ്റ്റ് വിരുദ്ധ മുന്നണിയിൽ പങ്ക് ചേരാൻ നിങ്ങൾക്ക് സാദ്ധ്യമല്ല, ഞങ്ങൾക്കും അത് സാദ്ധ്യമല്ല. ഇവിടെ ഒരു ഫാസിസം അധികാരത്തിൽ വന്ന് അതിഭയങ്കരമായ ഒരു പ്രശ്നമുണ്ടായി എന്ന സ്ഥിതിയാകാത്തതു കൊണ്ട് അതിന് സാധ്യതയില്ല. അങ്ങനെ സാധ്യതയുണ്ടായാൽത്തന്നെ കോൺഗ്രസ് വരുമോ? ആരാണ് മോഡിയെ കയറൂരി വിട്ടത്? നാസികളുടെ ഭരണകാലത്ത് ജൂതന്മാരെ ഉന്മൂലനാശം ചെയ്ത, ഒരു വംശത്തെ വിച്ഛേദനം നടത്തിയ ജനോസൈഡ് എന്നുപറയുന്ന......, അന്താരാഷ്ട്രതലത്തിൽ കുറ്റം ചെയ്തതിന് ശിക്ഷിക്കപ്പെട്ട നൂറുക്കണക്കിന് നാസി കുറ്റവാളികളെപ്പോലെ ഗുജറാത്തിലെ മുസ്ലീങ്ങളെ കശാപ്പ് ചെയ്തതിന്; വംശവിച്ഛേദനം നടത്തിയ തിന് ന്യൂറംബെർഗ് ട്രയൽ മോഡലിൽ പ്രോസിക്യൂട്ട് ചെയ്യേണ്ട മോഡിയെ കയറൂരി വിട്ടത് കോൺഗ്രസാണെന്നുള്ള വിമർശനം ഞങ്ങൾ വീണ്ടും ഇവിടെ ഉന്നയിക്കുകയാണ്. ആ കരടി നടന്ന് കലാപമുണ്ടാക്കിയപ്പോഴാണ് പ്രിയങ്കരിയായ പ്രിയങ്കാ ഗാന്ധിക്ക് മനസ്സിലായത്, ഇവന്റെ 56 ഇഞ്ച് നെഞ്ച് അത്ര നിസ്സാര കാര്യമല്ല. അതുകൊണ്ട് ഈ നെഞ്ചിന് വോട്ട് കൊടുക്കരുത്. ആ സ്ത്രീയെ ഞാൻ അഭിനന്ദിക്കുകയാണ്. അവർ മാത്രമേ അന്തസ്സായി പറഞ്ഞുള്ളൂ. കോൺഗ്രസിൽ വേറെയാരും പറഞ്ഞില്ല. ആ പ്രസംഗം കേട്ടപ്പോൾ ഞങ്ങൾക്ക് ഒരു ആവേശമുണ്ടായി. അപ്പോൾ നിങ്ങളാണ് ഉത്തര വാദികൾ. അതുകൊണ്ട് ഫാസിസത്തെപ്പറ്റിയൊക്കെ നമുക്ക് സംസാരിക്കാം. അതിനുള്ള സാഹചര്യം വരാതിരിക്കട്ടെ എന്ന് നമുക്ക് പറയാം. പൊതുകടം

വർദ്ധിക്കാനുള്ള കാരണം നിങ്ങളുടെ ഓരോ വകുപ്പുകളിലും പൊതുഭരണത്തിലും ഖജനാവ് കൊള്ളയടിക്കലും ധൂർത്തും സാമ്പത്തികമായ ചിട്ടയില്ലായ്മയുമൊക്കെയാണെന്നുള്ളതാണ് വസ്തുത. വലിയ തുക ചെലവഴിക്കാതിരുന്നത്, അതായത് 10,000 കോടി രൂപ വർഷം തോറും ചെലവഴിക്കാതെ മാറ്റിവച്ചത്, പൊതുകടം വർദ്ധിച്ചു. അതു കൂടി ചെലവഴിച്ചിരുന്നുവെങ്കിൽ പൊതുകടം എത്രയായിരിക്കുമായിരുന്നു? 50,000 കോടി രൂപ കൂടിയാകുമായിരുന്നു. അങ്ങനെ പ്രൊജക്ട് ചെയ്ത് കണക്ക് കൂട്ടിയപ്പോൾ 1,98,000 കോടി രൂപയായി നിങ്ങളുടെ ഭരണം അവസാനിക്കുമ്പോൾ പൊതുകടം വർദ്ധിക്കുമായിരുന്നു. ഞാൻ രാഷ്ട്രീയമായി പറയുന്നതല്ല. കണക്കിൽ ചില വ്യത്യാസങ്ങൾ വരും. പക്ഷേ പറയുന്നത് വസ്തുതയാണെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്.

കർണ്ണാടകം, മധ്യപ്രദേശ്, ബീഹാർ, ഒറീസ, ഗുജറാത്ത്, രാജസ്ഥാൻ തുടങ്ങി കേരളത്തേക്കാൾ വലിയ സംസ്ഥാനങ്ങളിൽപോലും റവന്യൂ ഡെഫിസിറ്റ് പൊതുകടത്തിന്റെ അനുപാതവുമായി തട്ടിച്ചുനോക്കുമ്പോൾ നമ്മളെക്കാൾ കുറവാണ്. ഇക്കാര്യം അങ്ങ് പരിശോധിച്ചാൽ നന്നായിരിക്കും. ബഹുമാനപ്പെട്ട കെ.എം.മാണിസാർ, അങ്ങയുടെ ബഡ്ജറ്റിൽ കഴിഞ്ഞവർഷം അവസാനത്തെ പെർഫോർമൻസിൽ പൊതുമരാമത്ത് മുതൽ ഗതാഗതം വരെയുള്ള വകുപ്പുകളിലായി പതിനായിരം കോടി രൂപ ചെലവഴിക്കാതെ ലാപ്സായി പോയിട്ടുണ്ടെന്നുള്ള കാര്യം ഞാൻ ഒരിക്കൽകൂടി അങ്ങയെ ഓർമ്മിപ്പിക്കുകയാണ്. ഈ ഗവൺമെന്റിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത തൊഴിലില്ലാത്തവരുടെ എണ്ണം 43.5 ലക്ഷമാണ്. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയെ

നിങ്ങൾ പുകഴ്ത്തുകയാണ്. എനിക്ക് അക്കാര്യത്തിൽ വ്യക്തിപരാമയ അഭിപ്രായ വ്യത്യാസമൊന്നുമില്ല. നല്ല കഴിവുള്ള ആളാണ് അദ്ദേഹം. ഗവൺമെന്റിന്റെ മുഖ്യമന്ത്രിയെയാണ് ഞാൻ വിമർശിക്കുന്നത്, വ്യക്തിപരമായി വിമർശിക്കുന്നതല്ല. ഇത്രയും തൊഴിലില്ലായ്മ എന്നെങ്കിലും ഉണ്ടായിട്ടുണ്ടോ; ഇല്ല. പ്ലസ് ടു യോഗ്യതയുള്ളവർ 37 ലക്ഷം, ഗ്രാജുവേറ്റ്സ് ആന്റ് പോസ്റ്റ് ഗ്രാജുവേറ്റ്സ് യോഗ്യതയുള്ളവർ 3 ലക്ഷം, ഐ.ടി.ഐ., പോളിടെക്നിക്ക്, എഞ്ചിനീയറിംങ്, എം.ബി.എ. യോഗ്യതയുള്ളവർ എല്ലാകൂടി ഒന്നരലക്ഷം, മെഡിക്കൽ ഡിഗ്രി, അഗ്രികൾച്ചറൽ ഡിഗ്രി, വെറ്ററിനറി ഡിഗ്രി, ലാ എല്ലാം കൂടി അയ്യായിരത്തി അഞ്ഞൂറ്, എന്നിങ്ങനെയാണ് രജിസ്റ്റേർഡ് അൺ എംപ്ലോയ്മെന്റിന്റെ കണക്ക്. പട്ടികജാതി /പട്ടികവർഗ്ഗത്തിൽപ്പെട്ട 7 ലക്ഷം ചെറുപ്പക്കാരാണ് രജിസ്റ്റർ ചെയ്തിട്ട് തൊഴിലില്ലാതെ നിൽക്കുന്നത്. ആകെ രജിസ്റ്റേർഡ് അൺ എംപ്ലോയ്മെന്റിന്റെ 16 ശതമാനവും പട്ടികജാതി/പട്ടികവർഗ്ഗക്കാരാണ്. ഇതുസംബന്ധിച്ച് എന്താണ് ശ്രീ. എ. പി. അനിൽ കുമാറിന് പറയാനുള്ളത്? അങ്ങ് കുറ്റക്കാരനാണെന്നല്ല, നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്തെ മാഹാത്മ്യങ്ങളാണ് ഞാൻ പറയുന്നത്. ബഡ്ജറ്റ് ചർച്ചയിൽ ഇതെല്ലാം പറയണ്ടേ; ഞാൻ ഈ സഭയോട് മാത്രമല്ല, കേരളത്തിലെ ജനങ്ങളോടാണ് സംസാരിക്കുന്നത്. വസ്തുതകൾ മാത്രമേ എനിക്ക് പറയാനുള്ളൂ. വസ്തുതയല്ലാത്ത ഒന്നും ഇവിടെ പറയേണ്ടതായിട്ടില്ല. ചമത്കാരപരമായി ചിലതൊക്കെ പറഞ്ഞുവെന്നിരിക്കും വസ്തുതകളിലൂന്നിമാത്രമേ പറയാൻ ആഗ്രഹിക്കുന്നുള്ളൂ. ഇതാണ് നിങ്ങളുടെ ഭരണം. എൻട്രസ് പരീക്ഷ അവസാനിപ്പിക്കേണ്ട സമയമായില്ലേ; എന്ത് കളിയാണ് നടക്കുന്നത്? പണ്ടാരോ മാർക്ക് തിരുത്തിയതിന്റെ പേരിൽ തുടങ്ങിയ പരിപാടി നിങ്ങൾ ഇപ്പോഴും

തുടരുകയാണ്. സെക്കന്ററി ബോർഡിൽനിന്നും ഹയർസെക്കൻഡറി ബോർഡിൽനിന്നും സർട്ടിഫിക്കറ്റ് നേടി, ഏറ്റവും ക്വാളിഫൈഡായിട്ടുള്ള അദ്ധ്യാപകർ പരീക്ഷ പേപ്പർ നോക്കി നൽകുന്ന മാർക്കിന് യാതൊരു വിലയുമില്ല. അമ്പത് ശതമാനം മാർക്ക് കിട്ടിയാൽ ആർക്കും എൻട്രൻസ് പരീക്ഷ എഴുതാം. 85 ശതമാനം മാർക്ക് പരീക്ഷയ്ക്ക് വാങ്ങിച്ച കുട്ടിക്ക് എൻട്രൻസ് പരീക്ഷയിൽ ജയിക്കാൻ കഴിയുന്നില്ല. 50 ശതമാനം മാർക്കുള്ള കുട്ടി പാലായിലോ എറണാകുളത്തോ തൃശ്ശൂരിലോ പോയി ലക്ഷങ്ങൾ ട്രെയിനിംഗിനുവേണ്ടി ചെലവാക്കി പാസ്സാവുകയാണ്. ഇത് അവസാനിപ്പിക്കേണ്ട സമയമായി. ഇന്ത്യയിലെ ഒരുപാട് സ്റ്റേറ്റുകളിൽ ഇത് അവസാനിപ്പിച്ചുകഴിഞ്ഞിരിക്കുകയാണ്. എല്ലാ ഹൈസ്ക്കൂളുകളിലും പ്ലസ്ടു ബാച്ച് കൊടുക്കണ്ടേ; ആദ്യം കൊടുത്തത് എല്ലാം കാലിയായി. എല്ലാവർക്കും കൊടുക്കണ്ടേ. ഗവൺമെന്റ് സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും പത്താം ക്ലാസ് പഠിച്ച കുട്ടികൾക്ക് പ്ലസ്ടുവിന് മറ്റൊരു സ്കൂളിൽ പോകേണ്ട ആവശ്യമില്ല. അവിടെയാണ് പ്ലസ് ടൂ സീറ്റ് കൊടുക്കേണ്ടത്. അങ്ങനെ കൊടുത്താൽ കച്ചവടം നടക്കില്ല. എല്ലാ സ്കൂളുകൾക്കും ബാച്ച് കൊടുക്കണം, പക്ഷെ ആവശ്യമായ ബാച്ച് കൊടുത്താൽ മതി. ഒരുപാട് ബാച്ച് വാരിക്കോരി കൊടുക്കണ്ട. ഗവൺമെന്റ് സ്കൂളുകളിൽ പുതിയ പ്ലസ്ടൂ ബാച്ച് കൊടുക്കാതെ എയ്ഡഡ് സ്കൂളുകളിൽ ബാച്ചുകൾ കൊടുക്കാൻ പാടില്ലായിരുന്നു. കഴിഞ്ഞ തവണ കൊടുത്തു. ഇത്തരം തെറ്റായ നയങ്ങൾ തിരുത്താൻ തയ്യാറുണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്. യൂണിവേഴ്സിറ്റി സംവരണത്തെപ്പറ്റി കഴിഞ്ഞ ദിവസം ഞാൻ ഇവിടെ ഉന്നയിച്ച പ്രശ്നം വീണ്ടും ഉന്നയിക്കുകയാണ്. എല്ലാ എയ്ഡഡ് സ്കൂളുകളിലെയും കോളേജുകളിലെയും അദ്ധ്യാപക നിയമനം

പി. എസ്. സി.ക്ക് വിടണം. ഇന്നിപ്പോൾ വിടണമെന്നല്ല അക്കാര്യത്തിൽ ചർച്ച നടത്തണമെന്നാണ് പറയുന്നത്. അതിന് നിങ്ങൾ തയ്യാറല്ലായെങ്കിൽ കേരളം കണ്ട ഏറ്റവും ഭയാനകമായ അഴിമതിക്ക് നമ്മൾ കൂട്ടുനിൽക്കുകയാണ്. വിദ്യാഭ്യാസ മേഖല ഇത്രമാത്രം അഴിമതിയിൽ ആറാടാനും ഗ്രാജു വേറ്റ്സുകളും പോസ്റ്റ് ഗ്രാജുവേറ്റ്സുകളും അഴിമതി മനസ്ക്കരായി വളരാനു മുള്ള കാരണം, നമ്മുടെ സ്കൂൾ മേഖലയിൽ 67 ശതമാനവും കോളേജ് മേഖലയിൽ 80 ശതമാനവും സ്വകാര്യ മേഖലകളിൽ കോഴ കൊടുത്ത് ജോലിക്ക് കയറുന്ന അദ്ധ്യാപകരാൽ പഠിപ്പിക്കപ്പെട്ടും മാനേജ്മെന്റ് സീറ്റുക ളിൽ കോഴ കൊടുത്ത് കിട്ടുന്ന വിഷയങ്ങളിൽ പഠിച്ചുംവരുന്ന ഈ അഴിമതി യുടെ അന്തരീക്ഷം കേരളത്തിൽ നിൽക്കുന്നതുകൊണ്ടാണ്. സ്കൂളും കോളേജും സ്ഥാപിച്ചവർക്ക് ന്യായമായ വിഹിതം നിങ്ങൾ കൊടുത്തുകൊള ളൂ. പക്ഷെ, അക്കാര്യത്തിൽ ഒരു ചർച്ച ആരംഭിക്കണം. മുണ്ടശ്ശേരി മാസ്റ്റർ 1957–59 കാലത്ത് ആരംഭിച്ചതാണ്. കോടതിയിൽ പ്രശ്നമുണ്ടായപ്പോൾ ഇക്കാര്യം പിന്നീടാരും ശ്രദ്ധിച്ചിട്ടില്ല. ഗൗരവതരമായി ഈ പ്രശ്നം കേരളം ചർച്ച ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നിങ്ങൾ നിയമ നിർമ്മാണങ്ങളിലൂടെ പിന്തിരിപ്പൻ കാലഘട്ടത്തിലേക്ക് കേരളത്തെ കൊണ്ടു പോവുകയല്ലേ? ദേവസ്വം ബോർഡ് നിയമനങ്ങളിലെ സിവിൽ പോസ്റ്റുകൾ പി.എസ്.സി.ക്കുവിട്ട നടപടി എന്തിനാണ് നിങ്ങൾ അട്ടിമറിച്ചത്; ആർക്കുവേ ണ്ടിയാണ് അട്ടിമറിച്ചത്? നിങ്ങൾ റിക്രൂട്ട്മെന്റ് ബോർഡ് കൊണ്ടുവരാൻ പോവുകയല്ലേ; അതിനുള്ള ബിൽ നിങ്ങൾ പബ്ലിഷ് ചെയ്തുകഴിഞ്ഞല്ലോ. അത് ഈ നിയമസഭയിൽ കൊണ്ടുവരാൻ പോവുകയല്ലേ. ആ ബിൽ കൊണ്ട് വരുന്നതിനുമുമ്പ് ദേവസ്വം ബോർഡിൽ ഒറ്റ എസ്.സി./എസ്.ടി.ക്കാരെ

പോലും നിയമിക്കാതെ 245 പേരെ നിങ്ങൾ നിയമിച്ചുകഴിഞ്ഞില്ലേ. അവരെയെല്ലാം പിരിച്ചുവിടണ്ടേ; ദേവസ്വം ബോർഡ് പിരിച്ചുവിടണ്ടേ; കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണ്ടേ? നമ്മൾ ഇവിടെ പറഞ്ഞുകൊണ്ടിരുന്നാൽ മതിയോ? നിയമം ലംഘിച്ചാൽ, ഭരണഘടന ലംഘിച്ചാൽ, സംവരണം ലംഘിച്ചാൽ, പൊതുബോർഡിൽ തെമ്മാടിത്തരം കാണിച്ചാൽ നടപടിയെടുക്കണ്ടേ; നമ്മൾ സബൂറായി പറഞ്ഞുപോയാൽ മതിയോ? നിങ്ങൾ റിക്രൂട്ട്മെന്റ് ബോർഡ് കൊണ്ടുവരുന്നത് ചില സമുദായ പ്രമാണിമാർക്കുവേണ്ടിയും സംവരണം തകർക്കാനും അഴിമതി കാണിക്കാനുമാണ്. ഇതെല്ലാം തെറ്റായ കാര്യങ്ങളാണ്. നിർത്തലാക്കിയത് നിങ്ങൾ തിരിച്ചുകൊണ്ടുവരുകയാണ്. ബ്രിട്ടീഷുകാരുടെ കാലത്തും രാജവാഴ്ച കാലത്തുപോലും പി.എസ്.സി.ക്ക് വിട്ടിരുന്ന മലബാർ ദേവസ്വത്തിലെ ആ നിയമനങ്ങൾ, നിങ്ങൾ നിസ്സാരമായി എടുത്തുകളഞ്ഞു..........ശ്രീ. വി. എസ്. ശിവകുമാർ പാവം. ഏതൊക്കയോ സമുദായ പ്രമാണിമാർ പറയുന്നതിന്റെ അടിസ്ഥാനത്തിൽ അവരിപ്പോൾ നിയമനങ്ങളെല്ലാം ബോർഡിന് വിടുകയാണ്, ഇത് തെറ്റാണ്. കേരളം ഇത് അംഗീകരിക്കില്ല. ഇക്കാര്യത്തിലുള്ള നയം സംഘടനകൾ വ്യക്തമാക്കണം. ഇലക്ഷൻ വരുമ്പോൾ ഭരണകക്ഷിയെ സപ്പോർട്ട് ചെയ്താൽ പോരാ, സ്വന്തം വിഭാഗത്തിനുവേണ്ടി കൂറുണ്ടോയെന്ന കാര്യം വ്യക്തമാക്കണം. നിങ്ങൾ സ്വാശ്രയ മാനേജ്മെന്റ് വിദ്യാഭ്യാസ കച്ചവടത്തിന് പുതിയ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുകയാണ്. അത് സബ്ജക്ട് കമ്മിറ്റിക്ക് പോയി മാറ്റി വച്ചിരിക്കുകയാണ്. അത് നല്ല കാര്യം. സ്ഥിരമായി അത് മാറ്റിവയ്ക്കപ്പെടണം. അതാണ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, മുസ്ലീം ലീഗിന് നല്ലത്. നിങ്ങൾ സംവരണത്തിൽ ഉറച്ചുനിൽക്കുന്ന പാർട്ടിയാണ്. രാഷ്ട്രീയ വ്യത

്യാസങ്ങളൊക്കെയുണ്ടാകും. നമ്മൾ കേരളത്തിൽ ഒരുമിച്ച് ഭരിച്ചതല്ലേ. ഇ.എം. എസ്. മുഖ്യമന്ത്രിയും സി. എച്ച്. മുഹമ്മദ് കോയ പ്രഗത്ഭനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായിരുന്നില്ലേ; അദ്ദേഹത്തിന്റെ പ്രഭാഷണം ആരാണ് ശ്രദ്ധിക്കാത്തത്. കാലിക്കറ്റ് സർവ്വകലാശാല കൊണ്ടുവരുന്നതിൽ നിർണ്ണായകമായ നിലപാട് എടുത്ത ആളല്ലേ അദ്ദേഹം. ഞങ്ങൾ അതൊന്നും മറന്നുപോയിട്ടില്ല. ഇവിടെ നിന്ന് പ്രസംഗിക്കുമ്പോഴും അതൊന്നും മറന്നുപോകരുതെന്ന് മാത്രമേ പറയാനുള്ളൂ. മറന്നുപോകണ്ടാ, കാലം ഇനിയും വരും. ഒരുപാട് മാറ്റങ്ങൾ ഉണ്ടാകും. നിങ്ങളുടെ നിലപാടുകളിൽ വ്യത്യാസങ്ങളുണ്ടാകും. കാലത്തിനൊത്ത് ഞങ്ങൾക്കും വ്യത്യാസങ്ങളുണ്ടാകും. അന്ന് നമുക്ക് ചിലപ്പോൾ കൈകോർത്ത് പിടിക്കേണ്ടി വരും. ഇന്നില്ല, ഉടനെയില്ലെന്നുള്ളത് ശരിയാണെങ്കിലും രാജ്യത്തെ രക്ഷിക്കാനുള്ള മഹാമുന്നണിയൊന്നുമല്ല, ഞാൻ പറയുന്നത് ആലോചിക്കേണ്ടി വരും. അതുകൊണ്ട് ആ ബിൽ നിങ്ങൾ സ്ഥിരമായി മാറ്റിവെയ്ക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. പ്രചരണ മുദ്രാവാക്യമായ അതിവേഗം ബഹുദൂരം അത് ഞാൻ പറഞ്ഞുകഴിഞ്ഞ കാര്യമാണ്. അതിന്റെ ശുംഭത്തരത്തെപ്പറ്റിയും പൊള്ളത്തരത്തെപ്പറ്റിയും ഇപ്പോൾ ഞാൻ അധികം പറയുന്നില്ല. ബഹുമാനപ്പെട്ട എന്റെ പ്രിയ സുഹൃത്ത്, എന്റെ നാട്ടുകാരൻ, എന്റെ അയൽക്കാരൻ, ഓണാട്ടുകരക്കാരൻ, ഞങ്ങളൊക്കെ ഓണാട്ടുകരക്കാരാണ്, ഞാൻ എന്നും പറയുന്നതുപോലെ നിയമസഭയിലെ നിത്യഹരിത സുന്ദരനായിട്ടുള്ള നമ്മുടെ ശ്രീ. രമേശ് ചെന്നിത്തല അദ്ദേഹത്തിന് രോഗം വന്നപ്പോൾ നിങ്ങൾക്ക് വേറെ മുദ്രാവാക്യ രോഗം. എന്താണ് ഓപ്പറേഷൻ കുബേര? ആ വാക്ക് എത്ര തെറ്റാണെന്ന കാര്യം നിങ്ങൾ മനസ്സിലാക്കണം. ഇവിടെ പലരും അഭിനന്ദിച്ചു. ഞാൻ അഭിനന്ദിക്കുന്നില്ല. കാരണം ധനവാന്മാരെയെല്ലാം ഓപ്പറേറ്റ് ചെയ്യുകയെന്നതാണ് അർത്ഥം. കുബേരയെന്ന് പറ

ഞാൽ എന്താണ് അർത്ഥം? കുബേരയെന്ന് പറഞ്ഞാൽ ബ്ലേഡ് കമ്പനിയെന്ന് അർത്ഥമില്ല, അഴിമതിയെന്നും അർത്ഥമില്ല, കുബേരയെന്ന് പറഞ്ഞാൽ പണമുള്ളവൻ എന്ന് മാത്രമേ അർത്ഥമുള്ളൂ. നിങ്ങളെല്ലാ കുബേരന്മാരെ പിടിക്കാൻ വേണ്ടിയാണോ പാവപ്പെട്ട കുബേരനെ നിങ്ങൾ പിടിക്കുമോ? നിങ്ങൾ അതിനുവേണ്ടി ഉപയോഗിച്ച പേര് തെറ്റിപ്പോയി. ഞാൻ ഒരു പേര് പറഞ്ഞുതരാം. Operation Economic offender. അതാണ് കൊടുക്കേണ്ട പേര്. മലയാളത്തിൽ സാമ്പത്തിക കുറ്റവാളിയെ പിടിക്കുകയെന്നാണ്. പിടിക്കുമ്പോൾ രണ്ടുമൂന്നും കൊടുക്കുന്ന ഞൊണ്ണമാരെ പിടിച്ചിട്ട് കാര്യമില്ല. കോടീശ്വരന്മാരെ പിടിക്കണം. ഇതുവരെ ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് ഓപ്പറേഷൻ കുബേര വഴികിട്ടിയത് 34 ലക്ഷം രൂപയാണ്. ആയിരക്കണക്കിന് കോടി രൂപയുടെ സമാന്തര സമ്പദ് വ്യവസ്ഥ ഇവിടെ നിലനിൽക്കുമ്പോൾ...... അത് പിടിക്കണ്ടേയെന്ന് ചോദിച്ചാൽ പിടിക്കണം. പിടി അങ്ങോട്ട് മുറുകുന്നില്ല ശരിക്കും പിടിക്കണമെന്നാണ് ഞാൻ അങ്ങയോട് പറയുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.....യെസ്...........

ശ്രീ. ജി. സുധാകരൻ: സർ, രാഷ്ട്രീയ വിശകലനം ചെറുതായി നടത്തിയിട്ട് ഞാൻ അവസാനിപ്പിക്കാം. ഞങ്ങളുടെ പ്രസ്ഥാനത്തെ ഡിഫെൻഡ് ചെയ്തുകൊണ്ട് എനിക്ക് തിരുനല്ലൂർ കരുണാകരന്റെ രണ്ട് വരി ഇവിടെ പറയണം. മുപ്പത് കോടി വോട്ടർമാർ 2009-ൽ വോട്ട് ചെയ്തില്ല. ഇത്തവണ 28 കോടി ജനങ്ങൾ വോട്ട് ചെയ്തില്ല. ഇതൊന്നും നാട്ടിൽ പ്രശ്നമില്ല. 30 കോടിയെന്ന് പറഞ്ഞാൽ അമേരിക്കൻ ജനസംഖ്യയെക്കാളും അവിഭക്ത സോവിയറ്റ് യൂണിയനേക്കാളും യൂറോപ്പിലെ ആസകല ജനസംഖ്യയേക്കാളും വലുതാണ്. ആകെ വോട്ട് ചെയ്തവരിൽ ശ്രീ. നരേന്ദ്ര മോദിക്ക് കിട്ടിയത് 31 ശത

മാനം വോട്ടാണ്.  എല്ലാവരും വോട്ട് ചെയ്തിരുന്നുവെങ്കിൽ 20.58 ശതമാനം വോട്ട് മാത്രമേ അദ്ദേഹത്തിന് കിട്ടുമായിരുന്നുള്ളൂ. അദ്ദേഹം ഇന്ത്യയാകെ കൈപ്പിടിയിലാക്കിയെന്നാണ് പറയുന്നത്. ഇന്ത്യയെ കൈപ്പിടിയിലൊന്നും ആക്കിയിട്ടില്ല. സീറ്റുകളുടെ ഭൂരിപക്ഷമേയുള്ളൂ. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് ഇപ്പോൾ കിട്ടിയത് 12.82 വോട്ട് മാത്രമാണ്, എല്ലാവരും വോട്ട് ചെയ്തിരുന്നുവെങ്കിൽ മറ്റേത് 31, 19, സി.പി.ഐ.ക്കും സി.പി.ഐ (എം)–.നും കൂടി 4 ശതമാനം. അത് അംഗീകരിച്ചു. അത് വോട്ട് ചെയ്തവരുടെ കണക്കാണ്. സി.പി.ഐ.യും സി.പി.ഐ (എം) കൂടി ഒരുമിച്ചുള്ള കണക്കാണ് പറഞ്ഞത്. അതുകൊണ്ട് ഒന്നായി പോകുമെന്ന തെറ്റിദ്ധാരണയൊന്നും വേണ്ട. അതൊന്നും ഉടനെ നടക്കുന്ന കാര്യമല്ല. അതിനെപ്പറ്റിയും ചിന്തിക്കുകയും വേണ്ട. ഞങ്ങൾ അതൊന്നും ആലോചിച്ചിട്ടുമില്ല. അതിന്റെയാവശ്യവുമില്ല. അത് രണ്ട് പാർട്ടിക്കും ദോഷമായിരിക്കും. എല്ലാവരും വോട്ട് ചെയ്തിരുന്നുവെങ്കിൽ ബി.ജെ.പി.ക്ക് 20.58 ശതമാനം വോട്ട് മാത്രമേ കിട്ടുകയുള്ളൂ. കഴിഞ്ഞ തവണത്തേക്കാൾ എട്ട് ശതമാനം വോട്ട് കൂടുതൽ. എല്ലാ ഹിന്ദുക്കളും വോട്ട് ചെയ്തിട്ടില്ല. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് കഴിഞ്ഞ തവണത്തേക്കാൾ നാല് ശതമാനം കുറഞ്ഞ് 12.82 ശതമാനം വോട്ടാണ് ലഭിച്ചത്. എല്ലാവരും വോട്ട് ചെയ്തിരുന്നുവെങ്കിൽ സി.പി.ഐ (എം.)നും സി.പി.ഐ.ക്കുംകൂടി 1% കുറഞ്ഞ് 2.17 ശതമാനം വോട്ട് ആകുമായിരുന്നു. ഇവിടെയാണ് തെരഞ്ഞെടുപ്പ് പരിഷ്ക്കാരത്തിന് വേണ്ടിയുള്ള പോരാട്ടം വരേണ്ടത്. ഇലക്ഷൻ കമ്മീഷന്റെ നോട്ട ഭരണഘടനാ വിരുദ്ധമാണ്. ഇലക്ഷൻ നടത്തുന്ന ഇലക്ഷൻ കമ്മീഷൻ പറയുകയാണ് വോട്ട് വേണ്ടായെന്നുള്ളവർ നോട്ടയിൽ വോട്ട് ചെയ്യൻ പറയുന്നത് ഭരണഘടനാ വിരുദ്ധമാണ്. അത് ഭരണഘടാന

വിരുദ്ധമാണ്. അത് അംഗീകരിച്ചുകൊടുത്ത കോൺഗ്രസ് ഗവൺമെന്റ് സുപ്രീംകോടതിയിൽ പോയി ആ കോളം എടുത്തുകളയേണ്ടതായിരുന്നു. ഇത് നിയമവിരുദ്ധമാണ്, ജഡ്ജിമാരുടെ തോന്ന്യവാസമാണെന്നാണ് ഞാൻ പറയുന്നത്. ഇലക്ഷൻ നടത്തുമ്പോൾ പറയുകയാണ് ഇലക്ഷന് വോട്ട് ചെയ്യ ണമെന്ന് പത്തും പതിനായിരം പേരും തമാശയ്ക്ക് ചെയ്തുകൊണ്ടേയിരിക്കു കയാണ്.

ഇന്ത്യയിലെ വോട്ടിന്റെ അടിസ്ഥാനത്തിൽ സീറ്റ് അനുവദിച്ചിരുന്നെങ്കിൽ ബി.ജെ.പി.ക്ക് ലഭിച്ചത് 170 സീറ്റുമാത്രമാണ്. 31 ശതമാനമെന്നുപറഞ്ഞാൽ 170 സീറ്റുമാത്രമാണ്. ആകെ വോട്ടുചെയ്തവരുടെ 31 ശതമാനം 170 സീറ്റിന് തുല്യമാണ്. കോൺഗ്രസ്സ് (ഐ) ക്ക് 100 സീറ്റ് കിട്ടുമായിരുന്നു. നിങ്ങളുടെ ഡൈനാസ്റ്റിക് ബോധമാണ് നിങ്ങൾ ഈ പി.ആർ. ഇവിടെ നടപ്പിലാക്കാൻ,... ഫ്രാൻസിലൊക്കെ വിജയകരമായി നടപ്പിലാക്കിയ പ്രൊപ്പോഷണേറ്റ് റെപ്രസന്റേഷൻ ഇവിടെ നിങ്ങൾ വേണ്ടെന്ന് വച്ചു. കോൺഗ്രസ്സിന് 100 സീറ്റും ഞങ്ങൾ കമ്മ്യൂണിസ്റ്റുകാർക്ക് 22 സീറ്റും കിട്ടുമായിരുന്നു. മാധ്യമ ങ്ങൾ വലിയൊരു പങ്ക് വച്ചു. അമേരിക്കയിൽനിന്നും വന്ന പണമാണ്. കുത്തക മാധ്യമങ്ങൾ അമേരിക്കൻ പണം ഒഴുക്കി. ഇത്തവണ ശ്രീമതി സോണിയ ഗാന്ധി വേണ്ട. ശ്രീ. മൻമോഹൻസിംഗിനോട് അമേരിക്ക പറഞ്ഞു, മിണ്ടിപ്പോകരുത്, തോൽക്കാൻ പോകുകയാണ്, തോൽപ്പിച്ചുകൊടു ക്കണമെന്ന്. അതുകൊണ്ടാണ് അദ്ദേഹം മിണ്ടാതിരുന്നത്. അമേരിക്ക പറഞ്ഞിട്ടാണ്. അതൊന്നും ശ്രീമതി സോണിയ ഗാന്ധിക്ക് മനസ്സിലായില്ല. ഒരർത്ഥത്തിൽ അവർ സ്ട്രെയ്റ്റ് ഫോർവേർഡാണ്. എനിക്ക് നേരിട്ടും

പരിചയമുണ്ട്. പക്ഷേ പറഞ്ഞിട്ട് കാര്യമില്ല. അമേരിക്ക അവരെ കളിപ്പിച്ചു. ഇപ്പുറത്ത് അവർക്കെതിരായി കളിച്ചു. കോഞ്ജരിവാളിനെപ്പറ്റി ഞാൻ പറഞ്ഞു. ഇനി കൂടുതലൊന്നും പറയുന്നില്ല. 17 കോടിയോളംവരുന്ന ഇന്ത്യൻ മുസ്ലീങ്ങൾക്ക് ആത്മ വിശ്വാസം കൊടുക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ജി. സുധാകരൻ, 10 മിനിട്ട് കൂടുതലായി.

ശ്രീ. ജി. സുധാകരൻ: സർ, ഞാൻ അവസാനിപ്പിക്കുന്നു. പാർലമെന്റ് തറയിലെ ശ്രീ. നരേന്ദ്ര മോദിയുടെ ചുംബനം അങ്ങേയറ്റം രാഷ്ട്രീയ അശ്ലീലമാണ്. അങ്ങനെ ചെയ്യാൻ പാടില്ല. ശ്രീ. നരേന്ദ്ര മോദിയും ശ്രീ. രാഹുൽ ഗാന്ധിയും കോഞ്ജരിവാളും ഹൈന്ദവാരാധനകൾ നടത്തി ഗംഗാ നദിയിൽ ഇറങ്ങി. പിന്നെന്താണ് വ്യത്യാസം; തമ്മിൽ ഭേദമാകുന്നതെങ്ങനെ യാണ്. നിങ്ങൾ പറഞ്ഞില്ലേ ഹിന്ദുത്വം; അയാൾ തീവ്ര ഹിന്ദുത്വം. കോൺഗ്ര സ്സിന് ഉയിർത്തെഴുന്നേൽപ്പിന്റെ പരിപാടിയുണ്ടോ? ഞങ്ങൾക്ക് ക്ഷീണമുണ്ട്. ഞങ്ങൾ ഉയിർത്തെഴുന്നേൽപ്പിന്റെ പരിപാടി തയ്യാറാക്കിത്തുടങ്ങിയിട്ടുണ്ട്. ക്ഷീണമില്ലെന്നൊന്നും ഞങ്ങൾ പറയുന്നില്ല. ഞങ്ങൾ തയ്യാറായി തുടങ്ങി. ഞാനിത് വായിച്ചുകൊണ്ട് അവസാനിപ്പിക്കാം. ബാക്കിയെല്ലാം നിർത്തുന്നു. ഞങ്ങൾ അങ്ങ് പോയി എന്ന് നിങ്ങൾ പറഞ്ഞില്ലേ; തിരുനല്ലൂർ കരുണാകരന്റെ വയലാർ അവാർഡ് ലഭിച്ച പുസ്തകത്തിലെ 'നാം പ്രതിജ്ഞ ചെയ്യുക' എന്ന കവിത ഞാൻ വായിക്കുകയാണ്. നിങ്ങൾക്കതിൽ ബുദ്ധി മുട്ടുണ്ടാകാമെങ്കിലും എതിരഭിപ്രായം ഉണ്ടാവേണ്ട കാര്യമില്ല. കാരണം ഇടതുപക്ഷം നഷ്ടപ്പെടരുതെന്നൊക്കെ പറഞ്ഞില്ലേ? ഞാനിത് വായിക്കാം.

മർദ്ദനത്തിന്നുടയവർ വാഴു–

മദ്ദിനങ്ങളിൽപ്പോർക്കളംതോറും
ആയുധങ്ങളെ നിശ്ചലമാക്കു–
മാത്മപൗരുഷമൊന്നിനാൽ മാത്രം
മൃത്യുവിൻ കരിങ്കോട്ടകളാകെ–
ത്തച്ചുടച്ചു തകർത്തവർക്കായി
സ്മാരകത്തിന്നടിത്തറ കെട്ടാൻ
സാദരം കരിങ്കല്ലുടയ്ക്കുമ്പോൾ
എന്തൊരുജ്ജ്വല ശക്തിയായ് മാറു–
ന്നെന്റെ നാടിന്റെ ദീർഘനിശ്വാസം!
വീണടിഞ്ഞ ദിനങ്ങൾ തൻ വീര്യം
വീണ്ടുമൊന്നിച്ചുയിർത്തെഴുന്നേല്പൂ
വീതശങ്കമൊടുവിലെപ്പോരിൽ
വീണ വീരർതൻ കൈകളിൽനിന്നും,
ശോണധാര തുടയ്ക്കുവാൻപോലും
താണിടാത്തൊര കൈകളിൽനിന്നും
'താഴ്ത്തുകി'ല്ലെന്നു ചൊല്ലിനാമൊന്നി–
ച്ചേറ്റുവാങ്ങിയോരിക്കൊടിക്കൂറ
കാർമുകിലുകൾക്കപ്പുറം മഞ്ഞിൻ
മാമലമുടിത്തുമ്പിനും മീതേ
വിണ്ണിനെച്ചെന്നു പുൽകുമാറേവം
മിന്നിമിന്നിപ്പറന്നു പാറുമ്പോൾ
കണ്ണുനീരും വിഷാദവുമിന്നീ

മണ്ണിൽനിന്നും മറഞ്ഞുപോകട്ടെ!

നിത്യത ചരിതാർത്ഥതയോടെ

ഹൃദ്യമാക്കുമീ വേളയിലൂടെ,

മൺമറഞ്ഞൊര ക്കർമ്മധീരന്മാർ

നമ്മളിൽപ്പുനർജ്ജന്മമേകട്ടെ!

കാലമെപ്പൊഴും കാക്കുമീ വീര–

സ്മാരകങ്ങളെ സ്സാക്ഷികളാക്കി

കർമ്മവീര്യത്തിനുന്മദമേകാൻ

നമ്മളിന്നി പ്രതിജ്ഞ ചെയ്യുന്നു:

ഇന്നിലങ്ങളിലിന്നു നാം ചേറും

പൊൻനിറമണി വിത്തുകളെല്ലാം

നൂറുമേനിക്കുമേൽ വിളഞ്ഞീടും,

നൂറുമേനിയും നമ്മൾതാൻ കൊയ്യും.

ചങ്ങലപ്പാടു കൈകളിലിന്നും

തങ്ങിനില്ക്കും കുടിലുകൾതോറും

ജീവനുണ്ടെങ്കിൽ നമ്മളെത്തിക്കും

ജീവിതത്തിൻ വെളിച്ചവും ചൂടും.

വേനലിൽ വേർപ്പുനീർമഴ പെയ്തും

നാം നനയ്ക്കുമിത്താഴ്വരതോറും

ഇതാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം. അതുകൊണ്ട് ഇതെങ്ങും പോയി എന്ന് ആരും ധരിക്കണ്ട. ഞങ്ങൾ കണ്ണുനീരും രക്തവും കൊണ്ട് പാവങ്ങൾക്കു വേണ്ടി പ്രവർത്തിക്കും.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ചർച്ചയിൽ അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും ഈ അടുത്ത കാലഘട്ടത്തിൽ നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പിനെക്കുറിച്ചുള്ള വിലയിരുത്തലുകൾ നടത്തുകയുണ്ടായി. കോൺഗ്രസ്സ് പാർട്ടിക്ക് ദേശീയ തലത്തിൽ പരാജയമുണ്ടായി എന്ന് ഞാൻ ആദ്യംതന്നെ സമ്മതിക്കുന്നു. അത് അംഗീകരിച്ചുകൊണ്ടുതന്നെ ഇവിടെ ചില പ്രതിപക്ഷ അംഗങ്ങൾ പറഞ്ഞ ചില വസ്തുതയിലേയ്ക്ക് ഞാൻ കടക്കുന്നു. ആദ്യം പരാജയം ഉൾക്കൊള്ളാനുള്ള മനസ്സ് മാർക്സിസ്റ്റ് പാർട്ടിയും സി.പി.ഐ.യും കാണിക്കണമെന്ന് ഞാൻ വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്. പാർലമെന്റ് തെരഞ്ഞെടുപ്പ് വന്നപ്പോൾ ദേശീയ തലത്തിൽ ബി.ജെ.പി.യെ തളയ്ക്കുക എന്നൊരാഗ്രഹമുണ്ടായിരുന്നു. കോൺഗ്രസ്സ് ആ ഉത്തരവാദിത്തം ഏറ്റെടുത്തു. കോൺഗ്രസ്സാണ് പോരാടിയത്. ഇന്ത്യയിൽ ഇടതുപക്ഷ പ്രസ്ഥാനം ഉയർത്തുന്ന മുദ്രാവാക്യം ബി.ജെ.പി.യും വേണ്ട, കോൺഗ്രസ്സും വേണ്ട, ഒരു മൂന്നാം മുന്നണിയുണ്ടാക്കാം. ബഹുമാനപ്പെട്ട പ്രകാശ് കാരാട്ടിന്റെയും ഇടതുപക്ഷ പ്രസ്ഥാന നേതാക്കന്മാരുടെയും നേതൃത്വത്തിൽ അതിനുവേണ്ടിയുള്ള പ്രാഥമിക ചർച്ച നടത്തി. ഉത്തർപ്രദേശിലെ ശ്രീ. മുലായം സിംഗ് യാദവും ബീഹാറിലെ ശ്രീ. നിതീഷ് കുമാർ ഉൾപ്പെടെ ഇന്ത്യയിലെ നിരവധി പ്രാദേശിക പാർട്ടികളുടെ യോഗം വിളിച്ചുകൂട്ടി സാധാരണ കൈ പൊക്കുന്നതുപോലെ കൈ പൊക്കി ഒരു മൂന്നാം മുന്നണിയുണ്ടാക്കി. ആ മൂന്നാം മുന്നണി ഗർഭപാത്രത്തിൽ മരിച്ചുവീഴുന്ന ചാപിള്ളയെപ്പോലെ ഇന്ത്യൻ രാഷ്ട്രീയത്തിൽ മരിച്ചുവീണു. നിങ്ങൾക്കന്നും ബി.ജെ.പി.യെ എതിർക്കുക എന്നുള്ളതായിരുന്നില്ല ആത്യന്തിക ലക്ഷ്യം. കാലാകാലങ്ങളിൽ

ഇന്ത്യയിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ഉൾക്കൊണ്ടിരിക്കുന്ന അന്ധമായ കോൺഗ്രസ്സ് വിരോധം ഒരു നെഗറ്റീവ് രാഷ്ട്രീയമാണ്. അത് ഇപ്രാവശ്യവും നിങ്ങൾ പ്രാവർത്തികമാക്കി. ദേശീയ തലത്തിൽ അന്ധമായി കമ്മ്യൂണിസ്റ്റ് വിരോധം കാണിക്കാത്തവരാണ് ഞങ്ങൾ. ഞങ്ങളുടെ നേതാക്കന്മാരുൾപ്പെടെ പറഞ്ഞു, ഈ നിയമസഭയിൽ ദേശീയ രാഷ്ട്രീയത്തിൽ തീരുമാനമെടുക്കാൻ, സ്വാധീനിക്കാൻ കഴിവുള്ളതുകൊണ്ടാകാം ദേശീയ രാഷ്ട്രീയത്വവുമായി ബന്ധപ്പെടാത്ത ആളുകൾ പോലും പലപ്പോഴും ചർച്ച വന്നപ്പോൾ ഒന്നാം യു.പി.എ. മാതൃകയാക്കണമെന്ന് പറഞ്ഞവരുണ്ട്. പാർലമെന്റ് തെരഞ്ഞെടുപ്പ് വരുമ്പോൾ മാർക്സിസ്റ്റ് പാർട്ടി എടുക്കുന്ന തീരുമാനം മൂന്നാം മുന്നണിയുടെ മുദ്രാവാക്യമായിരുന്നു. ഋതുഭേദങ്ങളിൽ മാറ്റമുണ്ടാകുമ്പോൾ പറന്നിറങ്ങുന്ന ദേശാടന പക്ഷികളെപ്പോലെ തെരഞ്ഞെടുപ്പ് സമയത്ത് പറന്നിറങ്ങാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിലും ഈ അടുത്ത കാലഘട്ടത്തൊന്നും അത് വിജയിക്കാൻ കഴിഞ്ഞിട്ടില്ല. 33 ശതമാനം വോട്ടുകിട്ടിയ ബി.ജെ.പി.യാണ് അധികാരത്തിലിരിക്കുന്നതെന്ന് ഇവിടെ ആരോ പറഞ്ഞു. മഹാഭൂരിപക്ഷം വരുന്ന ബി.ജെ.പി. വിരുദ്ധ വോട്ടുകളെ ദേശീയ തലത്തിൽ ഏകോപിപ്പിക്കുന്നതിൽ പ്രിയപ്പെട്ട ഇടതുപക്ഷ സുഹൃത്തുക്കളെ നിങ്ങളുടെ അന്ധമായ കോൺഗ്രസ്സ് വിരോധവും അമിതമായ മൂന്നാം മുന്നണി വാദവും അതിന് തടസ്സം നിന്നിരുന്നു എന്നതാണ്. കോൺഗ്രസ്സും ബി.ജെ.പി.യും കമ്മ്യൂണിസ്റ്റുപാർട്ടികളും മത്സരിച്ച സ്ഥലങ്ങളുണ്ട്. ഇവിടെ ബി.ജെ.പി.യെ വിജയിപ്പിച്ചതിന്റെ ഉത്തരവാദിത്തം കോൺഗ്രസ്സിന്റെ തലയിൽ കെട്ടിവയ്ക്കുന്നതിനും കോൺഗ്രസ്സിന്റെ നയങ്ങളും ശക്തിക്ഷയവുമാണ് ബി.ജെ.പി.യെ വിജയിപ്പിച്ചതെന്നുമുള്ള വാദമുഖങ്ങൾ നിരത്തുന്ന പ്രതിപക്ഷത്തിരിക്കുന്ന

സ്നേഹിതൻമാരോട് ഞാൻ ചോദിക്കുന്നു, കോൺഗ്രസ്സും കമ്മ്യൂണിസ്റ്റു പാർട്ടികളും ബി.ജെ.പി.യും അതല്ലെങ്കിൽ കോൺഗ്രസ്സും എൽ.ഡി.എഫും, യു.ഡി.എഫും എൽ.ഡി.എഫും ബി.ജെ.പി.യും മത്സരിച്ച സ്ഥലങ്ങളുണ്ട് – കേരളവും ബംഗാളും. അവിടെ ആർക്കാണ് പരാജയമുണ്ടായത്. 12 സീറ്റ് കിട്ടിയ കോൺഗ്രസ്സിനെ ഇപ്പോഴും നിങ്ങൾ ആക്ഷേപിക്കുന്നില്ലേ? ശ്രീ. പി. ശ്രീരാമകൃഷ്ണനോട് ഞാൻപറയുന്നു, കണക്കുകൾ എന്റെ കയ്യിലുണ്ട്. ഇവിടെ യു.ഡി.എഫിന് കഴിഞ്ഞ പ്രാവശ്യം 72 സീറ്റ് കിട്ടിയപ്പോൾ ഇപ്രാവശ്യം അത് 80 സീറ്റായി. സീറ്റുകളിലുണ്ടായ സാങ്കേതിക വർദ്ധനവ് മാത്രമല്ല കഴിഞ്ഞ അസംബ്ലി തെരഞ്ഞെടുപ്പിലും ഈ പാർലമെന്റ് തെരഞ്ഞെ ടുപ്പിലുമുള്ള വോട്ടുകളുടെ ശതമാനമെടുത്ത് നോക്കാം. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ മാർക്സിസ്റ്റ് പാർട്ടിക്ക് 28.18 ശതമാനം വോട്ടാണ് കേരളത്തിൽ ലഭിച്ചത്. പാർലമെന്റ് തെരഞ്ഞെടുപ്പിൽ 21.59 ശതമാനമായി കുറഞ്ഞു. കോൺഗ്രസ്സിനല്ല കുറഞ്ഞത്. കഴിഞ്ഞ അസംബ്ലി തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന് ലഭിച്ചത് 26.4 ശതമാനം വോട്ടായിരുന്നെ ങ്കിൽ പാർലമെന്റ് തെരഞ്ഞെടുപ്പ് വന്നപ്പോൾ അത് 31.1 ശതമാനമായി ഉയർന്നു. ബി.ജെ.പി.യും കോൺഗ്രസ്സും തമ്മിൽ മത്സരിച്ചു. ബി.ജെ.പി.യും കമ്മ്യൂണിസ്റ്റ് പാർട്ടിയും കോൺഗ്രസ്സും തമ്മിൽ മത്സരിച്ചു. ബി.ജെ.പി. ക്ക് കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ 03 ശതമാനം വോട്ട് കിട്ടിയപ്പോൾ പാർലമെന്റ് തെരഞ്ഞെടുപ്പിൽ അത് 10.33 ശതമാനമായി കേരളത്തിൽ വർദ്ധിച്ചു. ഈ വർദ്ധിച്ച വോട്ട് കമ്മ്യൂണിസ്റ്റുപാർട്ടിയിൽ നിന്ന് പോയ താണോ, കോൺഗ്രസ്സ് പാർട്ടിയിൽ നിന്ന് പോയതാണോ എന്ന് നിങ്ങൾ

വിലയിരുത്തുന്നത് നല്ലതായിരിക്കും. തിരുവനന്തപുരത്ത് നാല് നിയോജക മണ്ഡലങ്ങളിലും കമ്മ്യൂണിസ്റ്റു പാർട്ടി മൂന്നാമതായി മാറി. വി.കെ. കൃഷ്ണ മേനോനെ വിജയിപ്പിച്ച രാഷ്ട്രീയ പ്രബുദ്ധതയുള്ള തിരുവനന്തപുരത്ത് ഇടതുപക്ഷ പ്രസ്ഥാനങ്ങൾ മൂന്നാമതായി മാറി. നാല് നിയോജക മണ്ഡല ങ്ങളിൽ നിങ്ങൾ മൂന്നാമതാണ്. ശ്രീ. കെ. മുരളീധരന്റെ നിയോജക മണ്ഡലമായ വട്ടിയൂർക്കാവിൽ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന് 56,000 വോട്ടുകിട്ടി. പാർലമെന്റ് തെരഞ്ഞെടുപ്പിൽ അത് 40,000 ആയി കുറഞ്ഞു. നിയമസഭാ തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് 40,000 വോട്ടുകിട്ടി. പാർലമെന്റ് തെരഞ്ഞെടുപ്പിൽ അത് 26,000 മായി കുറഞ്ഞു. നിയമസഭാ തെരഞ്ഞെടുപ്പിൽ ബി.ജെ.പി. ക്ക് 13000 വോട്ടു കിട്ടി. പാർലമെന്റ് തെരഞ്ഞെടുപ്പിൽ അത് 43,000 ആയി വർദ്ധിച്ചു. ശ്രീ. സി. ദിവാകരൻ അങ്ങാണല്ലോ ഇവിടത്തെ സ്ഥാനാർത്ഥിയെ നിർത്തുന്നതിൽ ഏറ്റവും കൂടുതൽ സ്വാധീനമുണ്ടാക്കിയതെന്ന് പറയപ്പെടുന്നത്. ഈ വോട്ട് എവിടെപ്പോയി. കമ്മ്യൂണിസ്റ്റ് പാർട്ടി വിജയിച്ച സ്ഥലം കാസർഗോഡാണ്. അവിടെ കോൺഗ്രസ്സിന് കഴിഞ്ഞ അസംബ്ലി തെരഞ്ഞെടുപ്പിനേക്കാൾ 57,000 വോട്ടുകൾ കൂടി. ബി.ജെ.പി. ക്ക് 46,000 വോട്ട് കൂടി. മാർക്സിസ്റ്റു പാർട്ടിക്ക് 1,000 വോട്ട് കുറഞ്ഞു. 140000 പുതിയ വോട്ടർമാർ ചേർന്ന വോട്ടർ പട്ടികയിൽ പുതിയതായി വോട്ടുചെയ്യാൻ അവസരം കിട്ടിയ ഒരു തെരഞ്ഞെടുപ്പിൽ നിങ്ങൾ വിജയിച്ച കാസർഗോഡ് പോലും നിങ്ങൾക്ക് വോട്ട് കുറഞ്ഞിരിക്കുന്ന സാഹചര്യമുണ്ടായി. അതുകൊണ്ട് ബി.ജെ.പി.യെ എതിർക്കുന്നത് കോൺഗ്രസ്സാണെന്നുപറഞ്ഞ് ഇപ്പോഴും കോൺഗ്രസ്സിനെ കുറ്റപ്പെടുത്തുന്ന കമ്മ്യൂണിസ്റ്റുകാർ നിങ്ങളുടെ നയങ്ങളിലും പരിപാടി

കളിലുമുണ്ടായ പാളിച്ചയെക്കുറിച്ച് ആലോചിക്കണം. ഇനി ബംഗാളിലെ കാര്യം പറയണോ?

ബംഗാളിൽ കോൺഗ്രസ്സ് പാർട്ടിയെക്കാൾ എത്രയോ ശക്തമായ പാർട്ടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി ഞാൻ സമ്മതിക്കുന്നു. പക്ഷെ ഞങ്ങൾക്ക് 4-ഉം നിങ്ങൾക്ക് 2-ഉം സീറ്റാണ് കിട്ടിയത്. എനിക്ക് കിട്ടിയ കണക്കനുസരിച്ച് 17 സ്ഥലങ്ങളിൽ കമ്മ്യൂണിസ്റ്റ് പാർട്ടി മൂന്നാമതായിപ്പോയി. യാഥാർത്ഥ്യം മനസ്സിലാക്കാതെ ഇപ്പോഴും ചില കമ്മ്യൂണിസ്റ്റ് സ്നേഹിതന്മാർ സംസാരിക്കുന്നത് കേട്ടാൽ ഈ രാജ്യത്ത് ബി.ജെ.പി.യെ വളർത്തുന്നതിന്റെ ഉത്തരവാദിത്വം കോൺഗ്രസ്സിനാണെന്ന് തോന്നും. നിങ്ങൾ യാഥാർത്ഥ്യം മനസ്സിലാക്കണം. ബി.ജെ.പി. വിരുദ്ധ വോട്ടുകൾ പാളിപ്പോകാതിരിക്കാൻ യോജിച്ചു നിൽക്കുന്നതിനുവേണ്ടി ഒരു സമീപനമുണ്ടാക്കാൻ നിങ്ങളുടെ അന്ധമായ കോൺഗ്രസ്സ് വിരോധം മാറ്റിവയ്ക്കാൻ തയ്യാറായാൽ ബി.ജെ.പി. ഇവിടെ ശ്രീ. ജി. സുധാകരൻ പറഞ്ഞതുപോലെ ഏതു രാക്ഷസനെയും പിടിച്ചുകെട്ടാനുള്ള ശക്തി ഇൻഡ്യൻ ജനാധിപത്യത്തിന് ഉണ്ടെന്നു മനസ്സിലാക്കണം. ഈ ഗവൺമെന്റിനെക്കുറിച്ച് നിങ്ങൾ ഒത്തിരി ആക്ഷേപങ്ങൾ പറഞ്ഞു. ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് 3 വർഷം തികയുകയാണ്. ഞങ്ങൾ വളർന്നില്ലായെന്ന് പറയുന്നില്ല. അത് അംഗസംഖ്യ മാത്രം വച്ചുകൊണ്ടല്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മൂന്ന് ജനഹിതങ്ങൾ നടന്നു. ഒന്ന് പിറവത്തും, രണ്ട്, നെയ്യാറ്റിൻകരയും ഞങ്ങൾ ജയിച്ചു. മൂന്ന്, പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് ഭൂരിപക്ഷം കിട്ടി. മൂന്നു വർഷത്തിനുള്ളിൽ കേരളത്തിൽ നടന്ന ഒരു ടെസ്റ്റ് കേസ് എന്ന

നിലയിൽ അസംബ്ലിയിലേയ്ക്ക് നടന്ന രണ്ട് ഉപതെരഞ്ഞെടുപ്പുകളിലും പാർലമെന്റിലേയ്ക്ക് നടന്ന പൊതുതെരഞ്ഞെടുപ്പിലും നിങ്ങളെക്കാൾ കൂടുതൽ വോട്ടുകൾ കരസ്ഥമാക്കി ബഹുജന അടിത്തറ ജനാധിപത്യ സംവിധാനത്തിൽ ജനഹിതമുണ്ടെന്ന് തെളിയിച്ചുകൊണ്ടാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റ് മുമ്പോട്ടു പോകുന്നത്. ആ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനയാണ് ഞങ്ങൾ അനുകൂലിക്കുന്നുവെന്ന് പറയുന്നത്. അതിനു കാരണമുണ്ട്. ഈ ഗവൺമെന്റിന് നേട്ടമുണ്ട്. പരാതികളിൽ പരിഹാരം കാണുന്ന ഒരു ഗവൺമെന്റാണിത്. ഉദ്യോഗതലത്തിൽ ആലോചിച്ച് തീരുമാനിക്കുകയല്ല. മുഖ്യമന്ത്രിതന്നെ, മന്ത്രിമാർതന്നെ നേരിട്ട് ഇടപെട്ട് അവിടെയെത്തുന്നു. ഈ രെതഞ്ഞെടുപ്പിന് മുൻപ് ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞു, ഞാൻ തോൽവിയുടെ ഉത്തരവാദിത്വം ഏറ്റെടുക്കും, അത് പറയാനുള്ള ആർജ്ജവം കാണിച്ച മുഖ്യമന്ത്രിയാണ് ശ്രീ. ഉമ്മൻ ചാണ്ടി. ശ്രീ. ഉമ്മൻ ചാണ്ടിക്കും യു.ഡി.എഫ്. നേതൃത്വത്തിനും അറിയാമായിരുന്നു ഞങ്ങൾ തോൽക്കില്ല എന്ന്. ഞാൻ ഇന്നുമോർക്കുന്നു. പാർലമെന്റ് തെരഞ്ഞെടുപ്പിനു മുൻപ് ഈ നിയമസഭ സമ്മേളിച്ചപ്പോൾ ബഹുമാന്യനായ കോടിയേരി ബാലകൃഷ്ണനും ബഹുമാന്യനായ സി. ദിവാകരനുമൊക്കെ പറഞ്ഞതെന്താണ്; നിങ്ങൾക്ക് ഒരു സീറ്റുപോലും കിട്ടാതെ നിങ്ങൾ ചരിത്രത്തിന്റെ ചവിട്ടുകൊട്ടയിലേയ്ക്ക് വലിച്ചെറിഞ്ഞ് നിങ്ങൾ വരേണ്ടിവരും, ശ്രീ. ഉമ്മൻ ചാണ്ടിയുടെ രാജി ഇവിടെ ഉണ്ടാകുമെന്ന് ആഗ്രഹിച്ച് കൊട്ടിഘോഷിച്ച് പോയ നിങ്ങൾ പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞ് വിധി പ്രഖ്യാപനം വന്നപ്പോൾ യു.ഡി.എഫ്.-ന് 12 സീറ്റും നിങ്ങൾക്ക് വോട്ട് കുറയുകയും ചെയ്ത സാഹചര്യത്തിൽ ഇപ്പോഴും നിങ്ങൾ ശ്രീ. ഉമ്മൻ ചാണ്ടി

ക്കെതിരെ ആക്ഷേപം ഉന്നയിക്കുകയെന്നുവച്ചാൽ...... മൂന്ന് വർഷക്കാലം പ്രവർത്തിച്ച ഈ ഗവൺമെന്റിന് ഒട്ടേറെ നേട്ടങ്ങളുണ്ടായിട്ടുണ്ട്. മാർക്സിസ്റ്റ് പാർട്ടിക്കെന്താ കുഴപ്പം; നിങ്ങളിപ്പോഴും പഴയ വാരിക്കുന്തത്തിന്റെ സ്ഥാനത്ത് നിൽക്കുകയാണ്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ സമരം ചെയ്യാൻ വാരിക്കുന്തമെടുത്ത് പോരാടിയവരാണെന്ന് അഭിമാനത്തോടെ നിങ്ങൾ പറയും. ഇപ്പോൾ കാലം മാറി, നൂതനങ്ങളായ ആശയങ്ങൾ വരുന്നു, ചെറുപ്പ ക്കാരുടെ ആശയങ്ങൾ വരുന്നു, നൂതനങ്ങളായ ആശയങ്ങൾ ആയുധങ്ങളെ പ്പോലെ പുറത്തെടുത്ത് ഈ സമൂഹം മുമ്പോട്ടുപോകുമ്പോഴും നിങ്ങൾ പഴയ ആശയത്തിന്റെ വാരിക്കുന്തവുമായി ഇപ്പോഴും നിൽക്കുകയാണ്. അതു കൊണ്ടാണ് നിങ്ങളുടെ സമരങ്ങൾ പരാജയപ്പെടുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നിങ്ങളെത്ര സമരം നടത്തി. പല സമര ങ്ങൾക്കും ജനപിന്തുണയില്ലായിരുന്നു. പട്ടാളത്തിൽപ്പറയും, 'obsolete weapons' കാലഹരണപ്പെട്ട വെപ്പൺസ് എന്നു പറയും. കമ്മ്യൂണിസ്റ്റ് പാർട്ടി യുടെ, ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കയ്യിലിരിക്കുന്ന സമര മാർഗ്ഗങ്ങൾ കാലഹരണപ്പെട്ടതാണ്. ആ കാലഹരണപ്പെട്ട സമരങ്ങളുമായി നിങ്ങൾ മുമ്പോട്ടുപോകുമ്പോൾ നിങ്ങൾക്ക് ജനങ്ങളെ പങ്കെടുപ്പിക്കാനാവു ന്നില്ല. എത്രസമരം നടത്തി നിങ്ങൾ, വഴിതടയൽ സമരം, സെക്രട്ടേറിയറ്റ് വളയൽ, രാപ്പകൽ സമരം എത്രയോ സമരപാരമ്പര്യമുള്ള മാർക്സിസ്റ്റുപാർട്ടി യുടെ സമരം, അവസാനം ക്ലിഫ് ഹൗസിന്റെ മുന്നിൽവച്ച് ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ നേർക്ക് ഒരു സ്ത്രീ കൈചൂണ്ടി സംസാരിച്ചപ്പോൾ ആ സമരം അവസാനിപ്പിക്കേണ്ട ഗതികേടാണ് ഉണ്ടായതെങ്കിൽ ഞാൻ ശ്രീ. ദിവാകരനോടും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോടും പറയുന്നു, ഈ

obsolete weapons ഉണ്ടല്ലോ അത് നിങ്ങൾ മാറ്റിവയ്ക്കണം. നിങ്ങൾ ജനഹിതം മനസ്സിലാക്കാൻ തയ്യാറാകണം. ഇവിടെയിപ്പോൾ ബി.ജെ.പി.യെക്കുറിച്ച് പറയുന്നു, ബി.ജെ.പി. ജയിച്ചുവെന്ന് ഞാൻ സമ്മതിക്കുന്നു. ഇവിടെ ആരോ പറഞ്ഞതുപോലെ, ദേശീയ രാഷ്ട്രീയത്തിൽ ബി.ജെ.പി.ക്കുണ്ടായ അപകടകരമായ ഈ വിജയത്തെ, 1933-ൽ ജർമ്മനിയിൽ ഹിറ്റ്ലറുടെ നാസി പാർട്ടി നേടിയ വിജയത്തോടാണ് ഞാൻ ഉപമിക്കുന്നത്. 1923 -ൽ ആദ്യമായി തെരഞ്ഞെടുപ്പിൽ മത്സരിച്ച നാസി പാർട്ടിക്ക് ആദ്യം ലഭിച്ചത് കേവലം 32 സീറ്റാണ്. 1930-ൽ 107 ആയി. 1932-ൽ 230 ആയി. 1933-ൽ 288 സീറ്റ് കിട്ടി ജർമ്മനിയിൽ പരമാധികാരം നേടിയപ്പോൾ, പാർലമെന്റിൽ ഭൂരിപക്ഷം നേടിയപ്പോൾ, ജർമ്മനിയുടെ സർവ്വാധിപത്യം നേടിയപ്പോൾ, അധികാരം കരഗതമായപ്പോൾ ഹിറ്റ്ലർ നടത്തിയ പേക്കൂത്തുകൾ, ഒരു മഹായുദ്ധത്തിനും പതിനായിരക്കണക്കിന് ജനങ്ങളുടെ മരണത്തിനും ഇടയാക്കിയെങ്കിൽ ബി.ജെ.പി.ക്ക് വരാൻപോകുന്നു - 1980-ൽ - 2 സീറ്റ്; 1989-ൽ - 85 സീറ്റ്; 1991-ൽ - 120 സീറ്റ്; 1996-ൽ - 140 സീറ്റ്; 1999-ൽ - 182 സീറ്റ്; 2004-ൽ - 138 സീറ്റ്; 2014-ൽ - 288 സീറ്റ്, ഒരു ചരിത്ര നിയോഗമുണ്ട്. ചരിത്രത്തിന്റെ ഭീകരത കാലം മാറിയും ദേശം മാറിയും പുനർ:അവതരിപ്പിക്കപ്പെടും, അതാണിവിടെ നടക്കുന്നത്, ആ തത്വമാണ് ഇവിടെ ആവർത്തിക്കുന്നത്. 1930-ൽ ജർമ്മനിയിലും ഇറ്റലിയിലും രൂപംകൊണ്ട വംശാധിഷ്ഠിത ഹിംസാരാഷ്ട്രീയത്തിന്റെ പുനർജൻമമാണ് ബി.ജെ.പി. ഇൻഡ്യയിലുണ്ടാക്കിയിരിക്കുന്ന വിജയം. ബി.ജെ.പി. ഇപ്പോൾ നടത്തുന്നത് വിദ്വേഷത്തിന്റെ തത്വശാസ്ത്രമാണ്. അവർക്ക് പിടിച്ചു നിൽക്കാൻ കഴിയില്ല. ബി.ജെ.പി.യുടെ

തരംഗത്തെ സഹ്യനപ്പുറത്ത് തടുത്ത് നിർത്താൻ കഴിഞ്ഞത് ബഹുമാന്യനായ ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഐക്യജനാധിപത്യമുന്നണിക്കും കോൺഗ്രസ്സിനുമാണ്. അതെങ്കിലും നിങ്ങൾ ഉൾക്കൊള്ളണം. രാജ്യവ്യാപക മായി ആഞ്ഞടിച്ച് ബി.ജെ.പി. വന്നപ്പോൾ ബി.ജെ.പി.ക്ക് കേരളത്തിൽ ഒരു സീറ്റുപോലും കിട്ടാതിരിക്കാൻ, താമര വിടരാതിരിക്കാനുള്ള അവസരം ഈ കേരളത്തിന്റെ രാഷ്ട്രീയ പ്രബുദ്ധതയുള്ള മണ്ണിൽ ഉണ്ടാക്കിയതിന്റെ ഉത്തര വാദിത്വം, first credit goes to Sri. Oommen Chandy-ക്കും അദ്ദേഹത്തിന്റെ ഗവൺമെന്റിനുമാണെന്ന് ഞാൻ അഭിമാനത്തോടെ പറയുന്നു. നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ; നിങ്ങൾ പരാജയപ്പെട്ടു. നിങ്ങൾ മൂന്നാം സ്ഥാന ത്തേയ്ക്ക് പോയപ്പോഴും ശ്രീ. ഒ. രാജഗോപാലിനെ തോൽപ്പിച്ചുകൊണ്ട് അധികാരത്തിൽ വരാൻ ഞങ്ങൾക്ക് കഴിഞ്ഞു. ഇവിടെ വോട്ടിന്റെ കണക്ക് ഞാൻ ഇനിയും പറയുന്നില്ല. നിങ്ങൾക്ക് എത്ര വോട്ട് പോയി. ശ്രീ. എം.എ. ബേബി എവിടെ; ഞങ്ങളുടെ ധാരാളം നേതാക്കൻമാർ തോറ്റു, നിങ്ങളുടെ ഏക പോളിറ്റ് ബ്യൂറോ മെമ്പറായിരുന്നു ശ്രീ. ബേബി; ബേബി തോറ്റു. തോറ്റതിന്റെ കാരണങ്ങളെക്കുറിച്ച് കണ്ടുപിടിക്കു. സംസാരത്തിൽ ഒരു മനുഷ്യന്റെ സംസ്കാരത്തെ വിലയിരുത്താൻ കഴിയുമെന്നിപ്പോഴാണ് ബേബിക്ക് തോന്നുന്നത്. ബേബിക്ക് നിയമസഭയിൽപ്പോലും വരാൻ കഴിഞ്ഞില്ല. ഇന്ന് നിയമസഭയിൽ വന്നു, ആരു പറഞ്ഞിട്ടാണ്; മാർക്സിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോ പറഞ്ഞിട്ട് ശ്രീ. ബേബി നിയമസഭയിൽ വന്നില്ല. ഇന്നലെ മലയാളമനോരമ ആഴ്ചക്കുറിപ്പിൽ വിമതൻ പറഞ്ഞു, ഞാനതിന്റെ അവസാനത്തെ വാചകം ഞാൻ വായിക്കാം. "ഉപേക്ഷ വിചാരി ക്കരുത്. ഇന്ന് തന്നെ സഭയിൽ നിർബന്ധമായും ഹാജരാകണം." ആരാ

പറഞ്ഞത്; മലയാളമനോരമ ആഴ്ചക്കുറിപ്പിലൂടെ ഒരു വിമതൻ പറഞ്ഞതുകൊണ്ടാണ് വന്നത്. പണ്ട് ബഹുമാനപ്പെട്ട അച്ചുതാനന്ദനോട് തമിഴ്നാട്ടിലെ കൂടംകുളത്തേയ്ക്ക് പോകരുതെന്ന് മാർക്സിസ്റ്റുപാർട്ടിയുടെ പൊളിറ്റ് ബ്യൂറോ പറഞ്ഞിട്ടും അദ്ദേഹം പോകാൻ തീരുമാനിച്ചു. അവസാനം കളിയിക്കാവിളയിൽവച്ച് ഒരു സബ്ഇൻസ്പെക്ടർ പോകരുതെന്നു പറഞ്ഞപ്പോൾ ധൈര്യപൂർവ്വം തിരിച്ചുവന്ന ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെപ്പോലെ ബഹുമാനപ്പെട്ട ബേബിയോട് പൊളിറ്റ് ബ്യൂറോ പറഞ്ഞിട്ടും അദ്ദേഹം നിയമസഭയിൽ വന്നില്ല. വിമതൻ പറഞ്ഞപ്പോൾ വന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വർഗ്ഗസ്വഭാവമല്ല, വിമതനെന്ന പേരു കണ്ടപ്പോൾ ബേബിക്ക് സംശയം തോന്നി. പാർട്ടിയിൽ വിമതനാകാൻ പോകുന്ന ബേബി, ആ പേരിനോടുള്ള വർഗ്ഗസ്വഭാവം കാണിച്ച് ഇന്നിവിടെ കടന്നുവന്നതല്ലാതെ... എന്നിട്ടെന്താണ് പറഞ്ഞത്, നേതാക്കളുടെ വാക്കിലും പ്രവൃത്തിയിലും മാറ്റം വേണമെന്ന് എസ്.ആർ.പി. പറയുന്നു. ഏത് നേതാക്കളെക്കുറിച്ചാണ്; ഈ വാക്കിലും പെരുമാറ്റത്തിലും മാറ്റമുണ്ടായാൽ മാർക്സിസ്റ്റ് പാർട്ടിനേതാക്കൻമാരുണ്ടോ; ശുനകനും ശുംഭനും എന്നുപറയാതെ ശ്രീ. ഇ. പി. ജയരാജന്റെ പ്രസംഗം പൂർത്തീകരിക്കാൻ അദ്ദേഹത്തിന് കഴിയുമോ? പരനാറി, പരമനാറി, കുലംകുത്തി എന്നീ പദങ്ങൾ ഉരുവിട്ടില്ലെങ്കിൽ പാർട്ടി സെക്രട്ടറിക്കെന്താണ് സംഗതിയുള്ളത്. ഇന്ന് സംസാരത്തിലൂടെ സംസ്കാരത്തെ നോക്കിക്കാണുന്ന ശ്രീ. ബേബി പോലും പറഞ്ഞില്ലേ പണ്ട് ‘രൂപതയ്ക്ക്’ ‘രൂപാ താ’ എന്ന് പറഞ്ഞ് ആക്ഷേപിച്ചതല്ലേ?

സ്വന്തം തോൽവിക്കിടയായ സാഹചര്യം ശ്രീ.പിണറായി വിജയന്റെ സംസാരത്തിലൂടെയാണോയെന്ന് സംശയിച്ചപ്പോൾ, വിമതന്റെ വാക്കുകേട്ട് നിയമസഭയിൽപോലും ഹാജരാവാനെത്തിയിരിക്കുന്ന ശ്രീ. എം. എ. ബേബി യുൾപ്പെടെയുള്ളവർ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് എന്തുപറ്റിയെന്ന് ആലോചി ക്കണം. ഇവിടെ പറയുന്നു ഗുജറാത്ത് മോഡൽ എന്ന്. ഗുജറാത്ത് മോഡലിനേക്കാൾ ആയിരം കാതമപ്പുറത്താണ് കേരളാ മോഡൽ നിൽക്കുന്ന ത്. നിങ്ങൾക്കുമതിൽ പങ്കുണ്ടാവാം. ശ്രീ. നരേന്ദ്ര മോദിയുടെ ഗുജറാത്ത് മോഡലിനെതിരെ ശ്രീ. ഉമ്മൻ ചാണ്ടി കേരളാ മോഡൽ ഉയർത്തിക്കാണിച്ചെ ങ്കിൽ അത് കോൺഗ്രസ്സിന് ദേശീയ തലത്തിൽ കൂടുതൽ വിജയമുണ്ടാക്കു മെന്ന് വിശ്വസിക്കുന്ന വ്യക്തിയാണ് ഞാൻ. സോഷ്യൽ പാരാമീറ്റേഴ്സ് എടുത്ത് പരിശോധിച്ചാൽ എത്രയോ മുന്നിലാണ് നമ്മൾ നിൽക്കുന്നത്. റോഡുകളുടെ കാര്യത്തിലും ആരോഗ്യരംഗത്തിന്റെ കാര്യത്തിലും വിദ്യാഭ്യാ സത്തിന്റെ കാര്യത്തിലും കമ്മ്യൂണിക്കേഷന്റെ കാര്യത്തിലും നമ്മൾ ഒരുപാട് മുമ്പിലാണ്. 15 വർഷം മുമ്പ് മത്സ്യത്തൊഴിലാളികൾ മൊബൈൽ ഫോണി ലൂടെ മത്സ്യബന്ധനവും മത്സ്യക്കച്ചവടവും നടത്താൻ സാഹചര്യമുണ്ടായ സംസ്ഥാനമാണ് കേരളം. കേരളത്തിലെ ചെത്തുതൊഴിലാളികൾ ഇന്ന് മൊബൈൽ ഫോൺ ഉപയോഗിക്കുന്നു. ഐഡിയയുടെ പരസ്യത്തിൽ കേരള ത്തിലെ ചെത്തുതൊഴിലാളി തെങ്ങിന്റെ മുകളിൽ നിന്ന് ഐഡിയ ഫോണിൽ സംസാരിക്കുന്നതുപോലുള്ള സാമൂഹ്യമാറ്റം കേരളത്തിലാണുണ്ടായത്. അതുകൊണ്ട് ഗുജറാത്ത് മോഡൽ എന്നൊക്കെ പറഞ്ഞ് സമയം കളയേണ്ട. ശ്രീ.നരേന്ദ്ര മോദിയുടെ പ്രഖ്യാപനങ്ങൾ എന്തായിരുന്നു; നമുക്ക് ഒരുമിച്ച് എതിർക്കാം. ശ്രീ. നരേന്ദ്ര മോദി അധികാരത്തിൽ വന്നതിനുശേഷം

ആദ്യമായി പറഞ്ഞു 'അച്ഛാ ദിൻ ആയേഗാ' - എന്ത് അച്ഛാ ദിൻ ആണ്. നിങ്ങളിപ്പോഴും കോൺഗ്രസ്സിനെ കുറ്റപ്പെടുത്തുകയാണ്. ശ്രീ.നരേന്ദ്ര മോദിയുടെ അച്ഛാ ദിൻ നമ്മൾ കണ്ടു. എവിടെയാണ്; ഇന്ത്യൻ പ്രതിരോധ വകുപ്പിൽ 100 ശതമാനവും വിദേശ ഇടപെടൽ - മൂലധനം, ശ്രീ.എ.കെ. ആന്റണി ഇന്ത്യയുടെ പ്രതിരോധ വകുപ്പുമന്ത്രിയായിരുന്നപ്പോൾ അനുവദിച്ചില്ല. അത് അനുവദിക്കാൻ അദ്ദേഹം കൂട്ടുനിന്നുമില്ല. അന്നും നിങ്ങൾ കോൺഗ്രസ്സിനെ കുറ്റപ്പെടുത്തി. സിവിൽ ഏവിയേഷനിൽ - വിമാന സർവ്വീസിൽ 40% സ്വകാര്യപങ്കാളിത്തം കോൺഗ്രസ്സ് കൊണ്ടുവന്നപ്പോൾ ബി.ജെ.പി-യുടെ കൂടെനിന്ന് മാർക്സിസ്റ്റുപാർട്ടിയും എതിർത്തു. ഇപ്പോൾ നമുക്കൊരുമിച്ച് എതിർക്കാം. ഞങ്ങൾക്ക് യാതൊരു മടിയുമില്ല. പ്രതിരോധ വകുപ്പിന്റെ രഹസ്യങ്ങൾ ഇന്ത്യയിലെ ജനങ്ങൾപോലും അറിയാൻ പാടില്ലാ എന്നാണ്. ആ പ്രതിരോധവകുപ്പിനെ ആഗോള കമ്പോളത്തിനും ആയുധ കച്ചവടക്കാർക്കും അടിയറ പറയിപ്പിക്കുന്ന ശ്രീ.നരേന്ദ്ര മോദിയുടെ 'അച്ഛാ ദിൻ ആയേഗാ'. നമ്മൾ ഇനിയും അന്ധമായ കോൺഗ്രസ് വിരോധത്തിന്റെ പേരിൽ പ്രിയപ്പെട്ട ശ്രീ.സി.ദിവാകരൻ, പ്രിയപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണൻ, നമുക്ക് മാറിനിൽക്കാൻ കഴിയില്ല. ശ്രീ.നരേന്ദ്ര മോദി പറയുന്നു, വിലക്കയറ്റം തടഞ്ഞുനിർത്താൻ കഴിയില്ലായെന്ന്. പെട്രോളിന് വില വർദ്ധിപ്പിച്ചു. കോൺഗ്രസിന്റെ കാലത്ത് വില വർദ്ധിപ്പിച്ചില്ലേയെന്ന് ചോദിച്ച് ഇപ്പോഴും കോൺഗ്രസ്സിനെ കുറ്റപ്പെടുത്തുന്ന അന്ധമായ കോൺഗ്രസ് വിരോധം മാറ്റിവയ്ക്കാൻ നിങ്ങൾ തയ്യാറാകണം. ശ്രീ.നരേന്ദ്ര മോദി നമ്മളെ കൊണ്ടുപോകുന്നത് സദ്ഭരണത്തിലേയ്ക്കല്ല. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെയും ബഹുരാഷ്ട്ര കുത്തകകളുടേയും ഏജന്റാണ് ശ്രീമാൻ നരേന്ദ്ര

മോദി. ആ കോർപ്പറേറ്റുകളാണ് കോൺഗ്രസ് പരാജയപ്പെടണമെന്ന് ആഗ്രഹിക്കുന്നത്. അവർക്ക് സോണിയാഗാന്ധി പരാജയപ്പെടണം, കോൺഗ്രസ് പരാജയപ്പെടണം. അവരുടെ കുഴലൂത്തുകാരനായി നിൽക്കാൻ ശ്രീ.നരേന്ദ്ര മോദിയാണ് ഇന്ത്യൻ രാഷ്ട്രീയത്തിൽ മറ്റാരെക്കാളും അനുയോജ്യനെന്നു കണ്ടപ്പോൾ അവർ കൊണ്ടുപോയി. ഡിസ് ഇൻവെസ്റ്റുമെന്റിന് മന്ത്രിയെ തീരുമാനിച്ച ബി.ജെ.പി., അരുൺ ഷൂറിയെപ്പോലുള്ള ആളുകൾ തീരുമാനമെടുത്ത ബി.ജെ.പി., അവരാണ് ഇന്ന്............ ഞാൻ പറഞ്ഞ് അവസാനിപ്പിക്കാം. ബി.ജെ.പി–യെക്കാൾ നിങ്ങൾക്ക് നല്ലത് കോൺഗ്രസ്സാണ്. കോൺഗ്രസ്സെന്ന മഹത്തായ വടവൃക്ഷത്തണലിൽ മാത്രമേ ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വളരുകയുള്ളൂ. ആ വടവൃക്ഷം ഇന്ത്യൻ രാഷ്ട്രീയത്തിൽ സർവ്വശക്തമായി നിന്ന കാലഘട്ടത്തിലാണ് നിങ്ങളുടെ പാർട്ടിക്ക്, സി.പി.എം.–ന് വളരാൻ കഴിഞ്ഞിട്ടുള്ളത്. നിങ്ങളില്ലെങ്കിലും നാളെ കോൺഗ്രസ്സുണ്ടാകും. 127 വയസ്സ് പ്രായമുള്ള ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ ഏതെങ്കിലുമൊരു തോൽവിയുടെ അടിസ്ഥാനത്തിൽ കോൺഗ്രസ്സിന്റെ കാലം കഴിഞ്ഞുവെന്ന് കവിടി നിരത്തി പ്രവചനം നടത്താൻ പോകുന്ന പ്രതിപക്ഷ സുഹൃത്തുക്കൾക്ക് തെറ്റുപറ്റി. ഇന്ത്യൻ ദേശീയ രാഷ്ട്രീയത്തിൽ ഇഴുകിച്ചേർന്നുകിടക്കുന്ന മഹാത്മാഗാന്ധിയുടെയും7 ദേശാഭിമാനികളുടെയും സ്വാതന്ത്ര്യസമര സേനാനികളുടെയും പാരമ്പര്യമുള്ള കോൺഗ്രസ്സിനെ ഒരു തോൽവിയിലൂടെ പരാജയപ്പെടുത്താൻ കഴിയില്ല. ഫീനിക്സ് പക്ഷിയെപ്പോലെ, അതിനെക്കാൾ ശക്തമായിട്ടുവരും. കോൺഗ്രസ്സിന്റെ പാരമ്പര്യം ഇന്ത്യയുടെ പാരമ്പര്യമാണ്. സൂര്യൻ അസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരെ വിരിമാറുകാട്ടി വെടിയുണ്ടയേറ്റു തളർന്നുവീണു മരിച്ചപ്പോഴും

സ്വർഗ്ഗത്തേക്കാൾ വലുതാണ് ഈ ജന്മഭൂമിയെന്ന് മുദ്രാവാക്യം മുഴക്കിയ കോൺഗ്രസ്സിന്റെ പാരമ്പര്യം ഇന്ത്യൻ മണ്ണിന്റെ പാരമ്പര്യമാണ്. ആ പാരമ്പര്യമുള്ള കോൺഗ്രസ്സ് ഇന്ത്യയിലുണ്ടാകണം. കമ്മ്യൂണിസ്റ്റ് പാർട്ടി മത്സരിക്കട്ടെ നിരോധിക്കാൻ ഞങ്ങൾ തയ്യാറായില്ല എന്ന് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞു. കോൺഗ്രസ്സിന് സർവ്വ സൈന്യാധിപന്റെ അധികാരമുണ്ടായിരുന്നപ്പോഴും കമ്മ്യൂണിസ്റ്റുപാർട്ടിയെ നിയന്ത്രിക്കണം, നിരോധിക്കണമെന്ന് പല തലത്തിലും ദേശീയരാഷ്ട്രീയത്തിലെ പല ഉന്നതൻമാരും മുമ്പോട്ടുവന്നപ്പോഴും മഹാനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞു പാർലമെന്ററി ജനാധിപത്യത്തിൽ അവർക്കും വിശ്വാസമുണ്ടാകട്ടെയെന്ന്. ആ കാഴ്ചപ്പാടുകൊണ്ടാണ് നിങ്ങളുടെ പാർട്ടിക്ക് വളരാൻ കഴിഞ്ഞത്. അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി ഇന്ത്യയിലെ പ്രതിപക്ഷ പാർട്ടിയായിരുന്നു. ആ പാർട്ടിയുടെ പാരമ്പര്യം അവകാശപ്പെടുന്ന ബഹുമാന്യനായ ശ്രീ. സി. ദിവാകരന്റെ പാർട്ടിക്ക് വൈക്കം മുഹമ്മദ് ബഷീർ പറഞ്ഞതുപോലെ, ബല്യ ഒന്നാ ഇന്നുള്ളത്. ഞങ്ങളുടെ പരാജയത്തെക്കുറിച്ച് നിങ്ങൾക്ക് പറയാം. ശ്രീ. ബാബു എം. പാലിശ്ശേരിക്ക് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പൂർണ്ണചരിത്രമറിയില്ല. കോൺഗ്രസ് ഈ രാജ്യത്ത് നിലനിൽക്കേണ്ടത് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് വളരാനുള്ള സാഹചര്യമുണ്ടാകാൻ നല്ലതാണ്. കോൺഗ്രസ് എവിടെ ദയനീയമായി പരാജയപ്പെട്ടിട്ടുണ്ടോ അവിടെയൊന്നും കമ്മ്യൂണിസം വളരാൻ പോകുന്നില്ല. അതുകൊണ്ട് നമുക്ക് ഒരുമിക്കാം.

ശ്രീ. സി. ദിവാകരൻ: സർ, ശ്രീ. ബെന്നി ബെഹനാൻ ഇവിടെ ചന്ദ്രഹാസമിളക്കി പറയുന്നത് ഫാസിസത്തിന്റെ കുഴപ്പങ്ങളും കാര്യങ്ങളുമെല്ലാമാണ്. ശ്രീ.നരേന്ദ്ര മോദിയെന്നുപറയുന്നത് ഫാസിസ്റ്റാണ്. ശ്രീ. ബെന്നി ബെഹനാൻ ചരിത്രം വായിച്ചിട്ടുണ്ടോ; ഫാസിസത്തിനെതിരെ ഈ

ലോകത്ത് യുദ്ധം ചെയ്തു മരിച്ചുവീണത് കമ്മ്യൂണിസ്റ്റ് പാർട്ടി മാത്രമാണ്. അല്ലാതെ കോൺഗ്രസ്സുകാർ ഹിറ്റ്ലർക്കെതിരായി ഒന്നും ചെയ്തില്ല. 2 കോടി റെഡ് ഗാർഡ്സാണ് മരിച്ചുവീണത്. ഹിറ്റ്ലറെ പരാജയപ്പെടുത്തിയത് സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്.

ശ്രീ. ബെന്നി ബെഹനാൻ : സർ, സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയും നിങ്ങളും തമ്മിൽ എന്ത് ബന്ധമാണുള്ളത്? സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ അംഗീകരിച്ച ദേശീയ നേതൃത്വമാണ് ഇവിടെയുള്ളത്. നിങ്ങൾക്ക് ആ പാരമ്പര്യമൊന്നുമില്ല. അവിടെയും കമ്മ്യൂണിസം പോയി. ബി.ജെ.പി –യുടെ വളർച്ച നിങ്ങളുടെ തകർച്ചയിലേക്കാണ് പോകുന്നത്. ബി.ജെ.പി–യെ ന്നുപറയുന്നത് മാർക്സിസ്റ്റ് പാർട്ടിയുടെ അനാകോണ്ട (വിഷസർപ്പം)യാണ്. ബി.ജെ.പി. മാർക്സിസ്റ്റുപാർട്ടിയെ വിഴുങ്ങും. അപ്പോഴും നിങ്ങളെ സഹായി ക്കാൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സേയുണ്ടാകൂ. കോൺഗ്രസ്സിന് അന്ധമായ കമ്മ്യൂണിസ്റ്റ് വിരോധമില്ല. മഹാനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ പാരമ്പര്യമാണ് ഞങ്ങൾക്കുള്ളത്. ആ പാരമ്പര്യത്തിൽ കമ്മ്യൂണിസ്റ്റ് വിരോധത്തിന് സ്ഥാനമില്ല. ഞങ്ങൾ കമ്മ്യൂണിസവും സോഷ്യ ലിസവും അംഗീകരിച്ചവരും കമ്മ്യൂണിസ്റ്റ് പാർട്ടിയെ സഹായിച്ചവരും ഒത്തൊരുമിച്ചുപോയവരുമാണ്. ഞങ്ങൾക്ക് വിരോധമില്ല. പക്ഷേ നിങ്ങളുടെ അന്ധമായ കോൺഗ്രസ് വിരോധം ദേശീയ രാഷ്ട്രീയത്തിൽനിന്ന് മാറ്റാത്തിട ത്തോളംകാലം നിങ്ങൾ പറയുന്നതുപോലെ ശ്രീ.നരേന്ദ്ര മോദിയെ നിങ്ങൾക്ക് പരാജയപ്പെടുത്താൻ കഴിയില്ല. ദേശീയതലത്തിൽ കോൺഗ്രസ് അധികാര ത്തിൽവരുമെന്നകാര്യത്തിൽ ഒരു സംശയവുംവേണ്ട. കേരളത്തിൽ രണ്ട് വർഷം കഴിഞ്ഞ് നടക്കാൻ പോകുന്ന തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്

പൂർവ്വാധികം ശക്തിയായി ശ്രീ.ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ അധികാരത്തിൽ വരുമെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് ഞാനിതിനെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്.അച്ചുതാനന്ദൻ): സർ, യു.ഡി.എഫ്. എം.എൽ.എ–മാർ ഇവിടെ ഘോരഘോരം നടത്തിയ പ്രസംഗങ്ങൾ കേട്ടപ്പോൾ എനിക്ക് ഓർമ്മവന്നത് ഉണ്ണായിവാര്യരുടെ രണ്ട് വരികളാണ്.

'പാഥസാംനിചയംവാർന്നൊഴിഞ്ഞളവു

സേതുബന്ധനോദ്യോഗമെന്തെടോ?' എന്നാണ്. വെള്ളം മുഴുവൻ ഒഴുകിപ്പോയി. ഇന്ത്യമുഴുവൻ കോൺഗ്രസ് തൂത്തെറിയപ്പെട്ടു. ഇത് ആരുടെ ഗുണവതികാരം കൊണ്ടാണ്. കേരളത്തിൽ എന്തോ ഒത്തിരി പറ്റിപ്പിടിച്ചിരിക്കുന്നു. ഇങ്ങനെ ബഡായിയടിക്കാൻ നാണമില്ലേ? ശ്രീമാൻ ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റ് അധികാരത്തിൽവന്ന് 3 വർഷം പിന്നിട്ടിരിക്കുന്നു. ഇക്കാലത്തിനിടയിൽ ഒരിക്കൽപോലും അദ്ദേഹത്തെപ്പറ്റിയോ അദ്ദേഹത്തിന്റെ ഗവൺമെന്റിനെപ്പറ്റിയോ ഒരു നല്ല വാക്കുപറയാൻ കഴിയാത്തതിൽ എനിക്ക് അതിയായ ഖേദമുണ്ട്. ഒരു നല്ലവാക്ക് പറയാൻ അദ്ദേഹത്തിന്റെ ഗവൺമെന്റ് അവസരം തന്നിട്ടില്ല. ഇക്കാലമത്രയും അർത്ഥശൂന്യമായ മുദ്രാവാക്യങ്ങളും യാഥാർത്ഥ്യബോധമില്ലാത്ത പ്രതീക്ഷകളും വസ്തുതാവിരുദ്ധമായ പ്രസ്താവനകളും നടത്തി കാലംകഴിച്ചുകൊണ്ടിരിക്കുകയാണ് ശ്രീമാൻ ഉമ്മൻചാണ്ടിയും കൂട്ടരും. ഇത്തരമൊരു സാഹചര്യത്തിൽ അദ്ദേഹത്തിന്റെ ഗവൺമെന്റിനെക്കുറിച്ച് എങ്ങനെയാണ് നല്ലവാക്ക് പറയുക.

ഈ ഗവൺമെന്റ് 3 വർഷം പൂർത്തിയാക്കുന്ന ഘട്ടത്തിൽ ഗവൺമെന്റിന്റെ 1000 ദിനങ്ങളെന്ന പേരിൽ വലിയ പ്രചാരവേല നടത്തുകയുണ്ടായി. ഇതിനു മുമ്പുതന്നെ 2011 മേയ് 18-ന് ഉമ്മൻചാണ്ടി അധികാരമേറ്റെടുക്കുമ്പോൾ 100 ദിനപരിപാടി എന്നു പറഞ്ഞൊരു പ്രഖ്യാപനവും നടത്തി.

ഇപ്പോൾ പറയുന്നു മിഷൻ 676. മിഷൻ 676 എന്നുപറയുന്നത് ജെയിംസ് ബോണ്ട് സിനിമയാണോ? സർക്കാരിന്റെ ആയിരം ദിന നേട്ടങ്ങളുടെ പട്ടികയിൽ പറഞ്ഞ മറ്റൊരു കാര്യം ക്രമസമാധാനത്തിൽ കേരളം ഉന്നതസ്ഥാനത്താണ് എന്നാണ്. എന്താണ് കേരളത്തിലെ ക്രമസമാധാന നില? അക്രമം, കൊലപാതകം, കവർച്ച, മോഷണം, സ്ത്രീപീഡനം എന്നിവയെല്ലാം ദിവസവും പത്രങ്ങളിൽ പ്രധാന വാർത്തയല്ലേ; ഇത് അമർച്ച ചെയ്യാൻ വല്ല നടപടിയും സർക്കാർ സ്വീകരിച്ചിട്ടുണ്ടോ? എസ്.പി. മാർ വരെ കൈകൂലിക്ക് പിടിക്കപ്പെട്ടില്ലേ; മുഖ്യമന്ത്രി മുതൽ ഡി.സി.സി. പ്രസിഡന്റ് വരെയുള്ളവർ പോലീസ് ഓഫീസർമാരായി ചമഞ്ഞ് അഴിമതി നടത്തുകയാണ്. പോലീസിൽ നല്ല ഉദ്യോഗസ്ഥന്മാരുണ്ടായിരുന്നു. നിങ്ങൾക്ക് അലോസരമുണ്ടാക്കുന്ന പല കേസുകളും അട്ടിമറിക്കാൻ അവരെയെല്ലാം ചുമതലപ്പെടുത്തി. ഇതുമൂലം പോലീസ് സേനയിൽ കൊള്ളാവുന്ന ഉദ്യോഗസ്ഥന്മാർ മരുന്നിനു പോലും ഇല്ലാതെയായി. കേസുകൾ അട്ടിമറിക്കപ്പെടും എന്നൊരു ബോർഡ് കൂടി ഇനി ഡി.ജി.പി. യുടെ ഓഫീസിന് മുന്നിൽ വയ്ക്കുന്നതാണ് നല്ലത്. കള്ളന്മാരാലും കവർച്ചക്കാരാലും നാട്ടിൻപുറങ്ങളിൽ ഇറങ്ങാൻ കഴിയാത്ത സ്ഥിതിയാണ്. എന്നാൽ സെക്രട്ടേറിയറ്റിൽ ശ്രീ. ഉമ്മൻ ചാണ്ടിക്ക് ഇത്തരക്കാരെ പേടിക്കേണ്ട കാര്യമില്ല. കാരണം ട്രഷറി കാലിയാണ്, ശമ്പളം

കൊടുക്കാൻ പോലും കാശില്ല. ശ്രീമതി സോണിയാ ഗാന്ധിയെ പങ്കെടുപ്പിച്ചു കൊണ്ട് നിർഭയ എന്നൊരു പദ്ധതി നിങ്ങൾ കൊട്ടിഘോഷിച്ച് ഉദ്ഘാടനം ചെയ്തു. സ്ത്രീകളെ പീഡിപ്പിച്ചതിന്റെ പേരിൽ ആരോപണ വിധേയരായ എത്ര പ്രമുഖന്മാരുടെ സാന്നിദ്ധ്യത്തിലായിരുന്നു നിങ്ങൾ ആ പദ്ധതി ഉദ്ഘാടനം ചെയ്തത്; ഈ വക കാര്യങ്ങളിൽ സർക്കാരിന് എന്തെങ്കിലും ആത്മാർത്ഥതയുണ്ടോ? രണ്ടു ദിവസം മുമ്പാണ് കണ്ണൂരിൽ പതിനാറുകാരിയായ ഒരു കായികതാരത്തെ ജീപ്പിൽ തട്ടിക്കൊണ്ടു പോയി പീഡിപ്പിക്കാൻ ശ്രമിച്ചത്. കഴിഞ്ഞ മാസങ്ങളിൽ തിരുവനന്തപുരം ജില്ലയിലെ വിവിധ ഭാഗങ്ങളിൽ എത്രയെത്ര ഭീകര കൊലപാതകങ്ങളും ഗുണ്ടാ ആക്രമണങ്ങളുമാണ് നടന്നിട്ടുള്ളത്. ഇതിന്റെയെല്ലാം പിന്നിൽ പ്രവർത്തിക്കുന്ന സാമൂഹ്യ വിരുദ്ധരെ സംരക്ഷിക്കുക എന്ന നയമാണ് ഈ സർക്കാർ തുടരുന്നത്. ഇത്തരക്കാരെ അമർച്ച ചെയ്യാൻ ഉപയോഗിക്കേണ്ടതായ ഗുണ്ടാ നിയമം രാഷ്ട്രീയപരമായി എതിർ ചേരിയിൽ നിൽക്കുന്ന പൊതുപ്രവർത്തകരെ കള്ളക്കേസിൽ കുടുക്കാനും ജയിലിലിടക്കാനുമാണ് നിങ്ങൾ പ്രയോഗിക്കുന്നത്. നിയമപാലനം നടത്തേണ്ടുന്ന പോലീസുകാരടക്കമുള്ളവർപോലും സ്ത്രീകളെ പീഡിപ്പിക്കുന്ന വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്. സർക്കാരിന്റെ ആയിരംദിന നേട്ടങ്ങൾ വെബ് സൈറ്റിൽ കാണാം. അതിൽ അഴിമതി തുടച്ചു നീക്കാൻ നടപടിയെടുക്കുന്നതിനെക്കുറിച്ച് പറയുന്നുണ്ട്. അഴിമതിയുടെ ചെളിക്കുണ്ടിൽ കഴുത്തറ്റം മുങ്ങിനിൽക്കുന്ന ഉമ്മൻ ചാണ്ടി ഗവൺമെന്റിന് എങ്ങനെയാണ് അഴിമതി തുടച്ചുനീക്കുന്നതിനെപ്പറ്റി പറയാൻ കഴിയുക? കേരളത്തിന് നാണക്കേടുണ്ടാക്കിയ സോളാർ അഴിമതിയെക്കുറിച്ച് ഞാൻ ഏറെ പറയേണ്ടതുണ്ടോ; മുഖ്യമന്ത്രിയുടെ ഓഫീസും അദ്ദേഹത്തിന്റെ അനുചരവൃന്ദവുമല്ലേ ഈ കൊടിയ അഴിമതിയുടെ കരുക്കൾ നീക്കി

യത്? മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഗൺമാനെന്നും ഞങ്ങളൊക്കെ 'ഗൺ മോനെ'ന്നും വിളക്കുന്ന സലിം രാജ് 450 കോടി രൂപയുടെ ഭൂമി തട്ടിപ്പ് കേസിലെ പ്രധാന പ്രതിയല്ലെ; പെൺകുട്ടിയെ പട്ടാപ്പകൽ തട്ടിക്കൊണ്ടു പോകാൻ ശ്രമിച്ച കേസിൽ അകത്തുകിടന്ന ആളല്ലേ; അയാളെ ഏതൊക്കെ വഴി വിട്ട രീതിയിലാണ് ഈ സർക്കാരും മുഖ്യമന്ത്രിയും സഹായിച്ചത്; അയാൾക്ക് വേണ്ടി അഡ്വക്കേറ്റ് ജനറലിനെപ്പോലും ശ്രീ. ഉമ്മൻ ചാണ്ടി കോടതിയിൽ പറഞ്ഞുവിട്ടു. ഇതിന്റെ പേരിൽ കേരളത്തിലെ മറ്റൊരു ഗവൺമെന്റ് പോലും നേരിട്ടിട്ടില്ലാത്തത്ര രൂക്ഷമായ വിമർശനമാണ് ഹൈക്കോടതിയിൽ നിന്നും ഈ സർക്കാരിന് നേരിടേണ്ടി വന്നത്. സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിയ ഒരാളുടെ വക്കാലത്ത് എന്തിനാണ് ഈ മുഖ്യമന്ത്രി ഏറ്റെടുത്തത്; എന്നിട്ട് അഴിമതി വിരുദ്ധ പ്രവർത്തനങ്ങളെപ്പറ്റി ഗീർവാണം അടിക്കുന്നതിൽ എന്തെങ്കിലും കാര്യമുണ്ടോ? പട്ടിണിയില്ലാത്ത ഭാരതം കെട്ടിപ്പടുക്കാനാണ് കഴിഞ്ഞ യു.പി.എ. സർക്കാർ ഭക്ഷ്യ സുരക്ഷാ നിയമം കൊണ്ടുവന്നതെന്നും അത് ഞങ്ങൾ നടപ്പിലാക്കുകയാണെന്നുമുള്ള മട്ടിൽ ഈ സർക്കാർ പ്രഖ്യാപിക്കുന്നുണ്ട്. എന്നാൽ ജനങ്ങൾ വിലക്കയറ്റത്താൽ പൊറുതി മുട്ടുകയാണ്. നിത്യോപയോഗ സാധനങ്ങളുടെ വില വാണം പോലെ കുതിച്ചു കയറുന്നു. ഓരോ സാധനത്തിന്റെയും പൊള്ളുന്ന വില സംബന്ധിച്ച് കഴിഞ്ഞ ദിവസം ഞാൻ ഇവിടെ സംസാരിച്ചതാണ്. അത് ഇനി ആവർത്തിക്കുന്നില്ല. വിലക്കയറ്റം പിടിച്ചുനിർത്താൻ ഈ സർക്കാർ ചെറുവിരൽ പോലും അനക്കിയില്ല. കഴിഞ്ഞ ദിവസം സഭയിൽ വകുപ്പുമന്ത്രി പറഞ്ഞത് വിപണിയിൽ ഇടപെടാനും വിലക്കയറ്റം പിടിച്ചുനിർത്താനും സർക്കാർ ഏറ്റവും കൂടുതൽ തുക ചെലവഴിച്ചു എന്നാണ്. ആ തുകയൊക്കെ

എവിടെപ്പോയി? വിലക്കയറ്റത്തിനിടയിൽ ജനങ്ങൾക്ക് ആശ്വാസം പകരേണ്ട സർക്കാർ സ്ഥാപനങ്ങളാണ് സപ്ലൈകോയും കൺസ്യൂമർ ഫെഡും. ഈ രണ്ടിടങ്ങളിൽ കൊടിയ അഴിമതിയാണ് അരങ്ങേറിയത്. അവിടങ്ങളിൽ നടന്ന ആയിരക്കണക്കിന് കോടി രൂപയുടെ അഴിമതി സംബന്ധിച്ച് അടിയന്തരമായി സി.ബി.ഐ. അന്വേഷണം നടത്താൻ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പൊതുവിതരണ സമ്പ്രദായം നിങ്ങൾ കുളം തോണ്ടി. പാവപ്പെട്ടവന് നൽകേണ്ട അരിയും പഞ്ചസാരയും കരിഞ്ചന്തയിൽ വിറ്റ് കാശാക്കി. ഉമ്മൻ ചാണ്ടി സർക്കാർ ഭരിച്ചുഭരിച്ച് കേരളം ഇരുട്ടിലേയ്ക്ക് പോകുകയാണ്. പ്രഖ്യാപിത ലോഡ്ഷെഡിംഗിന് പുറമെ അപ്രഖ്യാപിത ലോഡ്ഷെഡിംഗും സർവ്വ സാധാരണമായി. ഇനി പവർകട്ടിലേയ്ക്ക് പോകാനും അധിക ദൂരമില്ല. വൈദ്യുതി ഉല്പാദനത്തിലെ കെടുകാര്യസ്ഥത പ്രസരണ–വിതരണ ശൃംഖലയിലും നടമാടുകയാണ്. പുറത്തുനിന്ന് വൈദ്യുതി കൊണ്ടുവരാനുള്ള വൈദ്യുതി ഇടനാഴിയെ തടസ്സപ്പെടുത്താൻ മുഖ്യമന്ത്രിതന്നെ ശ്രമിക്കുന്നുവെന്ന് ഒരു ആരോപണമുണ്ട്. എന്നിട്ടും വെറുതെ ബഡായി പറഞ്ഞ് തടിതപ്പാനാണ് വൈദ്യുതി മന്ത്രി ശ്രമിക്കുന്നത്. മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ ഈ സർക്കാരിന്റെ കെടുകാര്യസ്ഥത നിറഞ്ഞാടിയത് നാം കഴിഞ്ഞ ദിവസവും കണ്ടതല്ലേ? ഡാംതന്നെ ആണുങ്ങൾ അടിച്ചുകൊണ്ടു പോയി. മുഖ്യമന്ത്രിയോ സർക്കാരോ ഇത് അറിഞ്ഞതേയില്ല. മുല്ലപ്പെരിയാറിന്റെ കാര്യമോർക്കുമ്പോൾ ഉറക്കംതന്നെ നഷ്ടപ്പെട്ട ഒരു മന്ത്രി നമുക്കുണ്ട്. അദ്ദേഹവും ഇത് അറിഞ്ഞില്ല. മന്ത്രിക്ക് ഉറക്കം നഷ്ടപ്പെട്ടപ്പോൾ മന്ത്രിയുടെ കീഴിലുള്ള ഉദ്യോഗസ്ഥന്മാർ സുഖ നിദ്രയിലായിരുന്നു. അതുകൊണ്ടാണല്ലോ ഡാം തമിഴ്നാട് തട്ടിയെടുത്ത കാര്യം അവരും അറിയാതെ പോയത്. മുല്ലപ്പെരിയാർ കേസിൽ ഹാജരായ ഉദ്യോഗസ്ഥന് പണം

നൽകാതെ ആ കേസ് അട്ടിമറിച്ചത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണ്. വനംവകുപ്പിന്റെ ഭൂമി കൈമാറ്റം ചെയ്യാനാണ് അദ്ദേഹത്തിന്റെ ഇപ്പോഴത്തെ ശ്രമം. ഈ ഭരണം കഴിയുമ്പോഴേയ്ക്കും വനം കാണാനെത്തുന്ന വിദ്യാർത്ഥി കൾക്ക് മറ്റുസംസ്ഥാനങ്ങളിൽ പോയി വനം കാണേണ്ടതായി വരും. കരി ക്കിന്റെ അംബാസിഡർ സ്ഥാനം നേടിയെടുത്ത ആളാണല്ലോ നമ്മുടെ പ്രിയ പ്പെട്ട ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ. അദ്ദേഹം ഈ പദവിയിൽ എത്തുന്ന സമയത്ത് കരിക്കിന് പതിനഞ്ച് രൂപയേ വിലയുണ്ടായിരുന്നുള്ളൂ. ഇപ്പോൾ ഒരു കരിക്ക് കുടിക്കണമെങ്കിൽ ഇരുപത്തിയഞ്ച് രൂപയെങ്കിലും നൽകണം. ഇത് ഉറങ്ങുന്ന സർക്കാരാണോ ഉറക്കം കെടുത്തുന്ന സർക്കാരാണോ; സർക്കാരിന്റെ സാമർത്ഥ്യംകൊണ്ട് മുല്ലപ്പെരിയാർ കേസ് തോൽവികളിൽ നിന്നും തോൽവികളിലേയ്ക്ക് പോകുകയാണ്. വെള്ളത്തിന്റെ കാര്യത്തിലാ യാലും വെളിച്ചത്തിന്റെ കാര്യത്തിലായാലും സർക്കാരിന്റെ കെടുകാര്യസ്ഥത യിൽ ഒരു കുറവുമില്ല. കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ കാര്യത്തിൽ കള്ള ക്കളി നടത്തിയ സർക്കാരിന് തെരഞ്ഞെടുപ്പിൽ നല്ലൊരു അടി കിട്ടിയിട്ടും കർഷകർക്കും നാടിനും സഹായകരമായ നിലപാടെടുക്കാൻ കഴിഞ്ഞിട്ടില്ല.

ആരോഗ്യമേഖലയിൽ ആവശ്യത്തിന് ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫുമില്ല. മരുന്നുകൾ കിട്ടാനില്ലെന്ന ആക്ഷേപമുണ്ട്. കാലവർഷം കൊടു മ്പിരി കൊള്ളുന്നതോടെ പലതരത്തിലുള്ള പകർച്ചവ്യാധികൾ പിടിപെടാ നുള്ള സാദ്ധ്യതയേറെയാണ്. ഇത് മുന്നിൽക്കണ്ട് എന്തെങ്കിലും കരുതൽ നട പടികളെടുക്കാൻ ഇതേവരെ സർക്കാർ തയ്യാറായിട്ടില്ല. അട്ടപ്പാടിയിലെ ശിശു മരണത്തിന്റെ ഓർമ്മകൾ ഇനിയും വിട്ടുമാറിയിട്ടില്ല. അത്തരം ദുരന്തങ്ങൾ ഏത് നിമിഷവും വീണ്ടും ഉണ്ടാകാമെന്ന സ്ഥിതിയാണ്. ഇക്കാര്യത്തിലും

സർക്കാരിന് നിസ്സംഗതയാണ്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ അഴിമതിയുടെ കൂത്തരങ്ങായി മാറിയിരിക്കുകയാണ്. ഇതിന്റെ എം.ഡി. വരെ സസ്പെൻഷനിലാണ്. ജനങ്ങൾക്കേറെ ആശ്വാസകരമായിരുന്ന അത്യാധുനിക സൗകര്യങ്ങളുള്ള 108 ആംബുലൻസ് നിറുത്തലാക്കിയത് ഈ മേഖലയിലെ സ്വകാര്യ കമ്പനികളെ സഹായിക്കാനാണ്. ഇങ്ങനെ ആരോഗ്യരംഗമാകെ അഴിമതിയും കെടുകാര്യസ്ഥതയും അരങ്ങുതകർക്കുകയാണ്. ആരോഗ്യവകുപ്പുമന്ത്രിയുടെ മറ്റൊരു വകുപ്പാണല്ലോ ദേവസ്വം. ഈ മന്ത്രിയുടെ സാമർത്ഥ്യംകൊണ്ട് ശബരിമലയിപ്പോൾ മാലിന്യമലയായി മാറിയിരിക്കുകയാണ്. ശ്രീപത്മനാഭസ്വാമിക്ഷേത്രവുമായി ബന്ധപ്പെട്ട് സർക്കാരും രാജകുടുംബവും ചെയ്തുകൂട്ടിയ കൊള്ളരുതായ്മകളല്ലേ അമിക്കസ്ക്യൂരി ശ്രീ. ഗോപാൽ സുബ്രഹ്മണ്യം അക്കമിട്ടുപറഞ്ഞത്; എന്നിട്ടും എന്തെങ്കിലുമൊരു നടപടി ഈ സർക്കാർ സ്വീകരിച്ചോ; നമ്മുടെ സാമ്പത്തികസ്ഥിതിയെന്താണ്? കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ അധികാരം വിട്ടൊഴിയുമ്പോൾ ട്രഷറിയിൽ 2000 കോടി രൂപയുടെ മിച്ചമുണ്ടായിരുന്നു. അതെല്ലാം ഉമ്മൻചാണ്ടിയും കൂട്ടരുംകൂടിയെടുത്ത് ദീപാവലി കുളിച്ചില്ലേ; ഇപ്പോൾ ട്രഷറിതന്നെ പൂട്ടുന്ന സ്ഥിതിയിലല്ലേ? 2000-ത്തോളം കോടി രൂപ കരാറുകാർക്ക് കുടിശിക നൽകാനുണ്ട്. ഇതുമൂലം ജൂൺ ഒന്നുമുതൽ നിർമ്മാണപ്രവർത്തനങ്ങൾ പൂർണ്ണമായും മുടങ്ങിയിരിക്കുകയാണ്. എന്നാലും സർക്കാരിന്റെ ധൂർത്തിന് ഒരു കുറവുമില്ല. പണ്ട് ശ്രീ. എ. കെ. ആന്റണി പറഞ്ഞതുപോലെ ജനങ്ങളോട് മുണ്ടുമുറുക്കി ഉടുക്കണമെന്ന് ശ്രീ. ഉമ്മൻചാണ്ടി പറയുമോ എന്നാണ് അറിയേണ്ടത്. ക്ഷേമപെൻഷനുകൾ 500 രൂപയാക്കി വർദ്ധിപ്പിച്ചുവെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ വീമ്പിളക്കിയതുകേട്ടു. പക്ഷേ ഈ പെൻഷൻ മാസങ്ങളോളം

കുടിശ്ശികയായാൽ എന്തുചെയ്യും? അഗതികൾ, വിധവകൾ, വികലാംഗർ തുടങ്ങി ജീവിക്കാൻ ഏറ്റവും ക്ലേശമനുഭവിക്കുന്ന ആളുകൾക്ക് നൽകുന്ന പെൻഷൻ തുകയിൽ 1400 കോടി രൂപയിലേറെ കുടിശ്ശികയാണുള്ളത്. കെ.എസ്.ആർ.ടി.സി. –യുടെ സ്ഥിതി അതിദയനീയമാണ്. താമസിയാതെ ഇത് കട്ടപ്പുറത്താകുമെന്നാണ് ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ പറയുന്നത്. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ ആനുകൂല്യം ഗണ്യമായി വെട്ടിക്കുറച്ചു. അതുതന്നെ സമയത്ത് നൽകുന്നുമില്ല. 418 ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ 2½ മാസമായിട്ടും ഒരു തീരുമാനമെടുക്കാൻ കഴിഞ്ഞിട്ടില്ല. ആയിരക്കണക്കിന് ബാർ തൊഴിലാളികളുടെ ജീവിതമാണ് സർക്കാർ പന്താടുന്നത്. എക്സൈസ് വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും കെ.പി.സി.സി. പ്രസിഡന്റും പലചേരികളിലായിനിന്ന് പഴിചാരുകയും പരസ്പരം പടവെട്ടുകയും ചെയ്യുന്നതുകൊണ്ടല്ലേ ബാർ ഹോട്ടലുകളുടെ കാര്യത്തിൽ അന്തിമ തീരുമാനമെടുക്കാൻ കഴിയാത്തത്? എന്നത്തേയുംപോലെ ഇപ്പോഴും ജീവനക്കാരെ ശത്രുപക്ഷത്ത് നിർത്തുകയും അവരെ തമ്മിലടിപ്പിക്കുകയുമാണ് ഈ സർക്കാർ ചെയ്യുന്നത്. സർക്കാർ ജീവനക്കാരുടെ അവകാശമായിരുന്ന സ്റ്റാറ്റ്യൂട്ടറി പെൻഷൻ ഇപ്പോൾ നിറുത്തലാക്കി പകരം കോൺട്രിബ്യൂട്ടറി പെൻഷനാക്കി. അതോടെ ജീവനക്കാർ രണ്ട് തട്ടിലായി. ഈ വർഷം ജൂലൈയിൽ നടപ്പിലാക്കേണ്ട ശമ്പളപരിഷ്ക്കരണത്തിന് റിപ്പോർട്ടുപോലുമായിട്ടില്ല. ശമ്പളപരിഷ്ക്കരണ കമ്മീഷന് ഇപ്പോൾ ഒരുവർഷം കൂടി നീട്ടിക്കൊടുത്തിരിക്കുകയാണ്. ഏതായാലും ഈ ഗവൺമെന്റിന്റെ കാലത്ത് അത് നടപ്പിലാക്കുമെന്ന് തോന്നുന്നില്ല. പെൻഷൻകാരുടെ കാര്യത്തിലും തൊഴിലാളിവിരുദ്ധ സമീപന

മാണ് സർക്കാർ പുലർത്തുന്നത്. എൽ.ഡി.എഫ്. ഭരണകാലത്ത് പി.എഫ്. പെൻഷൻകാരോട് അങ്ങേയറ്റം അനുഭാവപൂർണ്ണമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. പി.എഫ്. പെൻഷൻകാരെ 2 രൂപ അരി പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ അംഗീകരിച്ച് ഉത്തരവിറക്കി. അതിന്റെ ഗുണം അവർക്ക് ലഭിക്കുകയും ചെയ്തു. പി.എഫ്. പെൻഷൻകാരെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് എൽ.ഡി.എഫ്. സർക്കാർ ആലോചന തുടങ്ങിയതാണ്. എന്നാൽ എൽ.ഡി.എഫ്. സർക്കാരിന്റെ കാലാവധി കഴിഞ്ഞതിനെത്തുടർന്ന് അത് യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞില്ല. ഇക്കാര്യത്തിൽ തുടർ നടപടികളെടുക്കാനും പി.എഫ്. പെൻഷൻകാരെ സഹായിക്കാനും ഈ സർക്കാർ മൂന്ന് വർഷമായിട്ടും ഒന്നും ചെയ്തിട്ടില്ല. കരിമ്പിൻ തോട്ടത്തിൽ ആന കയറിയതുപോലെയല്ലേ കേരളത്തിലെ വിദ്യാഭ്യാസരംഗം? ആട്ടോണമസ് കോളേജിന്റെ പേരിൽ വിദ്യാഭ്യാസമേഖലയെ വീണ്ടും കലുഷമാക്കിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ സാമൂഹ്യ-സാംസ്ക്കാരിക ജീവിതത്തെ ചിട്ടപ്പെടുത്തുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുള്ളതാണ് ഇവിടുത്തെ വിദ്യാഭ്യാസരംഗം. കേരള മോഡൽ വികസനമാതൃക രാജ്യാന്തരങ്ങളിൽവരെ ശ്രദ്ധിക്കപ്പെടാനും ചർച്ചചെയ്യപ്പെടാനും ഇടയായത് 1957-ലെ ഇ.എം.എസ്. ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കിയ വിദ്യാഭ്യാസ നിയമത്തിന്റെകൂടി ഫലമായിട്ടാണെന്ന് നമുക്കെല്ലാവർക്കും അറിയാം. ഇതിന്റെ ഫലമായിട്ടാണ് സ്വകാര്യ മാനേജ്മെന്റുകളുടെ ചൂഷണവും ആധിപത്യവും അവസാനിപ്പിക്കാനും അദ്ധ്യാപകർക്ക് നേരിട്ട് ശമ്പളം കൊടുക്കുന്ന സംവിധാനം സ്ഥാപിക്കാനും കഴിഞ്ഞത്. 8-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് പഠനം പൂർണ്ണമായി സൗജന്യമാക്കിയതും ആ

ഗവൺമെന്റിന്റെ കാലത്തായിരുന്നു. പിന്നീട് 1967–ൽ ഇ.എം.എസ്. ഗവൺമെന്റ് രണ്ടാം തവണയും വന്നപ്പോഴാണ് 10–ാം ക്ലാസ്സുവരെയുള്ള വിദ്യാഭ്യാസം കേരളത്തിൽ സൗജന്യമാക്കിയത്. ഈ ഘട്ടത്തിൽ അദ്ധ്യാപക സംഘടനകളും വിദ്യാർത്ഥി സംഘടനകളുമൊക്കെ നടത്തിയ വൈവിദ്ധ്യ മാർന്ന സമരങ്ങളുടേയും ഗവൺമെന്റ് സ്വീകരിച്ച അനുകൂലനടപടികളു ടേയും ഫലമായി കൂടുതൽ കോളേജുകൾ, പ്രത്യേകിച്ച് മലബാറിൽ സ്ഥാപി ക്കപ്പെട്ടതും അങ്ങനെ ഉന്നത വിദ്യാഭ്യാസരംഗം സജീവമായതുമൊക്കെ ചരി ത്രത്തിന്റെ ഭാഗമാണ്. അങ്ങനെ മുന്നേറിയ വിദ്യാഭ്യാസ മേഖലയെ സ്ഥാപിത താൽപ്പര്യക്കാർക്കും വിദ്യാഭ്യാസക്കച്ചവടക്കാർക്കും തീറെഴുതിക്കൊടുക്കുന്ന സമീപനമാണ് യു.ഡി.എഫ്. സർക്കാരുകൾ എക്കാലത്തും സ്വീകരിച്ചിട്ടുള്ളത്. സ്വകാര്യ സ്വാശ്രയ മാനേജുമെന്റുകളെ പ്രീണിപ്പിക്കുകയും അവർക്ക് എല്ലാ വിധ ഒത്താശകളും ചെയ്തുകൊടുക്കുകയും ചെയ്തതിന്റെ ഫലമായി സർക്കാരിനെപ്പോലും ചോദ്യം ചെയ്യാനും നിയന്ത്രിക്കാനും കഴിയുന്ന അവസ്ഥയിലേയ്ക്ക് അവർ വളർന്നു. സ്വാശ്രയ എഞ്ചിനീയറിംഗ്/മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ ഫീസിന്റെ ഘടനയും പ്രവേശനത്തിന്റെ മാന ദണ്ഡവുമൊക്കെ തീരുമാനിക്കുന്നതിൽ സർക്കാരിനെപ്പോലും വെല്ലുവിളിച്ചു കൊണ്ട് പോകാൻ കഴിയുന്ന സ്ഥിതിയിലേയ്ക്ക് വിദ്യാഭ്യാസക്കച്ചവടക്കാരെ വളർത്തി. ഇതിന്റെ മറ്റൊരുവശമാണ് തെരഞ്ഞെടുക്കപ്പെട്ട ചില കോളേജു കൾക്ക് സ്വയംഭരണ പദവി നൽകാനുള്ള ഉമ്മൻ ചാണ്ടി സർക്കാരിന്റെ തീരുമാനം. യോഗ്യതയില്ലാത്തവരേയും അഴിമതിക്കാരേയും വിദ്യാഭ്യാസ തട്ടിപ്പുകാരേയുമൊക്കെ സർവ്വകലാശാലകളുടെ അധിപൻമാരാക്കി കേരള ത്തിന്റെ ഉന്നത വിദ്യാഭ്യാസമേഖലയെ ഈ സർക്കാർ നാണംകെടുത്തി.

യോഗ്യതയില്ലാത്ത ഒരു വൈസ് ചാൻസലറെ ഗവർണർക്ക് പുറത്താക്കേണ്ടി വന്നത് രാജ്യത്തിന്റെ ചരിത്രത്തിൽ ആദ്യമാണ്. പല സർവ്വകലാശാലകളും നാഥനില്ലാ കളരിയായി മാറ്റിയിരിക്കുകയാണ്. ഇപ്പോൾ രണ്ട് സർവ്വകലാശാല കളുടെ വൈസ് ചാൻസലർമാരുടെ ചാർജ്ജ് ഒരു പ്രോ–വൈസ് ചാൻസലർക്കാണ്. ഈ പ്രോ–വി.സി.ക്ക് പ്രൊഫസർ ഗ്രേഡ് പോലുമില്ല. എങ്ങനെയുണ്ട് ബഹുമാനപ്പെട്ട പി. കെ. അബ്ദുറബ്ബിന്റെ വിദ്യാഭ്യാസ ഭരണം? സച്ചാർ കമ്മിറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ മദ്രസയിലെ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്രസർക്കാർ നൽകുന്ന കോടിക്കണക്കിനുരൂപ വിദ്യാഭ്യാസ അധികൃതരും ചില മദ്രസ നടത്തിപ്പുകാരുംകൂടി തട്ടിയെടുക്കുന്നതിനെപ്പറ്റി ആരോപണം വന്നിട്ട് മാസ ങ്ങൾ കഴിഞ്ഞില്ലേ; ഈ സർക്കാർ എന്തെങ്കിലും ചെയ്തുവോ? പ്ലസ് ടു പ്രവേശനമാകെ അവതാളത്തിലായി. ഫലം പ്രഖ്യാപിച്ച് രണ്ടുമാസം കഴിയു മ്പോഴും എല്ലാ കുട്ടികൾക്കും എസ്.എസ്.എൽ.സി. ബുക്ക് കിട്ടാത്ത സ്ഥിതി യാണ്. സാധാരണക്കാർക്ക് താങ്ങാനാകാത്തവിധം ഉന്നതവിദ്യാഭ്യാസ മേഖല യിലെ ഫീസ് വർദ്ധിപ്പിച്ചത് ഇതിനെല്ലാം പുറമേയാണ്. ഏറെ നാളത്തെ ചർച്ച കൾക്കുശേഷമാണ് 2008–ൽ കേരള നിയമസഭ നെൽവയൽ–തണ്ണീർതട സംര ക്ഷണ നിയമം പാസ്സാക്കിയത്. ഭൂമാഫിയകൾക്കും റിയൽഎസ്റ്റേറ്റ് മാഫിയ കൾക്കുംവേണ്ടി അത് മാറ്റിമറിക്കാനുള്ള ശ്രമമാണ് ഇപ്പോൾ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ നിലനിൽപ്പുതന്നെ അപകടപ്പെടു ത്തുന്ന സ്ഥിതിയായിരിക്കും നിയമം മാറ്റിമറിക്കുന്നതിലൂടെയുണ്ടാവുക എന്ന തിനെപ്പറ്റി സർക്കാരിന് ഏതെങ്കിലും തരത്തിൽ ബോധമുണ്ടോ? നെല്ല് സംഭര ണത്തിന്റെ കാര്യത്തിൽ സർക്കാർ കർഷകരോട് വഞ്ചനാപരമായ സമീപന

മാണ് സ്വീകരിക്കുന്നത്. നെല്ല് സംഭരിച്ച വകയിൽ പാലക്കാട്ടേയും കുട്ടനാട്ടിലേയും കർഷകർക്ക് ലക്ഷക്കണക്കിന് രൂപയുടെ കുടിശ്ശികയാണ് കൊടുത്തുതീർക്കാനുള്ളത്. പാവപ്പെട്ട കർഷകരെ എന്തിനാണ് ഇങ്ങനെ ഉപദ്രവിക്കുന്നത്? ഇപ്പോൾ കേന്ദ്രത്തിൽ ശ്രീ. നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ ബി.ജെ.പി. സർക്കാർ അധികാരത്തിൽ വന്നിരിക്കുകയാണ്. യു.പി.എ. ഗവൺമെന്റിന്റെ കൊടിയ അഴിമതിയുടേയും ജനവിരുദ്ധ നയങ്ങളുടേയും ഫലമായല്ലേ വർഗ്ഗീയ ശക്തികൾ രാജ്യത്ത് അധികാരത്തിൽ വരാനിടയായത്; ഇതിന്റെ പാപഭാരത്തിൽനിന്നും കോൺഗ്രസുകാർക്ക് ഒഴിഞ്ഞുനിൽക്കാനാകുമോ? രാജ്യത്തിന്റെ നയരൂപീകരണം സാധാരണ ക്യാബിനറ്റിന്റെ ചുമതലയിലാണ്. എന്നാൽ ഇപ്പോൾ കേന്ദ്രത്തിൽ ശ്രീ. നരേന്ദ്രമോദിയുടെ മാത്രം തീരുമാനമായി അത് മാറിയിരിക്കുകയാണ്. ഇതിനർത്ഥം ഇന്ത്യാരാജ്യത്തിന്റെ നയരൂപീകരണം സംഘപരിവാർ നിയന്ത്രിക്കുന്ന ഒരു വ്യക്തിയിലേയ്ക്ക് കേന്ദ്രീകരിച്ചിരിക്കുന്നുവെന്നാണ്. ഇത് രാജ്യത്ത് വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാൻ പോവുകയാണ്. ഇതിനും കോൺഗ്രസിനെ ജനങ്ങൾ വിചാരണചെയ്യുകതന്നെ ചെയ്യും. അറിയാത്ത പിള്ള ചൊറിയുമ്പോൾ അറിയും. മോദിയും കോൺഗ്രസും തമ്മിൽ നയപരമായ കാര്യങ്ങളിൽ അടിസ്ഥാനപരമായി ഒരു വ്യത്യാസവുമില്ലെന്ന് നമുക്കറിയാം. മോദി ഭരിക്കുമ്പോൾ ജനവിരുദ്ധനയങ്ങൾക്കൊപ്പം വർഗ്ഗീയത കൂടി അരങ്ങുതകർക്കുമെന്ന് മാത്രം. ഏതായാലും കോൺഗ്രസിനെപ്പോലെ തികച്ചും ജനവിരുദ്ധനയങ്ങളുമായിട്ടാണ് ശ്രീ. നരേന്ദ്രമോദിയും പോകുന്നതെങ്കിൽ ഡോ. മൻമോഹൻ സിംഗിനും കോൺഗ്രസിനുമുണ്ടായതിനേക്കാൾ ദയനീയമായ പതനത്തിലേയ്ക്കായിരിക്കും ഈ കൂട്ടരും എത്തിച്ചേരുക. ഏത് മേഖലയെടുത്താലും നിരുത്തരവാദിത്തവും കെടുകാര്യസ്ഥതയും അഴിമതിയും അരങ്ങുതകർക്കു

കയാണ്. സാമൂഹ്യ, സാംസ്ക്കാരിക, വിദ്യാഭ്യാസ രംഗങ്ങളിൽ പതിറ്റാണ്ടുകളുടെ പോരാട്ടംകൊണ്ടും നിയമനിർമ്മാണങ്ങൾകൊണ്ടും നാം നേടിയെടുത്ത നന്മകളുടെ മൂല്യങ്ങൾ ഈ സർക്കാർ ചവിട്ടിയരക്കുകയാണ്. ചുരുക്കത്തിൽ ഈ സർക്കാർ കേരളത്തിന്റെ പ്രയാണം റിവേഴ്സ് ഗിയറിൽ ആക്കിയിരിക്കുകയാണ്. ഇങ്ങനെ കേരളത്തിന്റെ ജനജീവിതത്തിന് ദുരന്തങ്ങളും പ്രശ്നങ്ങളും മാത്രം സമ്മാനിക്കുന്ന, ഒരു കാര്യത്തിലും ആശാവഹമായ നടപടി സ്വീകരിക്കാത്ത ഈ സർക്കാരിന്റെ ധനാഭ്യർത്ഥനയെ ഞാൻ ശക്തിയായി എതിർക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഈ ധനാഭ്യർത്ഥന ഞാൻ അഭിമാനത്തോടുകൂടിയാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. മൂന്നുവർഷം പൂർത്തിയാക്കിയ ഈ ഗവൺമെന്റ് ജനങ്ങളോട് പറഞ്ഞ വാഗ്ദാനങ്ങൾ നിറവേറ്റി. ഈ മൂന്ന് വർഷത്തിനിടയിൽ അഭിമുഖീകരിച്ച തെരഞ്ഞെടുപ്പുകളിലൊക്കെ വിജയിച്ച്, ജനങ്ങളുടെ അംഗീകാരത്തോടുകൂടിയാണ് ഈ ധനാഭ്യർത്ഥന അവതരിപ്പിച്ചതെന്ന് അഭിമാനത്തോടുകൂടി പറയുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അങ്ങയുടെ അഭിനന്ദനം ഈ സർക്കാരിനില്ല എന്നുപറഞ്ഞു. അതിലെനിക്ക് ഒരു പരിഭവവുമില്ല. അങ്ങയുടെ വിമർശനം പോലും ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. അതിൽ ശരിയുണ്ടെങ്കിൽ ഞങ്ങൾ സ്വീകരിക്കും. പക്ഷേ, ഞങ്ങൾ ലക്ഷ്യമിടുന്നത് ജനങ്ങളുടെ അഭിനന്ദനമാണ്. അത് ഞങ്ങൾക്ക് ആവശ്യാനുസരണം കിട്ടിയിട്ടുണ്ട് എന്നു പറയാൻ എനിക്ക് സാധിക്കും. ഈ ഗവൺമെന്റിന്റെ ഏറ്റവും മുഖ്യമായ നേട്ടം രാഷ്ട്രീയമായ സ്ഥിരത നേടി എന്നതാണ്. ഈ ഗവൺമെന്റ് വന്നപ്പോഴുണ്ടായ വിമർശനം ഇത് രണ്ടുപേരുടെ പിന്തുണയുള്ള ഗവൺമെന്റാണ്,

രണ്ടുപേർ പോയാൽ ഗവൺമെന്റ് വീഴും എന്നായിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ഇന്ന് ജനങ്ങൾ നൽകിയ പിന്തുണയുടെ അടിസ്ഥാനത്തിൽ പൂർണ്ണ ഉറപ്പോടുകൂടി ഈ ഗവൺമെന്റ് നിലനിൽക്കുന്നുണ്ട്. കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ ഒരിക്കൽപോലും ഭൂരിപക്ഷം കുറഞ്ഞ ഗവൺമെന്റാണെന്ന ഒരു ബോദ്ധ്യം, അങ്ങനെയൊരു ചിന്ത ഞങ്ങൾക്കുണ്ടായില്ല. അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകും, അത് സ്വാഭാവികമാണ്. വ്യത്യസ്തമായ അഭിപ്രായങ്ങളും ചിന്താഗതികളുമുണ്ടാകാം, അതൊന്നും അടിച്ചമർത്തുകയില്ല. ജനങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന, ജനങ്ങളോടുള്ള ബാദ്ധ്യത നിലനിർത്തുന്ന ഒരു ഗവൺമെന്റ് എന്ന ലക്ഷ്യം കൈവരിക്കാൻ സാധിച്ചുവെന്നുള്ളതാണ് ഏറ്റവും വലിയ നേട്ടം. വികസനവും കരുതലും – അതാണ് ഈ ഗവൺമെന്റിന്റെ മുദ്രാവാക്യം. ഈ ആശയം പൂർണ്ണമായും പാലിച്ചുകൊണ്ട് മുമ്പോട്ടുപോകുവാൻ സാധിച്ചു. കേരളത്തിന്റെ സ്വപ്ന പദ്ധതികൾ എല്ലാം പ്രവർത്തനരംഗത്തേക്ക് കൊണ്ടുവരാൻ, അത് യാഥാർത്ഥ്യമാകും എന്നുറപ്പുവരുത്താൻ സാധിച്ചു. മെട്രോ റെയിൽ – 2016–ൽ അതിന്റെ ആദ്യഘട്ടം കമ്മീഷൻ ചെയ്യാൻ സാധിക്കും എന്ന നിലയിൽ പുരോഗമിക്കുകയാണ്. കണ്ണൂർ വിമാനത്താവളം – 2015 ഡിസംബറിൽ വിമാനം ഇറങ്ങത്തക്കവിധത്തിൽ റൺവേയുടെ പണി നടക്കുന്നു, ടെർമിനലിന്റെ പണി ജൂലൈ 5–ാം തീയതി തുടക്കം കുറിക്കുകയാണ്. സ്മാർട്ട് സിറ്റി – 2015 മാർച്ച് 25-ന് ഉദ്ഘാടനം ചെയ്യാൻ തീരുമാനിച്ചു. മോണോ റെയിൽ – തിരുവനന്തരപുരവും കോഴിക്കോടും ടെണ്ടർ ചെയ്യാൻ പോകുകയാണ്. വിഴിഞ്ഞം പദ്ധതിയുടെ നടപടി ക്രമങ്ങൾ എല്ലാം പൂർത്തിയായി. ഇനി അതിന്റെ ടെണ്ടർ നടപടികൾ മാത്രം പൂർത്തീകരിച്ചാൽ മതി. കൊല്ലം–കോട്ട

പ്പുറം ജലപാത ഈ വർഷം തന്നെ കമ്മീഷൻ ചെയ്യും. സ്റ്റുഡന്റ് എന്റർപ്രണർഷിപ്പ് പോളിസി – ഈ ഗവൺമെന്റിന്റെ മൂന്നുവർഷത്തിനിടയിൽ ഏറ്റവുമധികം സംതൃപ്തി നൽകിയ ഒരു പദ്ധതിയാണ്. ഏതെങ്കിലുമൊരു ഡിഗ്രിയെടുത്ത് ഒരു ജോലി അല്ലെങ്കിൽ വിദേശത്തേക്ക് വിസ എന്ന ചെറുപ്പക്കാരുടെ മനോഭാവത്തിന് മാറ്റമുണ്ടാക്കി. ഇവിടെ എന്തെങ്കിലും സംരംഭങ്ങളിൽ ഏർപ്പെടണം എന്ന മനോഭാവത്തോടുകൂടി മുമ്പോട്ടു വന്നവർക്ക് സഹായകരമായ രീതിയിൽ ആയിരത്തിലധികം ആശയങ്ങളുമായി നടപ്പിലാക്കിയ സ്റ്റുഡന്റ് എന്റർപ്രണർഷിപ്പ് പോളിസിക്ക് ലഭിച്ച അംഗീകാരം നമ്മുടെയൊക്കെ പ്രതീക്ഷയ്ക്കപ്പുറത്തായിരുന്നു. ഈ പരിപാടി അവരുടെ സ്റ്റേറ്റുകളിലും യാഥാർത്ഥ്യമാക്കാൻ പറ്റുമോ എന്ന് മറ്റു സ്റ്റേറ്റുകളിൽനിന്നും എൻക്വയറീസ് വന്നുകൊണ്ടിരിക്കുകയാണ്. ഇത് കേരളത്തിന് ഏറ്റവുമധികം അഭിമാനിക്കാവുന്ന കാര്യമാണ്. നമ്മുടെ സമൂഹത്തിൽ പ്രത്യേക പരിഗണന നൽകേണ്ടതായ ധാരാളം ആളുകളുണ്ട്. അവരെ പരിഗണിക്കാതെ നമുക്ക് മുന്നോട്ടുപോകാൻ സാധിക്കില്ല. ഈ ഗവൺമെന്റിന്റെ ആദ്യ നൂറ് ദിവസത്തെ പരിപാടിയിലുൾപ്പെടുത്തി ഒരു രൂപയ്ക്ക് അരി നൽകുന്ന പദ്ധതി ആരംഭിച്ചു. എല്ലാ പെൻഷനുകളുടെയും തുക വർദ്ധിപ്പിച്ചു. ഓരോ ബഡ്ജറ്റിലും ക്ഷേമ പെൻഷനുകളുടെ തുക വർദ്ധിപ്പിച്ചുകൊണ്ട് ധനകാര്യ വകുപ്പു മന്ത്രി ജനങ്ങൾക്ക് ആശ്വാസം നൽകുകയാണ്. ആരോഗ്യ രംഗത്ത് ജനോപകാരപ്രദമായ പല നടപടികളും ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഇന്ന് ജനങ്ങളുടെ ഏറ്റവും വലിയ പ്രശ്നം ആരോഗ്യ പ്രശ്നങ്ങളാണ്. ലോകത്ത് എവിടെയും കിട്ടുന്ന ചികിത്സ ഇവിടെ കിട്ടും. പക്ഷെ എല്ലാ കുടുംബങ്ങൾക്കും അതിനുള്ള ചെലവ് താങ്ങാൻ സാധിക്കുന്നില്ല. ഇത് മനസ്സിലാക്കി നിരവധി പരിപാടികൾ ആരോഗ്യ രംഗത്ത് ഈ സർക്കാർ സ്വീകരിച്ച് കഴി

ഞ്ഞിരിക്കുന്നു. 5 ലക്ഷം രൂപ ചെലവുവരുന്ന കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിക്ക് ആവശ്യമായ മുഴുവൻ ധനസഹായവും നൽകി. സംസാരിക്കാൻ കഴിവില്ലാതിരുന്ന ധാരാളം കുട്ടികൾക്ക് സംസാരശേഷി വീണ്ടെടുക്കാനും അവരെ ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാനും ഈ സർക്കാർ നടപടി സ്വീകരിച്ചു. ഈ ഗവൺമെന്റ് അഭിമാനർഹമായ മറ്റൊരു നേട്ടം കൈവരിച്ചത് ലോട്ടറിയുടെ കാര്യത്തിലാണ്. നിങ്ങളുടെ കാലത്ത് സാന്റിയാഗോ മാർട്ടിന്റെ പേരുമായി ബന്ധപ്പെട്ടാണ് ലോട്ടറിയെക്കുറിച്ച് പറഞ്ഞിരുന്നതെങ്കിൽ ഇന്ന് ലോട്ടറി എന്ന് പറയുമ്പോൾ അത് കാരുണ്യ ലോട്ടറിയാണ്. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ 368.18 കോടി രൂപയുടെ ധനസഹായമാണ് 38,818 രോഗികൾക്കായി കൊടുത്തിരിക്കുന്നത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി യിൽ നിന്ന് ചികിത്സയിലുള്ള രോഗികൾക്ക് കൊടുത്തിരിക്കുന്നത് 283.65 കോടി രൂപയാണ്. അച്ഛനും അമ്മയും നഷ്ടപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ ചെലവ് വഹിക്കുന്ന സാമൂഹ്യ നീതി വകുപ്പിന്റെ 'സ്നേഹപൂർവ്വം' എന്ന പരിപാടി ഈ സർക്കാരിന്റെ കാലത്ത് കൊണ്ടുവന്നതാണ്. ഇങ്ങനെയുള്ള നിരവധി പരിപാടികൾ വിവിധ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. നിങ്ങൾ ഏത് ആശയക്കാരാണ്; ഏത് നയമാണ് നിങ്ങൾ തുടരുന്നത് എന്നെല്ലാം ഇവിടെ ശ്രീ. പി. ശ്രീരാമകൃഷ്ണൻ ചോദിക്കുകയുണ്ടായി. ഞങ്ങൾ പിന്തുട രുന്നത് മനുഷ്യത്വമാണ്. അതാണ് ഈ ഗവൺമെന്റിനെ നയിക്കുന്ന ഏറ്റവും വലിയ ഘടകം. അതൊരിക്കലും നഷ്ടപ്പെടരുത് എന്ന മനോഭാവത്തോടുകൂ ടിയാണ് ഞങ്ങൾ മുന്നോട്ടുപോകുന്നത്. സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് ഇവിടെ പറഞ്ഞു. അതിനെക്കുറിച്ചുള്ള ചർച്ചകളൊക്കെ തുടർന്നുള്ള ദിവസ ങ്ങളിൽ വരുന്നതുകൊണ്ട് ഞാൻ കൂടുതൽ വിശദീകരിക്കാൻ ആഗ്രഹിക്കു

ന്നില്ല. സാമ്പത്തിക രംഗത്ത് നമുക്ക് പ്രയാസങ്ങളുണ്ടെങ്കിലും യാതൊരാശങ്കയ്ക്കും അടിസ്ഥാനമില്ല. കോൺട്രാക്ടർമാരുടെ കുടിശ്ശിക കൊടുക്കാത്തതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. കുടിശ്ശിക കൊടുത്തുതീർക്കേണ്ടതുതന്നെയാണ്. പക്ഷേ കുടിശ്ശികയുണ്ടായ സാഹചര്യം നിങ്ങൾ മനസ്സിലാക്കണം. കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് ബഡ്ജറ്റിൽ 4997 കോടി രൂപയാണ് പി.ഡബ്ല്യു.ഡി.-ക്ക് വേണ്ടി മാറ്റിവച്ചത്, ചെലവഴിച്ചത് 7335 കോടി രൂപയാണ്. ഇത് നല്ല ധനകാര്യമാനേജ്മെന്റാണോ, ശരിയാണോ എന്നൊക്കെ വേണമെങ്കിൽ ചോദിക്കാം. പക്ഷേ, ജനങ്ങളുടെ ആവശ്യങ്ങൾക്കും നാടിന്റെ വികസനത്തിനും മറ്റെന്തിനേക്കാളും ഈ ഗവൺമെന്റ് പ്രാധാന്യം കൊടുക്കുന്നു. കുടിശ്ശിക ഞങ്ങൾ കൊടുത്തു തീർക്കും. പക്ഷേ, ഈ കുടിശ്ശിക വന്നതെങ്ങനെയെന്നുകൂടി നിങ്ങൾ മനസ്സിലാക്കണം.

എം.എൽ.എ.മാർ ബഡ്ജറ്റ് പ്രൊവിഷനേക്കാൾ കൂടുതൽ ആസ്തി വികസന ഫണ്ട് ചോദിക്കുന്നു. ധനകാര്യമന്ത്രി ആനുവദിക്കുന്നു. വിവിധ ആവശ്യങ്ങളുന്നയിക്കുന്നു. ഇന്ന് കേരളത്തിലെ റോഡുകളെക്കുറിച്ചുള്ള അഭിപ്രായമെ എന്താണ്? വളരെ മെച്ചപ്പെട്ട അഭിപ്രായമാണ്. ഇത് ശരിയായ ധനകാര്യ മാനേജ്മെന്റാണോയെന്ന് ചോദിച്ചാൽ ബഡ്ജറ്റിനുള്ളിൽ നിന്ന് പ്രവർത്തിക്കുന്നതാണ് ശരിയായ ധനകാര്യ മാനേജ്മെന്റെന്ന് ഞാൻ പറയും. പക്ഷെ, ഗവൺമെന്റിന് ജനങ്ങളുടെ ആവശ്യങ്ങൾ തള്ളിക്കളയാൻ പറ്റില്ല, എം.എൽ.എ.മാരുടെ ആവശ്യങ്ങൾ തള്ളിക്കളയാൻ പറ്റില്ല. അപ്പോൾ ബഡ്ജിറ്റിന് പുറത്തേയ്ക്ക് പോകേണ്ടിവന്നു. അത് ധനകാര്യമന്ത്രിയുടെ കുഴപ്പമോ മറ്റൊന്നുമല്ല. കാരണം ഞങ്ങൾ അതിന് പ്രാധാന്യം കൊടുക്കുന്ന

തുകൊണ്ടാണ്. ഇവിടെ പ്രതിപക്ഷനേതാവും ശ്രീ. മാത്യു റ്റി. തോമസും നെല്ല് സംഭരണത്തിൽ കുടിശ്ശിക വന്നതിനെക്കുറിച്ച് പറഞ്ഞു. കുടിശ്ശികയുണ്ട്. ഏറ്റവും വേഗം കൊടുക്കാൻ വേണ്ടിയാണ് ശ്രമിക്കുന്നത്. 996 കോടി രൂപയുടെ നെല്ല് സംഭരിച്ചു. 644 കോടി രൂപ കൊടുത്തു. 170 കോടി രൂപ കൂടി അനുവദിച്ചു. ബാക്കി 162 കോടി രൂപ കൊടുക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളാണ് ഗവൺമെന്റ് നടത്തുന്നത്. 170 കോടി രൂപ ഈ ആഴ്ചതന്നെ കൊടുക്കുന്നതാണ്. അത് കൊടുത്തുകഴിഞ്ഞാൽ 162 കോടിയാണ് വരുന്നത്. പക്ഷെ ഒന്നറിയണം, ഭരണകക്ഷിയിലും പ്രതിപക്ഷത്തുമുള്ള എം.എൽ.എ. മാർ അറിയണം, കാരണം ഭരണകക്ഷിയിൽ നിന്നുള്ളവരും ശക്തമായി സമ്മർദ്ദം ചെലുത്തുകയാണ്. കാരണം തുക കുടിശ്ശികയില്ലാതെ കൊടുക്കണം, അതാണ് ഏറ്റവും അഭികാമ്യം. പക്ഷെ, ഇൻഡ്യയിൽ ഏറ്റവും കൂടിയ വിലയ്ക്ക് നെല്ല് സംഭരിക്കുന്നത് കേരളത്തിലാണ്. കേന്ദ്ര ഗവൺമെന്റ് 13 രൂപ 10 പൈസയെ തരുന്നുള്ളു. നമ്മൾ സംഭരിക്കുന്നത് 19 രൂപയ്ക്കാണ്. 5 രൂപ 90 പൈസ കേരളത്തിന്റെ സബ്സിഡിയാണ്. കുടിശ്ശിക വരുന്നത് ശരിയല്ല. ഏറ്റവും വേഗത്തിൽകൊടുക്കണമെന്നത് ഞാൻ സമ്മതിക്കുന്നു. കേന്ദ്ര ഗവൺമെന്റിൽ നിന്ന് രൂപ വാങ്ങി അത് കൈയ്യിൽ വച്ചുകൊണ്ട് കൊടുക്കാതിരിക്കുന്നത് ശരിയല്ല. മറിച്ച് കർഷകന് കൂടുതൽ കൊടുക്കണമെന്ന ആഗ്രഹത്തിന്റെ പേരിൽ ഭരണകക്ഷിയിൽ നിന്നും പ്രതിപക്ഷത്തു നിന്നും ആവശ്യങ്ങൾ ഉയരുമ്പോൾ ഞങ്ങൾ മെയ്മറന്ന് അങ്ങനെയുള്ള കാര്യങ്ങൾ സമ്മതിച്ചുകൊടുക്കുമ്പോഴാണ് ഇതുപോലുള്ള പ്രശ്നങ്ങളുണ്ടാകുന്നത്. ഞാൻ നേരത്തെ പറഞ്ഞു, അടുത്ത വർഷം ബാങ്കുമായി ഒരു അഡ്ജസ്റ്റ്മെന്റ് ഉണ്ടാക്കാൻ വേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അപ്പോൾ ഈ ബുദ്ധിമുട്ട് ഉണ്ടാകാത്ത വിധത്തിൽ കാര്യങ്ങൾ മുന്നോട്ട്

കൊണ്ടുപോകാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നമ്മൾ പ്ലാൻ എക്സ്പെൻഡിച്ചർ പരമാവധി നിറവേറ്റി മുന്നോട്ടുപോകാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. എൽ.എസ്.ജി.യുടെ വിഹിതം ഈ വർഷം 98% വരെയായിട്ടുണ്ട്. ഗവൺമെന്റിന്റെ മറ്റ് ഡിപ്പാർട്ട്മെന്റുകളുടെ എക്സ്പെൻഡിച്ചറുകൾ ആദ്യത്തെ രണ്ട് വർഷം വളരെ മെച്ചപ്പെട്ടതായിരുന്നു. ഈ വർഷം അൽപം കുറഞ്ഞിട്ടുണ്ട്. വരുംവർഷങ്ങളിൽ അതിന്റെ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് മുന്നോട്ടുപോകുന്നതാണ്. ഈ ഗവൺമെന്റ് പ്രാധാന്യം കൊടുക്കുന്ന മറ്റൊരു രംഗം, സെൻട്രലി സ്പോൺസേർഡ് പ്രോജക്ട്സ് ആണ്. അത് ഏറ്റവുമധികം കാര്യക്ഷമതയോടുകൂടി മുന്നോട്ടുകൊണ്ടുപോകണമെന്നാഗ്രഹിച്ച് അതിനുവേണ്ട നടപടികളെടുത്തിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി, 2010–2011–ൽ 701 കോടി രൂപയാണ് നമുക്ക് ചെലവഴിക്കാൻ സാധിച്ചതെങ്കിൽ, ഇന്ന് ഇരട്ടിയിലധികമായി. 2013–2014–ൽ 1609 കോടി രൂപ നമ്മൾ ചെലഴിച്ചു. തൊഴിൽദിനം 38–ൽ നിന്ന് 56.8% ആയി വർദ്ധിച്ചു. കേരളത്തിന്റെ ഏറ്റവും വലിയ പ്രത്യേകത, അതിലെ 93.46 ശതമാനവും സ്ത്രീത്തൊഴിലാളികളാണെന്നുള്ളതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം പി.എം.ജി.എസ്.വൈ.യിൽ മുടങ്ങിക്കിടന്ന റോഡുകളിൽ 514 കിലോമീറ്ററിന്റെ പണി തുടങ്ങുന്നതിനുള്ള സാങ്ഷൻ കൊടുത്തു. അതിന്റെ കാരണം ചോദിച്ചാൽ, ടെണ്ടർ എക്സസ് കേന്ദ്ര ഗവൺമെന്റ് കൊടുക്കത്തില്ല. ഇവിടെ ടെണ്ടർ എക്സസ് ഇല്ലാതെ വർക്ക് എടുക്കുകയുമില്ല. അങ്ങനെ 514 കിലോമീറ്റർ വർക്ക് നടക്കാതെ മുടങ്ങിക്കിടന്ന സമയത്താണ് ഈ ഗവൺമെന്റ് വന്നത്. 20% എക്സസ് കൊടുക്കാൻ തീരുമാനിച്ചു. 235 കോടി രൂപ അക്കാര്യത്തിൽ ചെലവ് ചെയ്ത് ആ പണി പൂർത്തീകരിച്ചു. അതിന്റെ ഫലമായി നമുക്ക്

കേന്ദ്ര ഗവൺമെന്റ് 1010 കിലോമീറ്ററിന്റെ പണികൂടി പുതിയതായി തന്നു. അതിന്റേതായിട്ടുള്ള പണികൾ നടത്തിയിട്ടുണ്ട്.

ശ്രീ. സി. ദിവാകരൻ: സർ, മനുഷ്യമുഖവും മനുഷ്യനെയുമാണ് പ്രധാനമായും ഈ ഗവൺമെന്റ് കാണുന്നതെന്ന് പറഞ്ഞു. അത് നല്ല കാര്യ മാണ്. പക്ഷെ, അങ്ങയുടെ ഗവൺമെന്റ് എനിക്ക് ഒരു ചോദ്യത്തിന് മറുപടി തന്നിരിക്കുന്നത് വാർദ്ധക്യകാല പെൻഷൻ 2013 ഡിസംബർ വരെയുള്ളതാണ് കൊടുത്തിരിക്കുന്നതെന്നാണ്. മറ്റു പെൻഷനുകളായ അവിവാഹിത പെൻഷൻ, വിധവാ പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ തുടങ്ങിയവ ആറ് മാസമായി കുടിശ്ശികയാണ്. അത് എന്ന് കൊടുക്കാൻ പറ്റും?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, 6-7 മാസത്തെ കുടിശ്ശിക ഒന്നിച്ചുകൊടുത്ത താണ് ഡിസംബർ മാസത്തേത് വരെ കൊടുത്തെന്ന് പറഞ്ഞത്. അതുകഴി ഞ്ഞിട്ടുള്ള മാസങ്ങളിലെ എല്ലാം കൊടുത്തുവെന്ന് ഞാൻ പറയുന്നില്ല. ബാക്കിയുള്ളതും ഉടൻതന്നെ കൊടുക്കും. അക്കാര്യത്തിൽ യാതൊരു സംശ യവും വേണ്ട. സാധാരണ കരം പിരിച്ച് ശമ്പളം കൊടുത്ത് പോകുന്ന ഒരു ഗവൺമെന്റായിട്ടല്ല ഈ ഗവൺമെന്റിനെ വിലയിരുത്തേണ്ടത്, ജനങ്ങൾക്ക് ഒരു പ്രശ്നം വരുമ്പോൾ അതിനെ എങ്ങനെ നേരിടുന്നുവെന്നുള്ളതിലൂടെയാ ണ്. ഈ കാലഘട്ടത്തിനുള്ളിൽ വളരെയേറെ പ്രശ്നങ്ങൾ വന്നു. ഞാനെല്ലാക്കാര്യങ്ങളിലേയ്ക്കും പോകുന്നില്ല. കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ പേരിൽ ഈ നാട്ടിൽ വലിയ കോളിളക്കമുണ്ടായി. പക്ഷെ, ആ കാര്യത്തിൽ ഗവൺമെന്റ് ആദ്യാവസാനം എടുത്ത ഒരു നിലപാടുണ്ട്. പരിസ്ഥിതി സംര ക്ഷണം ഗവൺമെന്റിന്റെ മുഖ്യ ലക്ഷ്യം തന്നെയാണ്. പക്ഷെ, ജനങ്ങളെ ക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ടായിരിക്കണം. അതുകൊണ്ട്, കേന്ദ്ര ഗവൺമെന്റിനു മുന്നിൽ ജനവാസ കേന്ദ്രങ്ങൾ, കൃഷി ഭൂമി, പ്ലാന്റേഷൻ ഇതു

മൂന്നും ഒഴിവാക്കണമെന്ന് നമ്മൾ പറഞ്ഞു. ഇതൊന്നും നടക്കില്ലെന്ന് പലരും പറഞ്ഞു. എന്നാൽ അത് മൂന്നും ഒഴിവാക്കിക്കൊണ്ട് പ്രിലിമിനറി നോട്ടിഫിക്കേഷൻ വന്നു, അതനുസരിച്ചുള്ള മാപ്പുണ്ടാക്കി കൊടുത്തു. ഫൈനൽ നോട്ടിഫിക്കേഷൻ വരുന്നതിന് മുമ്പ് ഇലക്ഷൻ പ്രഖ്യാപിച്ചു. അതുകൊണ്ട് ഫൈനൽ നോട്ടിഫിക്കേഷൻ ഇറക്കിയില്ല. ഗവൺമെന്റ് മാറിയെങ്കിലും ആ ഉദ്യോഗസ്ഥന്മാർ ഇവിടെ വന്നുനോക്കുമ്പോൾ നമ്മൾ എടുത്തിട്ടുള്ള പ്രവൃത്തി ഒന്നുപോലും അവർക്ക് നിഷേധിക്കാൻ പറ്റില്ല. കസ്തൂരിരംഗനും ഗാഡ്ഗിൽ കമ്മറ്റിയൊക്കെ നടത്തിയത് റിമോട്ട് സെൻസിംഗാണ്. നമ്മൾ നടത്തിയത് ഫീൽഡ് വെരിഫിക്കേഷനാണ്. പഞ്ചായത്ത് പ്രസിഡന്റുമാർ അദ്ധ്യക്ഷനായിട്ടുള്ള കമ്മിറ്റിയുടെ ഫീൽഡ് വെരിഫിക്കേഷൻ നടത്തിയതിന്റെ ഫലമായിട്ടാണ് അത് വന്നിരിക്കുന്നത്. നമ്മളെ വളരെയധികം വേദനിപ്പിച്ചൊരു സംഭവമായിരുന്നു, രണ്ട് പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ ഇറ്റാലിയൻ കപ്പലിൽ നിന്ന് വെടിവെച്ചു കൊന്ന സംഭവം. അതിനെതിരെ എന്തെല്ലാം കോലാഹലമുണ്ടായി? പക്ഷെ, ഗവൺമെന്റെടുത്ത നിലപാട് കേന്ദ്ര ഗവൺമെന്റും സുപ്രീം കോടതിയും അംഗീകരിച്ചു. അവർ പോകാവുന്ന സ്ഥലങ്ങളിലൊക്കെപ്പോയി പക്ഷെ, ഒരു മാറ്റവുമുണ്ടായില്ല.

<u>ശ്രീ. സി. ദിവാകരൻ:</u> സർ, വെടിവെച്ചുകൊന്നാൽ കേസെടുക്കണ്ടേ?

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, അവരൊക്കെ രക്ഷപെടാൻ പോവുകയാണെന്നും, അവരെയൊക്കെ രക്ഷിക്കാൻ പോകുന്നുവെന്നൊക്കെയാണ് ഇവിടെ പറഞ്ഞത്. പക്ഷെ, അവർ പലയിടത്തും പോയെങ്കിലും നിയമത്തിനു മുന്നിൽ അവരെക്കൊണ്ടുവന്നു. ഗവൺമെന്റിന് അക്കാര്യത്തിൽ അഭിമാനമുണ്ട്. ഇവിടെ സാമ്പത്തിക ബുദ്ധിമുട്ട് വരുന്നയവസരത്തിൽ നിയമന നിരോധനം വരും. ഉടനെ സമരവും ബഹളവുമാണ്. പക്ഷെ ഈ ഗവൺമെന്റ് വന്ന

തിനുശേഷമുള്ള മൂന്ന് വർഷംകൊണ്ട് 1,01,682 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തു. ഇതിനോടകം തൊണ്ണൂറ്റിയേഴായിരത്തിൽപ്പരം ആളുകളെ പി.എസ്.സി. നിയമിച്ചുകഴിഞ്ഞു.

ശ്രീ. സി. ദിവാകരൻ: സർ, ഒരു ലക്ഷത്തിലധികം റിട്ടയർമെന്റ് വേക്കൻസികളാണ്. മൂന്ന് വർഷത്തിനിടയ്ക്ക് ഒരു ലക്ഷത്തിലേറെപ്പേർ റിട്ടയർ ചെയ്തുപോയിട്ടുണ്ട്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം വളരെയേറ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. അതിന്റെ കണക്ക് ഈ അസംബ്ലിയിൽ തന്നെ കൊടുത്തിട്ടുണ്ട്. വളരെയേറെ പോസ്റ്റുകളിൽ നിയമിച്ചിട്ടുണ്ട്. മിഷൻ 676-നെ കുറിച്ച് പലരും ഇവിടെ പറഞ്ഞു. ഞങ്ങൾ അതിൽ പുതിയതായിട്ടൊന്നും അവകാശപ്പെടുന്നില്ല. പക്ഷേ കഴിഞ്ഞ 3 കൊല്ലക്കാലമായി ഇവിടെ പ്രഖ്യാപിച്ചിട്ടുള്ളത്, വിവിധ വകുപ്പുകളിൽ നടത്താൻ ലക്ഷ്യമിട്ടിട്ടുള്ള പരിപാടികൾ, അത് സമയബന്ധിതമായി പൂർത്തിയാക്കുകയെന്നതാണ്. എങ്ങനെയാണ് ഈ പേര് വന്നതെന്ന് പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ചോദിച്ചു. ഉത്തരം വളരെ ലളിതമാണ്. ഇനി ഞങ്ങൾക്കുള്ള ദിവസങ്ങൾ മാത്രം എണ്ണിയെടുത്തു. അതിൽ കൂടുതൽ പറ്റില്ലല്ലോ. അത് എണ്ണിയെടുക്കുക മാത്രമാണ് ചെയ്തത്. ഞങ്ങളിനി മാസങ്ങളൊന്നും പറയാതെ, ദിവസങ്ങൾ പറഞ്ഞ്, ആ ലക്ഷ്യത്തോടുകൂടി സമയബന്ധിതമായി കാര്യങ്ങൾ മുമ്പോട്ടു കൊണ്ടുപോയി പൂർത്തിയാക്കാനുള്ള പരിപാടികളാണെടുത്തിരിക്കുന്നത്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, 89,000 വീടുകൾ ഇന്ദിരാ ആവാസ് യോജന പ്രകാരം വച്ചുകൊടുക്കാനുള്ള തീരുമാനം നമ്മൾ എടുത്തിരുന്നു. അതിൽ 70,000 രൂപ കേന്ദ്ര ഗവൺമെന്റിന്റേതും 50,000 രൂപ സംസ്ഥാന സർക്കാരിന്റേതുമാണ്. എനിക്ക് ലഭ്യമായ വിവരം വച്ച്, ഇക്കഴിഞ്ഞ 3 വർഷത്തിനിടയിൽ സംസ്ഥാന വിഹിതം 50,000 ഇന്ദിരാ ആവാസ് യോജനയിൽ കൊടുത്തിട്ടേയില്ല. അതിന്റെ ഭാഗമായി പുരയൊക്കെ പൊളിച്ചിട്ടിരിക്കുകയാണ്. അതിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാരും പാവപ്പെട്ടവരുമൊക്കെയുണ്ട്. വെള്ളത്തിൽ ചെറിയ കൂരകളൊക്കെ കെട്ടി താമസിക്കുകയാണ്. എത്രയാണ് കൊടുത്തതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ചോദിക്കണം; ഇന്ദിരാ ആവാസ് യോജനയിൽ ബാക്കിയുള്ളത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കുമോ?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എ. കെ. ബാലന് അറിയാമല്ലോ ഇന്ദിരാ ആവാസ് യോജനയിലെ 75,000 രൂപയായിരുന്നത് ഈ ഗവൺമെന്റ് വന്നതിനുശേഷം 2 ലക്ഷമായി വർദ്ധിപ്പിച്ചു.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, സംസ്ഥാനത്തിന്റെ വിഹിതമായ 50,000 രൂപ നമ്മൾ കൊടുക്കണം. അത് കൊടുക്കാത്തതുകൊണ്ട് വീടുകളുടെ പണി സ്തംഭിച്ചിരിക്കുകയാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി <u>(ശ്രീ. കെ. സി. ജോസഫ്)</u>: സർ, ഒരു വീടിന് 75,000 രൂപ കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചു. അതിലിനി കൊടുക്കാൻ ബാക്കിയുള്ളത് 79 കോടിരൂപയാണ്. മുഴുവൻ കൊടുത്തു കഴിഞ്ഞിരിക്കുന്നു.

അക്കാര്യം അങ്ങയുടെ സബ്മിഷനുള്ള ഉത്തരമായി ഞാൻ അസംബ്ലിയിൽ പറഞ്ഞിരുന്നതാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ഈ സബ്മിഷനിൽ പറഞ്ഞത് പരിപൂർണ്ണമായും തെറ്റാണ്. പഞ്ചായത്തുകൾക്കുള്ള കേന്ദ്ര വിഹിതം കിട്ടിയിട്ടില്ല. സംസ്ഥാനത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നും കൊടുത്തിട്ടില്ല.

ശ്രീ. കെ. സി. ജോസഫ്: സർ, സംസ്ഥാനത്തിന്റെ പ്ലാൻ ഫണ്ടിൽ ഈ വർഷം പറഞ്ഞിരിക്കുന്നത് ഒരു വീടിന് 50,000 രൂപയാണ്. ഒരു ഗഡു കൊടുത്തു. ബാക്കി ഉടനെ കൊടുക്കും.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ അധികം നീട്ടി പറയുന്നില്ല. പ്രധാനമന്ത്രിയെ കണ്ടപ്പോൾ ഞാനൊന്നും പറഞ്ഞില്ലെന്നും, അത് സംസ്ഥാനത്തിന്റെ താൽപര്യങ്ങൾക്ക് വിരുദ്ധമാണെന്നുമൊക്കെയുള്ള ചില വിമർശനങ്ങൾ ഇവിടെ പറഞ്ഞു. പ്രധാനമന്ത്രി ചാർജ്ജെടുത്തതിന്റെ അടുത്ത ദിവസമാണ് ഞാൻ കാണുന്നത്. ഒരു മെമ്മോറാണ്ടമായിട്ട് കൊടുത്തില്ല. പക്ഷേ അടിയന്തരമായിട്ട് പറയേണ്ട രണ്ട് കാര്യങ്ങൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി. ഒന്ന് കസ്തൂരിരംഗൻ റിപ്പോർട്ട്. അത് പറയാൻ കാരണം രണ്ടു ദിവസത്തിനകം അതിനെ സംബന്ധിച്ച് തീരുമാനമെടുക്കുമെന്ന് അന്നത്തെ പത്രത്തിൽ വന്നിരുന്നു. സംസ്ഥാനത്തിനോട് ചോദിച്ചിട്ടേ അതിന്റെ കാര്യങ്ങൾക്ക് തീരുമാനം എടുക്കാവൂയെന്ന് പറഞ്ഞിട്ടുണ്ട്. രണ്ടാമത് പറഞ്ഞത്, എഫ്. എ. സി. ടി– യുടെ കാര്യമാണ്. അത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എല്ലാ നടപടി ക്രമങ്ങളും പൂർത്തിയാക്കി അനൗൺസ് ചെയ്യാൻ പോയപ്പോൾ ഇലക്ഷൻ കമ്മീഷൻ തടഞ്ഞു. തെരഞ്ഞെടുപ്പ് കഴിഞ്ഞതിനു ശേഷം അനുവാദം ചോദിച്ചപ്പോൾ തന്നതുമില്ല. അത് തള്ളിപ്പോയിക്കഴി

ഞ്ഞാൽ വീണ്ടും ഒന്നിൽനിന്ന് തുടങ്ങണം. അതുകൊണ്ട് ഇങ്ങനെയൊരു കാര്യമുണ്ടെന്ന് പറഞ്ഞു. വിശദമായിട്ടുള്ള നിവേദനങ്ങൾ കൊടുക്കാൻ പോകുന്നതേയുള്ളു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, തമിഴ്നാട് മുഖ്യമന്ത്രി ശ്രീമതി ജയലളിത പ്രധാനമന്ത്രിയെ കണ്ടപ്പോൾ മുല്ലപ്പെരിയാറിന്റെ കാര്യം പറഞ്ഞിരുന്നു. ഡാമിന്റെ ജലനിരപ്പ് 136 അടിയിൽനിന്ന് 142 അടിയാക്കി യാൽ 5 ജില്ലകളിലെ ഏതാണ്ട് 140 ലക്ഷത്തോളം ആളുകൾ അറേബ്യൻ കടലിൽ ചത്തുമലക്കാൻ ഇടയുണ്ടെന്നുള്ള നമ്മുടെ ഉത്കണ്ഠയെ സംബന്ധിച്ച് പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ കഴിഞ്ഞില്ലല്ലോയെന്ന് കേരളത്തിലെ ജനങ്ങൾക്ക് ഉത്കണ്ഠയുണ്ട്. അതേ സംബന്ധിച്ച് അങ്ങേയ്ക്ക് പറയാൻ കഴിഞ്ഞില്ല. ശ്രീമതി ജയലളിത മുൻകൂട്ടി അതിന്റെ സംരക്ഷണത്തി നുവേണ്ടി പറയുകയും ചെയ്തു.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, കേന്ദ്ര ഗവൺമെന്റിന്റെ പ്രതിനിധിയെ വച്ചില്ലാ യിരുന്നു. അത് വയ്ക്കണമെന്നാണ് ശ്രീമതി ജയലളിത പറഞ്ഞത്. ഇത് കോടതിയുടെ പരിഗണനയിലിരിക്കുന്ന പ്രശ്നമാണ്. അതിനെ സംബന്ധിച്ച് നമുക്ക് പറയേണ്ട കാര്യങ്ങളെ കുറിച്ച് നമുക്ക് വ്യക്തതയുണ്ട്. ആ വ്യക്തത യോടുകൂടി തന്നെയാണ് നമ്മൾ മുമ്പോട്ടുപോകുന്നത്. നമ്മുടെ അഡ്വക്കേ റ്റ്കൂടി വന്നിട്ട് ഇത് സംബന്ധിച്ചുള്ള തീരുമാനങ്ങളെടുത്ത് മുമ്പോട്ട് പോകും. വിദ്യാഭ്യാസമെല്ലാം തീറെഴുതിക്കൊടുക്കുകയാണെന്ന് ബഹുമാനപ്പെട്ട പ്രതിപ ക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇവിടെ പറഞ്ഞു. കോളേജുകളി ല്ലാത്ത നിയോജകമണ്ഡലങ്ങളിൽ ഗവൺമെന്റ് കോളേജുകൾ കൊടുക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചു. ഒറ്റ കോളേജുപോലും സ്വകാര്യ മേഖലയിലല്ല

അനുവദിച്ചത്, ഗവൺമെന്റ് മേഖലയിലാണ്. ഇവിടെ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നു. എല്ലാ ജില്ലകളിലും ആരംഭിക്കാൻ പോകുന്ന മെഡിക്കൽ കോളേജുകൾ ഗവൺമെന്റ് മേഖയിലാണ്. ഗവൺമെന്റ് മേഖലയെ അവഗണിച്ചുകൊണ്ട് പോകുന്ന പ്രശ്നമില്ലെന്നത് ഇതിൽനിന്നും വളരെ വ്യക്തമാണ്. ഓട്ടോണമസ് കോളേജുകൾ വരുന്നതിനെ അപ്പാടെ എതിർക്കുന്നത് ശരിയല്ല. വെസ്റ്റ് ബംഗാളിലടക്കം ഇൻഡ്യയൊട്ടാകെ 500-ൽ പരം ഓട്ടോണമസ് കോളേജുകളുണ്ട്. നിങ്ങൾ ഭരിക്കുമ്പോഴും ഉണ്ട്. കേരളത്തിൽമാത്രം ഇതൊന്നും പറ്റില്ലെന്നുള്ള നിഷേധാത്മക നിലപാട് സ്വീകരിക്കുന്നതിനോട് യോജിപ്പില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അങ്ങ് ഇത്രയധികം കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഗവൺമെന്റായിട്ടും ഹയർ സെക്കണ്ടറി കോഴ്സ് ആരംഭിച്ച് ഒരു മാസമായിട്ടും കുട്ടികൾക്ക് പുസ്തകം കൊടുക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്): സർ, പുസ്തകം വിതരണം ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. ഈ മാസം 30-ാം തീയതിക്കകം മുഴുവൻ വിതരണവും പൂർത്തിയാക്കുമെന്നും പറഞ്ഞിട്ടുണ്ട്. അതിനെ സംബന്ധിച്ച് ഒരുപ്രശ്നവുമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഹയർ സെക്കണ്ടറി കോഴ്സിന്റെ ഒരു പുസ്തകവും കിട്ടിയിട്ടില്ല. മാതൃഭൂമി പത്രം തന്നെ അതിനെ സംബന്ധിച്ച് എഴുതിയിട്ടുണ്ട്.

ശ്രീ. ഉമ്മൻ ചാണ്ടി: പാഠപുസ്തകങ്ങളുടെ പ്രിന്റിംഗുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഗവൺമെന്റ് വളരെ നേരത്തെ തന്നെ അന്വേഷിച്ചിരുന്നു. പാഠപുസ്തകത്തിന്റെ പ്രിന്റിംഗ് എല്ലാം പൂർത്തിയായിട്ടുണ്ട്. ക്ലാസ് തുടങ്ങുമ്പോൾതന്നെ പാഠപുസ്തകങ്ങൾ ലഭ്യമാകത്തക്കവിധത്തിൽ ഡിസ്ട്രിബ്യൂട്ട് ചെയ്യാനുള്ള നടപടിയുണ്ടാകുമെന്ന കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. നെൽവയൽ സംരക്ഷണ കാര്യത്തിൽ ഒരു വെള്ളം ചേർക്കലുമില്ല. പ്രായോഗികമായിട്ടുള്ള സമീപനം മാത്രമാണ് ഇക്കാര്യത്തിൽ സ്വീകരിക്കുന്നത്. വളരെ സുതാര്യമായി എല്ലാവരും അറിഞ്ഞുതന്നെയായിരിക്കും അത് സംബന്ധിച്ച് ഒരു തീരുമാനമെടുക്കുന്നത്. അതുസംബന്ധിച്ച് ഗവൺമെന്റിന് വ്യക്തമായൊരു കാഴ്ചപ്പാടുണ്ട്. ബാറുകളെ സംബന്ധിച്ചുള്ള കാര്യത്തിൽ ഗവൺമെന്റ് ചർച്ച ചെയ്ത് എത്രയും വേഗത്തിൽ ഒരു തീരുമാനമെടുക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സലീം രാജുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെപ്പറ്റി ഇവിടെ പറയുകയുണ്ടായി. ആ കാര്യത്തിൽ ഗവൺമെന്റ് ഒരാളേയും സംരക്ഷിക്കുന്ന പ്രശ്നമേയില്ല. നിയമം നിയമത്തിന്റെ വഴിക്കുതന്നെ പോകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുസംബന്ധിച്ചുള്ള അന്വേഷണവും മറ്റുകാര്യങ്ങളുമൊക്കെ നടക്കുന്നുണ്ട്. പിന്നെ, അഡ്വക്കേറ്റ് ജനറൽ ഹാജരായതിനെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ഡി.ജി.പി.ക്കുവേണ്ടിയാണ് അഡ്വക്കേറ്റ് ജനറൽ ഹാജരായത്. ഇന്നയിന്ന കാര്യങ്ങൾ ഡി.ജി.പി ചെയ്തുകൊള്ളണമെന്ന് ഡയറക്ഷൻ കൊടുത്തിരുന്നു. അതുകൊണ്ടുതന്നെ സ്വാഭാവികമായും ഡി.ജി.പിയുടെ താൽപ്പര്യം സംരക്ഷിക്കാൻ അഡ്വക്കേറ്റ് ജനറൽ ഹാജരായി. അഡ്വക്കേറ്റ് ജനറൽ പറഞ്ഞത് ഡി.ജി.പി.-ക്ക് വേണ്ടിയുള്ള കാര്യമാണ്. അത് കോടതി അംഗീകരിക്കുകയും ചെയ്തു. അതുപോലുള്ള കാര്യങ്ങളിൽ ഗവൺമെന്റിന്റെ ഭാഗത്തു

നിന്ന് യാതൊരുവിധത്തിലുമുള്ള പ്രശ്നവുമുണ്ടാവില്ല. ഒരുകൊല്ലക്കാലം മുഴുവൻ പ്രതിപക്ഷാംഗങ്ങൾ സോളാർ വിഷയവുമായി നടന്നില്ലേ. അതിനായി ഒരു കമ്മീഷൻ വച്ചിട്ട് എന്തായി.

ശ്രീ. സി. ദിവാകരൻ: പ്രതിപക്ഷാംഗങ്ങൾ എന്ന നിലയിൽ നിങ്ങളുടെ അഭ്യർത്ഥനയനുസരിച്ച് സമരം പിൻവലിക്കുമ്പോഴും ഭരണ–പ്രതിപക്ഷ കക്ഷികൾ തമ്മിൽ സംസാരിച്ച് ഒരു ധാരണയിലെത്തിയത്, സിറ്റിംഗ് ജഡ്ജിയെക്കൊണ്ടുതന്നെ ഈ കേസ് അന്വേഷിപ്പിക്കുമെന്നും ടേംസ് ഓഫ് റഫറൻസ് പ്രതിപക്ഷവുമായി ആലോചിക്കുമെന്നും മുഖ്യമന്ത്രിയുടെ ഓഫീസ് അന്വേഷണപരിധിയിൽപ്പെടുമെന്നും അന്ന് മുഖ്യമന്ത്രി പരസ്യമായി ഉറപ്പു നൽകിയതിന്റെ അടിസ്ഥാനത്തിലാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: അങ്ങനെ നമ്മൾ തമ്മിൽ യാതൊരു ധാരണയുടെയും അടിസ്ഥാനത്തിലല്ല, അതിന്റെ പേരിൽ നിങ്ങൾ സമരം അവസാനിപ്പിച്ചുമില്ല, ഒന്നുമില്ല. പിന്നെ, ഞാൻ സഭയ്ക്കു നൽകിയ ഉറപ്പാണ് സിറ്റിംഗ് ജഡ്ജി പ്രതിപക്ഷനേതാക്കളോട് ടേംസ് ഓഫ് റഫറൻസ് ചോദിക്കുമെന്ന് പറഞ്ഞു. നിങ്ങളോട് ടേംസ് ഓപ് റഫറൻസ് ചോദിച്ചു. ടേംസ് ഓഫ് റഫറൻസ് തന്നു. നിങ്ങളുടെ ടേംസ് ഓഫ് റഫറൻസ് വച്ച് നോക്കിയിട്ട് അതിന്റെ അപ്പുറത്തേയ്ക്കാണ് പോയത്. നിങ്ങൾ പറഞ്ഞ കാര്യങ്ങൾ വച്ചുനോക്കുമ്പോൾ ചിലപ്പോൾ ആ ഭാഗം വന്നില്ല ഈ ഭാഗം വന്നില്ല എന്ന പരാതി ഒഴിവാക്കുന്നതിനുവേണ്ടി ഈ സഭയ്ക്കകത്തും പുറത്തും വച്ച് ഇതുസംബന്ധിച്ച് പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും, അതിൽ ഞാൻ പലവട്ടം ആവർത്തിച്ചു. മുഖ്യമന്ത്രിയുടെ ഓഫീസുൾപ്പെടെ അന്വേഷണ പരിധിയിൽപ്പെടുമെന്ന് പറഞ്ഞു. ഓഫീസിന്റെ വരാന്തയും പരിസരവുമെല്ലാം അന്വേഷണപരിധിയിൽപ്പെടുമെന്ന് വളരെ വ്യക്തമായി പറഞ്ഞതാണ്. സിറ്റിംഗ് ജഡ്ജിയെ സംബന്ധിച്ച്

പറയുകയാണെങ്കിൽ, ഇതിനായി ഹൈക്കോടതിയിൽ ഒരു സിറ്റിംഗ് ജഡ്ജിയെ ചോദിച്ചു. കിട്ടിയില്ല. വീണ്ടും ചീഫ് ജസ്റ്റിസിന് ഞാൻ തന്നെ നേരിട്ട് കത്തെഴുതിയപ്പോൾ മറുപടി വന്നത്, ഇപ്പോൾ സുപ്രീം കോടതിയുടെ നിർദ്ദേശമനുസരിച്ച് സിറ്റിംഗ് ജഡ്ജിയെ കൊടുക്കുന്നില്ല. പ്രതിപക്ഷത്തിരിക്കുന്നവർ അഞ്ച് കൊല്ലം കേരളം ഭരിച്ചപ്പോൾ പലവട്ടം ജുഡീഷ്യൽ അന്വേഷണത്തിന് ശ്രമിച്ചിട്ടില്ലേ. നിങ്ങൾക്ക് കിട്ടിയോ. യാതൊരു വിധത്തിലും അവർ സുപ്രീം കോടതിയുടെ ഡയറക്ഷന് വിരുദ്ധമായി ചെയ്യുകയില്ലെന്ന് പൂർണ്ണമായും ബോദ്ധ്യപ്പെട്ട സാഹചര്യത്തിലാണ് ഈ തീരുമാനമെടുത്തത്. വളരെ തുറന്ന സമീപനമാണെടുത്തത്. പക്ഷേ, ഒരു കൊല്ലക്കാലം മുഴുവൻ സമരവും നടത്തി ഇത്രയധികം കുഴപ്പങ്ങളുമുണ്ടാക്കിയിട്ട് കമ്മീഷൻ വച്ച് കത്തയച്ചപ്പോൾ ആർക്കും അതിനോട് റെസ്പോൺഡ് ചെയ്യാൻ സാധിക്കുന്നില്ല. ഇതാണോ ജനാധിപത്യത്തിൽ വേണ്ടത്. പറഞ്ഞ കാര്യങ്ങളിൽ ഉറച്ചു നിൽക്കുന്നുവെങ്കിൽ അതുസംബന്ധിച്ചുള്ള കാര്യങ്ങൾ കമ്മീഷനു മുമ്പിൽ ഹാജരാക്കാൻ തയ്യാറാവുകയായിരുന്നു വേണ്ടതെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരമെന്ന് ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: സർവ്വശ്രീ കെ. കുഞ്ഞമ്മത് മാസ്റ്റർ, ഇ. ചന്ദ്രശേഖരൻ, പുരുഷൻ കടലുണ്ടി, വി. ശശി, എ. പ്രദീപ് കുമാർ, ആർ. രാജേഷ്, കെ. രാധാകൃഷ്ണൻ, ജി. എസ്. ജയലാൽ, ഇ. കെ. വിജയൻ, സി. കൃഷ്ണൻ, ജി. സുധാകരൻ, സി. ദിവാകരൻ, കെ. കെ. നാരായണൻ, മുല്ലക്കര രത്നാകരൻ, കെ. രാജു, ബി. സത്യൻ, പി. ശ്രീരാമകൃഷ്ണൻ, രാജു എബ്രഹാം, ഇ.പി. ജയരാജൻ, ബി.ഡി. ദേവസി, എളമരം കരീം, പി. കെ ഗുരുദാസൻ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), എ.എം. ആരിഫ്, ബാബു എം. പാലിശ്ശേരി, എ.

കെ. ബാലൻ, എം. ചന്ദ്രൻ, വി. ചെന്താമരാക്ഷൻ, കെ. ദാസൻ, ഡോ. ടി. എം. തോമസ് ഐസക്, ഡോ. കെ. റ്റി. ജലീൽ, ശ്രീമതിമാർ കെ. കെ. ലതിക, ഗീതാഗോപി, കെ. എസ്. സലീഖ, പി. അയിഷാപോറ്റി, എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ II-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:69

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദുറബ്ബ്

3. ശ്രീ. പി. ബി. അബ്ദുൾ റസാക്

4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

6. ശ്രീ. കെ. അച്ചുതൻ

7. ശ്രീ. ടി. എ. അഹ്മദ് കബീർ

8. ശ്രീ. മഞ്ഞളാംകുഴി അലി

9. ശ്രീ. എ. പി. അനിൽകുമാർ

10. ശ്രീ. അനൂപ് ജേക്കബ്

11. ശ്രീ. അൻവർ സാദത്ത്

12. ശ്രീ. കെ. ബാബു

13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

14. ശ്രീ. വി. റ്റി. ബൽറാം

15. ശ്രീ. പി. കെ. ബഷീർ

16. ശ്രീ. ബെന്നി ബെഹനാൻ

17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

19. ശ്രീ. എ. റ്റി. ജോർജ്

20. ശ്രീ. പി. സി. ജോർജ്

21. ശ്രീ. ഹൈബി ഈഡൻ

22. കുമാരി പി. കെ. ജയലക്ഷ്മി

23. ശ്രീ. കെ. സി. ജോസഫ്

24. ശ്രീ. പി. ജെ. ജോസഫ്

25. ശ്രീ. ജോസഫ് വാഴക്കൻ

26. ശ്രീ. വർക്കല കഹാർ

27. ശ്രീ. കെ. എൻ. എ. ഖാദർ

28. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

29. ശ്രീ. കോവൂർ കുഞ്ഞുമോൻ

30. ശ്രീ. റ്റി. യു. കുരുവിള

31. ശ്രീ. ലൂഡി ലൂയിസ്

32. ശ്രീ. പി. എ. മാധവൻ
33. ശ്രീ. സി. മമ്മൂട്ടി
34. ശ്രീ. കെ. എം. മാണി
35. ശ്രീ. കെ. പി. മോഹനൻ
36. ശ്രീ. സി. മോയിൻകുട്ടി
37. ശ്രീ. മോൻസ് ജോസഫ്
38. ശ്രീ. സി. പി. മുഹമ്മദ്
39. ശ്രീ. ആര്യാടൻ മുഹമ്മദ്
40. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
41. ഡോ. എം. കെ. മുനീർ
42. ശ്രീ. കെ. മുരളീധരൻ
43. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
44. ശ്രീ. ഉമ്മൻ ചാണ്ടി
45. ശ്രീ. അടൂർ പ്രകാശ്
46. ശ്രീ. ടി. എൻ. പ്രതാപൻ
47. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
48. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
49. ശ്രീ. രമേശ് ചെന്നിത്തല
50. ശ്രീ. പാലോട് രവി
51. ശ്രീ. റോഷി അഗസ്റ്റിൻ
52. ശ്രീ. വി. പി. സജീന്ദ്രൻ
53. ശ്രീ. എൻ. ശക്തൻ
54. ശ്രീ. വി. ഡി സതീശൻ
55. ശ്രീ. കെ. എം. ഷാജി
56. ശ്രീ. എൻ. ഷംസുദ്ദീൻ
57. ശ്രീ. ആർ. സെൽവരാജ്
58. ശ്രീ. ഷിബു ബേബി ജോൺ
59. ശ്രീ. വി. എസ്. ശിവകുമാർ
60. ശ്രീ. എം. വി. ശ്രേയാംസ് കുമാർ
61. ശ്രീ. സണ്ണി ജോസഫ്

62. ശ്രീ. സി. എഫ്. തോമസ്
63. ശ്രീ. തോമസ് ഉണ്ണിയാടൻ
64. ശ്രീ. പി. ഉബൈദുള്ള
65. ശ്രീ. എം. ഉമ്മർ
66. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
67. ശ്രീ. എം. എ. വാഹീദ്
68. ശ്രീ. എം. പി. വിൻസെന്റ്
69. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ</u>: 61

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ച്യുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. എം. എ. ബേബി
8. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. എം. ചന്ദ്രൻ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. വി. ചെന്താമരാക്ഷൻ
14. ശ്രീ. കെ. ദാസൻ
15. ശ്രീ. ബി. ഡി. ദേവസ്സി
16. ശ്രീ. സി. ദിവാകരൻ
17. ശ്രീമതി ഗീതാ ഗോപി
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. പി. കെ. ഗുരുദാസൻ

20. ശ്രീ. എം. ഹംസ
21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീമതി ജമീലാ പ്രകാശം
23. ശ്രീ. ജെയിംസ് മാത്യു
24. ഡോ. കെ. ടി. ജലീൽ
25. ശ്രീ. കെ. കെ. ജയചന്ദ്രൻ
26. ശ്രീ. ജി. എസ്. ജയലാൽ
27. ശ്രീ. ജോസ് തെറ്റയിൽ
28. ശ്രീ. എളമരം കരീം
29. ശ്രീ. സി. കൃഷ്ണൻ
30. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
31. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
32. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
33. ശ്രീമതി കെ. കെ. ലതിക
34. ശ്രീ. മാത്യു റ്റി. തോമസ്
35. ശ്രീ. സി. കെ. നാണു
36. ശ്രീ. കെ. കെ. നാരായണൻ
37. ശ്രീ. എ. പ്രദീപ്കുമാർ
38. ശ്രീ. പുരുഷൻ കടലുണ്ടി
39. ശ്രീ. കെ. രാധാകൃഷ്ണൻ
40. ശ്രീ. പി. റ്റി. എ. റഹീം
41. ശ്രീ. എസ്. രാജേന്ദ്രൻ
42. ശ്രീ. ആർ. രാജേഷ്
43. ശ്രീ. റ്റി. വി. രാജേഷ്
44. ശ്രീ. കെ. രാജു
45. ശ്രീ. രാജു എബ്രഹാം
46. ശ്രീ. മുല്ലക്കര രത്നാകരൻ
47. പ്രൊഫ. സി. രവീന്ദ്രനാഥ്
48. ശ്രീമതി കെ. എസ്. സലീഖ
49. ശ്രീ. എസ്. ശർമ്മ

50. ശ്രീ. വി. ശശി
51. ശ്രീ. ബി. സത്യൻ
52. ശ്രീ. സി. കെ. സദാശിവൻ
53. ശ്രീ. വി. ശിവൻകുട്ടി
54. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
55. ശ്രീ. ജി. സുധാകരൻ
56. ശ്രീ. വി. എസ്. സുനിൽ കുമാർ
57. ശ്രീ. പി. തിലോത്തമൻ
58. ശ്രീ. തോമസ് ചാണ്ടി
59. ഡോ. ടി. എം. തോമസ് ഐസക്
60. ശ്രീ. ഇ. കെ. വിജയൻ
61. ശ്രീ. കെ. വി. വിജയദാസ്

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | : | 69 |
| പ്രതികൂലിക്കുന്നവർ | : | 61 |
| നിക്ഷ്പക്ഷത പാലിക്കുന്നവർ | : | ആരുമില്ല. |

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ: എ.കെ. ബാലൻ, എം. ചന്ദ്രൻ, ഇ. പി. ജയരാജൻ, കെ. ദാസൻ, പി. കെ. ഗുരുദാസൻ, എളമരം കരീം, ബാബു എം. പാലിശ്ശേരി, എ. എം. ആരിഫ്, വി. ചെന്താമരാക്ഷൻ, ബി.ഡി. ദേവസ്സി, സി. കൃഷ്ണൻ, കെ. കുഞ്ഞമ്മത് മാസ്റ്റർ, കെ. കെ. നാരായണൻ, എ. പ്രദീപ് കുമാർ, പുരുഷൻ കടലുണ്ടി, കെ. രാധാകൃഷ്ണൻ, ആർ. രാജേഷ്, രാജു എബ്രഹാം, ബി. സത്യൻ, എസ്. ശർമ്മ, പി. ശ്രീരാമകൃഷ്ണൻ, ജി. സുധാകരൻ, സി. കെ. സദാശിവൻ, സി. ദിവാകരൻ, ഇ. ചന്ദ്രശേഖരൻ, പി. തിലോത്തമൻ, വി. ശശി, ജി.എസ്. ജയലാൽ, മുല്ലക്കര രത്നാകരൻ, കെ. രാജു, ഇ. കെ. വിജയൻ, ഡോ.

തോമസ് ഐസക്, ഡോ. കെ. ടി. ജലീൽ, ശ്രീമതിമാരായ പി. അയിഷാ പോറ്റി, കെ. കെ. ലതിക, കെ. എസ്. സലീഖ, ഗീതാ ഗോപി, ഇ. എസ്. ബിജിമോൾ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ III-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ: 69

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദുറബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. ടി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. വി. റ്റി. ബൽറാം
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ
17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീ. എ. റ്റി. ജോർജ്
20. ശ്രീ. പി. സി. ജോർജ്
21. ശ്രീ. ഹൈബി ഈഡൻ
22. കുമാരി പി. കെ. ജയലക്ഷ്മി
23. ശ്രീ. കെ. സി. ജോസഫ്
24. ശ്രീ. പി. ജെ. ജോസഫ്
25. ശ്രീ. ജോസഫ് വാഴക്കൻ
26. ശ്രീ. വർക്കല കഹാർ
27. ശ്രീ. കെ. എൻ. എ. ഖാദർ
28. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. റ്റി. യു. കുരുവിള
31. ശ്രീ. ലൂഡി ലൂയിസ്
32. ശ്രീ. പി. എ. മാധവൻ
33. ശ്രീ. സി. മമ്മൂട്ടി
34. ശ്രീ. കെ. എം. മാണി

35. ശ്രീ. കെ. പി. മോഹനൻ
36. ശ്രീ. സി. മോയിൻകുട്ടി
37. ശ്രീ. മോൻസ് ജോസഫ്
38. ശ്രീ. സി. പി. മുഹമ്മദ്
39. ശ്രീ. ആര്യാടൻ മുഹമ്മദ്
40. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
41. ഡോ. എം. കെ. മുനീർ
42. ശ്രീ. കെ. മുരളീധരൻ
43. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
44. ശ്രീ. ഉമ്മൻ ചാണ്ടി
45. ശ്രീ. അടൂർ പ്രകാശ്
46. ശ്രീ. ടി. എൻ. പ്രതാപൻ
47. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
48. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
49. ശ്രീ. രമേശ് ചെന്നിത്തല
50. ശ്രീ. പാലോട് രവി
51. ശ്രീ. റോഷി അഗസ്റ്റിൻ
52. ശ്രീ. വി. പി. സജീന്ദ്രൻ
53. ശ്രീ. എൻ. ശക്തൻ
54. ശ്രീ. വി. ഡി സതീശൻ
55. ശ്രീ. കെ. എം. ഷാജി
56. ശ്രീ. എൻ. ഷംസുദ്ദീൻ
57. ശ്രീ. ആർ. സെൽവരാജ്
58. ശ്രീ. ഷിബു ബേബി ജോൺ
59. ശ്രീ. വി. എസ്. ശിവകുമാർ
60. ശ്രീ. എം. വി. ശ്രേയാംസ് കുമാർ
61. ശ്രീ. സണ്ണി ജോസഫ്
62. ശ്രീ. സി. എഫ്. തോമസ്
63. ശ്രീ. തോമസ് ഉണ്ണിയാടൻ
64. ശ്രീ. പി. ഉബൈദുള്ള

65. ശ്രീ. എം. ഉമ്മർ
66. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
67. ശ്രീ. എം. എ. വാഹീദ്
68. ശ്രീ. എം. പി. വിൻസെന്റ്
69. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ</u>: 61

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. എം. എ. ബേബി
8. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. എം. ചന്ദ്രൻ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. വി. ചെന്താമരാക്ഷൻ
14. ശ്രീ. കെ. ദാസൻ
15. ശ്രീ. ബി. ഡി. ദേവസ്സി
16. ശ്രീ. സി. ദിവാകരൻ
17. ശ്രീമതി ഗീതാ ഗോപി
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. പി. കെ. ഗുരുദാസൻ
20. ശ്രീ. എം. ഹംസ
21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീമതി ജമീലാ പ്രകാശം

23. ശ്രീ. ജെയിംസ് മാത്യു
24. ഡോ. കെ. ടി. ജലീൽ
25. ശ്രീ. കെ. കെ. ജയചന്ദ്രൻ
26. ശ്രീ. ജി. എസ്. ജയലാൽ
27. ശ്രീ. ജോസ് തെറ്റയിൽ
28. ശ്രീ. എളമരം കരീം
29. ശ്രീ. സി. കൃഷ്ണൻ
30. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
31. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
32. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
33. ശ്രീമതി കെ. കെ. ലതിക
34. ശ്രീ. മാത്യു റ്റി. തോമസ്
35. ശ്രീ. സി. കെ. നാണു
36. ശ്രീ. കെ. കെ. നാരായണൻ
37. ശ്രീ. എ. പ്രദീപ്കുമാർ
38. ശ്രീ. പുരുഷൻ കടലുണ്ടി
39. ശ്രീ. കെ. രാധാകൃഷ്ണൻ
40. ശ്രീ. പി. റ്റി. എ. റഹീം
41. ശ്രീ. എസ്. രാജേന്ദ്രൻ
42. ശ്രീ. ആർ. രാജേഷ്
43. ശ്രീ. റ്റി. വി. രാജേഷ്
44. ശ്രീ. കെ. രാജു
45. ശ്രീ. രാജു എബ്രഹാം
46. ശ്രീ. മുല്ലക്കര രത്നാകരൻ
47. പ്രൊഫ. സി. രവീന്ദ്രനാഥ്
48. ശ്രീമതി കെ. എസ്. സലീഖ
49. ശ്രീ. എസ്. ശർമ്മ
50. ശ്രീ. വി. ശശി
51. ശ്രീ. ബി. സത്യൻ
52. ശ്രീ. സി. കെ. സദാശിവൻ

53. ശ്രീ. വി. ശിവൻകുട്ടി
54. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
55. ശ്രീ. ജി. സുധാകരൻ
56. ശ്രീ. വി. എസ്. സുനിൽ കുമാർ
57. ശ്രീ. പി. തിലോത്തമൻ
58. ശ്രീ. തോമസ് ചാണ്ടി
59. ഡോ. ടി. എം. തോമസ് ഐസക്
60. ശ്രീ. ഇ. കെ. വിജയൻ
61. ശ്രീ. കെ. വി. വിജയദാസ്

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | : | 69 |
| പ്രതികൂലിക്കുന്നവർ | : | 61 |
| നിക്ഷ്പക്ഷത പാലിക്കുന്നവർ | : | ആരുമില്ല. |

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ: 2014 ജൂൺ 19-ാം തീയതി ചർച്ചയ്ക്ക് നിശ്ചയിച്ചിരിക്കുന്ന സഹകരണം എന്ന XXVII -ാം നമ്പർ ധനാഭ്യർത്ഥനയുടെ ചർച്ച ജൂൺ 26-ാം തീയതി വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും കുടുംബക്ഷേമവും എന്നീ ധനാഭ്യർത്ഥനകളുടെ ചർച്ചയ്ക്കൊപ്പം നടത്തുന്നതാണ്. സഭ അംഗീകരിച്ച് കാര്യോപദേശക സമിതിയുടെ 16-ാമത് റിപ്പോർട്ടിലെ ശുപാർശകളിൽ മേൽപ്പറഞ്ഞ മാറ്റം സഭയുടെ അംഗീകാരത്തോടെ വരുത്തുന്നു.

ശ്രീ. വി. ശിവൻകുട്ടി: സർ, ബഹുമാനപ്പെട്ട സഭയുടെയും അങ്ങയുടെയും മുഖ്യമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്താൻ ഉദ്ദേശിച്ചൊരുകാര്യം 20 -ാമത് ലോക കപ്പ് ഫുട്ബോൾ ബ്രസീലിൽ നടന്നുകൊണ്ടിരിക്കുകയാണ്. ലോകത്തെമ്പാടുമുള്ള ജനങ്ങൾ അതിൽ പങ്കെടുക്കുകയും കളി കാണു

കയും പിന്തുണ പ്രഖ്യാപിക്കുകയും ചെയ്യുന്നുവെന്നു മാത്രമല്ല, നിയമസഭ പോലും അതിൽ പങ്കെടുക്കുകയാണ്. പക്ഷേ, കേരളത്തിലെ ജനങ്ങൾക്ക് പവർ കട്ട് കാരണം കളി കാണാൻ സാധിക്കുന്നില്ല. അതുകൊണ്ട് കളി നട ക്കുന്നയവസരങ്ങളിൽ ഏതെങ്കിലും വിധത്തിൽ പവർ കട്ട് ക്രമീകരിക്കേണ്ട തായിട്ടുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയോട് സംസാരിച്ചപ്പോൾ അദ്ദേഹം വളരെ അനുഭാവപൂർവ്വമായ സമീപനമാണ് സ്വീകരിച്ചത്. പക്ഷേ, കളി നടക്കുന്ന സമയം നോക്കിയതിനുശേഷം പവർ കട്ട് ഒഴിവാക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാന പ്പെട്ട വി. ശിവൻകുട്ടി ഉൾപ്പെടെ ഭരണ-പ്രതിപക്ഷ എം.എൽ.എ.മാർ ഒരു പോലെ ഇക്കാര്യം ആവശ്യപ്പെട്ടിരുന്നു. അക്കാര്യം പരിശോധിച്ചപ്പോൾ മിന ഞ്ഞാന്നും ഇന്നലെയും ഇന്നും 9.30 മണിക്കുശേഷം കളിക്കുന്ന സമയത്ത് പവർ കട്ട് ഒഴിവാക്കുവാനുള്ള ഡയറക്ഷൻ കൊടുത്തിട്ടുണ്ട്. പക്ഷെ, അതിനു ശേഷം ഒരുതുള്ളി മഴ ലഭിക്കാത്തതുകൊണ്ട് സ്ഥിതി വളരെ അപകടകരമാ ണ്. തത്ക്കാലം അങ്ങനെയൊരു ഡയറക്ഷൻ കൊടുത്തിട്ടുണ്ട്. എല്ലാവരു ടെയും വികാരവും മാനിച്ചുകൊണ്ട് പരമാവധി ഗവൺമെന്റ് ഇക്കാര്യം പരിഗണിക്കുന്നതാണ്.

ഓഡർ.... ഓഡർ.......സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ജൂൺ മാസം 17-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.32-ന് പിരിഞ്ഞു.)

**************